


(1998 ലെ നാലപ്പാടൻ പുരസ്കാരം ലഭിച്ച കൃതിയാണ് സൂക്ഷിച്ചുവച്ച മയിൽപ്പീലി)

ഇ. ഹരികുമാർ

അമ്പതു വർഷത്തെ
സാഹിത്യജീവിതം



Sookshichuvacha Mayilpeeli
**സൂക്ഷിച്ചുവച്ച മയിൽപ്പീലി**
(collection of short stories in Malayalam)
Author: E. Harikumar

Electronic version published in 2013
This book is meant for distribution among research organisations
absolutely free of cost.

Address: E. Harikumar
5B, Avenue Crest Apartments
Avenue Road, Mundupalam
Kuriachira P.O.
Thrissur 680 006
Phone: (0487) 2251779
E-Mail: e.harikumar.novelist@gmail.com
Web: www.e-harikumar.com

Copyright© 2013 by E. Harikumar

## ഇ. ഹരികുമാർ

1943 ജൂലൈ 13 ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി.എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ്. ഭാര്യ: ശുഭ. കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. 1962 തൊട്ട് ചെറുകഥകളെഴുതിത്തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72ൽ പ്രസിദ്ധപ്പെടുത്തി. 15 കഥാസമാഹാരങ്ങളും 9 നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പുരസ്കാരങ്ങൾ:**

1988 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.

1997 ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.

1998 ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.

2006 ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.

2012 ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ കാസറ്റ് റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തക പ്രസിദ്ധീകരണം എന്നിവയിലേർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

**കൃതികൾ:**

**ചെറുകഥാസമാഹാരങ്ങൾ:**

കൂറകൾ, വൃഷഭത്തിന്റെ കണ്ണ്, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി, കാനഡയിൽ നിന്നൊരു രാജകുമാരി, ശ്രീപാർവ്വതിയുടെ പാദം, സൂക്ഷിച്ചുവച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ, കറുത്ത തമ്പ്രാട്ടി, അനിതയുടെ വീട്, ഇളവെയിലിന്റെ സാന്ത്വനം (കഥകൾ 1966-1996), നഗരവാസിയായ ഒരു കുട്ടി, എന്റെ സ്ത്രീകൾ (സ്ത്രീപക്ഷ കഥകൾ), വെള്ളിത്തിരയിലെന്നപോലെ.

**നോവലുകൾ:**

ഉറങ്ങുന്ന സർപ്പങ്ങൾ + ശാപശില, ആസക്തിയുടെ അഗ്നിനാളങ്ങൾ, ഒരു കുടുംബപുരാണം, എഞ്ചിൻഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി, അയനങ്ങൾ, തടാകതീരത്ത്, കൊച്ചമ്പ്രാട്ടി, പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ, അറിയാത്തലങ്ങളിലേയ്ക്ക്.

**ഓർമ്മകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ:**

നീ എവിടെയാണെങ്കിലും.

ഈ ഓർമ്മകൾ മരിക്കാതിരിക്കട്ടെ.

**വിലാസം:** 5-ബി, അവന്യു ക്രെസ്റ്റ് അപാർട്മെന്റ്സ്
അവന്യു റോഡ്, മുണ്ടുപാലം
കുരിയച്ചിറ (പി.ഒ.)
തൃശ്ശൂർ 680 006
ഫോൺ: 091-0487-2251779

**ഇ-മെയിൽ:** harikumar_e@yahoo.com,
e.harikumar.novelist@gmail.com

**website:** www.e-harikumar.com

**1998ലെ**
**നാലപ്പാടൻ പുരസ്കാരം**
**നേടിയ പുസ്തകം**






ഇ. ഹരികുമാർ

കഥകൾ

പഴയൊരു ഭീഷണിക്കാരി
സൂക്ഷിച്ചുവച്ച മയിൽപ്പീലി
സുൽത്താന്റെ മകൾ
ആരോ ഒരാൾ പിന്നിൽ
അലക്കു യന്ത്രം
ഒരു ടാപ് ഡാൻസർ
അമ്മ
വാളെടുത്തവൻ
ഭാഗ്യത്തിന്റെ വഴികൾ
തീപ്പെട്ടിക്കൊള്ളിത്തുമ്പിലെ ജീവിതം
ഓടിട്ട ഒരു ചെറിയ വീട്
ഒരു ഉരുള ചോറ്
നായർ മാഗ്നാനിമിറ്റി
അപാരസാദ്ധ്യതകളുള്ള ഒരു യന്ത്രം
കള്ളിച്ചെടി

# പഴയൊരു ഭീഷണിക്കാരി

ഇരുപതു കൊല്ലത്തിനുശേഷം കാണുകയായിരുന്ന പ്രതിയോഗിയെ നിർമ്മല വൈരം കലർന്ന കൗതുകത്തോടെ നോക്കിപ്പഠിച്ചു. തടിച്ച പ്രകൃതം തന്നെ. ബ്ലൗസിനു താഴെ വെളുത്ത വയർ അല്പം ചാടിയിരിക്കു ന്നു. വാസന്തിക്ക് ഇത്ര നിറമുണ്ടായിരുന്നോ? ഓർമ്മയിൽ നിറം കുറഞ്ഞ് തടിച്ച് ഭംഗിയില്ലാത്ത ഒരു കുട്ടിയായിരുന്നു. തന്നേക്കാൾ രണ്ടു വയസ്സു കൂടും. വലിയച്ഛന്റെ മകൾ. ഇപ്പോൾ വട്ട മുഖവും ചിരിയ്ക്കുന്ന കണ്ണുകളുമായി അവൾ ഒരു സുന്ദരിയായിരിക്കുന്നു. വയസ്സു കൂ ടുതൽ കാണിക്കുമെന്നുമാത്രം. മുപ്പതിനു പകരം മുപ്പത്തഞ്ച്, അല്ലെങ്കിൽ മുപ്പ ത്തെട്ട്. അതവളുടെ തടി കാരണമാണ്.

വാസന്തിയാണ് ആദ്യം സംസാരിച്ചത്

എന്താ നിമ്മു ഒന്നും മിണ്ടാതെ ഇരിക്ക ണത്?

നിമ്മു എന്ന വിളിപോലും അവൾ മറന്നിട്ടില്ല. വേറെ ആരും നിർമ്മലയെ ആ പേരിൽ വിളിക്കാറില്ല.

അവൾ ചുറ്റും നോക്കുകയായിരുന്നു. മുറിയ്ക്ക് മാറ്റമൊന്നുമില്ല. ഇരുപതു കൊല്ലമായി മാറ്റമൊന്നുമില്ലാതെ പഴമയുടെ ഗന്ധവുമേറ്റ് താമസിക്കാൻ പറ്റുക! എന്തൊരു ഭാഗ്യമാണ്. താനാകട്ടെ ഇത്രയും കാലം ഊരുചുറ്റുകയായിരുന്നു. ഒരു ജിപ്സിയെപ്പോലെ. ആദ്യം അമ്മയുടെയും അച്ഛന്റെയും ഒപ്പം ദില്ലിയിലും ബോംബെയിലും മറ്റും. ഇപ്പോൾ ഭർത്താവിന്റെ ഒപ്പം മദ്രാസിലും ബാഗ്ലൂരിലും. സൂട്ട്കേസെല്ലാം ഒരുക്കി എപ്പോഴും ഒരു യാത്രക്കു തയ്യാറായ പോലെയാണ് ജീവിതം. ഓർമ്മയിൽ തീവണ്ടിയുടെ ഇരട്ടത്താളവും റെയിൽവേ സ്റ്റേഷനുകളുടെ ദുർഗന്ധവും നിലനിൽക്കുന്നു. നഗര വീഥികളിലൂടെ ടാക്സിയിൽ പോകുമ്പോൾ പിൻതള്ളപ്പെടുന്ന ഉയർന്ന കെട്ടിടങ്ങൾ. കോൺക്രീറ്റ് ചുമരുകളിൽ തട്ടിത്തെറിക്കുന്ന ചൂടേറ്റ് വാടുന്ന ദിവസ ങ്ങൾ.

നീ ഇപ്പോഴും ഒരു തടിച്ചിയാണ്.

നിർമ്മല പറഞ്ഞു. ഒരിക്കലും ഉടയ്ക്കാൻ പറ്റില്ലെന്നു തോന്നിയിരുന്ന നിശ്ശബ്ദത തകർന്നതിൽ അവൾ സന്തോഷിച്ചു. ഒപ്പംതന്നെ തനിയ്ക്ക് വാസന്തിയോടുണ്ടായിരുന്ന അടുപ്പം വീണ്ടും പ്രകടിപ്പിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷവും ആശ്വാസവും. ഇത്രകാലവും വാസന്തിയെപ്പറ്റി ഓർക്കുമ്പോഴെല്ലാം തോന്നും ഇനി അവളെ സ്നേഹിക്കാൻ പറ്റില്ലെന്ന്. തനിക്ക് അവൾ ഉണ്ടാക്കിയ അളവറ്റ കുറ്റബോധമാണോ ഒന്നുരണ്ടു സന്ദർഭങ്ങളിൽ വാസന്തിയെ കാണാനുള്ള അവസരമുണ്ടായിട്ടും അതിനായി ശ്രമിക്കാതിരുന്നത്?

കടഞ്ഞെടുത്ത കാലുകളുള്ള ഈ കട്ടിൽ അവൾക്കോർമ്മയുണ്ട്. അതുപോലെത്തന്നെ മുറിയിലെ മറ്റു വീട്ടുസാമാനങ്ങളും. മറ്റുള്ള മുറികളിലും മാറ്റമൊന്നുമില്ല. അടുക്കളയിൽ മാത്രം അല്പസ്വല്പം നവീനത വരുത്തിയിട്ടുണ്ട്. ഒരു പ്ലാറ്റ്ഫോം വാർത്തിട്ടുണ്ട്. അതിന്മേൽ ഗ്യാസ് സ്റ്റൗ. ഒരരുകിൽ വെള്ളനിറത്തിലുള്ള ഫ്രിഡ്ജ്.

നീ മോളെ കൊണ്ടുവരാഞ്ഞത് നന്നായില്ല.

വാസന്തി പറഞ്ഞു.

ഇത്ര അടുത്ത് വന്നിട്ട് ഞങ്ങളെയൊക്കെ കാണിക്കാതെ അവളെ തിരിച്ചു കൊണ്ടു പോവാണോ?

എന്താന്നറിയോ? നിർമ്മല പറഞ്ഞു. ഞങ്ങളൊരു കല്യാണത്തിന് വന്നതാന്ന് പറഞ്ഞില്ല്യെ. ചടങ്ങ് കഴിഞ്ഞ ഉടനെ ഞാൻ രവിയേട്ടനോട് പറഞ്ഞു വാസന്തിയെ കണ്ടു വരാമെന്ന്. എനിയ്ക്ക് കല്യാണ സദ്യ ഉണ്ണാൻ ഇഷ്ടല്ല. എനിയ്ക്ക് വഴി അറിയോ എന്നൊക്കെ ചോദിച്ചു. കുട്ടിക്കാലത്തെ ഓർമ്മയില് നടന്നു. ഹാളിന്റെ മുമ്പിൽക്കൂടെ നമ്മള് എത്രപ്രാവശ്യം നടന്നിട്ടുണ്ട്. ചുറ്റുപാടും ആകെ മാറിയിരിക്കുന്നു. ഈ വീട് മാത്രം മാറിയിട്ടില്ല.

ഞങ്ങള് മാറിയിട്ടില്ല. വാസന്തി പറഞ്ഞു. ഞങ്ങളിപ്പോഴും പഴയ ആൾക്കാർ തന്നെ.

മോള് അച്ഛൻ കുട്ട്യാണ്. അച്ഛന്റെ ഒപ്പം ഇരുന്ന് സദ്യ ഉണ്ണണംന്ന് പറഞ്ഞിരിക്ക്യാണ്.

നിന്റെപോലെത്തന്നെ. നീയും അച്ഛൻ കുട്ട്യായിരുന്നു. ഓർമ്മണ്ടോ? ഞാൻ ചെറിയച്ഛന്റെ അടുത്ത് വരുമ്പോഴേക്കും നീ ഓടിവന്ന് മടിയിൽ കേറിയിരിക്കാറുള്ളത്.

നിർമ്മലയ്ക്ക് ഓർമ്മയുണ്ട്. തന്നെ ചൊടിപ്പിക്കാനായി പലപ്പോഴും വാസന്തി അച്ഛന്റെ മടിയിൽ കയറുകയും കൊഞ്ചുകയും ചെയ്യാറുണ്ട്. വാസന്തിയെ ഇഷ്ടമില്ലാതിരിക്കാനുള്ള കാരണം അതായിരിക്കണം.

നീ ഒരസത്തായിരുന്നു. നിർമ്മല പറഞ്ഞു.

ആ അഭിപ്രായം വാസന്തി ഒരു പൂച്ചെണ്ടുപോലെ സ്വീകരിക്കുന്നത് നിർമ്മല കണ്ടു.

രാധിക ഇപ്പോൾ അച്ഛന്റെ ഒപ്പമിരുന്ന് ഉണ്ണുന്നുണ്ടാവും. ഇലയിലെ ഓരോ വിഭവങ്ങളും സ്വാദു നോക്കി അവൾ ഭംഗിയായി ഊണുകഴിക്കും. വീട്ടിൽ പക്ഷേ, ഊൺമേശക്കു മുമ്പിൽ വൃത്തിയായി ഊണു കഴിക്കാൻ അവളെ ശാസിക്കേണ്ടിവരാറുണ്ട്. ഊണു കഴിയുന്നതുവരെ കാത്താൽ അവളെ കൊണ്ടു വരാമായിരുന്നു. കല്യാണപ്പാർട്ടിയെ കൊണ്ടു വന്ന ബസ്സ് തിരിച്ചുപോകുന്നത് മൂന്നുമണിക്കാണ്. ഊണു കഴിഞ്ഞാലും

ഇവിടെ വന്നുപോകാൻ സമയമുണ്ടാകുമായിരുന്നു. പിന്നെ എന്തേ താൻ അവളെ കൊണ്ടു വരാതിരുന്നത്? തനിയ്ക്ക് തന്നെ അറിയാത്ത ഒരു ഭയം.

നീ പോയി രാധികയെയും രവിയേട്ടനേയും വിളിച്ചുകൊണ്ടുവാ. അപ്പോഴേക്കേ ഇവിടെ ഊണ് തയ്യാറാകു. മീൻ കിട്ടിയിട്ടുണ്ട്. അയില. വറുത്തുവെക്കാം.

സമയണ്ടാവില്ല വാസന്തി. ബസ്സ് മൂന്നുമണിക്കുതന്നെപോകും. അവസാന നിമിഷത്തിൽ പോയാൽ ബസ്സിൽ ഇരിക്കാൻ സ്ഥലം കിട്ടിയില്ലെന്നുവരും. മോൾക്കാണെങ്കിൽ ഒരു സൈഡ്സീറ്റു തന്നെ വേണം താനും.

മക്കൾ വരാൻ മൂന്നര നാലുമണിയാവും. വാസന്തി പറഞ്ഞു.

താൻ വാസന്തിയുടെ മക്കളെപ്പറ്റിയൊന്നും അന്വേഷിച്ചില്ലെന്നവൾ വല്ലായ്മയോടെ ഓർത്തു.

അവർ ഏതു ക്ലാസിലാണ് പഠിക്കുന്നത്?

വിനോദ് ആറിൽ, ശാന്തി മൂന്നിലും.

രാധികയും മൂന്നിലാണ്.

നീ ഒരു കാര്യം ചെയ്യ്. പോയി അവരേയും കൂട്ടിക്കൊണ്ടുവാ. ഒരാഴ്ച ഇവിടെ താമസിച്ചിട്ടുപോകാം. ദാസേട്ടന് റെയിൽവേയിലൊക്കെ പിടിപാടുണ്ട്. ടിക്കറ്റൊക്കെ ശരിയാക്കിത്തരും.

നിർമ്മലയുടെ ഉള്ളിൽ ഭയം പെരുകാൻ തുടങ്ങി. ചുറ്റുമുള്ള പഴമയെ അവൾ ഭയന്നു. കൊത്തുപണിയുള്ള വാതിലുകൾ, പിച്ചളയുടെ കട്ടിയുള്ള ഓടാമ്പലുകൾ, വാർണിഷ് ഇട്ട തട്ട്, കാവി സിമന്റിട്ട വീതിയുള്ള ഇരുത്തി. നഗരത്തിന്റെ ഒത്ത നടുവിൽ ഈ വീട് ഒരു ആഡംബരമായിരുന്നു. അവൾക്കീ പൗരാണികത ഇഷ്ടമായിരുന്നു. പക്ഷേ അതേ സമയം അവൾ അതിനെ ഭയപ്പെടുകയും ചെയ്തു. ഈ പൗരാണികത കുട്ടിക്കാലത്തുണ്ടാക്കിയ കുറ്റബോധത്തിൽ നിന്നവൾ ഇത്രയും കാലം ഒളിച്ചോടിപ്പോവുകയായിരുന്നു.

ഇനി ഒരിക്കൽ ഞങ്ങൾ വരാം. നിർമ്മല പറഞ്ഞു. ഇപ്പോൾ രവിയേട്ടന് എന്തൊക്കെയോ അത്യാവശ്യകാര്യങ്ങളുണ്ടെന്ന് പറഞ്ഞിരുന്നു.

നിനക്ക് ലക്ഷമിആന്റിയെ കാണണ്ടെ?

നിർമ്മല ശരിക്കും ഞെട്ടി. ഇവിടെ വന്നതുമുതൽ അവളുടെ മനസ്സ് പ്രക്ഷുബ്ധമായിരുന്നു. ഞാനൊരു വിഡ്ഢിയാണ്. അവൾ സ്വയം പറഞ്ഞു. ഇരുപതു കൊല്ലം ഒരു സ്ത്രീ അതൊക്കെ ഓർത്തിരിക്കയാണോ? ഒന്നാമത് അവർ  അത് അറിഞ്ഞിരിക്കാനേ ഇടയില്ല.

ലക്ഷ്മിആന്റി എപ്പോഴും നിന്റെ കാര്യം അന്വേഷിക്കും. ഞാനെന്തു പറയാനാ എനിക്ക് ബോംബെയിലും മദ്രാസിലും ഒന്നും വന്ന് നിന്നെ കാണാൻ കഴിയില്ല. നീ വല്ലപ്പോഴും നാട്ടിൽ വരുന്നത് ഞാൻ അറിയാറുമില്ല. മറ്റുള്ളോരിൽനിന്നാ പിന്നീം വിവരങ്ങള് കിട്ടണത്. നീ പിന്നെ ഇവിടെയൊന്നും വരാറില്ലല്ലോ.

താൻ കുറെക്കാലം തന്റെ സ്നേഹത്തിന്റെ നീരുറവ് വാസന്തിയിലേക്കൊഴുകുന്നത് തടഞ്ഞുവെച്ചുവെന്നത് അവൾക്ക് സംതൃപ്തി നൽകി. ആ പഴയ ഭീഷണിക്കാരി അതർഹിക്കുന്നുണ്ട്.

ലക്ഷ്മി ആന്റി ഇപ്പോഴും മുകളിൽത്തന്ന്യാണോ?

അതെ. പാവം അവർ എങ്ങോട്ട് പോകാനാണ്?

പണിക്കർ അങ്കിളോ?

കുഴപ്പമൊന്നുമില്ല. പിന്നെ വയസ്സായില്ലെ? പകലൊക്കെ ലൈബ്രറിയിൽ പോകും.

മുകളിലേക്കുള്ള കോണി പുറത്തായിരുന്നു. കോണി കയറുമ്പോൾ വാസന്തി ചോദിച്ചു. ഈ കോണിത്തണ്ടിലൂടെ ഉരസിയിറങ്ങാറുള്ളത്  നിനക്കോർമ്മയുണ്ടോ?

നിർമ്മല തലയാട്ടി. ലക്ഷ്മിആന്റിയുടെ വീട്ടിൽനിന്ന് താഴേക്കിറങ്ങുമ്പോൾ ഒരിക്കൽപ്പോലും കോണിപ്പടികൾ ഉപയോഗിച്ചിട്ടില്ല.

ചില്ലലമാരികളും പാവക്കുട്ടികളും ഇല്ലാതെ ലക്ഷ്മി ആന്റിയെ ഓർക്കാൻ കഴിയുന്നില്ല. പലതരം പാവകൾ ഈ ചില്ലലമാരിക്കുള്ളിൽ അഭയം കണ്ടെത്തി. ലക്ഷ്മി ആന്റി ഒഴിവുസമയങ്ങളിൽ പാവക്കുട്ടികളെ ഉണ്ടാക്കിക്കൊണ്ടിരുന്നു. അതിനവർ കയ്യിൽ കിട്ടിയ ഏതുസാധനവും ഉപയോഗിച്ചു. കളിമണ്ണ്, പഞ്ഞി, തുണി, മരം, തെർമോകോൾ എന്തും. ഒരു ചില്ലലമാരിയിലെ ജനസംഖ്യ അസാമാന്യമായി പെരുകുകയാണെങ്കിൽ പണിക്കരങ്കിൾ പുതിയൊരു അലമാരി പണിയിക്കും. തിരക്കേറിയ അലമാരിയിൽനിന്ന് ചിലവ പുതിയ വീട്ടിലേക്ക് താമസം മാറ്റും. വീണ്ടും അവ പെറ്റുപെരുകും.

ഇവരാണെന്റെ മക്കൾ. ലക്ഷ്മി ആന്റി എപ്പോഴും പറയും. നിങ്ങൾ എന്റെ മരുമക്കളാണ്.

വാസന്തി വാതിലിന്റെ വലതുവശത്തുള്ള ബട്ടണമർത്തി ബെല്ലടിക്കുന്നത് നിർമ്മല കൗതുകത്തോടെ നോക്കി. കുട്ടികളായിരിക്കുമ്പോൾ അവർക്ക് ആ ബെൽ അടിക്കാൻ എത്തിയിരുന്നില്ല. വാതിൽക്കൽ മുട്ടുകയാണ് പതിവ്. നിർമ്മല ഉള്ളിൽ കടന്ന ഉടനെ ചില്ലലമാരകളുടെ മുമ്പിൽ പോയി നിന്നു. വളരെയധികം പാവകൾ. പലതും താൻ കണ്ടിട്ടില്ലാത്തവയാണ്.

ലക്ഷ്മി ആന്റി പകച്ചു നിൽക്കുകയാണ്. കൂസലില്ലാതെ തന്റെ വീടിനുള്ളിൽ കയറി പരിശോധിക്കുന്ന ചെറുപ്പക്കാരി ആരാണെന്ന് അവർ വാസന്തിയോട് ആംഗ്യത്തിൽ ചോദിക്കുന്നത് നിർമ്മല കൺകോണിലൂടെ കണ്ടു. വാസന്തി പറയുന്നില്ല. ചെറിയൊരു സസ്പെൻസ് കുറച്ചുനേരം നിലനിർത്താൻ തന്നെയാണ് അവളു

ടെ ഉദ്ദേശ്യം.

നിർമ്മല ഓരോ ചില്ലലമാരിയുടെയും മുമ്പിൽ കുറച്ചുനേരം നോക്കിനിൽക്കും. പിന്നെ അടുത്തതിലേക്ക് നടക്കും. അവൾ ഒരു പ്രത്യേക പാവക്കുട്ടിക്കു വേണ്ടി തിരയുകയായിരുന്നു. ആ മുറിയിലുള്ള അലമാരിയിലൊന്നും അതു കണ്ടില്ല. അവൾ അടുത്ത മുറിയിലേക്കു നടന്നു.

ഓർമ്മയിലെവിടെയോ തങ്ങി നിന്ന ആ പഴയ സുപരിചിതത്വം അവളെ ഒറ്റിക്കൊടുത്തു.

ആ ഇത് നിർമ്മലമോളല്ലേ?

ലക്ഷ്മിആന്റി ഓടിവന്ന് അവളെ കെട്ടിപ്പിടിച്ചു.

എന്റെ മോളേ.

പിന്നെ തിരിഞ്ഞ് വാസന്തിയോട് പരിഭവസ്വരത്തിൽ പറഞ്ഞു.

നിർമ്മല വരുന്നുണ്ടെന്ന് എന്തേ എന്നോട് പറയാതിരുന്നത്?

ഞാൻ അറിഞ്ഞിട്ടുവേണ്ടേ? പന്ത്രണ്ടു മണിക്കുണ്ട് ഒരാൾ വാതിൽക്കൽ ചിരിച്ചു കൊണ്ടു നിൽക്കുണു. എനിക്കുതന്നെ മനസ്സിലായില്ല. സ്വന്തം പരിചയപ്പെടുത്ത്വേ ചെയ്തത്.

ആട്ടെ നിന്റെ മോളെവിടെ?

ഒന്നും പറയണ്ട ആന്റി. വാസന്തി പറഞ്ഞു. അവൾ തൊട്ടടുത്തു തന്നെയാണ്. എന്നിട്ടും ഇവൾ കൊണ്ടു വന്നില്ല.

നിൽക്കു. അവർ കണ്ണടച്ചു കൊണ്ട് ധ്യാനിച്ചു.എനിക്കവളെ കൺമുമ്പിൽ കാണുന്നുണ്ട്. വെളുത്തു മെലിഞ്ഞ ഒരു കൊച്ചു സുന്ദരി. തലമുടി പോണിടെയ്ൽ ആയി കെട്ടിയിരിക്കയാണ്. ഞെറികളുള്ള ഉടുപ്പാണ് ഇട്ടിരിക്കുന്നത്. കാലിൽ വെള്ളിയുടെ പാദസ്വരം.

അവൾ വലിയ നിറമൊന്നുമില്ല. ആന്റി. നിർമ്മല പറഞ്ഞു. അച്ഛന്റെ നെറാണ് കിട്ടിയിരിക്കണത്.

ഞാൻ താഴത്തു പോകട്ടെ ആന്റി. വാസന്തി പറഞ്ഞു. കൂട്ടാന്റെ പണി കുറച്ചു ബാക്കിയുണ്ട്. പിന്നെ മത്സ്യം വറുക്കണം. ഈ മണ്ടി നല്ലൊരു സദ്യ ഒഴിവാക്കി വന്നിരിക്ക്യാണ്.

വാസന്തി പോയി. നിർമ്മലയും ലക്ഷ്മിആന്റിയും മാത്രമായി. കുറച്ചുനേരത്തേക്ക് രണ്ടുപേരും ഒന്നും സംസാരിക്കാതെ ഓർമ്മകളിൽ മുഴുകി. ചുറ്റും പാവകളായിരുന്നു. കുട്ടിയായിരിക്കുമ്പോൾ അവൾ ഈ ചില്ലല മാരികൾക്കു മുമ്പിൽ മണിക്കൂറുകളോളം ഇരിക്കാറുണ്ട്, ഓരോ പാവയുടെയും വിശദാംശങ്ങൾ ശ്രദ്ധിച്ചു പഠിച്ചുകൊണ്ട്. ഒരു പാവയും മറ്റൊരു പാവയെപ്പോലെയായി രുന്നില്ല. വേഷവിധാനത്തിലും മുഖഭാവങ്ങളിലും വൈരുദ്ധ്യവും വ്യത്യസ്തതയും പുലർത്തിിരുന്ന ആ പാവകൾ അവൾക്കെന്നും അത്ഭുതമായിരുന്നു. പാവകൾക്ക് അവരുടേതായ ഒരു ലോകമുണ്ടെന്നും താൻ നോക്കാതിരിക്കുമ്പോൾ അവർ തമ്മിൽ തമ്മിൽ സംസാരിക്കാറുണ്ടെന്നും അവൾ കരുതി. സന്ധ്യാ നേരത്ത് പ്രത്യേകിച്ചും നിഴലും വെളിച്ചവും തമ്മിൽ വേർതിരിച്ചറിയാനാവാത്ത ആ സമയത്ത് പാവകൾ ഉണർന്നെഴുന്നേറ്റ് അന്യോന്യം കലമ്പുന്നതു പോലെ തോന്നും. പിന്നെ ലക്ഷ്മി ആന്റി കത്തിച്ചു വെച്ച നിലവിളക്കിന്റെ നാളം അവയുടെ മുഖം ദീപ്തമാക്കുകയും മുഖഭാവങ്ങൾ സജീവമാക്കുകയും ചെ യ്യുമ്പോൾ അവൾ അനങ്ങാതെ അവരുടെ അത്ഭുതലോകത്തിൽ ഇടപെടാതിരിക്കാനായി ശബ്ദമുണ്ടാക്കാതെ ഇരിക്കും.

പാവകളെ എടുക്കുന്നതും തൊടുന്നതുപോലും ലക്ഷ്മി ആന്റിക്കിഷ്ടമായിരുന്നില്ല. പുറത്തുനിന്ന് എത്രവേണമെങ്കിൽ നോക്കിക്കൊള്ളു, ഒന്നും തൊടരുത്. എന്റെ മക്കളാണവർ. പാവകളുടെ കാര്യത്തിലുള്ള കാർക്കശ്യം മയപ്പെടുത്താനായി അവർ അവൾക്കും വാസന്തിക്കും പല തരം പലഹാരങ്ങൾ ഉണ്ടാക്കിക്കൊടുത്തു.

ഒരിക്കൽ ലക്ഷ്മി ആന്റി ഒരു പാവക്കുട്ടിയുടെ മുഖം ചായം തേച്ചുകൊണ്ടിരിക്കുമ്പോൾ അവൾ ചോദിച്ചു.

ആന്റിക്ക് ഈ പാവക്കുട്ടികളെയൊക്കെ വിറ്റുകൂടെ?

എന്തിനാ വിൽക്കണത് മോളെ?

ധാരാളം പണം കിട്ടില്ലെ?

പണംണ്ടാക്കാൻ വേണ്ടി ആരെങ്കിലും മക്കളെ വിൽക്ക്വോ?

വൾ പെട്ടെന്ന് വല്ലാതായി. ലക്ഷ്മി ആന്റിയും പണിക്കരങ്കിളും പലപ്പോഴും ഒന്നും സംസാരിക്കാതെ ഒരേ മുറിയിൽ ഇരിക്കാറുള്ളതവൾക്ക് ഓർമ്മ വന്നു. രണ്ടുപേരും അവരവരുടെ ലോകത്താവും. രണ്ടു പേരെയും ബന്ധിക്കാൻ ഒരു കണ്ണി ആ വീട്ടിലില്ലെന്ന് അവൾ മനസ്സിലാക്കും. അവൾ ദുഖിക്കും. പാവകളെ വിൽക്കുന്നതിനെപ്പറ്റി അവൾ പിന്നീട് സംസാരിച്ചിട്ടില്ല.

ദുരന്തമുണ്ടായ അന്ന് ലക്ഷ്മിആന്റി അടുക്കളയിൽ അവർക്കുവേണ്ടി റവക്കേസരിയുണ്ടാക്കുകയായിരുന്നു. വാസന്തി താഴെ അവളുടെ വീട്ടിലായിരുന്നു. നിർമ്മല പാവകളുടെ ലോകത്തും. നോക്കിക്കൊണ്ടിരിക്കെ ഒരു പാവ അവളുടെ കണ്ണിൽപ്പെട്ടു. പട്ടുതുണി കൊണ്ടുണ്ടാക്കിയ കടുംപച്ചബ്ലൗസും നീണ്ട പാവാടയും ആണ് വേഷം. പാവാടയ്ക്കും ബ്ലൗസിന്റെ കയ്യിനും കറുത്ത ബോർഡർ ഉണ്ട്. നിർമ്മലയ്ക്ക് ഏറ്റവും ഇഷ്ടമായത് അവളുടെ കണ്ണുകളാണ്. കുങ്കുമഛവിയുള്ള കവിളുകൾ, കറുത്തു നീണ്ട തലമുടി. ആ പാവയെ അവൾ മുമ്പും കണ്ടിട്ടുണ്ട്. പക്ഷേ അന്നെന്തോ അതിനൊരു പ്രത്യേക ഭംഗിയുണ്ടായിരുന്നു. അതവളുടെ ശ്രദ്ധ പിടിച്ചു പറ്റുന്നതിൽ വിജയിച്ചിരുന്നു.

അവൾ അലമാര തുറന്നു. ലക്ഷ്മി ആന്റി അടുക്കളയിലാണ്. അവൾക്ക് ആ പാവക്കുട്ടിയെ ഒന്നുതൊടണം. അവൾ കൈ നീട്ടി. ആ കൊച്ചുസുന്ദരിയുടെ കവിളിൽ തൊട്ടു. നല്ല മിനുസമുണ്ട്. അമ്മയോട് എടുക്കാൻ ആവശ്യപ്പെടുന്ന ഒരു കുട്ടിയെപ്പോലെ ആ പാവക്കുട്ടി അവളെ പ്രലോഭിപ്പിച്ചു. അവളിലെ മാതൃഭാവം ഉണർന്നു. വീണ്ടുവിചാരമില്ലാതെ അവൾ ആ പാവക്കുട്ടിയെ വാരിയെടുത്ത് ഉമ്മവെച്ചു.

ആരോ കോണികയറിവരുന്ന ശബ്ദം കേട്ടപ്പോൾ അവൾ ഞെട്ടി. വേഗം പാവക്കുട്ടിയെ തിരിച്ചുവെക്കാൻ നോക്കി. അപ്പോഴാണതുണ്ടായത്. അലമാരിയുടെ ചില്ലിന്മേൽ തട്ടി പാവക്കുട്ടി നിലത്തു വീണു.

ആ നിമിഷത്തിലാണ് വാസന്തി തുറന്നിട്ട വാതിലിലൂടെ മുറിയിലേക്ക് വന്നത്. അവൾ ഓടിവന്നുനോക്കി. പാവക്കുട്ടി നിലത്തുവീണുകിടക്കുന്നു. മലർന്ന് കിടപ്പ്. ഒരു കാൽ മുറിഞ്ഞ് വേറിട്ട് കിടക്കുന്നു. ഭയംകൊണ്ട് അനങ്ങാൻ വയ്യാതെ നിർമ്മല തരിച്ചു നിന്നു. ഒരു നിമിഷംകൊണ്ട് വാസന്തി സംഗതികൾ മുഴുവൻ മനസ്സിലാക്കി. അവൾ ചൂണ്ടാണിവിരൽ ഒരു പ്രത്യേക രീതിയിൽ ഭീഷണിപ്പെടുത്തുന്ന വിധത്തിൽ ഇളക്കിക്കൊണ്ട് പറഞ്ഞു.

നന്നായിട്ടുണ്ട്. ലക്ഷ്മിആന്റി കണ്ടാൽ ശരിയായി. ഞാൻ പറഞ്ഞു കൊടുക്കും.

നിർമ്മല കരച്ചിലടക്കാൻ പാടുപെട്ടു കൊണ്ട് അവളെ തടഞ്ഞു. ഭയവും അമർത്തിപ്പിടിച്ച തേങ്ങലും കാരണം അവളുടെ നെഞ്ഞിനുള്ളിൽ വേദനിക്കുന്നുണ്ടായിരുന്നു.

പെട്ടെന്ന് വാസന്തിയിലെ ഭീഷണിക്കാരിയുടെ ബുദ്ധി അതിവേഗം പ്രവർത്തിക്കാൻ തുടങ്ങി. അവൾ പറഞ്ഞു.

നീ ഒരു കാര്യം ചെയ്താൽ ഞാൻ പറഞ്ഞുകൊടുക്കില്ല. നീ ചെയ്യ്വോ?

താൻ ചെയ്ത കുറ്റകൃത്യം പുറത്തു വരാതിരിക്കാൻ അവൾ ആ നിമിഷത്തിൽ എന്തിനും തയ്യാറായിരുന്നു.

ശരി.

എന്നാൽ നാളെ നിങ്ങള് കണ്ണൂരിലേക്ക് തിരിച്ചുപോവുമ്പോ എന്നെയും കാറിൽ കൊണ്ടുപോണം

നിർമ്മല തളർന്നു. അവൾക്കതു തീരെ സമ്മതമില്ലാത്ത കാര്യമായിരുന്നു. ഒരാഴ്ചമുമ്പ് അവൾ അച്ഛനും അമ്മയുമൊപ്പം തിരുവനന്തപുരത്ത് വന്ന അന്നു തൊട്ട് വാസന്തി പറയുന്നതാണത്. നിർമ്മല വാശിപിടിച്ചാലേ വാസന്തിയെ വല്ല്യച്ഛൻ പറഞ്ഞയക്കൂ. വാസന്തിയെ അവൾക്കിഷ്ടമാണ്. ഒപ്പം കളിക്കാനും ഇഷ്ടമാണ്. പക്ഷേ അവൾ അച്ഛന്റെ അടുത്ത് കൊഞ്ചാൻ വരുന്നത് മാത്രം നിർമ്മലക്കിഷ്ടമല്ല. അമ്മയുടെ അടുത്ത് ആയിക്കോട്ടെ. അച്ഛനെ അവൾ ആരുമായും പങ്കിടാൻ പോകുന്നില്ല, വാസന്തിയോടും കൂടി.

വേഗം പറഞ്ഞോ. വാസന്തി ഭീഷണി സ്വരത്തിൽ പറഞ്ഞു. അല്ലെങ്കിൽ ഞാൻ ലക്ഷ്മിആന്റിയെ വിളിക്കും. എന്നാൽ നന്നാവും.

നിർമ്മലയുടെ കണ്ണുകളിൽ ഭീതി നിറഞ്ഞു. അവൾ പറഞ്ഞു.

ശരി കൊണ്ടുപോകാം.

വാസന്തി ഉടനെ പാവക്കുട്ടിയെ എടുത്ത് അതിന്റെ കാൽ മുറിഞ്ഞത് അറിയാത്ത വിധത്തിൽ അലമാരിയുടെ ഉള്ളിൽ ഒരു മൂലയിൽ ചാരിവെച്ചു. ശബ്ദമുണ്ടാക്കാതെ അലമാരിയുടെ വാതിൽ അടച്ചതും ലക്ഷ്മി ആന്റി മുന്തിരങ്ങയും അണ്ടിപ്പരിപ്പും നിറയെ ഇട്ട റവകേസരി രണ്ടുപ്ലേയ്റ്റുകളിലാക്കി കൊണ്ടുവന്നതും ഒപ്പമായിരുന്നു. ഒരു നിമിഷം വൈകിയിരുന്നെങ്കിൽ!

ആ സംഭവത്തിനുശേഷം അവൾ തിരുവനന്തപുരത്തേക്ക് വന്നതേയില്ല. നാലു മാസത്തിനുള്ളിൽ അച്ഛന് ദില്ലിയിലേക്ക് മാറ്റമായി. പോകുന്നതിനുമുമ്പ് ഏട്ടനെ കാണാൻ പോകണമെന്നുണ്ടായിരുന്നു അച്ഛന്. അവൾ വരില്ലെന്നു വാശിപിടിച്ച കാരണം അച്ഛൻ ഒറ്റയ്ക്കു പോയി വന്നു. പിന്നെ ഓട്ടമായിരുന്നു. ദില്ലി, ബോംബെ, അഹമ്മദാബാദ്. അവളെ സംബന്ധിച്ചിടത്തോളം ഒരു കുറ്റകൃത്യത്തിൽ നിന്ന് ഓടി രക്ഷപ്പെടുകയായിരുന്നു.

ഇപ്പോൾ ഇവിടെ ലക്ഷ്മി ആന്റിയുടെ നരച്ച തലമുടിയും, ചുളിഞ്ഞുതുടങ്ങിയ പ്രശാന്തമായ മുഖവും നോക്കിയിരിക്കെ കഴിഞ്ഞതെല്ലാം എത്ര നിസ്സാരമായിരുന്നെന്ന് നിർമ്മലക്കു തോന്നി.

രണ്ടുപേരും അവരവരുടെതായ വഴിയിലൂടെ ഒരേ സമയത്ത് തിരിച്ചെത്തി. ഒരു ദീർഘയാത്ര കഴിഞ്ഞ പോലെ ലക്ഷ്മി ആന്റി നിശ്വസിച്ചു.

ഞാൻ നിങ്ങൾ രണ്ടുപേരും ഇവിടെ വന്ന് കളിക്കാറുള്ളതൊക്കെ ഓർക്ക്വായിരുന്നു.

നിർമ്മല ചിരിച്ചു.

ആന്റി ഇതുവരെയുണ്ടാക്കിയ പാവക്കുട്ടികളൊക്കെ ഇവിടെ ഇല്ലേ?

എല്ലാം ഉണ്ട്. എന്റെ മക്കൾ എല്ലാം ഉണ്ട്. ഒരു മോള് മാത്രെ കുറച്ചു കാലായിട്ട് കാണാത്യായിട്ടുള്ളു. ഇന്ന് അവളും കിട്ടി.

നിർമ്മലയുടെ വയറ് കാളി. പെട്ടെന്ന് ആന്റി പറയുന്നത് താൻ കേടുവരുത്തിയ പാവക്കുട്ടിയെപ്പറ്റിയാണെന്നവൾക്കു തോന്നി. അതല്ല അവർ ഉദ്ദേശിച്ചതെന്ന് മനസ്സിലാക്കാൻ അവൾ കുറച്ചു സമയമെടുത്തു.

ഞാൻ പോയി കുറച്ചു നാരാങ്ങാ വെള്ളം എടുക്കട്ടെ.

ലക്ഷ്മി ആന്റി എഴുന്നേറ്റു.

ഞാൻ ആന്റിയുടെ മക്കളെ ഒക്കെ ഒന്നു കാണട്ടെ.

നിർമ്മലയ്ക്ക് ആ പാവക്കുട്ടിയെ കണ്ടുപിടിക്കണം. ആന്റി ഇടയ്ക്കിടയ്ക്ക് പാവകളെ അങ്ങോട്ടു

മിങ്ങോട്ടും മാറ്റാറുള്ളതു കൊണ്ട് ആ ജോലി അത്ര എളുപ്പമായിരുന്നില്ല. അവൾ ഓരോരോ അലമാരിയായി നോക്കിത്തുടങ്ങി. നോക്കിക്കൊണ്ടിരിക്കെ അവൾക്ക് അവയുടെ സ്രഷ്ടാവിലെ അനുഗ്രഹീത കലാകാരിയെ മനസാ അഭിനന്ദിക്കാതിരിക്കാനായില്ല. പക്ഷേ ആ പാവകൾ അവളോട് സംസാരിച്ചില്ല. മുമ്പ് കുട്ടിയായിരുന്നപ്പോൾ ആ പാവകൾ ഓരോന്നും അതിന്റേതായ വഴിയിൽ അവളോട് ആശയ വിനിമയം നടത്തിയിരുന്നു. ഇപ്പോൾ പ്രായത്തിൽ വന്നമാറ്റമാവാം അല്ലെങ്കിൽ ഉച്ച വെയിൽ മുറിയെ ദീപ്തമാക്കുന്നതു കൊണ്ട് പാവകൾക്ക് അവയുടെ മുഖത്തെ ഭാവം നഷ്ടപ്പെട്ടതുകൊണ്ടാവാം, അവ ഊമകളെപ്പോലെ വലിയ കണ്ണുകളുംകൊണ്ട് അവളെ നോക്കുകമാത്രം ചെയ്തു.

പെട്ടെന്ന് അവളുടെ ഹൃദയം ശക്തി യായി മിടിച്ചു. വാസന്തി ഭീഷണിപ്പെടുത്തിയപ്പോഴുണ്ടായ നെഞ്ചു വേദന അവൾക്ക് അനുഭവപ്പെട്ടു. ആ സുന്ദരിപ്പാവ നിത്യയൗവ്വനവുമായി ഒരു അലമാരിയുടെ നടുവിൽത്തന്നെ നിൽക്കുന്നു. രണ്ടു കാലിൽ ത്തന്നെ.

അവൾ അലമാരിയുടെ വാതിൽതുറന്ന് ആ പാവയെ കയ്യിലെടുത്തു. തന്റെ ജീവിതം മുഴുവൻ കുറ്റബോധം കൊണ്ട് നിറച്ച സുന്ദരി. വിറയ്ക്കുന്ന കൈകളോടെ അവൾ ആ പാവയുടെ നീണ്ട പട്ടുപാവാട പൊക്കി നോക്കി. വലത്തേ കാൽ മുറിഞ്ഞേടത്ത് ഭംഗിയായി ഒട്ടിച്ചിരിക്കുന്നു. ഒറ്റനോട്ടത്തിൽ അത് പൊട്ടിയതാണെന്നറിയില്ല.

അവൾ ദീർഘമായി നിശ്വസിച്ചു.

ആ നിമിഷത്തിലാണ് വാസന്തി വാതിൽ കടന്നുവന്നത്. അവൾ പെട്ടെന്നു നിന്നു. ആ പഴയ ഭീഷണിക്കാരിയുടെ മുഖത്ത് ഓർമ്മയുടെ സ്ഫുലിംഗം മിന്നിമറയുന്നത് അവൾ കണ്ടു.

പാവയുടെ ഉയർത്തിയ പാവാട താഴ്ത്താൻ കൂടി വയ്യാതെ നിർമ്മല നിന്നു. അകത്തുനിന്ന് ലക്ഷ്മി ആന്റി ഒരു ഗ്ലാസിൽ നാരങ്ങ വെള്ളവുമായി വന്നു. അവൾ നിർമ്മലയുടെ കയ്യിലെ പാവക്കുട്ടിയെ നോക്കി.

ഒരു പഴയ ദുരന്തത്തിന്റെ ഓർമ്മ അവരുടെ മുഖത്ത് നിഴൽ വീശിയോ?

ലക്ഷ്മിആന്റിയുടെ മുഖത്ത് നിർമ്മല വല്ലായ്മയോടെ നോക്കി. വല്ലാത്തൊരു സംഘട്ടനം. ഇരുപതു കൊല്ലം ശിക്ഷയിൽ നിന്നോടി രക്ഷപ്പെട്ട കുറ്റവാളി കീഴടങ്ങിയിരിക്കുന്നു. നിയമം അതിന്റെ വഴിക്ക് നടക്കട്ടെ. ശിക്ഷ സ്വീകരിക്കാൻ തയ്യാറായി നിർമ്മല നിന്നു.

ഗ്ലാസ് ടീപോയ്മേൽവെച്ച് ലക്ഷ്മി ആന്റി നിർമ്മലയുടെ അടുത്തു വന്നു. പതുക്കെ അവളെ അരക്കെട്ടിലൂടെ വരിഞ്ഞ് കവിളിൽ ചുംബിച്ചു.

താൻ കരയുകയായിരുന്നെന്ന്, അമ്പരപ്പോടെ ആശ്വാസത്തോടെ അവൾ മനസ്സിലാക്കി.

back to index

# സൂക്ഷിച്ചുവച്ച ഒരു മയിൽപ്പീലി

**രാ**ജി അവളുടെ മനസ്സിന്റെ വാതായനങ്ങൾ ജീവിതത്തിൽ ആദ്യമായി മലർക്കെ തുറന്നിടുകയാണ്. മൂന്നു കൊല്ലത്തെ സഹവാസത്തിനുള്ളിൽ ദിവാകരന് അങ്ങിനെയൊരനുഭവമുണ്ടായിട്ടില്ല. ആദ്യമായി ദിവാകരൻ ഒരു ശ്രോതാവായി. സാധാരണയുള്ള റോളിൽ നിന്നു വ്യത്യസ്തം. സാധാരണ ദിവാകരൻ സംസാരിക്കുകയും രാജി കേട്ടുകൊണ്ടിരിക്കുകയുമാണ് പതിവ്. അവൾ അത്യാവശ്യം സംസാരിക്കുകയേ ചെയ്യൂ. കല്യാണം കഴിഞ്ഞ ആദ്യ ദിവസങ്ങളിൽ  അത് പല തെറ്റിദ്ധാരണകൾക്കും വഴിവെച്ചു. അയാൾ ചോദിക്കും.

രാജിക്കെന്നെ ഇഷ്ടാവാതെ കല്യാണം കഴിച്ചതാണോ?

അല്ലല്ലൊ. രാജി പറയും. അത്ര മാത്രം. പക്ഷേ ദിവാകരൻ കൂടുതൽ പ്രതീക്ഷിച്ചിരുന്നു. തന്നെ ഇഷ്ടമാണെന്ന് പറയണം. തന്നെയല്ലാതെ വേറെ ആരെയും സ്നേഹിച്ചി ട്ടില്ല എന്നെല്ലാം. അവൾ ഒന്നും പറയാതെ തന്നോട് ചേർന്നു കിടക്കും. പക്ഷേ അവൾ ദു:ഖിതയാണെന്ന് അവളുടെ മുഖം വിളിച്ചുപറയും. പിന്നീട് മാസങ്ങൾ കഴിഞ്ഞപ്പോഴാണ് അത് അവളുടെ സ്ഥായിയായ ഭാവമാണെന്നും തന്നോടുള്ള സ്നേഹക്കുറവല്ലാ എന്നും ദിവാകരന് മനസ്സിലായത്. പിന്നെ പതുക്കെ, വളരെ പതുക്കെ അവളുടെ ബാല്യത്തിന്റെ ചെപ്പു തുറന്നു. മഴകൊണ്ട് ആകാശംമൂടിയ ഒരു സായാഹ്നത്തിൽ തന്റെ കൈകളിൽ ഒരു സംഭോഗാലസ്യത്തിൽ കിടക്കുമ്പോൾ, അല്ലെങ്കിൽ നഗരവിളക്കുകളുടെ പ്രഭയിൽ മങ്ങപ്പെട്ട നക്ഷത്രങ്ങൾ ചിതറിക്കിടക്കുന്ന ആകാശത്തിനു താഴെ ബീച്ചിലെ മണലിൽ ഇരിക്കുമ്പോൾ അവൾ ദു:ഖമയമായ തന്റെ ബാല്യകാലത്തിന്റെ ഏടുകൾ ലുബ്ധോടെ തുറന്നു. ചില നൈമിഷികപ്രകാശത്തിന്റെ ക്ഷണികമായ മിന്നലുകൾ മാത്രം. ഉടനെ വാതിലുകൾ അടക്കപ്പെടും. അവൾ ഒരിക്കലും ഒന്നും വിശദമാക്കിയില്ല. പക്ഷേ പറയപ്പെട്ട വാക്കുകളിൽ ഒരു വികാരപ്രപഞ്ചം മുഴുവൻ ഒതുങ്ങി നിൽക്കുന്നത് ദിവാകരൻ ശ്രദ്ധിക്കാറുണ്ട്.

ബോംബെയിൽനിന്ന് ഒരു മാസത്തെ ലീവിൽ വരുമ്പോഴൊന്നും അവർ തറവാട്ടിൽ പോയിരുന്നില്ല. തൃശൂരിൽ രാജിയുടെ അച്ഛന്റെയും അമ്മയുടെയും അടുത്തു കൂടും. അമ്മ ഓരോ പ്രാവശ്യവും നിർബ്ബന്ധിക്കും. മോളെ നീ അമ്മായിയെ പോയി കാണ്ണില്ലേ?

സമയമായിട്ടില്ലമ്മേ. രാജിപറയും. സമയമാകുമ്പോൾ ഞാൻ പോകും. എനിക്ക് ചോദിക്കേണ്ടത് ഞാൻ ചോദിക്കും.

അമ്മ പിന്മാറും. ദിവാകരന്റെ മുമ്പിൽ വെച്ച് മകൾ അങ്ങനെ സംസാരിക്കുന്നത് അവർ ഇഷ്ടപ്പെട്ടില്ല. മകളുടെ പെരുമാറ്റം അവർക്ക് ഭയമുണ്ടാക്കി. കുടുംബത്തിലെ സ്വരച്ചേർച്ചയില്ലായ്മ മരുമകന്റെ മുമ്പിൽ വെച്ച് വെളിപ്പെടുന്നത് അവർ ഇഷ്ടപ്പെട്ടില്ല. അവളെക്കൊണ്ട് കൂടുതൽ സംസാരിപ്പിക്കാതിരിക്കാൻ അവർ ശ്രമിച്ചു.

ഒരിയ്ക്കൽ രാജിയില്ലാത്ത അവസരത്തിൽ ദിവാകരൻ അമ്മയോട് ചോദിച്ചു. എന്താണ് രാജിയുടെ പ്രശ്നം.

എല്ലാം അവളുടെ ഭാവനയാണ്. അമ്മ പറയും. ആർക്കും അവളെ ഇഷ്ടല്ല്യായ ഒന്നും ഇല്ല. ഞങ്ങളൊക്കെ എത്ര പറഞ്ഞതാണ്. അവൾക്ക് മനസ്സിലാവണ്ടെ. അവര് പാവം വയസ്സായ സ്ത്രീയല്ലേ? ഓരോ പ്രാവശ്യവും നിങ്ങള് വന്നൂന്നറിഞ്ഞാൽ ചോദിക്കും എന്തേ രാജി ഇങ്ങട്ടൊന്നും വരാഞ്ഞത്ന്ന്. ഞാൻ എന്താ പറയ്യാ? സമയം കിട്ടീല്ല്യാന്ന് പറയും. ഇവിട്ന്ന് ആകെ പത്തു കിലോ മീറ്റർ ദൂരമേയുള്ളു. പതിനഞ്ചു മിനിറ്റ് കൂടുമ്പോൾ ബസ്സുണ്ട്.

കല്യാണം കഴിഞ്ഞതിന്റെ പിറ്റേന്ന് അവർ പോയതാണ്. ആ നാലുകെട്ട് ദിവാകരന് ഓർമ്മയുണ്ട്. നിറയെ മരങ്ങളുള്ള ഒരു പറമ്പ്. പടി കടന്നാൽ കുളിർമ്മ അനു ഭവപ്പെടും. വിശാലമായ മുറ്റം നിറയെ മണൽ വിരിച്ചിരിക്കുന്നു. തണുത്ത സിമന്റു തിണ്ണകൾ. സിമന്റിട്ടു മിനുസപ്പെടുത്തിയ ചുവന്ന നിലം. ചിത്രപ്പണികളുള്ള വാതിലുകൾ. വാതിലുകൾക്കും  ജനലുകൾക്കും മുകളിൽ കമാനങ്ങൾ  ഉണ്ടാക്കിയിരുന്നു. മരത്തിന്റെ തട്ടിട്ട കുളിർമയുള്ള മുറികൾ. അവർ മെയ് മാസത്തിലാണ് പോയത്. എന്നിട്ടും മുറികളിൽ തങ്ങിനിന്ന തണുപ്പ് അത്ഭുതമായിരുന്നു.

എന്റെ അച്ഛൻ ജനിച്ച വീടാണിത്. മുകളിൽ ഒരു ചെറിയ മുറിയിലെത്തിയപ്പോൾ രാജി പറഞ്ഞു. ഞാൻ കുട്ടിക്കാലത്ത് കുറച്ചുകാലം ഉപയോഗിച്ചിരുന്ന മുറിയാണിത്.

ജനലിലൂടെ നോക്കിയാൽ തൊടിയിലെ മരങ്ങൾക്കിടയിലൂടെ പച്ചപിടിച്ച വയൽ കാണാം. അതിനുമപ്പുറത്ത് പുഴയുടെ മണൽ. മണൽമാത്രം. വെള്ളം കാണാൻ പറ്റുന്നില്ല.

ഈ ജനലിൽ ഇരുന്ന് ഞാൻ കരയാറുണ്ട്.

എന്തിനെന്നവൾ പറഞ്ഞില്ല. അവളെ സംബന്ധിക്കുന്ന എന്തിന്നും ഒരു രഹസ്യാത്മകതയുണ്ടായിരുന്നു. ദിവാകരന് ഇഷ്ടപ്പെടാത്തതും എന്നാൽ അതേ സമയം മോഹിപ്പിക്കുന്നതുമായ ഒരു നിഗൂഢത.

പിന്നെ അവൾ ഒരു ചുമരലമാര തുറന്നു. അതിൽ അടുക്കിവെച്ച പഴയ സാധനങ്ങളി ൽ നിന്ന് ഒരു ചെറിയ പെട്ടി പുറത്തെടുത്തു. ബിസ്ക്കറ്റിന്റെ പെട്ടിയാണത്. അതിന്റെ മൂടി തുരുമ്പു പിടിച്ചിരുന്നു. ഒരു ആണിയെടുത്ത് അവൾ അതിന്റെ മൂടി തിക്കിത്തുറന്നു. അതിൽ തലമുടി കെട്ടുന്ന ഒരു റിബ്ബണും, രണ്ടുകളർ ചോക്കും, രണ്ടുമൂന്നു മയിൽപ്പീലികളുമുണ്ടായിരുന്നു.

ഞാൻ അഞ്ചാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഇവിടെ നിന്ന് പോയത്. അപ്പോൾ വെച്ചു പോയതാണ് ഈ പെട്ടി. രണ്ടു മിനിറ്റ് നേരം അവൾ ആ പെട്ടിയും മടിയിൽ വെച്ച് കസേരയിൽ ഇരുന്നു; പെട്ടിമേൽ, ഒരു ചെറിയ കുട്ടിയെയെന്ന

പോലെ, താലോലിച്ചുകൊണ്ട്. പിന്നെ അത് തിരിച്ച് അലമാരിയിൽ വെച്ച് അവൾ പറഞ്ഞു. അതിൽ ഒരു മയിൽപ്പീലി ഞാൻ ജാനകിക്കു കൊടുക്കാമെന്ന് പറഞ്ഞതായിരുന്നു. കൊടുക്കാൻ പറ്റിയില്ല. അപ്പോഴേക്ക് ഞാൻ സ്ക്കൂ ൾ വിട്ടു.

ആരാണ് ജാനകി?

എന്റെ ഒപ്പം അഞ്ചിൽ പഠിച്ചിരുന്ന കുട്ടി.

അന്നാണ് ഞാൻ ആദ്യമായും അവസാനമായും ആ തറവാട്ടിലേക്ക് പോയതെന്ന് ദിവാകരൻ ഓർത്തു. ഈ പ്രാവശ്യം പോകാൻ രാജി തയ്യാറാവുമോ ആവോ.

അമ്മായി തീരെ സുഖല്ല്യാതെ കിടക്കാണ്. അമ്മ പറഞ്ഞു. നീ പോയി ഒന്നു കാണ്വാ നല്ലത്. അടുത്ത കൊല്ലം ഒരു പക്ഷേ കാണാൻ കഴിഞ്ഞില്ല്യാന്ന് വരും.

രാജി ഒന്നും പറഞ്ഞില്ല. പോവില്ലെന്നു പറയാത്തതുകൊണ്ട് ഒരുപക്ഷെ പോയേക്കാമെന്ന ഒരു തോന്നലുണ്ടായി ദിവാകരന്. അതു ശരിയാണെന്ന് വൈകുന്നേരത്തെ സംഭവങ്ങൾ തെളിയിച്ചു.

ചായ കുടികഴിഞ്ഞപ്പോഴാണ് രാജി പറഞ്ഞത് നമുക്ക് തറവാട്ടിലേക്ക് പോകാം.

ഉച്ചയൂണുകഴിഞ്ഞശേഷം താൻ മോളുടെ ഒപ്പം മുകളിൽ കിടന്നുറങ്ങുകയായിരുന്നു. അമ്മയും രാജിയും കൂടി താഴെയാണ് കിടന്നത്. തീർച്ചയായും അമ്മ അത്രയും സമയം അവളെ ഉപദേശിക്കുകയായിരുന്നിരിക്കണം, കെഞ്ചുകയായിരുന്നിരിക്കണം. എന്തായാലും പോകാൻ തീർച്ചയാക്കിയല്ലോ. അയാൾക്കു സമാധാനമായി. രാജിയുടെ മോളെ കാണണമെന്ന് അമ്മായി പറയാൻ തുടങ്ങിയിട്ട് മാസങ്ങളായത്രെ. ഒരു പക്ഷേ അടുത്ത പ്രാവശ്യം ലീവിൽ വരുമ്പോഴേക്കും വൈകിയെന്നിരിക്കും.

ഇടതുഭാഗം തളർന്നിരിക്ക്യാണ്. അമ്മ പറഞ്ഞു. കുറേശ്ശ സംസാരിക്കും. ഒന്നും വ്യക്തായി മനസ്സിലാവില്ല. ഒപ്പം കാൻസറിന്റെ സംശയോണ്ട്. വല്ലാതെ കെടക്കാതെ കഴിഞ്ഞ് കിട്ട്യാ മത്യായിരുന്നു.

അവർ അഞ്ചുമണിയോടെ പുറപ്പെട്ടു. നാട്ടിൻ പുറത്തേക്കുള്ള റോഡുകൾ ഇത്ര വീതി കുറഞ്ഞതും വളവുകളുള്ളതുമാണെന്ന് ദിവാകരൻ ഇപ്പോഴാണ് മനസ്സിലാക്കിയത്. കല്യാണം കഴിഞ്ഞ സമയത്ത് കാറിലാണ് പോയിരുന്നത്. അന്ന് സമയം പോയതറിഞ്ഞതുമില്ല. ഇന്നത്തെ ബസ്സിന്റെ ഡ്രൈവറും മോശമായിരുന്നു. പത്തു കിലോമീറ്റർ ദൂരം യാത്ര ചെയ്യാൻ എടുത്ത സമയം അമ്പതു മിനിറ്റ്. മോൾ, പക്ഷെ യാത്ര പരമാവധി ആസ്വദിച്ചു. കുഞ്ഞി ക്കണ്ണുകൾകൊണ്ട് ഒരു മരം നോക്കുമ്പോഴേക്കും അത് പിന്നിലേക്ക് പോകും. അപ്പോഴേയ്ക്കും വേറെ ഒരു മരം കണ്ണിൽ പെടും. പിന്നെ അതും പിന്നിലേക്ക് പോവും. മരങ്ങൾ അവളുടെ ഇഷ്ടതോഴന്മാരായിരുന്നു. മരങ്ങളോ ചെടികളോ അടുത്തുണ്ടെങ്കിൽ അവൾ എത്രസമയം വേണമെങ്കിലും അവളുടെതായ ഭാഷയിൽ അവരോട് സംസാരിച്ചു കൊണ്ടിരിക്കും. കാറ്റിൽ ചില്ലകൾ ആടുമ്പോൾ, ആ മരങ്ങൾ അവളോട് സംസാരിക്കുകയാണെന്നാണ് ഭാവം.

രാജിയുടെ മുഖം മ്ലാനമായിരുന്നു. യാത്രയ്ക്കിടയിൽ അവൾ ഒന്നും സംസാരിച്ചില്ല.

ഇറങ്ങേണ്ട സ്ഥലമായപ്പോൾ അവൾ പറഞ്ഞു. നമുക്കിറങ്ങേണ്ട സ്ഥലായി.

പടിപ്പുരയുടെ മുമ്പിൽത്തന്നെയാണ് ബസ്സ് നിന്നത്. ബസ്സിറങ്ങി നടക്കുമ്പോൾ ആദ്യം അനുഭവപ്പെട്ടത് അന്തരീക്ഷത്തിലെ ഓജസ്സാണ്. പലതരം പൂക്കളുടെ വാസന. ഏതു പൂക്കളുടേതാണെന്ന് ദിവാകരന് മനസ്സിലായില്ല. തണുത്ത കാറ്റടിക്കുന്നുണ്ടായിരുന്നു. ഈ ഏപ്രിൽ മാസത്തിലും തണുത്ത കാറ്റോ? പതിനൊന്നു മാസം ബോംബയിലെ ചുടിലും, ഒരു മാസം തൃശൂരിലെ ചൂടിലും കഴിയുന്ന അയാൾക്ക് ഈ പൂക്കളുടെ വാസനയുള്ള തണുത്ത ഉന്മേഷം പകരുന്ന കാറ്റ് ഒരത്ഭുതമായിരുന്നു. എല്ലാം നശിച്ചിട്ടില്ലെന്ന ഒരു തോന്നൽ അയാളിലുണ്ടായി.

രാജി പതുക്കെ നടക്കുകയാണ്. അവൾക്ക് ലക്ഷ്യത്തിലെത്താൻ ഒരു ധൃതിയുമുണ്ടായിരുന്നില്ല. പടിപ്പുര കടന്ന് മുറ്റത്തെത്തിയപ്പോഴാണ് ദിവാകരൻ മുന്നിൽ ഉയർന്നു കണ്ട നാലു കെട്ട് ശ്രദ്ധിച്ചത്. ഓർമ്മയിലുണ്ടായിരുന്ന വീടിന് ഇത്ര പഴക്കമില്ലാ യിരുന്നു. മുമ്പിൽ കണ്ട കെട്ടിടത്തിന് വയസ്സായിരിക്കുന്നു. പെട്ടെന്ന് തകർച്ചയുടെ വക്കിലെത്തിയ പോലെ. ഓടുകൾ പലയിടത്തും പൊട്ടിയിരിക്കുന്നു. ചോർച്ചയുണ്ടായ ചുവന്ന പാടുകൾ ചുമരിൽ. ജനൽ പാളികളുടെ പോളീഷ് പോയി നരച്ചിരുന്നു. തകർച്ചയുടെ അപ്രതീക്ഷിതവും ശോചനീയവുമായ ദൃശ്യങ്ങൾ. അയാൾക്കെന്തോ വളരെ വ്യസനം തോന്നി. ഇനി കാണാൻ പോകുന്ന ദൃശ്യങ്ങളും അത്ര നന്നാവാൻ പോകുന്നി ല്ലെന്ന മുന്നറിയിപ്പ് ദിവാകരനുണ്ടായി.

പൊട്ടിത്തുടങ്ങിയ ഒതുക്കുകൾ കയറുമ്പോൾ വല്ല്യമ്മ അകത്തു നിന്നു വന്നു.

അല്ല ആരാണിത്? നീയൊന്നും ഇനി ഇങ്ങോട്ടു വരില്ല്യാന്നല്ലേ ഞാൻ വിചാരിച്ചത്.

അവർ ധൃതിയിൽ നടന്നുവന്ന് ദിവാകരന്റെ കയ്യിൽ നിന്ന് കുഞ്ഞിനെ ഏറ്റു വാങ്ങി.

മോളറിയ്യോ ഈ വല്ല്യമ്മേ?

അവൾ, ബലാൽക്കാരമായി തന്നെ പിടിച്ചുവാങ്ങിയ സ്ത്രീയെ പകച്ചു നോക്കി. പാടെ നരച്ച തലമുടി, ചുളിഞ്ഞു തുടങ്ങിയ മുഖം. അവൾ പക്ഷേ കരഞ്ഞില്ല. നാട്ടിലെത്തിയാൽ ഇങ്ങിനെയുള്ള മിന്നലാക്രമണങ്ങളെല്ലാം ഉണ്ടാവു മെന്ന് അവൾ ഇതിനകം മനസ്സിലാക്കിയിരിക്കണം.

എത്ര മാസായി ഇവൾക്ക്?

ആറ്.

വല്ല്യമ്മ അവളെ വിട്ടു പിടിച്ചു, മുഖം പരിശോധിച്ചു.

രാജി തന്ന്യാ.

അമ്മായിക്ക് എങ്ങിനെണ്ട്? ദിവാകരൻ ചോദിച്ചു.

അങ്ങിനെത്തന്നെണ്ട് കുട്ടീ. അവർ  ശബ്ദം താഴ്ത്തി പറഞ്ഞു. ഒരേ കെടത്താണ്. ഇടത്തെ ഭാഗം അങ്ങിനെ തളർന്നിരിക്കുന്നു.

ചായ കുടിച്ചിട്ട് കാണാം. ഇപ്പോൾ കണ്ടിട്ടും വല്ല്യ കാര്യൊന്നൂല്ല്യ. വേദനക്കുള്ള ഗുളിക കൊടുത്തിരിക്ക്യാണ്. അത് കൊടുത്താൽ നല്ല ഉറക്കാണ്. ഇനി നാളെ രാവിലെയേ ഉണരൂ.

വന്ന കാല്മ്മല് നിക്കണ്ട, ഇരിക്കൂ.

സിമന്റിട്ട ചുവന്ന നിലം മിനുസമുണ്ടായിരുന്നു. നിലത്തു കിടത്തിയപ്പോൾ മോൾ നീന്തിക്കളിക്കാൻ തുടങ്ങി.

മുട്ടുകുത്തിത്തുടങ്ങിയിട്ടില്ലേ?

ശ്രമിക്ക്ണ്ണ്ട്. ദിവാകരനാണ് പറഞ്ഞത്. രാജി അപ്പോഴും ഒന്നും പറഞ്ഞിരുന്നില്ല.

നീ വാ, വല്ല്യമ്മ അവളെ വിളിച്ചു. നമുക്ക് ചായയുണ്ടാക്കാം. എനിക്ക് നിന്റെ വിശേഷങ്ങളൊക്കെ അറിയണം.

വല്ല്യമ്മയും രാജിയും അകത്തേക്കു പോയപ്പോൾ ദിവാകരൻ മോളേയുമെടുത്ത് മുറ്റത്തിറങ്ങി. മുറ്റത്തെ മണൽ അയാളുടെ കാലടികളെ നോവിക്കാതെ സ്വീകരിച്ചു. അയാൾ വീണ്ടും ഒരു കുട്ടിയായി മാറി. മോൾക്ക് നടക്കാനായിരുന്നെങ്കിൽ ഈ മണലിൽ ഓടിക്കളിക്കാമായിരുന്നു.

മുറ്റത്തിന്നരികിലുള്ള ചെമ്പരത്തിപ്പൂക്കൾ മോൾ കൗതുകത്തോടെ നോക്കി.

അവർ തളത്തിലിരുന്ന് ചായ കുടിച്ചു. മൂന്നുകൊല്ലം മുമ്പ് ഒരു ദിവസം ഈ തളത്തിലിരുന്ന് ഉച്ചഭക്ഷണം കഴിച്ചത് അയാൾ ഓർത്തു. അമ്മായിയായിരുന്നു വിളമ്പിത്തന്നത്. അവർ വളരെ സ്നേഹത്തിലായിരുന്നു പെരുമാറിയിരുന്നത്. രാജിയുടെ പെരുമാറ്റത്തിലും അകൽച്ചയൊന്നും കണ്ടിരുന്നില്ല. അയാൾ പറഞ്ഞിരുന്ന തമാശകൾക്കെല്ലാം അമ്മായിയും വല്ല്യമ്മയും അവരുടെ മകൾ രോഹിണിയും ഉറക്കെ ചിരിച്ചിരുന്നു.

അയാൾ ചോദിച്ചു.

രോഹിണി ഇപ്പോൾ എവിടെയാണ്?

അതാ ഞാൻ രാജിയോട് പറഞ്ഞു കൊണ്ടിരുന്നത്. അവൾ ബാംഗ്ലൂരിലാണ്. രണ്ടാമത്തെ കുട്ടിക്ക് മൂന്നു മാസേ ആയിട്ടുള്ളു. അവള് പരിഭവിച്ചിരിക്ക്യാണ്. ഞാനെന്താ ചെയ്യേണ്ടത്? നാരായണിയെ വിട്ട് പോകാൻ പറ്റ്വോ? ഞാനും ബാലേട്ടനും ഇവിടെ കെട്ടിയിട്ട മാതിരിയാണ്. അമ്മയ്ക്ക് വരാൻ പറ്റിയില്ലങ്കിൽ അച്ഛനെങ്കിലും വന്നു കൂടേന്നാണ് അവൾ പറയണത്. എനിയ്ക്കൊറ്റക്ക് പേടിയാണ്. എപ്പഴാ അധികാവാന്നറിയില്ല്യ. നാള് തന്നെ ഒരു ദിവസം എന്നെ വല്ലാതെ പേടിപ്പിച്ചു. എന്താ ചെയ്യ്വാ? കർമ്മഫലം ഓരോരുത്തരും അനുഭവിക്കാതെ പറ്റ്വോ?

മോൾ ഉറക്കമായിരുന്നു. യാത്ര കാരണം നാലു മണിക്കുള്ള ഉറക്കം ഉണ്ടായില്ല.

മോളെ എന്റെ മുറീല് കെടത്തിക്കോ രാജി.

മോളെ കിടത്തിയശേഷം അവർ അമ്മായി കിടക്കുന്ന മുറിയിലേക്ക് പോയി. മുറിയിൽ അസുഖകരമായ മണമുണ്ടായിരുന്നു. ഫിനോയ്ലിനും നശിപ്പിക്കാൻ പറ്റാത്ത നാറ്റം. ആദ്യത്തെ ഏതാനും നിമിഷങ്ങൾ അതയാളെ വല്ലാതെ അലോസരപ്പെടുത്തി.

വല്ല്യമ്മ പോയി ജനൽ തുറന്നിട്ടു. പുറത്തുനിന്ന് വെളിച്ചം കടന്നുവന്നപ്പോൾ കട്ടിലിൽ കിടക്കുന്ന രൂപം തെളിഞ്ഞു വന്നു. അയാൾ വല്ലാതായി. വളരെ മെലിഞ്ഞ ഒരു രൂപം. ചടച്ച് എല്ലും തോലും മാത്രമേയുള്ളു. വായ അല്പം തുറന്ന് കണ്ണുമടച്ച് കിടക്കുകയാണ്. ചുവന്ന ചകലാസ് കൊണ്ട് പുതപ്പിച്ചിട്ടുണ്ട്. രാജിയും വല്ലാതായി എന്നയാൾക്കു മനസ്സിലായി. ഈ രൂപം അവളും പ്രതീക്ഷിച്ചിരുന്നില്ല.

എന്തെങ്കിലും സംസാരിക്കണ്ടേ എന്നു കരുതി അയാൾ ചോദിച്ചു.

എത്ര കാലമായി ഈ കിടത്തം?

രണ്ടുമാസം കഴിഞ്ഞു. വല്ല്യമ്മ പറഞ്ഞു. എന്താ ചെയ്യാ. കിടക്കാതെ പോകാനും വേണം ഒരു ഭാഗ്യം.

അവർ പുറത്തു കടന്നു, ഉമ്മറത്തേക്കു നടന്നു. പുറത്ത് വെയിൽ മങ്ങിയിരുന്നു. നാട്ടിൻപുറങ്ങളെല്ലാം ഒരു പോലെയാണ്. അയാൾ തന്റെ നാട്ടിനെപ്പറ്റിയോർത്തു. നിറയെ മരങ്ങളുള്ള പറമ്പ്. വൈകുന്നേരങ്ങളിൽ വെയിൽ പെട്ടെന്ന് അപ്രത്യക്ഷമാവുകയും മരങ്ങൾക്കിടയിൽ ഇരുട്ട് പരക്കുകയും ചെയ്യും. കാറ്റ് നിൽക്കുകയും ഇലകൾ നിശ്ചലമാവുകയും ചെയ്യും. പ്രകൃതി വീർപ്പടക്കി നിൽക്കുന്ന പോലെ. പെട്ടെന്നുണ്ടാവുന്ന നിശ്ശബ്ദത തകർക്കാൻ കിളികളുടെ ശബ്ദമോ, അകലെ എവിടെയോ ഉള്ള കാവിൽനിന്ന് ഒഴുകിയെത്തുന്ന ചെണ്ടയുടെ ശബ്ദമോ മാത്രം.

കല്ല്യാണം കഴിഞ്ഞ് പിറ്റേന്ന് വന്നതല്ലേ നീ. പിന്നെ ഇങ്ങോട്ട് കയറിയിട്ടില്ലല്ലൊ. അമ്മായിക്ക് നല്ല പരിഭവണ്ട്. എപ്പോഴും നിങ്ങടെ കാര്യം പറയും. കുട്ട്യായിന്ന് കേട്ടപ്പോ സന്തോഷായി, പ്രത്യേകിച്ചും പെൺകുട്ട്യാന്നറിഞ്ഞപ്പോൾ.

ദിവാകരൻ ആലോചിച്ചു.

കഴിഞ്ഞ പ്രാവശ്യം നാട്ടിൽ വന്നപ്പോൾ അമ്മ കണ്ടമാനം നിർബന്ധിച്ചതാണ്. താനും കുറെയേറെ വാദിച്ചു നോക്കി. പക്ഷേ അച്ഛൻ പറഞ്ഞത് ഇങ്ങിനെയാണ്.

അവൾക്കിഷ്ടല്ല്യാച്ചാൽ നിർബ്ബന്ധിക്കേണ്ട. ഇതൊക്കെ അവളുടെ ഓരോ ധാരണകളാണ്. അതൊക്കെ തെറ്റാന്ന് അവൾക്ക് തന്നെ മനസ്സിലാവും. നാരായണീടെ സ്വഭാവം അവൾക്കറിയില്ല്യേ? അവള് എല്ലാവരോടും അങ്ങിന്യാ പെരുമാറ്വാ. ഒപ്പം വളർന്നുവന്ന എനിക്കറിയില്ല്യേ.

ഞാൻ അടുക്കളയിലേയ്ക്കു പോട്ടെ. വല്ല്യമ്മ എഴുന്നേറ്റുകൊണ്ട് പറഞ്ഞു. നിങ്ങൾ ഇവിടെ ഇരിയ്ക്കൂ.

പിന്നെ രാജിയോടായി അവർ പറഞ്ഞു.

നീ പോയി സാരി മാറ്റിക്കോ. രോഹിണീടെ സാരിണ്ടാവും അവളുടെ മുറീല്. ഞാൻ ഇപ്പൊ കോണി കേറാറില്ല. മോളിലേക്ക് പോയിട്ട് കുറെ ദിവസായി. മുറിയൊക്കെ എങ്ങിന്യാണ് കെടക്കണത്ന്ന് അറിയില്ല. കമലത്തോട് ആഴ്ചേല് രണ്ടു പ്രാവശ്യം നെലം തൊടക്കണംന്നൊക്കെ പറയാറ്ണ്ട്. ചെയ്യ്ണ്ണേടാ ആവോ?

വല്ല്യമ്മ പോയപ്പോൾ അവർ രണ്ടു പേരും മാത്രമായി. ഉമ്മറത്ത് തിണ്ണമേൽ ചാരിയിരുന്നുകൊണ്ടവർ അന്യോന്യം നോക്കി. ക്രമേണ ചുറ്റുമുള്ള ഇരുട്ട് കൂടി വന്നു. പറമ്പിനും അപ്പുറത്ത് വയലുകളിൽ വെളിച്ചമുണ്ടാകുമെന്നയാൾ ഓർത്തു. നാട്ടുവെളിച്ചത്തിൽ വയലുകൾക്കിടയിലെ വരമ്പുകളിൽകൂടി നടക്കാൻ അയാൾ ആഗ്രഹിച്ചു.

നമുക്ക് മോളിൽ പോകാം. രാജി പറഞ്ഞു.

അയാൾ എഴുന്നേറ്റു.

നടുമുറ്റത്തുനിന്നു വന്ന നേരിയ വെളിച്ചം കാരണം ലൈറ്റിടാതെ കോണി കയറാൻ പറ്റി. കോണിയിൽ നരിച്ചീറിന്റെ മണമുണ്ടായിരുന്നു. മുകളിലും. രാജി അവളുടെ മുറിയിലേക്ക് കടന്നു. മുകളിൽ നിലം കൂടുതൽ മിനുസമുള്ളതാണ്. അവൾ ജനലിനടുത്തു പോയി പുറത്തേക്കു നോക്കി നിൽക്കുകയാണ്.

ദിവാകരൻ ചോദിച്ചു.

നിന്റെ കുട്ടിക്കാലത്തെ നിക്ഷേപം നോക്കണ്ടെ?

അവൾ തിരിഞ്ഞുനോക്കി. അയാൾ ചുമരലമാരിയിലേയ്ക്ക് ചുണ്ടിക്കാട്ടി. അവൾ ചിരിയ്ക്കുകമാത്രം ചെയ്തു. അതു പുറത്തെടുക്കുവാൻ പക്ഷേ അവൾ താല്പര്യം കാണിച്ചില്ല.

കുറച്ചു നേരത്തെ മൗനത്തിനുശേഷം രാജി പറഞ്ഞു.

നമുക്കത് ഇപ്രാവശ്യം കൊണ്ടു പോയി അലമാരിയിൽ സൂക്ഷിച്ചു വെക്കാം. നമ്മുടെ മോള് വലുതായി നാലിലോ അഞ്ചിലോ പഠിക്കുന്ന കാലത്ത് അത് കാണിച്ചുകൊടുക്കണം. അമ്മ അഞ്ചിൽ പഠിക്കണ കാലത്ത് എടുത്തുവെച്ച താന്നു പറയുമ്പോൾ അവൾക്ക് അത്ഭുതാവും. അമ്മയും അവളുടെ മാതിരി ഒരു കുട്ടിയായിരുന്നെന്നറിയുമ്പോൾ അവൾക്ക് എന്നെ കൂടുതൽ ഇഷ്ടണ്ടാവും.

രാജിയുടെ ശബ്ദം ഇടറിയ മാതിരി തോന്നി. ദിവാകരൻ നോക്കിയപ്പോൾ അവൾ കരയുകയായിരുന്നു. അയാൾ അവളെ ചേർത്തുപിടിച്ചു, കവിളിൽ ചുംബിച്ചു.

നീയൊരു പൊട്ടിപ്രമാണമാണ്.

താഴെ വന്നപ്പോൾ വല്ല്യച്ഛനും വല്ല്യമ്മയും കൂടി മോൾക്ക് കുറുക്കിയത് കൊടുക്കുന്നതിന്റെ ബഹളമായിരുന്നു. വല്ല്യമ്മ മോളെ കാലിൽ കിടത്തി കുറുക്കിയത് കൊടുക്കുകയാണ്. വല്ല്യച്ഛൻ അടുത്തുതന്നെ ഒരു ഗ്ലാസിൽ വെള്ളവും സ്പൂണുമായി ഇരിക്കുന്നുണ്ട്. രണ്ടു സ്പൂൺ കുറുക്കിയതു കഴിഞ്ഞാൽ ഒരു സ്പൂൺ വെള്ളം എന്നതാണ് കണക്ക്.

രാത്രി ഊണുകഴിച്ച് അവൾ മുകളിൽ ഉറങ്ങാൻ കിടന്നു. മോൾ വല്ല്യമ്മയുടെ കൂടെ താഴെയാണ് കിടന്നത്. രാത്രി അവൾ ഒരിക്കലേ ഉണരാറുള്ളു. അപ്പോൾ കുറച്ച് പാലുകൂട്ടി കുടിയ്ക്കാൻ കൊടുത്താൽ മതി. വീണ്ടും ഉറങ്ങി ക്കൊള്ളും.

ദിവാകരന് ഉറക്കം വന്നില്ല. രാജിയും ഉറങ്ങുകയായിരുന്നില്ല. നിലാവുദിച്ചിരുന്നു. പുറത്ത് മരങ്ങളുടെ രൂപരേഖ തെളിഞ്ഞു വന്നു. ദൂരെ കുറുക്കന്മാർ ഓരിയിടുന്ന ശബ്ദവും നായ്ക്കളുടെ കുരയും. അതൊന്നും പക്ഷേ ശല്യമായിരുന്നില്ല.

അയാൾ ചോദിച്ചു.

എന്താണ് നിനക്ക് അമ്മായിയെ ഇത്ര ദ്വേഷ്യം?

ഞാനവരെ വെറുക്കുണു. രാജി പറഞ്ഞു. വളരെ പതുക്കെ, പക്ഷേ ഉറപ്പിച്ചുകൊണ്ട്.

എന്താണ് കാരണമെന്ന് ഇനിയെങ്കിലും പറഞ്ഞു കൂടേ?

പുറത്തെ നിലാവ്, രാത്രിയുടെ ശബ്ദങ്ങൾ, കിടപ്പുമുറിയുടെ പ്രാചീനതയും, പരിചിതത്വവും എല്ലാം അവളെ ബാധിച്ചിരുന്നു. ജീവിതത്തിലാദ്യമായി അവൾ ദിവാകരന്റെ മുമ്പിൽ സ്വന്തം ഭൂതകാലത്തിന്റെ, വളരെ അകലെയുള്ള ബാല്യകാലത്തിന്റെ കഥ, അതിനും മുമ്പ് അവരുടെ കുടുംബത്തിന്റെ ചരിത്രം, ഒരു കുടിപ്പകയുടെ കഥ വിശദമായി ചുരുൾ നിവർത്തി.

ചരിത്രം പുരാതനമായിരുന്നു. കുടിപ്പകയുടെ ബീജാവാപം നടന്നത് ശരിക്കു പറഞ്ഞാൽ അറുപത്തിരണ്ടു കൊല്ലം മുമ്പാണ്. ദിവസം കൂടി കൃത്യമായി പറയാൻ പറ്റും. കാരണം കരണത്തു വീട്ടിൽ ശങ്കരൻകുട്ടിനായരുടെ പെങ്ങൾ ഇക്കാവുഅമ്മയും അവർക്കു പുടവ കൊടുത്ത ഇല്ലിക്കാട്ടുവീട്ടിൽ കരുണാകരൻനായരും തമ്മിൽ ഒരു രാത്രിയേ സംസർഗ്ഗമുണ്ടായിട്ടുള്ളു. പിറ്റേന്ന് അയാൾക്ക് റംഗൂണിൽ ജോലിയിൽ പ്രവേശിക്കാനായി രാവിലെത്തന്നെ ആപൽക്കരമായ യാത്ര തുടങ്ങേണ്ടതുണ്ട്. ആ യാത്രയിൽ ഒരു അത്യാഹിതത്തിൽ അയാൾ കൊല്ലപ്പെട്ടു. കപ്പൽ മുങ്ങിയതാണെന്നു കേട്ടിരുന്നു. അതല്ല, അപകടമൊന്നുമുണ്ടായിട്ടില്ലെന്നും അയാൾ ഒരു പതിമൂക്കി ബർമ്മക്കാരിയെ കല്യാണം കഴിച്ച് റംഗൂണിൽ സ്ഥിരതാമസമാക്കിയെന്നും ശ്രുതിയുണ്ട്.

എന്തായാലും ഇക്കാവുവമ്മയെ സംബന്ധിച്ചിടത്തോളം എല്ലാം ഒരു സ്വപ്നം പോലെയായിരുന്നു. അഗ്നിസാക്ഷി യായി തനിയ്ക്കു പുടവ തന്ന വരൻ രാത്രി മുകളിലെ അലങ്കരിച്ച കിടപ്പറയിൽ തന്റെ കാതിൽ മന്ത്രിച്ചു കൊണ്ടിരുന്ന പ്രലോഭനങ്ങൾക്ക് താൻ വഴങ്ങാതിരുന്നതും, പിന്നെ മാധുര്യം കട്ടപിടിച്ച രാത്രി വളർന്നപ്പോൾ, ഈ ഒരു രാത്രിയെ തനിക്കു കിട്ടുവെന്നും, പിറ്റേന്ന് രാവിലെത്തന്നെ യാത്ര തിരിക്കേണമെന്നും പിന്നീടെപ്പോഴാണ് വരാൻ കഴിയുക എന്നറിയില്ലെന്നും നിറഞ്ഞ കണ്ണുകളോടെ പറഞ്ഞപ്പോൾ അവൾ സ്വർഗ്ഗകവാടം അയാൾക്കായി തുറന്നു

കൊടുത്തതും സ്വയം ആനന്ദമൂർഛയിൽ ഇല്ലാതായതും ഇക്കാവുന് നേരിയ ഓർമ്മയേ ഉള്ളൂ.

പിറ്റേന്ന് വരൻ യാത്ര പറഞ്ഞുപോകുമ്പോൾ തലേന്നു രാത്രിയിലെ ഉറക്കം കൺപോളകളെ കനപ്പിക്കുകയും മനസ്സിന് മധുരമായ ഒരനുഭവത്തിന്റെ ഓർമ്മ സുഖകരമായ ഒരു തളർച്ച സമ്മാനിക്കുകയും ചെയ്ത കാരണം മര്യാദയ്ക്കൊന്ന് കരയാൻ കൂടി കഴിഞ്ഞില്ല.

കരുണാകരൻനായർ പോയതിന്റെ പത്താം ദിവസമാണ് കമ്പി സന്ദേശം കിട്ടുന്നത്.

കരണത്തുവീട്ടിലെ ശങ്കരൻകുട്ടി നായർ ആകെ തളർന്നു. അമ്മാവൻ നേർത്തെ മരിച്ചതുകാരണം തറവാട്ടിലെ കാര്യങ്ങൾ കഴിഞ്ഞ എട്ടുകൊല്ലമായി ശങ്കരൻകുട്ടി നായരായിരുന്നു നോക്കിയിരുന്നത്. നല്ലൊരു നായരെക്കൊണ്ട് തന്റെ കുഞ്ഞിപ്പെങ്ങൾക്ക് പുടവ കൊടുപ്പിക്കണം, അതിൽ നിന്നുണ്ടാവുന്ന തിരി ഈ തറവാടിനെ ദീപ്തമാക്കണം, തന്റെ എട്ടു വയസ്സു ള്ള മകന് അവൾ മുറപ്പെണ്ണാവണം എന്നൊക്കെ അദ്ദേഹം കരുതിയിരുന്നതാണ്. ദൈവം മറിച്ചു കല്പിച്ചു. എന്തുചെയ്യാം! തലയിൽ കൈയും വെച്ച് വിശാലമായ പൂമുഖത്ത് കടഞ്ഞെടുത്ത കാലുകളും വീതിയുള്ള കൈത്തട്ടു മുള്ള വീട്ടിക്കസേരയിൽ കിടന്ന കാരണവർ എഴുന്നേറ്റത് ഒരു മാസം കഴിഞ്ഞിട്ടാണ്.

ഭാര്യ ചിരുതേയിഅമ്മ ഒരു ദിവസം അതിപ്രധാനമായ ഒരു വാർത്ത ഭർത്താവിനെ അറിയിക്കാൻ വാതിലിനു പിറകിൽ നിന്ന് മുരടനക്കിയപ്പോൾ കാരണവർ തിരിഞ്ഞു നോക്കിയില്ല. അടുക്കള ചെലവിനുള്ള പണം ചോദിക്കേണ്ട സമയമായിരിക്കുന്നു. ചെലവു ചെയ്യേണ്ട കാര്യം വരുമ്പോൾ ശങ്കരൻകുട്ടി നായർ കുറച്ചു പിന്നിലാണ്.

അപ്പഴേയ്...........

ചിരുതേയി അമ്മ പറഞ്ഞു.

എന്താച്ചാൽ പറഞ്ഞോളു.

കാരണവർ അക്ഷമനായി.

നമ്മടെ ഇക്കാവുല്ല്യെ. അവള് രാവിലെ ശർദ്ദിച്ചു. പുളിങ്കുരു ചുട്ടു തിന്നും ചെയ്തു.

ഉം. കാരണവർ അമർത്തി മൂളി. പുളിങ്കുരു തിന്നാൽ ശർദ്ദിക്കും. സാധാരണ്യാണ്. അപ്പുക്കുട്ടൻ വൈദ്യരുടെ കടേന്ന് കൊമ്പഞ്ചാദി ഗുളിക വരുത്തിച്ചു കൊടുക്ക്.

അങ്ങിനെയല്ല. ചിരുതേയിഅമ്മ ഒരു കള്ളച്ചിരിയോടെ പറഞ്ഞു.

അവള് ആദ്യം ശർദ്ദിക്ക്യേ ചെയ്തത് പിന്ന്യാണ് പുളിങ്കുരു തിന്നത്.

ശങ്കരൻകുട്ടിനായർ ചാടിയെഴുന്നേറ്റു. പുളിങ്കുരു തിന്ന് ശർദ്ദിക്കണത് സാധാരണ്യാണ്. എന്നാൽ ശർദ്ദിച്ച തിനുശേഷം പുളിങ്കുരു തിന്നുന്നത് അങ്ങിനെയല്ല. അതു വാർത്തയാണ്.

ആവൂ അവസാനം തറവാടിന് ഒരു തുമ്പുണ്ടായി. കാരണവർക്ക് കരുണാകരൻ നായരെപ്പറ്റി മതിപ്പുണ്ടായി. എന്തായാലും മരിച്ചുപോകുന്നതിനു മുമ്പ് തനിയ്ക്ക് ഒരു മരുമകളെ തന്നുവല്ലോ. ജനിക്കാൻ പോകുന്ന കുട്ടി പെണ്ണുതന്നെയായിരിക്കുമെന്ന് കാരണവർക്ക് നല്ല നിശ്ചയമായിരുന്നു. തന്റെ മകന്റെ മുറപ്പെണ്ണ്.

പതിനേഴു വയസ്സായ ഇക്കാവുവിന് വീട്ടിൽ പ്രത്യേക പദവി അനുവദിച്ചു. ചാക്കൂൾ എന്തൊക്കെയാണെന്ന് കണ്ട റിഞ്ഞു കൊടുക്കാൻ ആജ്ഞയായി. ചിരുതേയിക്ക് നാത്തൂന്റെ പ്രത്യേക പദവിയിൽ അസൂയയൊന്നുമുണ്ടാ യില്ല. അവൾക്ക് ഇരുപത്തിയഞ്ചു വയസ്സായി. പതിനാറാം വയസ്സിൽ കല്യാണം കഴിച്ച് ആ വീട്ടിൽ വരുമ്പോൾ ഇക്കാവുവിന് എട്ടുവയസ്സേ ആയിരുന്നുള്ളൂ. അമ്മയില്ലാത്ത ആ കുട്ടിക്ക് ചിരുതേയി അമ്മയായി. പോരാത്തതിന് അവൾ പ്രസവിച്ചുണ്ടാകാൻ പോകുന്ന കുട്ടി തന്റെ മകന്റെ മുറപ്പെണ്ണാണു താനും.

അപ്പുക്കുട്ടൻവൈദ്യർ വന്ന് ഗർഭിണിയെ പരിശോധിച്ചു. കുറുന്തോട്ടിവേരും മറ്റും ചേർത്ത് ഒരു കഷായവും കല്യാണഘൃതവും കൊടുത്തയച്ചു. പത്ഥ്യമൊന്നും കാര്യമായി നോക്കാനില്ലെന്നും പറഞ്ഞു. ലക്ഷണങ്ങൾ കണ്ട് പ്രജ പെണ്ണുതന്നെയാവാനാണ് സാദ്ധ്യതയെന്നും അദ്ദേഹം ശങ്കരൻകുട്ടി നായരുടെ ദേഹത്ത് കുളിർ കോരിയിട്ടു കൊണ്ട് പറഞ്ഞു. കണിയാനെ വിളിച്ച് ഇക്കാവുവിന്റെ ജാതകം പരിശോധിപ്പിച്ചു. കുട്ടി പെണ്ണുതന്നെയാവാനാണ് സാദ്ധ്യതയെന്നും, അങ്ങിനെയല്ലാതാവാനുള്ള വിരളമായ സാദ്ധ്യതയിൽ പെൺകുട്ടിയല്ല ഉണ്ടായതെങ്കിൽ അത് ആൺകുട്ടിയാവാമെന്നും അദ്ദേഹം പ്രവചിച്ചു.

പിന്നീടുണ്ടായത് സദ്യകളുടെ ദിവസങ്ങളായിരുന്നു. ആകപ്പാടെ ഒരുത്സവപ്രതീതി.

ജ്യോതിഷി ദൈവജ്ഞനാണ്. അദ്ദേഹത്തിന്റെ പ്രവചനം ഫലിക്കുകതന്നെ ചെയ്തു. കൃത്യം ഒമ്പതുമാസം ഒമ്പതു ദിവസം. വയറ്റാട്ടി തൂക്കിപ്പിടിച്ച ചോരപ്പൈതലിന്റെ കാലുകൾക്കിടയിൽ തൂങ്ങിക്കിടക്കുന്ന കറുത്ത സാധനം കണ്ട് ചിരുതേയിഅമ്മ വായ പൊളിച്ചു നിന്നു, മിണ്ടാനാവാതെ.

വയറ്റാട്ടിക്ക് വാതിൽ തുറന്ന് പുറത്തേക്കു വരാൻ ധൈര്യമുണ്ടായില്ല. അവസാനം കുട്ടിയുടെ കരച്ചിൽ കേട്ട് അക്ഷമനായ കാരണവർ വാതിൽക്കൽ ഉറക്കെ മുട്ടിയപ്പോൾ വാതിൽ തുറക്കാനും കാരണവരുടെ രോഷം സ്വീകരിക്കാനും ചിരുതേയിയമ്മതന്നെ വേണ്ടിവന്നു.

ആ കുട്ടിയാണ് എന്റെ അച്ഛൻ. രാജി പറഞ്ഞു.

ആൺപ്രജയാണുണ്ടായിരിക്കുന്നതെന്നറിഞ്ഞ കാരണവർ അച്ഛമ്മയേയും ഒരു ദിവസം മാത്രം ഒപ്പം കഴിഞ്ഞ് അച്ഛമ്മയിൽ വംശത്തിന്റെ ബീജാവാപം നടത്തി മരിച്ചു പോയ അച്ഛനേയും, പരദൈവങ്ങളേയും അടക്കി ചീത്ത പറഞ്ഞു കഴിഞ്ഞ് പൂമുഖത്ത് കസേരയിൽ തലയിൽ കൈയ്യുംവെച്ച് ഒരിരിപ്പിരുന്നു.

അന്നു തുടങ്ങിയതാണ് ഞങ്ങളുടെ തറവാട്ടിലെ കുടിപ്പക.

ആർക്കും വേണ്ടാത്തവനായി അച്ഛൻ വളർന്നു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ ശങ്കരൻകുട്ടിനായർ പെങ്ങൾക്ക് വേറൊരാളെക്കൊണ്ട് പുടവ കൊടുപ്പിച്ചു. ശാന്ത പ്രകൃതനായ കേശവൻ നായർ. പകൽ സ്വന്തം തറവാട്ടിലെ

നിലത്തിൽ അദ്ധ്വാനിച്ചു. രാത്രി ഭക്ഷണവും കഴിഞ്ഞ് ഒമ്പതു മണിയോടുകൂടി ഒരു റാന്തലും കത്തിച്ച് ഭാര്യാവീട്ടിൽ സംബന്ധത്തിനു വന്നു. ഒരു കൊല്ലം സംഭവരഹിതമായി കഴി ഞ്ഞു. രണ്ടാം കൊല്ലം പകുതിയായപ്പോൾ ഒരു രാത്രി റാന്തലുമായി വന്ന കേശവൻ നായരും കരണത്തുവീട്ടിൽ കാരണവർ ശങ്കരൻകുട്ടിനായരും തമ്മിൽ ചെറിയൊരു സംവാദം നടന്നു.

തറവാട്ടില് ഒരു പൊടിണ്ടായിക്കാണാനാണ് കേശവൻ നായരേ ഞാൻ പെങ്ങൾക്ക് രണ്ടാമതൊരാളെക്കൊണ്ട് പൊടവ കൊടുപ്പിച്ചത്. ഇപ്പോ ഒന്നരകൊല്ലായില്ല്യെ?

ഒക്കെ ദൈവത്തിന്റെ അടുത്തല്ലേ ശങ്കരൻകുട്ട്യാരെ?

ദൈവം മാത്രം മത്യോ കേശവൻ നായരെ?

അകത്തു നിന്നൊരു വളകിലുക്കം ഡയലോഗിന് വിരാമമിട്ടു.

സംഭരഹിതമായ ആറുമാസക്കാലം വീണ്ടും കടന്നുപോയി. ഒരു രാത്രി കേശവൻ നായർ റാന്തലുമായി കയറി വന്നപ്പോൾ കാരണവർ പൂമുഖത്തു ഒതുക്കു കല്ലിൽ നിൽക്കുകയാണ്. റാന്തൽ ഉമ്മറക്കോലായിൽ വെച്ച് ഒതുക്കു കയറാൻ പോയ കേശവൻ നായരെ എതിരേറ്റത് ഒരു പ്രത്യേക തരത്തിലുള്ള ചോദ്യമായിരുന്നു.

ഉം?

ആ ചോദ്യത്തിനു മുമ്പിൽ കേശവൻ നായരുടെ അടിതെറ്റി. ഒതുക്കിലേക്ക് കയറ്റി വെച്ച കാൽ തിരിച്ചെടുത്ത് അയാൾ മാന്യതയോടെ ചോദിച്ചു.

എന്തേ ശങ്കരൻകുട്ട്യാരെ?

ഒരു കാര്യം പറണംന്ന് കുറച്ചുകാലായി നിരീക്കുന്നു.

എന്താ അളിയന് പറയാനുള്ളത്?

ഇക്കാവുവിന് വേറെ സംബന്ധം ആക്കീരിക്കുന്നു. ഇന്ന് പൊടവ കൊടുക്കലാണ്. കേശ്വാര് ഇനി ഇവിടെ സംബന്ധത്തിന് വരണംന്നില്ല്യ.

കേശവൻനായർക്ക് പെട്ടെന്ന് രക്തക്കുഴലുകൾക്കുള്ളിൽ തണുത്ത വെള്ളം കുത്തി ഒഴുകുന്നതു പോലെ തോന്നി. അപമാനം അയാളെ വിവസ്ത്രനാക്കിയെങ്കിൽ, ഇക്കാവുവിനേയും മകനേയും വേർപിരിയണമെന്ന ചിന്ത അയാളെ നിശ്ചേതനാക്കി. അയാൾ ഇക്കാവുവിനെ വളരെയധികം സ്നേഹിച്ചിരുന്നു. സ്വന്തം രക്തത്തിൽ പിറന്നതല്ലെങ്കിലും മകനും അയാൾക്കു വലിയ കാര്യമായിരുന്നു. രാത്രി പത്തു മണിയോടെ കിടപ്പറയിലെത്താറുള്ള അയാൾ ഒരു മണിക്കൂറോളം മകനുമായി കളിക്കുകയാണ് പതിവ്. പലപ്പോഴും അച്ഛന്റെയും മകന്റെയും കളി കഴിയുമ്പോഴേക്കും ഇക്കാവു ഉറക്കമായിട്ടുണ്ടാവും.

എന്തു ചെയ്യേണ്ടു എന്നറിയാതെ കേശവൻനായർ മുറ്റത്തു നിന്നു. അപ്പോഴാണ് പുറത്തെ മുറിയിൽനിന്ന് ഒരേമ്പക്കത്തോടെ ഭദ്രൻനമ്പൂതിരിപ്പാട് വന്നത്. പുളിയിലക്കരമുണ്ടും ഒരു മേൽമുണ്ടു മടക്കി തോളത്തിട്ടതും വേഷം.

എന്താ ശങ്കരൻകുട്ട്യാരേ തൊടങ്ങ്വല്ലെ എന്നു ചോദിച്ചതും; നോക്കിയത് കേശവൻനായരുടെ മുഖത്തായിരുന്നു. നമ്പൂതിരിപ്പാട് വല്ലാതായി. കേശവൻനായരുടെ മുഖം വിളറി. അയാൾ കുനിഞ്ഞ്, ചവിട്ടുപടിയിൽ വെച്ച റാന്തൽ എടുത്ത് തിരിനീട്ടി, പുറംതിരിഞ്ഞു നടന്നു. കണ്ണിൽ ഉരുണ്ടുകയറിയ വെള്ളം ചുമലിലിട്ട തോർത്തുകൊണ്ട് തുടച്ചുകളഞ്ഞത്പടിപ്പുര കടന്നശേഷമാണ്.

ഇക്കാവു ഒന്നും സംശയിച്ചിരുന്നില്ല. ഊണിന് വിഭവങ്ങൾ കണ്ടപ്പോൾ ചോദിച്ചു, വിരുന്നുകാരാരെങ്കിലുമുണ്ടോ?

ഭദ്രൻനമ്പൂതിരിപ്പാടുണ്ടാകുമെന്ന മറുപടി കിട്ടി. അതിൽ അസാധാരണമായൊന്നും തോന്നിയതുമില്ല. അവൾ എന്നും സന്ധ്യയ്ക്ക് കുളിച്ച് മുണ്ടും ബ്ലൗസും മാറ്റാറുണ്ട്. ഇന്ന് കുളത്തിൽ കുളിക്കാൻ പോകുമ്പോൾ അവളോട് കസവുള്ള മുണ്ടെടുക്കാൻ ചിരുതേയി ആവശ്യപ്പെട്ടു. അതിഥികൾ ഉള്ളതു കാരണമായിരിക്കുമതെന്ന് അവൾ കരുതി.

രാത്രി എട്ടുമണിയോടെ തളത്തിൽ ഉണ്ണാനിരുന്ന ആണുങ്ങൾക്ക് വിളമ്പിക്കൊടുക്കാൻ അവളും കൂടിയിരുന്നു. ഉണ്ണാനിരുന്ന നമ്പൂതിരിപ്പാടിന്റെ കണ്ണുകൾ സുന്ദരിയായ ഇക്കാവുവിലും കൈകൾ ഇലയിലും വിരുന്നുണ്ടു. തന്നെ ഒരാൾ ശ്രദ്ധിക്കുന്നുണ്ടെന്ന് ഇക്കാവു സംശയിച്ചില്ല. നാൽപ്പത്തഞ്ചു വയസ്സുകാരനായ നമ്പൂതിരിപ്പാടിനെ ഇക്കാവു മുമ്പും കണ്ടിട്ടുള്ളതാണ്. സവിശേഷതയൊന്നും തോന്നിയിട്ടില്ല.

ഭർത്താവ് വന്നതും ഒതുക്കുപടികൾ കയറാൻ കൂടി സമ്മതിക്കാതെ തിരിച്ചയച്ചതും അവൾ അറിഞ്ഞില്ല. ഊണു കഴിഞ്ഞശേഷം അവൾ മോനേയും കൊണ്ട് മുകളിലേക്ക് കയറിപ്പോയി. സമയം പത്തരയായിരിക്കുന്നു. എന്താണ് ഭർത്താവ് വരാത്തതെന്ന് ആലോചിച്ചു കൊണ്ടിരിക്കെയാണ് ചിരുതേയി വന്ന് നാത്തൂനെ വിളിച്ചത്. താഴെ ഇറങ്ങി നോക്കിയപ്പോൾ തളത്തിൽ നിറയെ ആളുകൾ. അവിടെ നിലവിളക്കു കത്തിച്ചു വെച്ചിരിക്കുന്നു. നിലവിളക്കിനു മുമ്പിൽ പുല്ലുപായ നിവർത്തിയിട്ടിരുന്നു. ഒരു തട്ടിൽ വെറ്റിലയും അടക്കയും ചുണ്ണാമ്പും. വേറൊരു താലത്തിൽ ഒരു കസവുമുണ്ടും.

വാ ഇക്കാവു, ശങ്കരൻകുട്ടിനായർ പറഞ്ഞു. ഇവിടെ വന്നിരിക്ക്.

അപ്പോഴാണ് പുല്പായിൽ ചമ്രം പടിഞ്ഞിരിക്കുന്ന നമ്പൂതിരിപ്പാടിനെ അവൾ കണ്ടത്. അവൾ ആകെ പകച്ചു.

ഇവിടെ ഇരിക്ക്. ശങ്കരൻകുട്ടി നായർ പിന്നെയും പറഞ്ഞു.

ഇതെന്തൊക്കെയാണ് ഓപ്പെ?

അവൾ ചോദിച്ചു.

മോളെ നമ്മുടെ ഭാഗ്യാ. ഭദ്രൻ നമ്പൂതിരിപ്പാട് നെനക്ക് പൊടവ തരാൻ സമ്മതിച്ചിരിക്ക്യാണ്.

ഭ്രാന്തുണ്ടോ നിങ്ങക്കൊക്കെ?

പെട്ടെന്നായിരുന്നു ആ അട്ടഹാസം. അത് ഇക്കാവുവിൽ നിന്നാണെന്ന് ആർക്കും വിശ്വസിക്കാൻ പറ്റിയില്ല. അവളുടെ ശബ്ദം ഇതുവരെ തറവാട്ടിൽ ഉയർന്നു കേട്ടിട്ടില്ല.

എന്താ നിങ്ങൾ വിചാരിച്ചത്? ഞാൻ വിലയില്ലാത്ത പെണ്ണാണെന്നോ?

അവൾ ഓടി കോണികയറി. മരത്തിന്റെ കോണി പ്രകമ്പനം കൊണ്ടു. തളത്തിലെ സകല സാമാനങ്ങളും പ്രകമ്പനം കൊണ്ടു. അവൾ തന്റെ മുറിയിൽ പോയി മോനെയും വാരിയെടുത്ത് കോണിയിറങ്ങി വന്നു. എല്ലാവരും പകച്ചു നിൽക്കെ അവൾ തുറന്ന വാതിലിലൂടെ പുറത്തേക്കു നടന്നു. ഓടിയെന്നുതന്നെ പറയാം.

ജ്യേഷ്ഠൻ വിലക്കുന്നതും കേണപേക്ഷിക്കുന്നതും അവൾ കണ്ടില്ലെന്നു നടിച്ചു. ജ്യേഷ്ഠത്തിയമ്മ വന്ന് കൈ പിടിച്ചപ്പോൾ അവൾ തട്ടിമാറ്റി. ഇടവഴിയിലൂടെ, വരമ്പിലൂടെ അവൾ നടന്നു. ഇരുട്ടിൽ അവൾക്കു വഴി തെറ്റിയില്ല, കാലിടറിയുമില്ല.

ഭാര്യവീട്ടിൽനിന്നു തിരിച്ചുവന്ന കേശവൻ നായർ തന്റെ തറവാട്ടിലേക്കു കടക്കാതെ പടിപ്പുരയിൽ ഇരുന്നു. തന്നെ ആരും കാണരുതെന്നുണ്ടായിരുന്നു അയാൾക്ക്. റാന്തൽ വഴിക്കുവെച്ചുതന്നെ കെടുത്തിയിരുന്നു. തിരിച്ച് വീട്ടിൽ വന്ന് തന്റെ പെങ്ങമ്മാരും അവരുടെ ഭർത്താക്കന്മാരെയും അഭിമുഖീകരിക്കാൻ ആ അഭിമാനിക്കു കഴിഞ്ഞില്ല.

പടിപ്പുരയിൽ ഇരുന്ന് അയാൾ ആ ഇക്കാവുവിനെക്കുറിച്ചോർത്തു. കണ്ണീർ ധാരയായി ഒഴുകി. ഇക്കാവുവിന്റെ സമ്മതത്തോടെയാണ് ഇതെല്ലാം നടക്കുന്നതെന്ന് അയാൾക്ക് വിശ്വസിക്കാനായില്ല. ഇക്കാവുവിന്റെ ചന്ദനഗന്ധമുള്ള ശരീരം ഓർമ്മ വന്നപ്പോൾ കേശവൻനായർ വാവിട്ടു കരഞ്ഞു.

ഇക്കാവുവിന് വേറെ പുടവ കൊടുക്കുകയാണെന്ന് കാരണവർ പറഞ്ഞപ്പോൾ അയാൾക്ക് ഭാര്യയുമായി സംസാരിക്കണമെന്ന് ആവശ്യപ്പെടാമായിരുന്നു. അങ്ങിനെ ചെയ്യാത്തതിൽ അയാൾക്ക് അരിശം തോന്നി. അയാൾ ആവശ്യപ്പെടുമായിരുന്നു. പക്ഷേ തന്നോട് ഇരിക്കാൻപോലും പറയാൻ മര്യാദയില്ലാത്ത ഒരു അഹന്തയ്ക്കു മുമ്പിൽ അയാൾ തളർന്നിരുന്നു. പോരാത്തതിന് അകത്തുനിന്ന് നമ്പൂതിരിപ്പാടിന്റെ വരവും തൊടങ്ങ്വായില്ലെ എന്ന ചോദ്യവും. അതോടെ ചോദിക്കാനൊന്നുമില്ലാതായി.

അരമണിക്കൂർ കഴിഞ്ഞിട്ടുണ്ടാകണം. താൻ അങ്ങിനെ ഇറങ്ങിപ്പോരാൻ പാടില്ലായിരുന്നു എന്ന തോന്നൽ കേശവൻ നായർക്കുണ്ടായി. തിരിച്ചു ചെന്ന് ഇക്കാവുവിനെ കാണണം, സംസാരിക്കണം എന്നു തീർച്ചയാക്കി അയാൾ എഴുന്നേറ്റു. ഇടവഴി കടന്ന് വരമ്പത്തേക്കെത്തിയപ്പോഴാണ് നാട്ടുവെളിച്ചത്തിൽ ഒക്കത്ത് ഒരു കുട്ടിയുമായി ഒരു സ്ത്രീ നടന്നു വരുന്നത് കണ്ടത്.

അയാളുടെ ഹൃദയം തുടിച്ചു. നടത്തം വേഗത്തിലായി.

അങ്ങിനെയാണ് അച്ഛൻ അച്ഛച്ഛന്റെ വീട്ടിൽ വളരാൻ ഇടയായത്. രാജി പറഞ്ഞു. അതിനു ശേഷം രണ്ടു വീട്ടുകാരും കുറെക്കാലം ശത്രുതയിലായി രുന്നു.

ഏറെക്കാലം കൊണ്ടുനടത്താൻ കഴിയാത്ത ഒന്നാണ് ശത്രുത. സാവധാനത്തിൽ പിരിമുറുക്കത്തിന് അയവു വരുന്നു. രക്തം സ്വന്തം രക്തത്തിന്റെ വേരുകൾ അന്വേഷിക്കുന്നു. അപ്രസന്നമായ ഓർമ്മകളെ മറവിയിലേക്കു തള്ളു ന്നു. അമ്പലത്തിൽ വെച്ച്, വഴിക്കു വെച്ച് കാണുമ്പോൾ ഒരു ചെറുചിരിയിൽ തുടങ്ങുന്ന ലോഗ്യങ്ങൾ കൂടുതൽ ആഴമുള്ളതായി മാറുന്നു.

അതിനിടയ്ക്ക് ചിരുതേയി ഒരിക്കൽക്കൂടി പ്രസവിച്ചു. പെൺകുട്ടി. അതോടെ കാരണവരുടെ മനസ്സിൽ വീണ്ടും ആശയുടെ കതിരുകൾ വിരിഞ്ഞു. അപ്പോഴേക്കും ആറുവയസ്സു പ്രായമായ തന്റെ മരുമകനെ കാണുവാനും, വീട്ടിലേയ്ക്ക് ക്ഷണിക്കുവാനും കാരണവർ താല്പര്യം കാട്ടി. തറവാട്ടുസ്വത്ത് വളരെ വലുതായിരുന്നു. ഏക്കർ കണക്കിന് പറമ്പുകൾ, രണ്ടായിരം പറയുടെ നെൽപ്പാടം. ഇതെല്ലാം അന്യർക്ക് കൊടുക്കുന്നതിനേക്കാൾ നല്ലത് സ്വന്തം പെങ്ങളുടെ മകന് കൊടുക്കുകയല്ലേ?

ജ്യേഷ്ഠന് പെൺകുട്ടിയുണ്ടായപ്പോൾ ഇക്കാവു പോയി കണ്ടിരുന്നു. പക്ഷേ അവൾ കരുതിക്കൂട്ടി ജ്യേഷ്ഠനെ ഒഴിവാക്കി. ജ്യേഷ്ഠൻ ഇല്ലാ എന്നുറപ്പുള്ള സമയങ്ങളിലേ അവൾ തറവാട്ടിൽ ചെന്നിരുന്നുള്ളൂ.

ഒരു ദിവസം അവളെ അത്ഭുതപ്പെടുത്തിക്കൊണ്ട് ശങ്കരൻകുട്ടിനായർ വന്നു. കയ്യിൽ ഒരു പൊതിയു മുണ്ടായിരുന്നു.

അത് പെങ്ങളെ ഏല്പിച്ചശേഷം അയാൾ മരുമകന്റെ കുശലം അന്വേഷിച്ചു.

ആറു വയസ്സായില്ല്യെ ഇനി സ്‌ക്കൂളിലൊക്കെ ചേർക്കണം.

പൊതിയിൽ പെങ്ങൾക്ക് ഒരു കസവു മുണ്ടും മരുമകന് ഷർട്ടും ട്രൗസറുമായിരുന്നു. ഷർട്ടും ട്രൗസറും ഫാഷനായി വന്നിരുന്ന കാലമായിരുന്നു അത്.

പോകുമ്പോൾ അമ്മാവൻ വീണ്ടും ലോഗ്യം പറഞ്ഞു. നീയും കേശവൻ നായരും കൂടി കുട്ടികൃഷ്ണനീം കൊണ്ട് വാ. അവന്റെ മൊറപ്പെണ്ണിനെ കാണിച്ചു കൊടുക്കേണ്ടെ?

അമ്മാവൻ കൊടുത്ത വള്ളിട്രൗസറും അവനേക്കാൾ വലിയ ഷർട്ടും ധരിച്ച് മുറപ്പെണ്ണിനെ കാണാൻ പോയ ആറു വയസ്സുകാരൻ, തോന്നുമ്പോൾ മൂത്രമൊഴിക്കുകയും അപ്പിയിടുകയും നാണമില്ലാതെ എല്ലാവരുടെയും മുമ്പിൽ വെച്ച് അമ്മിഞ്ഞകുടിക്കുകയും ചെയ്യുന്ന മുറപ്പെണ്ണിനെ കണ്ട നിമിഷത്തിൽ തന്നെ നിരാകരിച്ചു.

അവിടെ നിന്നാണ് കുഴപ്പങ്ങളുടെ തുടക്കം. നാരാ യണി വലുതായി വളരെ ഭംഗിയുള്ള പെൺകുട്ടിയായി. പക്ഷേ കുട്ടിക്കൃഷ്ണന് ആ കുട്ടിയിൽ താൽപര്യമുണ്ടായിരുന്നില്ല. ഒപ്പം കളിക്കുന്നതും ഉപദ്രവിക്കുന്നതും ഒക്കെ ശരി തന്നെ. പക്ഷെ ഒരു മുറപ്പെണ്ണായി അവളെ കല്യാണം കഴിക്കാൻ അവൻ തയ്യാറായില്ല. അത് കുടുംബത്തിൽ വീണ്ടും

അപസ്വരങ്ങൾ സൃഷ്ടിച്ചു. മരുമകനെ പഠിപ്പിയ്ക്കാമെന്ന അമ്മാവന്റെ വാഗ്ദാനം ഉപാധിയോടെയായിരുന്നു. മകളെ വിവാഹം ചെയ്യില്ലെന്നുറപ്പായപ്പോൾ മരുമകനുള്ള സഹായം അമ്മാവൻ നിർത്തി.

അങ്ങിനെ അച്ഛന്റെ പഠിപ്പു നിന്നു പോയി.

രാജി പറഞ്ഞു.

നാരായണിയും അവരുടേതായ നിലയിൽ മുറച്ചെറുക്കനെ വശീകരിക്കാൻ ശ്രമിച്ചു. അതൊന്നും ഫലിച്ചില്ല എന്നു കണ്ടപ്പോൾ അവരും നിരാശയായി.

ഇതിന്റെയെല്ലാം ഫലം അനുഭവിച്ചത് ഞാനാണ്. രാജി പറഞ്ഞു. അച്ഛൻ കല്യാണം കഴിച്ച സ്ത്രീയാകട്ടെ ഒരു പാവം പെണ്ണായിരുന്നു. എട്ടും പൊട്ടും തിരിയാത്ത ഒരു പെൺകുട്ടി. അവരെ സ്വാധീനിക്കാൻ നാരായണി അമ്മായിയ്ക്ക് വലിയ പ്രയാസൊന്നുണ്ടായിരുന്നില്ല. കാലക്രമത്തിൽ അവരുടെ സ്വാധീനം ഞങ്ങളുടെ വീട്ടിൽ വളർന്നു.

അമ്പലത്തിൽ പോകാൻ തൊട്ട് ഉച്ചയ്ക്ക് ഉണ്ടാക്കേണ്ട കറികളേതെന്ന് വരെ തീരുമാനിക്കാൻ അമ്മായി വേണംന്നായി. എങ്ങിന്യാണ് ഇങ്ങിന്യൊക്കെ വന്നുപെട്ടതെന്ന് എനിക്കിപ്പോഴും അറിയില്ല. എനിക്കോർമ്മവെച്ച കാലം തൊട്ട് വീട്ടിൽ അമ്മായിയുടെ സ്വാധീനം വളരെ അധികമുണ്ടായിരുന്നു.

അച്ഛന് ഗവർമ്മേണ്ട് ജോലിയായിരുന്നില്ലേ. എപ്പോഴും മാറ്റമുണ്ടായിക്കൊണ്ടിരിക്കും. അമ്മ അച്ഛന്റെ ഒപ്പം പോകാറില്ല, എന്റെ പഠിത്തം നശിപ്പിക്കണ്ട എന്നും കരുതിയിരിക്കണം. അച്ഛച്ഛന്റെ മരണത്തിനുശേഷം ഞങ്ങൾ ഒരു കൊല്ലം തറവാട്ടിൽ താമസിച്ചു. ആ ഒരു കൊല്ലംകൊണ്ട് സ്വന്തമായി ഒരു വീടുണ്ടാക്കി അങ്ങോട്ടുമാറി. പിന്നെ അച്ഛമ്മയും മരിച്ചു. അപ്പോൾ സഹായത്തിനായി എത്തിയത് അമ്മായിയായിരുന്നു

അമ്മായിയെ കല്യാണം കഴിച്ചിരുന്നത് എന്റെ ഒരു അകന്ന അമ്മാവനായിരുന്നു. അമ്മാവൻ എയർ ഫോഴ്സിലായിരുന്നു. അങ്ങോട്ട് അമ്മായിയെ കൊണ്ടുപോകാൻ തരപ്പെട്ടില്ല. കൊല്ലത്തിലൊരിക്കൽ ഒരു മാസത്തെ ലീവിൽ വരും. അത്രതന്നെ. കുട്ടികളൊന്നുമാവാതെ അമ്മാവൻ മരിച്ചു പോയി.

അച്ഛൻ മിക്കവാറും എല്ലാ ശനിയാഴ്ച കളും എത്താറുണ്ട്. അതുകൊണ്ട് എനിക്ക് ശനിയും ഞായറും ഉത്സവ ദിനങ്ങളായിരുന്നു. ആറു ദിവസത്തെ അമ്മായി ഭരണത്തിന് അറുതി കിട്ടുക അന്നാണ്.

പുറമെനിന്ന് നോക്കുമ്പോൾ അവർ ചീത്തയാണെന്ന് ആർക്കും പറയാൻ പറ്റി ല്ല. എനിക്കുതന്നെ പറ്റില്ല. പക്ഷേ അവർ എന്റെ ആശകളെ, എന്റെ മോഹങ്ങളെ, എന്റെ സ്വപ്നങ്ങളെ ക്രമമായി നശിപ്പിച്ചു. എനിയ്ക്ക് ഒരു പുതിയ ഉടുപ്പ് അച്ഛൻ കൊണ്ടുവന്നാൽ അതുടുത്ത് ഒരഞ്ചു മിനിറ്റ് നിൽക്കാൻകൂടി അവർ സമ്മതിക്കില്ല. അച്ഛനും എന്നെ പുതിയ ഉടുപ്പിൽ കാണാൻ ആഗ്രഹമുണ്ടാകും. പക്ഷേ അമ്മായി അഴിച്ചിടാൻ പറഞ്ഞാൽ പിന്നെ അച്ഛൻ ഒന്നും പറയില്ല.

നിസ്സാരമായ എന്തെങ്കിലും വാങ്ങണമെന്നുണ്ടെങ്കിൽ അത് അമ്മായി അറിയുകയും മുടക്കുകയും ചെയ്യും. പണമില്ലാഞ്ഞിട്ടല്ല. അച്ഛന് ഒരു മാതിരി നല്ല ശമ്പളമുണ്ടായിരുന്നു. അമ്മായിയുടെ കയ്യിലും ധാരാളം പണമുണ്ട്. കാരണവർ മരിച്ചശേഷം തറവാട് ഭാഗിച്ചതിൽ അവർക്ക് ധാരാളം സ്വത്തു കിട്ടിയിരുന്നു.

എനിയ്ക്ക് എന്റെ സഹപാഠികളോടൊപ്പം നടക്കാൻ പറ്റിയിരുന്നില്ല. കാരണം എന്റെ ഉടുപ്പുകൾ പഴയതായിരുന്നു. ചെരുപ്പ് പൊട്ടിയതായിരുന്നു. കൂട്ടുകാരികൾക്ക് അനായാസേന കിട്ടിയിരുന്ന പല കൗതുക വസ്തുക്കളും എന്റെ കയ്യിലില്ലായിരുന്നു.

എനിക്ക് അത്രയും വിഷമം തോന്നാൻ വേറെയും ഒരു കാരണമുണ്ട്. ഈ അമ്മായി തന്നെ രോഹിണിക്ക് എന്തൊക്കെയാണ് വാങ്ങിക്കൊടുക്കാറ് എന്നറിയ്യോ? രോഹിണിയും ഏകദേശം എന്റെ പ്രായം തന്ന്യാണ്. എന്നേക്കാൾ കുറച്ചുകൂടി പ്രായം കൂടും. കൂടാതെ എന്റെ മുമ്പിൽ വെച്ചുതന്നെ അവളെ കൊഞ്ചിക്കാറുണ്ട്. പലപ്പോഴും പൂരത്തിന് പോകുമ്പോൾ അമ്മായിയാണ് ഞങ്ങളെ രണ്ടുപേരെയും കൊണ്ടുപോകാറ്. രോഹിണിക്ക് എന്തൊക്കെ സാധനങ്ങളാണ് വാങ്ങിക്കൊടുക്കുക എന്നറിയാമോ? എന്നോട് പേരിന് വല്ലതും വില കുറഞ്ഞത് വേണോ എന്ന് ചോദിച്ചെങ്കിലായി. എനിയ്ക്കിഷ്ടപ്പെട്ട പല സാധനങ്ങളും അവിടെയുണ്ടാവും. എന്നാലും ഞാൻ ഒന്നും വേണ്ടന്നേ പറയാറുള്ളൂ. രോഹിണിയോടും എന്നോടും ഉള്ള പെരുമാറ്റത്തിലുള്ള വ്യത്യാസം എനിയ്ക്കു നല്ലവണ്ണം മനസ്സിലാവാറുണ്ട്. എന്നോട് എന്തോ പകയുള്ളതു പോലെയാണ് പെരുമാററ്.

ഇപ്പോൾ ആലോചിക്കുമ്പോൾ തോന്നും ഞാൻ എന്തുകൊണ്ട് എന്റെ അവകാശങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചില്ല. കഴിയുമായിരുന്നോ എന്ന് സംശയായിരുന്നു. അമ്മായിയുടെ ആധിപത്യവും അമ്മയുടെ മേലുള്ള സ്വാധീനവും അത്ര ശക്തമായിരുന്നു. അഞ്ചര ദിവസം കുടുംബത്തിൽ നിന്ന് വിട്ടു നിൽക്കുകയും ശനിയാഴ്ച വൈകുന്നേരം എത്തുകയും കുടുംബത്തിൽ നിന്ന് സ്നേഹം മാത്രം പ്രതീക്ഷിക്കുകയും ചെയ്യുന്ന അച്ഛനെ ഞാൻ എന്തായാലും എന്റെ പ്രാരാബ്ധങ്ങൾ പറഞ്ഞ് വിഷമിപ്പിക്കില്ലായിരുന്നു. ഞാൻ കൂടുതൽ അന്തർമുഖിയായി വളർന്നു.

ഞാൻ ഏഴിൽ പഠിക്കുമ്പോഴാണതുണ്ടായത്. സ്കൂളിൽ ആനിവേഴ്സറിയായിരുന്നു. എന്നെ ഒരു ഡാൻസ് പരിപാടിയിൽ ടീച്ചർ ചേർത്തു. അമ്മായിയുടെ വിലക്കുണ്ടായിരുന്നതു കാരണം ഞാനത് വീട്ടിൽ പറഞ്ഞില്ല. ആനിവേഴ്സറിയുടെ രണ്ടു ദിവസം മുമ്പാണ് ടീച്ചർ പറഞ്ഞത്. ഡാൻസിന്നായി ഒരു പ്രത്യേക ഉടുപ്പ് തുന്നണമെന്ന്. ഞാൻ അമ്മയോട് പറഞ്ഞപ്പോൾ അമ്മായി സ്വാഭാവികമായും ഇടപെട്ടു. ഡാൻസിനു പോകണ്ട എന്നു പറഞ്ഞു. ഡാൻസിനു പോകേണ്ട എന്നു പറഞ്ഞാൽ ഞാൻ ടീച്ചറേയും മറ്റു കുട്ടികളേയും ബുദ്ധിമുട്ടിപ്പിക്കുകയെന്നാണ്. കാരണം വേറൊരു കുട്ടിയെ രണ്ടു ദിവസംകൊണ്ട് പരിശീലിപ്പിക്കാൻ പറ്റില്ല. ആ ഐറ്റം വേണ്ടെന്നു വെക്കുകയേ പറ്റൂ. ഞാൻ സമ്മതിച്ചില്ല. വാക്കേറ്റമായി. അവസാനം അമ്മായി എന്നെ വല്ലാതെ അടിച്ചു.

അമ്മയോ അച്ഛനോ എന്നെ ജീവിതത്തിൽ ഒരിക്കൽ പോലും അടിച്ചിട്ടില്ല. അമ്മായി ഇടയ്ക്കിടക്ക് എന്തെങ്കിലും

കാരണം പറഞ്ഞ് അടിക്കാറുണ്ട്. പഠിക്കാത്തതിനോ, തലമുടി കെട്ടി വെയ്ക്കാത്തതിനോ, എന്തെങ്കിലുമായി. പക്ഷേ ഇത്യാദ്യമായാണ് ഇത്രയും വേദനിപ്പിച്ച് അടിക്കുന്നത്.

എനിക്കു വിഷമമായി. ഞാൻ ഒരു ദിവസം മുഴുവൻ ഭക്ഷണം കഴിക്കാതിരുന്നു. അതു വെള്ളിയാഴ്ചയായിരുന്നു. പിറ്റേന്ന് രണ്ടാം ശനിയാഴ്ചയായതിനാൽ അച്ഛൻ രാവിലെതന്നെ എത്തി. എന്റെ സ്ഥിതി കണ്ടപ്പോൾ അച്ഛന് നല്ല വിഷമമായി. എന്നെ മടിയിലിരുത്തി ഭക്ഷണം കഴിപ്പിച്ചു. ഒപ്പം കൊണ്ടു പോയി ഡാൻസിന് ആവശ്യമായ ഉടുപ്പുകൾ വാങ്ങിത്തന്നു.

അതിനുശേഷം ഞാൻ അമ്മായിയോട് മിണ്ടിയിട്ടില്ലെന്നുതന്നെ പറയാം. എന്റെ ഭാഗ്യത്തിന് അച്ഛന് ഒരു കൊല്ല ത്തിനകം തൃശൂരിൽ സ്ഥിരമായി ജോലിയായി. ആ വീട് വിറ്റ് ഞങ്ങൾ തൃശൂരിൽ താമസമാക്കുകയും ചെയ്തു. അമ്മായി തറവാട്ടിലേക്കു തന്നെ മടങ്ങി. അവിടെ അമ്മായിയുടെ ചേട്ടനും ചേട്ടത്തിയമ്മയും മക്കളുമുണ്ടായിരുന്നു.

എന്റെ കല്യാണത്തിന് അവർ ആദ്യവസാനക്കാരിയായിരുന്നു. ഞാൻ ശ്രദ്ധിക്കാൻ പോയില്ല. അവർക്കെന്നെ ഇഷ്ടമായിരുന്നിരിക്കണം. പക്ഷേ ഒരുതരം വൈകൃതമുള്ളതരം സ്നേഹം. വളരെ രസകരമാകുമായിരുന്ന എന്റെ കുട്ടിക്കാലം മുഴുവൻ നശിപ്പിച്ചതവരാണ്.

രാത്രി വളരെ വൈകിയിരുന്നു. നിലാവസ്തമിച്ചു. ജനലിലൂടെ കാണുന്നത് ഇരുട്ടു മാത്രം. ഇരുട്ട് ആശ്വാസ കരമായിരുന്നു. അയാൾ അവളുടെ അരക്കെട്ടിൽ കൈവെച്ച് അടുപ്പിച്ച് ഒന്നും പറയാതെ കുറെനേരം കിടന്നു. അവൾ ഉറക്കമായിട്ടും അയാൾ കുറെ നേരം ഉറങ്ങാതെ കിടന്നു.

താഴെ മരുന്നുകളുടെയും തൈലത്തിന്റെയും മൂത്രത്തിന്റെയും കുത്തുന്ന മണമുള്ള മുറിയിൽ പകുതിയും ഇരുട്ടു കയറിയ മനസ്സുമായി, ഒട്ടും തന്നെ ആശാവഹമല്ലാതിരുന്ന അപൂർണ്ണമായ ഒരു ജീവിതാന്ത്യത്തിൽ ക്രൂരമായ വിധിയുമായി പടപൊരുതുന്ന ഒരു വൃദ്ധയെ അയാൾ ഓർത്തു. അയാൾ ദുഃഖിതനായി.

രാവിലെ ഉണർന്നപ്പോൾ നേരം നല്ലവണ്ണം വെളുത്തിരുന്നു. താഴെ ഇറങ്ങി വന്നപ്പോഴേയ്ക്ക് വല്ല്യമ്മ മോൾക്ക് പാൽ കൊടുത്ത് അവളുടെ പ്രഭാതകൃത്യങ്ങളെല്ലാം കഴിച്ചിരുന്നു. രാജി വിളിച്ചപ്പോൾ അവൾ തിരിഞ്ഞ് വല്ല്യമ്മയുടെ തോളിലേക്കുതന്നെ വലിഞ്ഞു.

വല്ല്യമ്മേ വല്ല്യ ഇഷ്ടായിരിക്കുന്നു. രാജി പറഞ്ഞു.

നാരായണിയോട് നിങ്ങള് വന്ന കാര്യം പറഞ്ഞിട്ടില്ല. അവർ പറഞ്ഞു. പറഞ്ഞാൽ കാണാൻ ധൃത്യാവും. കമലം വന്നിട്ടുണ്ട്. അവര്ടെ രാവിലെത്തെ കാര്യങ്ങളൊക്കെ കഴിഞ്ഞോട്ടെ.

നൂൽപിട്ടും കടലക്കൂട്ടാനും നന്നായിരുന്നു. ചായ കുടിച്ചശേഷം അവർ അമ്മായിയുടെ മുറിയിലേക്ക് പോയി. തുറന്നിട്ട രണ്ടു ജനലുകൾ മുറിയെ പ്രകാശമയമാക്കി യിരുന്നു. അകത്ത് ദുർഗന്ധമൊന്നുമുണ്ടായിരുന്നില്ലെന്ന് കണ്ട് ദിവാകരന് ആശ്വാസ മായി. രാജിയാണ് മോളെ എടുത്തത്.

ഇതാരാ വന്നിരിക്കണതെന്ന് നോക്കു നാരായണി.

വല്ല്യമ്മ പറഞ്ഞു. പിന്നെ തിരിഞ്ഞ് അവരോടായി പറഞ്ഞു.

ഇപ്പൊത്തൊട്ട് ചെലപ്പോ മറവിംണ്ട്.

അമ്മായി ഒരര മിനിറ്റ് നേരം രാജിയേയും ദിവാകരനേയും നോക്കി. നേരിയ ശബ്ദത്തിൽ ചോദിച്ചു.

രാജി വന്ന്വോ?

അവർ ഇടതുകൈ സാവധാനത്തിൽ ഉയർത്തി. നീയൊന്നടുത്ത് ചെല്ല് മോളെ. വല്ല്യമ്മ പറഞ്ഞു.

നെന്റെ മോളെ തൊടാനാണ്.

രാജി മോളെ അമ്മായിയുടെ അടുത്തേക്ക് നീട്ടി. അവർ വിറയ്ക്കുന്ന കൈ കൊണ്ടവളെ തഴുകി. ഒരു നിമിഷ നേരത്തേക്കു മാത്രം. പിന്നെ ആ കൈ ബലമില്ലാതെ വീണു. അവർ വല്ല്യമ്മയെ നോക്കി എന്തോ പറഞ്ഞു. ദിവാകരനു മനസ്സിലായില്ല.

വല്ല്യമ്മ, അമ്മായി കിടക്കുന്ന കിടയ്ക്കയുടെ തലഭാഗം പൊക്കി ഒരു ചെറിയ പൊതി പുറത്തെടുത്തു. അതു തുറന്ന് ഒരു അരഞ്ഞാൺ എടുത്ത് രാജിയെ കാണിച്ചു.

ഈ അരഞ്ഞാൺ ഓർമ്മണ്ടോ?

ഇല്ലെന്ന് രാജി പറഞ്ഞു.

ഇത് അമ്മായി നിന്നെ കെട്ടിച്ച അരഞ്ഞാണാണ്. ചോറൂണിന്റെ അന്ന്. പിന്നെ നിനക്ക് പാകമാവാതായപ്പോൾ എടുത്തു വെച്ചതാണ്. നിന്റെ മോൾടെ അരയില് അരഞ്ഞാണംണ്ടായിരുന്നു. ഇതാ, ഈ മാല അമ്മായി കെട പ്പിലാവണേന്റെ ഒരു മാസം മുമ്പ് ഉണ്ടാക്കിച്ചതാണ്. ഇതും അമ്മായിടെ കയ്യോണ്ട് മോളെ കെട്ടിക്കണംന്ന് പറഞ്ഞതാണ്. എന്താ ചെയ്യാ ഇങ്ങിനെയൊക്കെ വരുംന്ന് മുൻകൂട്ടി വിചാരിച്ചോ ആരെങ്കിലും?

അവർ ആ രണ്ട് ആഭരണങ്ങളും അമ്മായിയുടെ കയ്യിൽ വെച്ചുകൊടുത്തു. അവർ കൈ ഉയർത്താൻ ഒരു വിഫല ശ്രമം നടത്തി, ദയനീയമായി വല്ല്യമ്മയെ നോക്കി.

ഞാൻ കെട്ടിച്ചു കൊടുത്താ മത്യോ?

അവർ തലയാട്ടി.

രാജിയുടെ നിർവ്വികാരമായ മുഖത്ത് കാർമേഘങ്ങൾ ഇരുണ്ടുകൂടുന്നതും കണ്ണിൽ ജലകണങ്ങൾ നിറയുന്നതും ദിവാകരൻ കണ്ടു. കുട്ടിയെ വല്ല്യമ്മയുടെ കയ്യിലേൽപ്പിച്ച് അവൾ കട്ടിലിന്റെ കാൽക്കലിരുന്ന് കരയാൻ തുടങ്ങി.

# സുൽത്താന്റെ മകൾ

സുൽത്താൻ ഷാഹുൽ അൽ റഷീദിന്റെ പുതിയ കൊട്ടാരത്തിന്റെ മിനാരങ്ങൾ നിലാവിൽ തിളങ്ങി. മിനാരങ്ങൾ മേഞ്ഞിരുന്നത് ചെമ്പിന്റെയും സ്വർണ്ണത്തിന്റെയും തകിടുകൊണ്ടായിരുന്നു. പകുതിയിലധികം ചെമ്പു തകിടാണ്. മുഴുവൻ ചെമ്പുതകിടു കൊണ്ട് മേയണമെന്നായിരുന്നു സുൽത്താന്റെ ആഗ്രഹം. പക്ഷേ പകുതി മേഞ്ഞപ്പോഴേക്ക് രാജ്യത്തുള്ള ചെമ്പു മുഴുവൻ തീർന്നുപോയി. പിന്നെ പ്രജകളുടെ വീടുകളിലുള്ള ചെമ്പു മുഴുവൻ ഭണ്ഡാരത്തിലേക്ക് സമർപ്പണം ചെയ്യാനുള്ള കല്പനയുണ്ടായി. പകരം എല്ലാവർക്കും സ്വർണ്ണം കൊടുത്തു. സ്വർണ്ണംകൊണ്ട് പാത്രങ്ങളുണ്ടാക്കുമ്പോഴുള്ള വിഷമം പരിഹരിക്കാൻ അല്പസ്വല്പം ചെമ്പ് ചേർക്കാമെന്ന് സുൽത്താന്റെ കല്പനയുണ്ടായി. അതിനായി കണ്ടുകെട്ടിയ ചെമ്പിൽനിന്ന് അല്പ സ്വല്പം തിരിച്ചുകൊടുക്കാനും ഉത്തരവായി.

കണ്ടുകെട്ടിയ ചെമ്പുകൊണ്ടും മിനാരങ്ങൾ മുഴുവൻ മേയാൻ മാത്രം തികഞ്ഞില്ല. അതിനാൽ കുറച്ചു ഭാഗം സ്വർണ്ണംകൊണ്ടു തന്നെ മേയേണ്ടിവന്നു.

നിലാവുള്ള രാവുകളിൽ യാത്ര കഴിഞ്ഞ് ഒട്ടകപ്പുറത്ത് തിരിച്ചുവരുമ്പോൾ സുൽത്താൻ നോക്കും, ചെമ്പിനു പകരം വെച്ച സ്വർണ്ണം മനസ്സിലാകുന്നുണ്ടോ, തന്റെ സ്വർണ്ണം പുറത്താവുമോ എന്ന്. ഈ വിചാരം സുൽത്താന്റെ പല രാത്രികളിലെ നിദ്ര അപഹരിച്ചു.

മിനാരങ്ങളിലൊന്നിന്റെ താഴെ രണ്ടാം നിലയിലായിരുന്നു രാജകുമാരിയുടെ പള്ളിയറ. തന്റെ സർവ്വസ്വമായ രാജകുമാരിയുടെ സുഖസൗകര്യങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ പിതാവായ സുൽത്താൻ ഷാഹുൽ അൽ റഷീദിന് വളരെ വിഷമം തോന്നാറുണ്ട്. കൊട്ടാരം പണിയിച്ചത് അക്കാലത്തെ ഏറ്റവും പേരുകേട്ട ശില്പി യായ മുഹമ്മദ് ബിൻ ആലം ആയിരുന്നു. എന്നിട്ടും രാജകുമാരിയുടെ സൗകര്യങ്ങൾ മുഴുവൻ ശ്രദ്ധിക്കുവാനായില്ല.

കൊട്ടാരം മൂന്നുനില കെട്ടിടമായിരുന്നു. ഏറ്റവും മുകളിൽ മിനാരങ്ങൾക്കു തൊട്ടു താഴെയായിരുന്നു സുൽത്താന്റെ താമസം. നൂറ്റൊന്ന് സൗന്ദര്യതിടമ്പുകൾ അലങ്കരിക്കുന്ന സുൽത്താന്റെ അന്തപുരം തെക്കു പടിഞ്ഞാറുള്ള മിനാരത്തിന്റെ താഴെയായിരുന്നു. അതിനു താഴെയുള്ള നിലയിലായിരുന്നു രാജകുമാരി നസ്റീനിന്റെ താമസം. അതിനും താഴെ അടുത്ത ബന്ധുക്കളും അന്തരിച്ച രാജ്ഞിയുടെ വിധവയായ അനുജത്തിയും മറ്റും. രാജകുമാരിയുടെ എല്ലാ സൗകര്യങ്ങളും മുൻനിർത്തിത്തന്നെയാണ് കൊട്ടാരം നിർമ്മിക്കാനുദ്ദേശിച്ചത്. പള്ളിയറ, സ്നാനഗൃഹം, വേഷഭൂഷാദികൾക്കായി ഒരു മുറി, കളിക്കാനും കളികൾ കാണാനും ഒരു ഹാൾ തുടങ്ങിയവ. ഈ മുറികളെല്ലാം തന്നെ ഓരോ മൈതാനം പോലെ വിശാലമായിരുന്നു. മുറികളിലെല്ലാം ചുമരുതൊട്ട് ചുമരുവരെ ഏറ്റവും വിലപിടിച്ച പേർഷ്യൻ പരവതാനികൾ വിരിച്ചിരുന്നു. ഈ നാലു മുറികളും കൊട്ടാരത്തിന്റെ നാലു മൂലയിലായിരുന്നു. ഒരു മുറിയിൽ നിന്ന് മറ്റെ മുറിയിലേക്ക് പോകാൻ വളരെ വിശാലമായ ഇടനാഴികൾ പണിതീർത്തിരുന്നു. ഇടനാഴികളിൽ കശ്മീരിൽനിന്നു കൊണ്ടുവന്ന വിശേഷപ്പെട്ട പരവതാനികളായിരുന്നു വിരിച്ചിരുന്നത്.

സ്നാനഗൃഹത്തിൽ വലിയ നീന്തൽ പൊയ്കയിൽ മരുപ്പച്ചകളിലെ കിണറുകളിൽ നിന്ന് കോരിയെടുത്ത് ഒട്ടകപ്പുറത്തേറ്റി കൊണ്ടുവന്നു നിറച്ച കണ്ണാടിപോലത്തെ ശീതളജലം സുഗന്ധദ്രവ്യങ്ങൾ കലർത്തി നിറച്ചിരുന്നു. പലതരം ലേപനവസ്തുക്കൾ ഉയരം കുറഞ്ഞ മാർബ്ൾ മേശമേൽ വിചിത്രാകൃതിയിലുള്ള സ്ഫടികഭരണികളിൽ നിറച്ചുവെച്ചിരുന്നു.

സ്നാനഗൃഹത്തിന്റെ ചുമരുകൾ കട്ടിയുള്ള ബൊഹേമിയൻ കണ്ണാടി കൊണ്ടായിരുന്നു. ഈജിപ്തിൽനിന്നു വന്ന പതിനൊന്ന് സുന്ദരികളായ അടിമപ്പെൺകുട്ടികളാണ് രാജകുമാരിയെ നീരാടിച്ചിരുന്നത്. എല്ലാ തിങ്കളും വെള്ളിയും പിന്നെ പുതുചന്ദ്രനെ കണ്ടതിന്റെ പിറ്റേന്നും രാജകുമാരിക്ക് നീരാട്ടുണ്ടായിരുന്നു. പുതുചന്ദ്രനെ കണ്ടത് ഞായറാഴ്ചയോ വ്യാഴാഴ്ചയോ ആണെങ്കിൽ പിറ്റെ ദിവസത്തെ പതിവു സ്നാനം വിശേഷമായിത്തന്നെ നടത്തപ്പെട്ടു.

നീരാട്ടു കഴിഞ്ഞ് സുഗന്ധലേപനങ്ങളാൽ അഭിഷിക്തയായ രാജകുമാരി വസ്ത്രധാരണത്തിനായി ഒരുക്കിയ മുറിയിലേക്ക് നടന്നുപോകുന്നു.

ഇവിടെയാണ് കുഴപ്പം. കാരണം സ്നാനഗൃഹത്തിനും നേപഥ്യഗൃഹത്തിനുമിടയിൽ വളരെ നീണ്ട വിശാലമായ ഇട നാഴികയാണ്. പച്ചയുടെ പശ്ചാത്തലത്തിൽ ചുവപ്പും മഞ്ഞയും പൂക്കളുള്ള പരവതാനി വിരിച്ച ഇടനാഴിക. ഇതിലൂടെ കടന്നു വേണം രാജകുമാരിയ്ക്ക് വസ്ത്രങ്ങളുള്ള മുറിയിലേയ്ക്കെത്താൻ. സ്നാനഗൃഹത്തിൽ വസ്ത്രങ്ങൾ വെയ്ക്കാൻ ഏർപ്പാടില്ലാത്തതിനാലും സ്നാനത്തിനു മുമ്പുള്ള വസ്ത്രങ്ങൾ, രാജകുമാരി കുളത്തിൽ ചാടുമ്പോൾ അഴിച്ചു വെയ്ക്കുന്നതോടെ അവിടെ നിന്ന് കാപ്പിരി അടിമപ്പെണ്ണുങ്ങൾ എടുത്തു മാറ്റും എന്ന കാരണത്താലും രാജകുമാരിക്ക് സാനാനഗൃഹത്തിൽ നിന്ന് നേപഥ്യഗൃഹത്തിലേക്ക് ചുവപ്പും മഞ്ഞയും പൂക്കളുള്ള പരവതാനികൾ വിരിച്ച വിശാലമായ ഇടനാഴിയിലൂടെ നഗ്നയായി നടക്കേണ്ടിവന്നു. ഈ ഇടനാഴിയാകട്ടെ ശതം മുഖമണ്ഡപങ്ങളുടെയും കുടില മാർഗ്ഗങ്ങളുടെയും സ്വകാര്യ അറകളുടെയും വാതിലുകളാൽ ബന്ധിക്കപ്പെട്ടതാണുതാനും. ഇവിടെയാണ് പ്രശ്നം ഉദിച്ചത്. രാജകുമാരി സ്നാനഗൃഹത്തിൽനിന്ന് വസ്ത്ര ങ്ങളുടെ സുരക്ഷിതത്തിലേക്ക് മറ്റുള്ളവരുടെ ഒളിഞ്ഞുനോട്ടങ്ങൾ ഏൽക്കാതെ എങ്ങിനെ എത്തിപ്പെടും.

പ്രശ്നം സുൽത്താൻ ഷാഹുൽ അൽ റഷീദിന്റെ (കരുണാമയനായ ദൈവം അദ്ദേഹത്തോടൊപ്പമുണ്ടാവട്ടെ)

തിരുസഭയിൽ ആനയിക്കപ്പെട്ടു. സുൽത്താന്റെ തിരുസഭയിൽ പല വിഭാഗത്തിൽപ്പെട്ട പ്രമുഖർ ആസനസ്ഥരാണ്. അവരിൽ കവികൾ, കലാകാരന്മാർ, വ്യവസായികൾ, യന്ത്രപ്പണിക്കാർ, നെയ്ത്തുപണിക്കാർ, അലക്കുകാർ, ഭിഷഗ്വരർ തുടങ്ങി സമുദായത്തിന്റെ എല്ലാ തുറകളിൽനിന്നും പ്രാവീണ്യം നേടിയവർ സന്നിഹിതരാണ്.

ആ തിരുസഭയുടെ സന്നിധാനത്തിലാണ് രാജകുമാരിയുടെ മുഖ്യ അടിമയായ സുന്ദരി നാലു തോഴികളോടൊപ്പം ഹാജരായത്. കുമ്പിട്ടുകൊണ്ട് അവൾ മുമ്പിലും നാലു തോഴിമാർ പിന്നിലുമായി അവർ സുൽത്താന്റെ മുമ്പിലെത്തി വണങ്ങി. പിന്നീട് മുഖ്യ അടിമയായ സുന്ദരി സുൽത്താന് മാത്രം കാണത്തക്കവിധത്തിൽ പർദയുടെ മുഖപടം അല്പം മാറ്റി കുനിഞ്ഞുകൊണ്ടു തന്നെ പറഞ്ഞു.

അങ്ങയുടെ ഓമനയായ പ്രിയപുത്രി നസ്റീൻ രാജകുമാരി അങ്ങേയ്ക്കു നൽകാൻ ചുംബനങ്ങൾ അയക്കുന്നു.

ഇതൊരു ഭംഗിവാക്കായിരുന്നു. രാജകുമാരി ഇങ്ങനെയൊരു സന്ദേശം കൊടുത്തയക്കുകയുണ്ടായിട്ടില്ല. മാത്രമല്ല ഇനി പറയാൻ പോകുന്ന കാര്യത്തെപ്പറ്റി, അതായത് സ്നാനഗൃഹത്തിൽനിന്നുള്ള യാത്രയെപ്പറ്റി അവൾക്കൊട്ടും ഉൽക്കണ്ഠയുമുണ്ടായിരുന്നുമില്ല.

സ്നാനഗൃഹത്തിൽനിന്ന് രാജകുമാരിക്ക് ഇടനാഴിയിലൂടെ നഗ്നയായി യാത്ര ചെയ്യേണ്ടിവന്നേക്കുമെന്ന പ്രശ്നം ഉന്നയിച്ചപ്പോൾ സദസ്സിൽനിന്ന് പല വിധത്തിലുള്ള അശ്ചര്യവചനങ്ങളും കഷ്ടം കഷ്ടമെന്ന പ്രയോഗങ്ങളും മുഴങ്ങി. ഒരാൾമാത്രം തന്റെ മുഖം കൈകൊണ്ടു മൂടി തലതാഴ്ത്തി ഇരുന്നു. അത് രാജശില്പിയായിരുന്നു.

ഞാൻ എന്തെങ്കിലും വഴിയുണ്ടാക്കാം. സുൽത്താൻ പറഞ്ഞു. അടുത്ത സ്നാനത്തിന് ഇനി എത്ര ദിവസങ്ങൾ ഉണ്ട്?

രണ്ടു തിരുദിവസങ്ങൾ.

ശരി നിങ്ങൾ പൊയ്ക്കോളു.

മുഖ്യ അടിമസുന്ദരി മുഖപടം മാറ്റാതെ കുനിഞ്ഞുകൊണ്ട് പിന്നോക്കം നടന്നു. അപ്രത്യക്ഷയായി. ഒപ്പം തോഴിമാരും.

തലകുനിച്ചു നിൽക്കുന്ന രാജശില്പിയോട് തന്നെ വൈകുന്നേരം വന്ന് കാണണമെന്ന് സുൽത്താൻ ആജ്ഞാപിച്ചു. (സൂര്യനസ്തമിക്കുന്നതിനു മുമ്പ് യാതൊരു ആചാരക്രമവുമില്ലാതെത്തന്നെ അയാളുടെ തലവെട്ടുകയും ചെയ്തു.) പിന്നെ സദസ്സിനോടായി അഭിപ്രായങ്ങൾ ആരാഞ്ഞു.

അതിലോലമായ ഒരു കാര്യമാണിതെന്നും അതിന്റെ മറുപടി സൂക്ഷിച്ചു വേണമെന്നും അറിയാവുന്ന സാമാജികർ മൗനം പാലിച്ചു. അവസാനം നെയ്ത്തു പ്രമാണി എഴുന്നേറ്റു നിന്നു.

അടിയൻ വളരെ നേരിയ, എന്നാൽ സുതാര്യമല്ലാത്ത ഒരു പർദ നിർമ്മിക്കാം. അതുടുത്ത് രാജകുമാരിക്ക് ഇടനാഴിയിലൂടെ വസ്ത്രങ്ങളുള്ള മുറിവരെ നടക്കാമല്ലൊ. അടിയന് ഇരുപത്തിനാലുമണിക്കൂറേ അങ്ങിനെ ഒരു വസ്ത്രമുണ്ടാക്കാൻ സമയമാവശ്യമുള്ളു. വേണമെങ്കിൽ ബാഗ്ദാദിൽ നിന്ന് പ്രത്യേകം നെയ്ത്തുകാരെ കൊണ്ടുവന്ന് രണ്ടാഴ്ചക്കുള്ളിൽ ഇതിലും വിശിഷ്ടമായ ഒരു വസ്ത്രം പിന്നീടുണ്ടാക്കുകയും ചെയ്യാം.

അതൊരു നല്ല കാര്യമാണെന്നു തോന്നി. സുൽത്താൻ അങ്ങിനെയാവട്ടെ എന്ന് കൽപ്പിക്കുകയും ചെയ്തു.

പ്രശ്നം ഭംഗിയായി പരിഹരിക്കപ്പെട്ടു എന്നറിഞ്ഞ് സാമാജികർ ആശ്വസിക്കുകയും നെയ്ത്തുപ്രമാണിയുടെ ബുദ്ധിയെ പ്രശംസിക്കുകയും ചെയ്തു.

പ്രശ്നം പക്ഷെ അവിടം കൊണ്ടവസാനിച്ചില്ല. രാജകുമാരി പുതിയ വസ്ത്രം ഇടാൻ സമ്മതിച്ചില്ല.

നീരാട്ടു കഴിഞ്ഞ് സുഗന്ധലേപനങ്ങളാൽ അഭിഷിക്തയായ രാജകുമാരിയെ പുതിയ തിരുവസ്ത്രം ധരിപ്പിക്കാൻ തോഴികൾ ശ്രമിച്ചു. കുളിച്ചു കഴിഞ്ഞാൽ രാജകീയ വസ്ത്രങ്ങൾ ഉടുക്കുന്നതിനു മുമ്പുള്ള താൽക്കാലിക വസ്ത്രം അവൾക്കിഷ്ടപ്പെട്ടില്ല. അവൾ അതെടുത്ത് പൊയ്കയിലെ വെള്ളത്തിലേയ്ക്ക് വലിച്ചെറിഞ്ഞ് വാതിൽ കടന്ന് ഇടനാഴിയിലൂടെ നടക്കാൻ തുടങ്ങി.

ഇത് സ്വാഭാവികമായും തോഴികൾക്കിടയിൽ സംഭ്രാന്തി പരത്തി. അവർ നഗ്നരായിത്തന്നെ അങ്ങോട്ടും ഇങ്ങോട്ടും ഓടി, രാജകുമാരിക്കു ചുറ്റും ഒരു വലയം സൃഷ്ടിച്ചു. ഒരു വിധം രാജകുമാരിയെ നേപഥ്യഗൃഹത്തിലെത്തിച്ചു.

ഈ ബഹളം കേട്ട് നോക്കിയവർ ഒരു നോക്കുനോക്കി കണ്ണുപൊത്തി. കാരണം തല ഉടലിൽ തന്നെ വേണമെന്നവർക്ക് നിർബ്ബന്ധമായിരുന്നു.

സുൽത്താൻ വൈകുന്നേരം തന്റെ പൊന്നോമനയെ ഗുണദോഷിച്ചു. നീ ഇപ്പോൾ ചെറിയ കുട്ടിയൊന്നുമല്ല. പതിനാറു വയസ്സിൽ ഒരു പെൺകുട്ടിക്ക് ഇങ്ങിനെയൊന്നും നടക്കാൻ പാടില്ല.

പ്രതികരണം ഒരു പൊട്ടിക്കരച്ചിലായിരുന്നു. അതിന്റെ അന്ത്യത്തിൽ സുൽത്താൻ പറഞ്ഞു.

ശരി, ശരി. ഞാൻ വേറെ എന്തെങ്കിലും വഴിയുണ്ടാക്കാം.

വീണ്ടും സുൽത്താൻ ഷാഹുൽ അൽ റഷീദിന്റെ തിരുസഭ വിളിയ്ക്കപ്പെട്ടു. പ്രശ്നം അതിന്റെ എല്ലാ ഗൗരവത്തോടും കൂടി അവതരിപ്പിക്കപ്പെട്ടു.

ഒരു കനത്ത നിശ്ശബ്ദത സഭയെ വലയം ചെയ്തു. അസ്വസ്ഥജനകമായ ആ നിശ്ശബ്ദത അവസാനിപ്പിച്ചത് നെയ്ത്തുപ്രമാണി തന്നെയായിരുന്നു.

അടിയന്റെ പഴമനസ്സിൽ ഒരു ഉപായം തോന്നുന്നു.

ഉണർത്തിച്ചുകൊള്ളു. സുൽത്താൻ കേൾക്കാൻ തയ്യാറാണ്.

സുൽത്താന്റെ വലംകയ്യായ സിദ്ധിക്ക് തന്റെ ഊശാംതാടി ഉഴിഞ്ഞുകൊണ്ട് അനുമതി കൊടുത്തു.

അടിയൻ കട്ടിയുള്ള കറുപ്പുതുണി കൊണ്ട് കണ്ണുമൂടിക്കെട്ടാൻ ഒരു തിരസ്കരണി നിർമ്മിക്കാം. അത് കൊട്ടാരത്തിലെ അന്തേവാസികളും, കൊട്ടാരം സന്ദർശകരും നിർബ്ബന്ധമായി ഒപ്പം കൊണ്ടുനടക്കണം. രാജകുമാരി സ്നാനഗൃഹത്തിൽനിന്ന് പുറത്തു കടക്കുന്നതിനു മുമ്പ് ഒരു മണി മുട്ടണം. അതിന്റെ ഘനശബ്ദം കേട്ടാൽ എല്ലാവരും ഈ തിരസ്കരണി ധരിയ്ക്കണം, വീണ്ടും ഒരു മണിയൊച്ച കേൾക്കുന്നതുവരെ. ഈ തിരസ്കരണിയിൽ കണ്ണു കളുടെ സ്ഥാനത്ത് ഇരട്ടശീല വെച്ചു പിടിപ്പിക്കുന്നതിനാൽ ഒന്നും കാണാൻ പറ്റുകയില്ല. എന്റെ ഇരുപത്തഞ്ചു തയ്യൽക്കാർ രണ്ടുദിവസം ജോലി ചെയ്താൽ കൊട്ടാരത്തിലെ അഞ്ഞൂറിൽ പരം വരുന്ന അന്തേവാസികൾക്കും ഇരുന്നൂറിൽ പരം വരുന്ന സന്ദർശകർക്കും ആവശ്യത്തിനുള്ള തിരസ്കരണി ഉണ്ടാക്കാൻ പറ്റും.

സാമാജികരുടെ അടക്കിയ സ്വരത്തിലുള്ള അഭിപ്രായപ്രകടനങ്ങളിൽനിന്നും സുൽത്താന്റെ മുഖത്തുണ്ടായ ഭാവഭേദത്തിൽനിന്നും ഈ നിർദ്ദേശം പരക്കെ അംഗീകരിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്നറിഞ്ഞു.

പെട്ടെന്നാണ് വൃദ്ധനായ മന്ത്രി ആലം ഫക്കീറുദ്ദീൻ തന്റെ ചുവന്ന ചായം തേച്ച നീണ്ട താടി ഉഴിഞ്ഞുകൊണ്ടു പറഞ്ഞത്.

കാര്യമൊക്കെ ശരിതന്നെ. സുൽത്താന്റെ ആജ്ഞ എല്ലാവരും പാലിക്കുക തന്നെ ചെയ്യും. പക്ഷേ ഈ കനത്ത ശീലയ്ക്കു പിറകിലെ കണ്ണുകൾ തുറന്നുതന്നെയിരിക്കുന്നതിനാൽ അല്പം കുബുദ്ധികൾ തിരസ്കരണിയിൽ നോക്കിയാൽ മനസ്സിലാവാത്ത വിധത്തിൽ സൂചികൊണ്ട് ഒരു ദ്വാരം ഉണ്ടാക്കിയാൽ നിഷേധിക്കപ്പെട്ട കാഴ്ച ശിക്ഷാഭയമില്ലാതെത്തന്നെ കാണാൻ പറ്റും.

ആംങ് .......... ഒറ്റക്കെട്ടായി സാമാജികർ പറഞ്ഞു. ശരിയാണത്.

ഇതിനേക്കാൾ നല്ല വഴി അടിയന്റെ എളിയ മനസ്സിൽ ഇപ്പോൾ ഈ നിമിഷത്തിൽ ഉദിച്ചിട്ടുണ്ട്.

ഉണർത്തിച്ചുകൊള്ളു. സിദ്ധിക്ക് താടി ഉഴിഞ്ഞുകൊണ്ടു പറഞ്ഞു. സുൽത്താൻ കേൾക്കാൻ തയ്യാറാണ്.

തന്റെ മനസ്സിൽ രൂപം കൊണ്ട സംവിധാനം ആലം ഫക്കീറുദ്ദീൻ തിരുമുമ്പിൽ ഉണർത്തിച്ചു. അതിന്റെ ഏകദേശ രൂപം ഇതാകുന്നു.

രാജകുമാരി സ്നാനഗൃഹത്തിൽനിന്ന് പുറത്തിറങ്ങുന്നതിനു തൊട്ടുമുമ്പ് ഒരു കാപ്പിരി അടിമപ്പെണ്ണ് ഒരു ചേങ്ങല മുട്ടിക്കൊണ്ട് ഇടനാഴിയിൽക്കൂടി നേപഥ്യഗൃഹം വരെ നടക്കുക അപ്പോൾ ഇടനാഴിയിലുവർ അവിടെ നിന്ന് ഒഴിഞ്ഞുമാറണം. രാജകുമാരി പുറത്തിറങ്ങുമ്പോൾ പതിനൊന്ന് ഈജിപ്റ്റ് അടിമസുന്ദരികൾ ഒപ്പം നടക്കണം. മുമ്പിൽ നടക്കുന്ന അടിമ സുന്ദരി ഒരു ചേങ്ങല മുട്ടി ക്കൊണ്ടിരിക്കണം. അവൾക്കു പിന്നിൽ അഞ്ച് അടിമ സുന്ദരി കളും. ഈ രണ്ടു വരികൾക്കുമിടയിൽ രാജകുമാരി നടക്കണം.

ആദ്യത്തെ ചേങ്ങല ശബ്ദം കേട്ടിട്ടും സ്ഥലം വിടാൻ അവസരം കിട്ടാതിരുന്നവരോ. അല്ലെങ്കിൽ ആകസ്മികമായി ഇടനാഴിയിൽ ആ സമയത്ത് എത്തപ്പെട്ടവരോ ചേങ്ങല ശബ്ദം കേട്ടാൽ കണ്ണടച്ച് നിലത്ത് കമിഴ്ന്നു കിടക്കണം, വീണ്ടും ഒരു കാപ്പിരി അടിമപ്പെണ്ണ് ഇരട്ടച്ചേങ്ങല ശബ്ദം കേൾപ്പിക്കും വരെ.

ഈ സംവിധാനം പെട്ടെന്നുതന്നെ അംഗീകരിക്കപ്പെട്ടു. കൊട്ടാരം മൂശാരിക്ക് ലതാദികളിൽ ആലേഖനം ചെയ്ത മൂന്ന് വെള്ളോട് ചേങ്ങലയുണ്ടാക്കാൻ കരാർ നൽകപ്പെട്ടു. വെള്ളോടിൽ ചേർക്കാൻ ചെമ്പ് കിട്ടാനില്ലാത്തതുകൊണ്ട് സുൽത്താൻ തന്റെ പഴയ നാണയങ്ങളുടെ അമൂല്യ ശേഖരത്തിൽനിന്ന് മൂന്നു ചെമ്പു നാണയങ്ങൾ എടുത്തു കൊടുത്തു. ആ ചെമ്പുനാണയങ്ങൾ സൂക്ഷ്മമായും വെള്ളോട് ഉണ്ടാക്കാൻ ഉപയോഗിക്കുന്നില്ലേ എന്ന് നോക്കാൻ പാറാവുകാരനേയും ഏർപ്പെടുത്തി. മതിയാവാത്ത ഭാഗം സ്വർണ്ണം ലോഭമെന്യേ കൂട്ടിച്ചേർത്തു. അതുകൊണ്ട് ചേങ്ങലയുടെ ശബ്ദം വളരെ സ്ത്രൈണമായി. ഓരോ പ്രാവശ്യം ചേങ്ങലയുടെ പതിഞ്ഞ സ്ത്രൈണശബ്ദം കേൾക്കുമ്പോഴും സുൽത്താൻ തന്റെ രാജ്യത്തെ ചെമ്പുദാരിദ്ര്യത്തെ ഓർത്ത് നെടുവീർപ്പിടും.

പെരുമ്പറയും കൊട്ടി പട്ടാളക്കാർ തെരുവീഥികളിൽ സുൽത്താന്റെ സന്ദേശവുമായി കറങ്ങി. ചേങ്ങലയുടെ ശബ്ദം കേട്ടാൽ കണ്ണടച്ച് കമിഴ്ന്ന് കിടക്കണമെന്നും, അങ്ങിനെ കിടന്നില്ലെങ്കിൽ പിന്നീടൊരിക്കൽ കിടക്കാൻ അവസരം കിട്ടാത്ത വിധത്തിൽ തല ദേഹത്തുനിന്ന് തെറിക്കുമെന്നും അസന്നിഗ്ദ്ധമായി വിളംബരം ചെയ്യപ്പെട്ടു.

വെള്ളിയാഴ്ച രാജകുമാരിയുടെ നീരാട്ടു ദിവസമായിരുന്നു. ദൂരെയുള്ള മരുപ്പച്ചകളിലെ ആഴമുള്ള കിണറുകളിൽ നിന്ന് തണുത്ത ജലം ഒട്ടകപ്പുറത്ത് കൊണ്ടുവന്ന് നീന്തൽ പൊയ്ക നിറച്ചു. ആ സ്ഫടികജലത്തിൽ സുഗന്ധ ദ്രവ്യങ്ങൾ വിചിത്രമായ കുപ്പികളിൽ നിന്ന് ഒഴിച്ച് മിശ്രണം ചെയ്യപ്പെട്ടു. ആഘോഷങ്ങൾക്കും ആഹ്ലാദത്തിമർപ്പു കൾക്കും ഇടയിൽ നീരാട്ടു കഴിഞ്ഞു. രാജകുമാരിയുടെ പൂപോലെയുള്ള ദേഹത്ത് സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്യപ്പെട്ടു. സ്നാനഗൃഹം വിടാൻ സമയമായപ്പോൾ ഒരു കാപ്പിരി അടിമപ്പെണ്ണ് ഒന്നാം ചേങ്ങല മുട്ടിക്കൊണ്ട് ഇടനാഴിയിലെ പരവതാനിയിലൂടെ നടന്നു.

കൊട്ടാരം അന്തേവാസികൾക്കും സന്ദർശകർക്കും അതൊരു മുന്നറിയിപ്പായി. അവർ ഇടനാഴി ഒഴിവാക്കി അവരവ രുടെ മുറികളിലോ, കൊട്ടാരത്തിനു പുറത്തു തന്നെയോ കാത്തു നിന്നു.

രണ്ടാമത്തെ ചേങ്ങല മുട്ടിക്കൊണ്ട് ഈജിപ്റ്റ് അടിമസുന്ദരി നഗ്നയായി മുന്നിലും പിന്നിൽ നഗ്നകളായ അഞ്ച് അടിമസുന്ദരികളുടെ രണ്ടു നിരയുടെ നടുവിലായി രാജകുമാരിയും നഗ്നയായി നടന്നു. ഇടനാഴി വിടാൻ സമയം കിട്ടിയിട്ടില്ലാത്തവർ കണ്ണടച്ച് കമിഴ്ന്നു കിടന്നു. ഘോഷയാത്ര ഇടനാഴിയിലെ ചുവപ്പും മഞ്ഞയും പൂക്കളുള്ള പരവതാനിയിലൂടെ പുരോഗമിച്ചു. അപ്പോഴാണ് ആ അത്യാഹിതമുണ്ടായത്.

കൊട്ടാരത്തിൽ വിരുന്നുകാരനായ ചെറുപ്പക്കാരനായ പേർഷ്യൻ കവി അബ്ദുൾ ബിൻ സയ്യദ് താമസിക്കുന്ന മുറിയുടെ വാതിൽ തുറന്നുകിടന്നിരുന്നു. ആ വാതിലിലൂടെ കവി ഇടനാഴിയിലേക്കു വന്നതും നഗ്നസുന്ദരികളുടെ ഘോഷയാത്ര അവിടെ എത്തിയതും ഒന്നിച്ചായിരുന്നു. കാഴ്ച ശ്വാസം പിടിച്ചു നിർത്തുന്നതായിരുന്നു. ഒരു നിമിഷം

ഘോഷയാത്ര കവിയുടെ ധാർഷ്ട്യത്തിനു മുമ്പിൽ അനങ്ങാതെ നിന്നു. രാജകുമാരിയാവട്ടെ ഒന്നും സംഭവിക്കാത്ത മട്ടിൽ കവിയെ നോക്കി പുഞ്ചിരിക്കുകയും യാത്ര തുടരുകയും ചെയ്തു.

കവിയുടെ പ്രതികരണം നിമിഷകവിതയായി പുറത്തേയ്ക്കൊഴുകി.

‘ഞാൻ എന്താണ് കാണുന്നത്
ആയിരം ആമ്പൽപ്പൂക്കൾക്കിടയിൽ ഒരു താമരയോ
അല്ലാ യാത്രയിൽ ഒരു തിരിവിൽ കണ്ട
കാട്ടുപൂക്കളോ എന്റെ മുമ്പിൽ
അതോ പറുദീസയിൽ നിന്ന്
ഭൂമിയിലേക്കിറങ്ങിവന്ന ഹൂറികളോ’

പിന്നെ രാജകുമാരിയെ നോക്കി അയാൾ തുടർന്നു.

‘ഞാൻ ഇത്രയും കാലം എന്തിനെ തേടിയോ
അതിന്റെ സാക്ഷാത്കാരമാണു നീ
നിന്റെ മനോജ്ഞമായ മിഴിയിണകൾ
എന്നെ തോല്പിച്ചടിമയാക്കുന്നു
നിന്റെ മാറിലെ മുകുളങ്ങൾ
എന്റെ വിരിയാൻ വെമ്പുന്ന സായൂജ്യമാണ്
നിന്റെ അഴകാർന്ന നിതംബം
ആരുടെ തഴുകലിനായി കാത്തുനിൽക്കുന്നു?’

രാജഭടന്മാർ കവിയെ ബന്ധിച്ചു കൊണ്ടു പോകുമ്പോഴും കവി പാടുകയായിരുന്നു. സഖിമാരാൽ വസ്ത്രഭൂഷാദികൾ അണിയിക്കപ്പെട്ടിരുന്ന രാജകുമാരി കവിയുടെ കവിതകൾ കേട്ടു കോൾമയിർ കൊണ്ടു. അവൾ ചോദിച്ചു. ആരാണയാൾ?

ഒരു കവിയാണയാൾ. ഒരു അടിമസുന്ദരി പറഞ്ഞു.

അടുത്തുതന്നെ അദ്ദേഹം ഒരു കവിയായിരുന്നു എന്നു പറയേണ്ടി വരും.

വേറൊരു അടിമസുന്ദരി പറഞ്ഞു.

അതെന്താണ് കാരണം? രാജകുമാരി തന്റെ സ്വതസ്സിദ്ധമായ സാരള്യത്തോടെ ചോദിച്ചു.

കാരണം അയാളുടെ തലപോകും. അതുതന്നെ.

പാവം.

രാജകുമാരി പറഞ്ഞു. അവൾക്കു വ്യസനമായി. പക്ഷേ നിഷ്കളങ്കയായ രാജകുമാരിക്ക് വ്യസനവും സന്തോഷം പോലെത്തന്നെ ക്ഷണഭംഗുരമാണ്. അവൾ വീണ്ടും തന്റെ അടിമ സുന്ദരികളായ തോഴിമാരുടെ ശ്രദ്ധകളിൽ മുഴുകി.

വെള്ളിയാഴ്ച സുൽത്താൻ ഒരു വിധ ശിക്ഷാനടപടികളും എടുക്കാറില്ല. അതുകൊണ്ട് പിറ്റേന്ന് രാവിലെവരെ കവിയെ കൽത്തുറുങ്കിൽ അടച്ചു.

രാത്രി നിസ്കാരം കഴിഞ്ഞ് പള്ളിക്കുറുപ്പിന് എഴുന്നള്ളിയ സുൽത്താന് ഉറക്കമുണ്ടായില്ല. ആരോ മനോഹരങ്ങളായ കവിതകൾ ഉറക്കെ ചൊല്ലുന്നു. തന്റെ പ്രാണപ്രേയസിയുടെ വിയോഗത്തിനുശേഷം സുൽത്താൻ കൊട്ടാരത്തിൽ കവിതവായന നിരോധിച്ചിരുന്നു. ആരാണ് ഇപ്പോൾ രാത്രിയുടെ ശാന്തത തകർക്കാൻ പാടുന്നത്.

പാറാവുകാരൻ വിളിക്കപ്പെട്ടു.

ആരാണ് രാത്രി ഉറങ്ങേണ്ട സമയത്ത് ഉറക്കെ പാടുന്നത്?

അടിയൻ, അത് ഇന്ന് തടവറയിലാക്കിയ കവിയാണ്. രാജകുമാരിയുടെ നീരാട്ടു ഘോഷയാത്രയുടെ സമയത്ത് കണ്ണടച്ചു കമിഴ്ന്നു കിടക്കാതെ നോക്കിനിൽക്കുക വഴി രാജകല്പന ലംഘിച്ച കശ്മലനാണ് അത്. ഇന്ന് വെള്ളിയാഴ്ച തിരുമനസ്സു കൊണ്ട് ആരെയും ശിക്ഷിക്കുകയോ, നീതിപാലനത്തിൽ ഇടപെടുകയോ ചെയ്യാത്തതുകാരണം അയാളെ തടവറയിൽ സൂക്ഷിച്ചിരിക്കുകയാണ്. നാളെ രാവിലെ സൂര്യൻ ഉദിച്ചു കഴിഞ്ഞാൽ ഒരു മുഹൂർത്തത്തിൽ അയാളെ വിചാരണക്കായി അവിടുത്തെ സമക്ഷത്തിൽ കൊണ്ടുവരും.

ശരി.

പാറാവുകാരൻ പോയപ്പോൾ സുൽത്താൻ വിശാലമായ വാതായനം കടന്ന് മിനാരത്തിനു താഴെയുള്ള മട്ടുപ്പാവിലേക്കു നടന്നു. സുൽത്താനെ പനിനീർ തളിച്ച വിശറികൊണ്ട് വീശിയിരുന്ന രണ്ട് അടിമസുന്ദരികൾ അദ്ദേഹത്തെ പിൻതുടർന്നു. നിലാവിൽ കൊട്ടാരത്തിനു മുമ്പിലുള്ള പൂന്തോട്ടം തിളങ്ങിയിരുന്നു. ഏറ്റവും താഴെ തുറുങ്കിന്റെ വാതായനം മാത്രമേ ഭൂമിയുടെ നിരപ്പിനു മുകളിലുള്ളൂ. അതിലൂടെയാണ് കവിയുടെ പാട്ടിന്റെ അലകൾ പുറത്തേക്കെത്തുന്നത്. സുൽത്താന് ഇങ്ങിനെ ഒരു സംവിധാനമുണ്ടാക്കിയതിൽ രാജശില്പിയോട് നീരസം തോന്നി. മകളുടെ ശയനാഗാരം തന്റെ പള്ളിയറയുടെ താഴെയാണെന്നും ഈ പ്രേമകവിതകൾ നിഷ്കളങ്കയായ അവളും കേൾക്കുന്നുണ്ടാകുമെന്നും അദ്ദേഹമോർത്തു. അതദ്ദേഹത്തെ ചൊടിപ്പിച്ചു. രാജശില്പിക്ക് ഒരു തലകൂടിയുണ്ടെങ്കിൽ വീണ്ടും വെട്ടിക്കളയാമായിരുന്നു. അല്ലെങ്കിൽ ഈ വക അപകടങ്ങൾ ആരും മുൻകൂട്ടി ഗണിച്ചുണ്ടാക്കാറില്ലല്ലോ.

കവി പാടിക്കൊണ്ടിരുന്നു. പെട്ടെന്നാണ് സുൽത്താന് രഹസ്യം പിടികിട്ടിയത്. അയാൾ പാടുന്നത് തന്റെ

ഓമനമകളെപ്പറ്റിയാണ്. അവളുടെ സൗന്ദര്യത്തെപ്പറ്റിയാണ്. ഒരു കവിയുടെ ഭാവന ഇളക്കി വിടാൻ മാത്രം വലുതായി, സുന്ദരിയായി തന്റെ മകൾ എന്ന ചിന്ത അദ്ദേഹത്തിന് ഒരേ സമയം സന്തോഷവും സന്താപവും ഉളവാക്കി.

പിറ്റേന്ന് കുറ്റവാളി സുൽത്താനു മുമ്പിൽ ഹാജരാക്കപ്പെട്ടു.

രാജകുമാരി നീരാട്ടുകഴിഞ്ഞ് നേപഥ്യ ഗൃഹത്തിലേക്കു പോകുമ്പോൾ നീ നോക്കിയിരുന്നു. എന്നു പറയുന്നതു സത്യമാണോ?

അതെ.

ചേങ്ങലയുടെ ശബ്ദം കേട്ടാൽ കണ്ണടച്ച് കമിഴ്ന്നു കിടക്കണമെന്ന രാജശാസന നീ കേട്ടില്ലേ?

ചേങ്ങലയെപ്പറ്റി എന്തോ അറിയിപ്പ് ഞാൻ കേട്ടു, ശ്രദ്ധിച്ചില്ല. ഞാൻ കവിത എഴുതുന്ന തിരക്കിലായിരുന്നു.

ആ അറിയിപ്പ് ശ്രദ്ധിച്ചിരുന്നെങ്കിൽ നീ ഈ കുറ്റകൃത്യം ചെയ്യുമായിരുന്നുവോ?

കവി ആലോചിച്ചു. പിന്നെ സാവധാനത്തിൽ പറഞ്ഞു.

ഇതൊരു കുറ്റകൃത്യമാണെന്ന് ഞാൻ കരുതുന്നില്ല. അനാച്ഛാദിത സൗന്ദര്യം നിങ്ങൾക്ക് ഒരു കവിയുടെ കണ്ണിൽ നിന്നു മറയ്ക്കാൻ കഴിയുകയില്ല. അവൻ ഉൾക്കണ്ണുകൊണ്ടെങ്കിലും അതു കാണും.

നീ ചെയ്ത കാര്യത്തിൽ നിനക്ക് പശ്ചാത്താപമുണ്ടോ?

ഇല്ല. മറിച്ച് കണ്ണടച്ചിരുന്നെങ്കിൽ ഞാൻ എനിയ്ക്ക് ഒരിക്കലും മാപ്പു കൊടുക്കില്ലായിരുന്നു.

അതും പറഞ്ഞ് കവി വീണ്ടും ഒരു ഇളം ശരീരത്തെപ്പറ്റി കവിത പാടാൻ തുടങ്ങി.

ഇവന്റെ തല കൊയ്യൂ.

സുൽത്താൻ ഉത്തരവിട്ടു. പട്ടാളക്കാർ കവിയെ ബന്ധിച്ചു കൊണ്ടുപോകാൻ ഒരുങ്ങി.

നിൽക്കൂ. സുൽത്താൻ പറഞ്ഞു.

കവി അക്ഷോഭ്യനായി തിരിഞ്ഞുനിന്നു. അയാളുടെ മുഖം സുന്ദരമായിരുന്നു. വളർന്ന താടിയും തലമുടിയും ഒതുക്കമില്ലാതെ കിടന്നിരുന്നു.

മരിക്കുന്നതിനുമുമ്പ് നിനക്ക് എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ പറയൂ.

നിവൃത്തിച്ചുതരുമെന്ന് ഉറപ്പു തന്നാൽ പറയാം.

സുൽത്താൻ ഷാഹുൽ അൽറഷീദ് സ്വന്തം വാക്കുകൾ പാഴാക്കാറില്ല.

എങ്കിൽ...., കവി പറഞ്ഞു. എനിയ്ക്ക് മരിക്കുന്നതിനു മുമ്പ് ഒരിക്കൽക്കൂടി രാജകുമാരിയെ നഗ്നയായി കാണണം.

സുൽത്താൻ ഞെട്ടി. പട്ടാളക്കാർ ഞെട്ടി. സഭാവാസികൾ ഞെട്ടി.

ഇയാളെ ഞാൻ പറയുന്നതുവരെ കൽത്തുറങ്കിൽ ഇട്ടടയ്ക്കൂ. സുൽത്താൻ അലറി.

പിന്നെ അയാളുടെ വാതായനങ്ങൾ കല്ലുവെച്ചു മൂടുകയും ചെയ്യൂ. ശബ്ദം പുറത്തു കടക്കരുത്.

സുൽത്താൻ ആകെ ഉലഞ്ഞിരുന്നു. ഒന്നുകിൽ താൻ വാക്കുകൾക്ക് വില കൽപിക്കുന്നില്ലെന്ന് സമ്മതിക്കേണ്ടി വരും അല്ലെങ്കിൽ? സുൽത്താൻ മന്ത്രി അലം ഫക്കീറുദ്ദീനേയും ഇഷ്ടതോഴനായ സിദ്ദിക്കിനേയും വിളിപ്പിച്ചു.

എന്താണൊരു മാർഗ്ഗം?

മൂന്നു തലച്ചോറുകൾ മണിക്കൂറുകളും ദിവസങ്ങളും കഠിനമായി പ്രവർത്തിച്ചു. എവിടെയും എത്തിയില്ല. കവിയുടെ ശിരസ്സ് കഴുത്തിൽത്തന്നെ നിൽക്കുക മാത്രമല്ല അവിടെ നിന്ന് കവിത അനർഗ്ഗളം പ്രവഹിക്കുകയും ചെയ്തു. വാതായനം മൂടിയ കൽച്ചുമരിന്റെ സൂക്ഷ്മസുഷിരങ്ങളിലൂടെ ആ ശബ്ദം പുറത്തേക്കൊഴുകുക തന്നെ ചെയ്തു.

രാത്രി വൈകുംവരെ മട്ടുപ്പാവിലിരുന്ന് നസ്റീൻ രാജകുമാരി ആ കവിതകൾ ശ്രദ്ധിച്ചു.

'എന്റെ ജീവിതമാകുന്ന കാരവാൻ തകർന്നു
എന്റെ ഒട്ടകങ്ങൾ ചത്തൊടുങ്ങി
നശിക്കാത്തവ ഓടിപ്പോയി
ഞാൻ മാത്രം
ഈ മണലാരണ്യത്തിൽ ഏകനായി
നിന്നോടുള്ള പ്രേമം മാത്രം
മുറുകെപ്പിടിച്ച് നിന്നെക്കാണുവാനായ്
നഗ്നപാദനായ്........'

സുൽത്താൻ ദിനംപ്രതി ക്ഷീണിച്ചു വന്നു. അദ്ദേഹത്തിന് ഊണും ഉറക്കവുമില്ലാതായി. നസ്റീൻ പിതാവിന്റെ ആധിയെപ്പറ്റി അന്വേഷിച്ചതിന് തൃപ്തികരമായ മറുപടിയുണ്ടായില്ല.

ഇഷ്ടതോഴിയായ റസിയോടന്വേഷിച്ചപ്പോഴാണ് കാര്യം മനസ്സിലായത്.

ഇത്രയേ ഉള്ളൂ?

അവൾ സുൽത്താന്റെ പള്ളിയറയിലേക്കു പോയി. അവിടെ സുൽത്താൻ മനോഹരമായ പരവതാനിക്കു നടുവിൽ വിരിച്ചിട്ട മെത്തമേൽ ചുറ്റുമുള്ള ഉരുളൻ തലയിണകൾക്കു നടുവിൽ ക്ഷീണിച്ചു കിടപ്പായിരുന്നു. തൊട്ടടുത്തുള്ള കൊത്തു പണികളുള്ള കുറിയ മേശമേൽ വെച്ച വെള്ളിക്കപ്പിൽ നിറച്ച മുന്തിരിച്ചാറിൽ ഈച്ചകൾ വീണിരുന്നു.

അവൾ കൈ കൊട്ടിയപ്പോൾ ഒരു പാറാവുകാരൻ പ്രത്യക്ഷപ്പെട്ട് താണു വണങ്ങി നിന്നു.

മുന്തിരിച്ചാറുള്ള കപ്പ് ചൂണ്ടിക്കാട്ടി അവൾ പറഞ്ഞു.

ഇതു മാറ്റി നല്ല മുന്തിരിച്ചാറും ഭക്ഷണവും കൊണ്ടുവരാൻ പറയൂ.
ശരി. പാറാവുകാരൻ തല കുനിച്ചു കൊണ്ട് പിൻവാങ്ങി.
നിമിഷങ്ങൾക്കകം നാലു സുന്ദരികൾ താലത്തിൽ മുന്തിരിച്ചാറും ഭക്ഷണവുമായി എത്തി. സുൽത്താൻ ഒരു പരിതപ്ത നിമിഷത്തിൽ എല്ലാ സുന്ദരികളേയും തന്റെ അറയിൽ നിന്ന് പുറത്താക്കിയതായിരുന്നു.
സാധനങ്ങൾ മാർബ്ൾ മേശമേൽ നിരത്തിയശേഷം അവരോട് പൊയ്ക്കൊള്ളാൻ നസ്റീൻ ആവശ്യപ്പെട്ടു. അവൾ തന്നെ മുന്തിരിച്ചാറ് വെള്ളിക്കപ്പിലാക്കി പിതാവിന് കൊടുത്തു. അദ്ദേഹം അതു വാങ്ങി കുടിച്ചു. സാവകാശത്തിൽ അദ്ദേഹത്തെക്കൊണ്ട് കുറച്ച് ഭക്ഷണം കഴിപ്പിക്കാനും അവൾക്കു പറ്റി.
പെട്ടെന്ന് കവിയുടെ കവിതാശകലങ്ങൾ വളരെ ദൂരെയെന്നവണ്ണം കേൾക്കാൻ തുടങ്ങി.
‘അവർ പറയുന്നു
എന്റെ മരണമടുത്തെന്ന്
പക്ഷേ അതിലെന്തിരിക്കുന്നു
എന്റെ പ്രേമം അനശ്വരമാണ്
എന്റെ ആത്മാവ്
ഏതെങ്കിലും മരുപ്പച്ചയുടെ
ശീതളഛായയിൽ
നിന്റെ ആത്മാവിനേയും കാത്ത്
കയാമത്ത് നാൾവരെയിരിക്കും
ഋതുക്കളും വർഷങ്ങളും കൊഴിഞ്ഞു വീഴുന്ന
കാലത്തിന്റെ രാജവീഥിയിൽ
ഈ ദൂരം എത്ര ചെറുതാണ്.’
നസ്റീൻ പിതാവിനെ നോക്കി മന്ദഹസിച്ചു. അദ്ദേഹം ചിന്താകുലനായി.
പിതാവ് ഞാൻ പറഞ്ഞാൽ കേൾക്കുമോ?
എന്റെ പൊന്നോമന പറഞ്ഞതല്ലാതെ ഞാൻ എന്താണ് കേൾക്കുക?
കവിക്ക് മരിക്കുന്നതിനു മുമ്പ് എന്നെ പിറന്നപടി കാണണമെങ്കിൽ കണ്ടോട്ടെ. ഏതായാലും അയാൾ മരിക്കാൻ വിധിക്കപ്പെട്ട ആളാണ്. പിന്നെ എന്താണ് കുഴപ്പം?
സുൽത്താൻ ഞെട്ടി. തന്റെ പ്രിയപുത്രിക്ക് ഇക്കാര്യം അറിയാമായിരുന്നു എന്നത് ഒരു ജാള്യതയോടെ അദ്ദേഹം മനസ്സിലാക്കി.
നീണ്ട സംവാദങ്ങൾക്കുശേഷം സുൽത്താനെ ബോദ്ധ്യപ്പെടുത്താൻ നസ്റീനു കഴിഞ്ഞു.
ഇങ്ങിനെയാണ് തീർച്ചയാക്കിയത്. അടുത്ത വെള്ളിയാഴ്ച (കാരണം തിങ്കളാഴ്ചക്കുളി ഇന്നലെ കഴിഞ്ഞു, അത്യാഹിതങ്ങളൊന്നുമില്ലാതെ തന്നെ.) കുളി കഴിഞ്ഞുള്ള ഘോഷയാത്രക്കിടയിൽ കവിക്ക് തന്നെ ഒരുനോക്കു കാണാൻ അവസരം കൊടുക്കാം.
വെള്ളിയാഴ്ചത്തെ നീരാട്ടു കഴിഞ്ഞ് സുഗന്ധ ദ്രവ്യങ്ങളാൽ ആലേപനം ചെയ്ത രാജകുമാരി തന്റെ അടിമ സുന്ദരികളായ സഖികളാൽ വലയം ചെയ്യപ്പെട്ട് ചുവപ്പും മഞ്ഞയും പൂക്കളുള്ള പതുത്ത പരവതാനിയിട്ട ഇടനാഴിയിലൂടെ നേപഥ്യഗൃഹത്തിലേക്കുള്ള ഘോഷയാത്ര ആരംഭിച്ചു.
ചേങ്ങല മുട്ടി മുമ്പിൽ നടന്ന നഗ്നയായ പെൺകുട്ടിക്കും പിന്നിൽ ഒരു വരിയിൽ അഞ്ചു നഗ്നസുന്ദരികൾക്കും അതിനു പിന്നിലെ വരിയിലെ അഞ്ചു നഗ്നസുന്ദരികൾക്കും ഇടയിൽ സുന്ദരിയായ നസ്റീൻ രാജകുമാരി നഗ്നയായി, നഗ്നപാദയായി നടന്നു. അവൾ ഒരു ഭ്രാന്തൻ കവിയുടെ കണ്ണുകൾ അന്വേഷിച്ച് ചുറ്റും നോക്കി. ഇടനാഴിയുടെ പകുതി ദൂരം പിന്നിട്ടപ്പോഴാണ് അവൾ കവിയെ കണ്ടത്. കവിയുടെ ഒപ്പമുള്ള മൂന്ന് പട്ടാളക്കാർ കമിഴ്ന്നു കിടക്കുകയായിരുന്നു.
പെട്ടെന്ന് നസ്റീൻ ഉറക്കെ പൊട്ടിച്ചിരിച്ചു. കാരണം കവിയും നഗ്നനായിരുന്നു. നഗ്നയായ രാജകുമാരിയെ കാണാൻ പോകുമ്പോൾ താനും സ്വയം നഗ്നനാവുന്നതാണ് ഔചിത്യമെന്ന് കവി കരുതി. അതുകൊണ്ട് പട്ടാളക്കാർ കമിഴ്ന്നു കിടന്നപ്പോൾ അദ്ദേഹം സ്വയം വസ്ത്രങ്ങൾ അഴിച്ചുമാറ്റി. ഈ ഔചിത്യബോധമാണ് അദ്ദേഹത്തെ മികച്ച കവിയാക്കിയത് എന്ന് പിന്നീട് പലരും പറയുകയുണ്ടായിട്ടുണ്ട്.
രാജകുമാരി നിന്നുകൊണ്ട് അയാളുടെ നഗ്നത നോക്കി ഉറക്കെ ചിരിച്ചു. മൂക്കിനു നേരെ മുന്നോട്ടു നടന്നിരുന്ന തോഴിമാർ ഒരു വശത്ത് അപകടം പതിയിരുന്നത് കണ്ടില്ല. രാജകുമാരിയുടെ ചിരിയുടെ കാരണം കണ്ടുപിടിക്കാൻ ശ്രമിച്ച ആ നഗ്നസുന്ദരികൾ ബോധം കെട്ടുവീണു. ബോധംകെടാൻ മാത്രം ഭാഗ്യം ചെയ്തിട്ടില്ലാത്തവർ കണ്ണു പൊത്തി കുമ്പിട്ടിരിക്കയും സർവ്വശക്തനായ ദൈവത്തിന്റെ പേർ വിളിക്കുകയും ചെയ്തു.
രാജകുമാരി ഇതുവരെ ഒരു പുരുഷന്റെ നഗ്നത കണ്ടിട്ടുണ്ടായിരുന്നില്ല. കൊട്ടാരത്തിലെ കർക്കശമായ സദാചാരമുറകൾ രാജകുമാരിയെ ഭോഗാസക്തമായ ചിന്തകളിൽ നിന്നും അറിവുകളിൽനിന്നും രക്ഷിച്ചിരുന്നു. കവിയുടെ പൗരുഷം കൺകുളിർക്കെ കണ്ട നസ്റീൻ വളരെ ഉല്ലാസവതിയായി. അപ്പോഴേക്കും ബോധം പകുതിയെങ്കിലും തിരിച്ചുകിട്ടിയ തോഴിമാരോടൊപ്പം നടന്നുനീങ്ങി.
അവൾക്കു വസ്ത്രം ധരിക്കാൻ ധൃതിയുണ്ടായിരുന്നു. അതിനു മുമ്പുതന്നെ അവൾ അവളുടെ ഇഷ്ടതോഴിയായ

റസിയ എന്ന അടിമ സുന്ദരിയെ പിതാവിന്റെ അടുത്തേയ്ക്കു വിട്ടു, ഒരടിയന്തിര കാര്യം പറയാൻ താൻ വരുന്നുണ്ടെന്നു പറഞ്ഞയച്ചു.

വളരെ ഉല്ലാസവതിയായ മകളെ കണ്ട് സുൽത്താൻ അത്ഭുതപ്പെട്ടു. നസ്റീൻ അപമാനിതയായി വിവർണ്ണയായി കാണപ്പെടുമെന്നാണ് സുൽത്താൻ കരുതിയത്.

എന്റെ പൊന്നുമോൾക്ക് എന്തു വേണം?

നസ്റീൻ സുൽത്താന്റെ അടുത്തു ചെന്ന്, അദ്ദേഹത്തിന്റെ കഴുത്തിലൂടെ കയ്യിട്ടു കൊണ്ടു പറഞ്ഞു.

പിതാവേ, ഞാൻ ഒരു കാര്യം ചോദിച്ചാൽ അതു ചെയ്തുതരാമെന്ന വാഗ്ദാനം ചെയ്യൂ.

എന്റെ കിളിക്കുഞ്ഞിനല്ലാതെ വേറെ ആർക്കാണ് ഞാൻ വാഗ്ദാനം ചെയ്യുക?

അദ്ദേഹം നസ്റീനെ കൊഞ്ചിച്ചുകൊണ്ട് പറഞ്ഞു. അവളുടെ സമൃദ്ധമായ കേശഭാരം അദ്ദേഹം വാത്സല്യത്തോടെ തടവി.

ഒരു കള്ളച്ചിരിയോടെ നസ്റീൻ രാജകുമാരി പറഞ്ഞു.

എങ്കിൽ എനിക്ക് ആ ഭ്രാന്തൻകവിയെ കൊണ്ടുവന്നു തരൂ. എനിക്കയാളെ ഇഷ്ടായി.

back to index

# ആരോ ഒരാൾ പിന്നിൽ

ആനന്ദൻ എന്തിനെയോ പേടിക്കുന്നുണ്ട്. അത് കല്ല്യാണിക്കുട്ടിക്ക് മനസ്സിലായത് കഴിഞ്ഞ രണ്ടു മണിക്കൂറായി അവൻ തന്റെ പിന്നിൽ നിന്നൊഴിയാതെ നടന്നപ്പോഴാണ്. അടുക്കളയിൽ നിന്ന് തളത്തിലേക്കും, തളത്തിൽ നിന്ന് ഉമ്മറത്തേക്ക്, ഉമ്മറത്തുനിന്ന് വീണ്ടും തളത്തിലേക്ക് എവിടെ പോവുമ്പോഴും ആനന്ദൻ തന്റെ പിന്നിലുണ്ട്.

എന്താ മോനെ നിനക്ക് വേണ്ടത്?

കല്ല്യാണിക്കുട്ടി ചോദിച്ചു.

ഊ ഉം. അവന്റെ മറുപടി ഒരു മൂളൽ മാത്രം.

നീയെന്റെ കാലിന്റെ എടേൽ കിടന്ന് കളിക്കാതെ മാറിനിൽക്ക്. ഞാൻ തടഞ്ഞുവീഴും. സാമ്പാറിന്റെ പാത്രം അടുപ്പത്തു നിന്നിറക്കിവെച്ചുകൊണ്ട് അവൾ പറഞ്ഞു.

ഇന്നെന്തേ നീ കളിക്കാനൊന്നും പോയില്ലേ?

ഊ ഉം.

അടുത്ത വീട്ടിൽ വീഡിയോയിൽ സിനിമ കണ്ടുവന്ന ശേഷം അവന് ചായയും പലഹാരവും കൊടുത്തതാണ്. സാധാരണ അവൻ ചായ കുടിച്ചു കഴിഞ്ഞ് കളിക്കാൻ പോകും. ആറു മണിയോടെ തിരിച്ചുവന്നാൽ കുളിക്കും. കുറച്ചു നേരം പഠിച്ചെന്നു വരുത്തും. ഇന്ന് അതൊന്നുമുണ്ടായില്ല.

നീയെന്താ ഇന്ന് എന്റെ മൂട്ടില് കുടീരിക്കണത്? ഒന്നും ചെയ്യാനില്ലെങ്കില് കുളിച്ച് വല്ലതും പഠിക്കാൻ നോക്കിക്കൂടേ?

കുളിക്കുന്ന കാര്യം പറഞ്ഞപ്പോൾ അവൻ അമ്മയോട് കൂടുതൽ ചേർന്നു നിന്നു.

എന്താ നെനക്ക്  വേണ്ടത്? കല്ല്യാണിക്കുട്ടി അക്ഷമയായി ചോദിച്ചു.

എനിക്ക്..... എനിക്ക്, അവൻ വിക്കിക്കൊണ്ട് പറഞ്ഞു. എനിക്ക് പേടിയാവുന്നു.

പെട്ടന്നവരുടെ സ്വരം ആർദ്രമായി.

എന്തിനാ മോനെ നീ പേടിക്കണെ?

ഞാനിന്ന് രാജിച്ചേച്ചിടവിടെ ഒരു സിനിമ കണ്ടു. അതില് പേടിപ്പിക്കണ സാധനൊക്കെണ്ട്.

സിനിമ കണ്ടിട്ടൊക്കെ ആരെങ്കിലും പേടിച്ചിരിക്ക്യോ?

കല്ല്യാണിക്കുട്ടിക്ക് സമാധാനമായി. ഒരു സിനിമ കണ്ടിട്ടുള്ള പേടിയല്ലേ. സാരമില്ല. അദൃശ്യരായി നമുക്കു ചുറ്റും എപ്പോഴും സഞ്ചരിക്കുന്ന അരൂപികൾ പലപ്പോഴും രൂപം ധരിച്ച് നമ്മെ പേടി പ്പെടുത്താറുണ്ട്. പ്രത്യേകിച്ച് കുട്ടികളെ. അങ്ങിനെയുള്ള പേടി ഭയപ്പെടേണ്ടതാണ്. അത് കൂടുതൽ ആപത്തുകൾ വരുത്തിവെക്കുന്നത് കല്ല്യാണിക്കുട്ടി കണ്ടിട്ടുള്ളതാണ്.

എന്തിനാ ഈ കുട്ടികള് ഇങ്ങനെ പേടിപ്പിക്കണ ചിത്രൊക്കെ എടുത്തു കൊണ്ടു വരണത്?

അവർ അയൽവീട്ടിലെ കുട്ടികളെ മനസ്സിൽ ചീത്തപറഞ്ഞു. ഒന്നുകിൽ കുട്ടികളും മക്കളുമായി കാണാൻ പറ്റാത്ത വൃത്തികെട്ട ചിത്രങ്ങൾ, അല്ലെങ്കിൽ പേടിപ്പിക്കുന്ന ചിത്രങ്ങൾ. ഇതല്ലാതെ ഒന്നുംല്ല്യ.

അച്ഛൻ ഓഫീസിൽനിന്നു വന്നപ്പോഴും അനന്ദന്റെ പേടി മാറിയിരുന്നില്ല. അച്ഛനെ കണ്ടപ്പോൾ അവന് ആശ്വാസ മായി എന്നുമാത്രം.

കാര്യം കേട്ടപ്പോൾ കേശവൻ ഉറക്കെ ചിരിച്ചു ഇത്രല്ലെള്ളു. ഇതിനൊക്കെ പേടിച്ചാലോ! ആട്ടെ സിനിമേല് എന്തു കണ്ടിട്ടാ നീ പേടിച്ചത്?

അവന്റെ മുഖത്ത് ഭയം നിറഞ്ഞു. അവൻ ചുറ്റും നോക്കി അച്ഛനോട് ചേർന്നിരുന്നു.

സിനിമേല് പേടീണ്ടാക്കണ പലതുംണ്ട്. പൈപ്പ് തുറക്കുമ്പോൾ ടാപ്പിൽ നിന്ന് വെള്ളത്തിനു പകരം ചോര വര്വാ.

ടാപ്പിൽ നിന്നോ, ചോരയോ?

അതെ. പിന്നെ ആൾക്കാർക്ക് ഒരു സൂക്കെട് വര്വാണ്. കയ്യിന്റെ വെരലൊക്കെല്ല്യ; അതൊക്കെ മെഴുകുതിരി മാതിരി ഉരുക്വാ. ഉരുകു ഉരുകി വിരലില്ലാതാവും. പിന്നെ കൈ. അതുപോലെ മൂക്ക്, ചെവി ഇതൊക്കെ ഉരുകി കുറച്ചു കഴിഞ്ഞാൽ ആൾ ഉരുകി ഇല്ല്യാതാവും. ശരിക്കും അങ്ങനെ ഒരു സൂക്കേടുണ്ടത്രെ...... രാജിച്ചേച്ചി പറഞ്ഞതാ.

അയാൾ ഒന്നും പറഞ്ഞില്ല. അയാൾ ആലോചിക്കുകയായിരുന്നു. താൻ കൊണ്ടുവന്ന ബ്രീഫ്കേസിലെ പണം കല്ല്യാണിക്കുട്ടി ഭദ്രമായി വെച്ചിട്ടുണ്ടാവില്ലേ? വന്ന ഉടനെ ബ്രീഫ്കേസ് കൊടുക്കുമ്പോൾ കണ്ണുകൊണ്ട് ആംഗ്യം കാണിച്ചതാണ്. അതിനകത്തുണ്ടെന്ന്.

പെട്ടന്നയാൾ വിയർക്കാൻ തുടങ്ങി. എപ്പോഴും അങ്ങിനെയാണ്. ഓഫീസിൽ നിന്ന് കള്ള വൗച്ചർ ഒപ്പിട്ട് മറ്റുള്ള കടലാസ്സുകളെല്ലാം ശരിയാക്കിയ ശേഷമാണ് പതിനായിരം എടുക്കുന്നത്. എല്ലാ കടലാസും ശരിയാണ്. ഓഡിറ്റർ മാർക്കുകൂടി അതു കണ്ടുപിടിക്കാനാവില്ല. ഒരു ദിവസത്തെ കലക്ഷൻ നോക്കുമ്പോൾ പതിനായിരം അത്ര വലിയ തുകയൊന്നുമല്ല.

കല്ല്യാണിക്കുട്ടി കൊണ്ടുവന്നു കൊടുത്ത ചായ മൊത്തിക്കുടിച്ചുകൊണ്ടയാൾ ഓർത്തു, ഇനിയും  ഒരു കൊല്ലം കൂടി. പിന്നെ ഭാര്യയും മകനുമായി ഇവിടം വിടണം. കോയമ്പത്തൂരോ മദ്രാസോ പോയി വീടെടുക്കണം. ആരും

അറിയില്ല.
ഉവ്വോ അച്ഛാ, അങ്ങിനത്തെ രോഗംണ്ടാവ്വോ? ആനന്ദൻ ചോദിച്ചു.
അയാൾ കൈലർത്തി. ഞാൻ കേട്ടിട്ടില്ല. അതൊക്കെ സിനിമക്കാര് ആൾക്കാരെ പേടിപ്പിക്കാൻ വേണ്ടി ഓരോന്ന് കാട്ടിക്കൂട്ടണതാണ്.
ഈ കുട്ടികളെ പേടിപ്പിക്കാൻ വേണ്ടി ഓരോ സിനിമകള്. കല്ല്യാണിക്കുട്ടി പറഞ്ഞു. എത്ര നല്ല സിനിമകള്ണ്ട്. ന്നാ അതേതെങ്കിലും എടുത്താ മതി. ഈ കുട്ടികള് അത് ചെയ്യില്ല്യ.
ആരാ ഈ ടൈപ്പ് സിനിമയൊക്കെ എടുക്കുന്നത്? കേശവൻ ചോദിച്ചു.
ആ രാജീം സുധേം. അല്ലാതാരാ?
വേറാളുടെ വീട്ടിപോയി സിനിമ കാണുമ്പോ അവര് എട്ക്കണ സിനിമ കാണാനല്ലേ  പറ്റൂ. നമുക്കിപ്പൊ ടി.വീം വീഡിയോം ഒന്നും വാങ്ങാൻ പറ്റില്ല.
പറ്റും. കേശവൻ മനസ്സിൽ കരുതി. പക്ഷേ അതു ചെയ്യാതിരിക്കയാണ് നല്ലത്. ആയിരത്തഞ്ഞൂറ് ഉറുപ്പിക ശമ്പളമുള്ള ഒരാൾക്ക് വാങ്ങാൻ കഴിയുന്നതൊന്നുമല്ല ടിവിയും വീഡിയോയും.
പിന്നെ അച്ഛാ ടാപ്പീന്ന് എങ്ങിന്യാ ചോര വര്വാ?
നീയൊന്നു മിണ്ടാതിരിക്ക് ടാപ്പീന്ന് ചോര വര്വാ?
അതെയച്ഛാ, ഒരു വീട്ടില് ഈ സൂക്കേട്ണ്ടന്ന് മനസ്സിലാവാ ടാപ്പില് ചോര വന്നു തുടങ്ങുമ്പോഴാണ്. അപ്പൊ മനസ്സിലാക്കാം വീട്ടിൽ ആർക്കെങ്കിലും ഈ സൂക്കേട് പിടിപെട്ടിട്ടുണ്ടന്ന്.
വിഡ്ഢിത്തം പറയല്ലെ. കേശവൻ പറഞ്ഞു. നീ പോയി കുളിച്ച് വല്ലതും പഠിക്കാൻ നോക്ക്.
എനിക്ക് പേടിയാവുന്നു.
ഉറങ്ങുന്നതിനുമുമ്പ് എന്നും അയാൾ അരിപ്പെട്ടിയുടെ അടിയിൽ തപ്പി നോക്കി. അരിയിലൂടെ കൈകളിട്ട് അയാൾ അടിയിൽ അട്ടിയാക്കിവെച്ച കടലാസുപൊതികൾ തപ്പിനോക്കി. ഇന്നത്തെ പൊതിയടക്കം പന്ത്രണ്ട്. അയാൾ അരിപ്പെട്ടിയിൽനിന്നു കയ്യെടുത്തു.
ആനന്ദൻ ഉറക്കമായിരുന്നു. അവനെ പുതപ്പിച്ചുകൊണ്ട് അയാൾ അടുത്തു കിടന്നു.  കല്ല്യാണിക്കുട്ടി അടുക്കളയിൽ പാത്രം കഴുകുകയാണ്. ടാപ്പിൽ വെള്ളം വീഴുന്ന ശബ്ദം, പാത്രങ്ങളുടെ ശബ്ദം. പിന്നെ ഈർക്കിൽ ചൂലുകൊണ്ട് കൊട്ടത്തളം അടിച്ചുവാരുന്ന ശബ്ദം. അയാൾ കല്ല്യാണിക്കുട്ടി വരുന്നതും കാത്തു കിടന്നു. ഇനി അടുക്കളയുടെ വാതിൽ അടച്ച് അവൾ വരും.
എന്തുകൊണ്ടോ അയാൾ ടാപ്പിൽ നിന്ന് ചോര വരുന്നതിനെപ്പറ്റിയോർത്തു. ആനന്ദൻ ശരിക്കും പേടിച്ചിട്ടുണ്ടാകും. മൂത്രമൊഴിക്കാൻ കുളിമുറിയിൽ കടക്കാൻ കൂടി താൻ ഒപ്പം പോകേണ്ടിവന്നു. ഊണു കഴിച്ച് കൈ കഴുകിയത് ചെമ്പിൽ പിടിച്ചുവെച്ച വെള്ളം മുക്കിയെടുത്തിട്ടാണ്. ടാപ്പ് അവന് പേടിയായിരിക്കുന്നു.
പെട്ടെന്ന് കേശവൻ ഞെട്ടി.
വാതിൽക്കൽ ആരോ ബെല്ലടി ച്ചു. ബെല്ലിന്റെ പരുഷമായ ശബ്ദം കേട്ടതും അടുക്കളയിൽ ചൂലിന്റെ ശബ്ദം നിന്നു. കല്ല്യാണിക്കുട്ടിയും ഇപ്പോൾ പകച്ചിരിക്കുകയായി രിക്കും. ആരായിരിക്കും അത്? രാത്രി പത്തുമണിക്ക്. അയാൾ എഴുന്നേറ്റ് വാതിൽ തുറക്കാൻ പോയി.
കല്ല്യാണിക്കുട്ടിയും അടുക്കള വാതിൽക്കൽ വന്നുനിന്നു.
ആരാണ് ഈ നേരത്ത്?
അവൾ നനഞ്ഞ കൈകൾ സാരിത്തുമ്പിൽ തുടച്ചു.
അയാൾ വാതിൽ തുറക്കണോ എന്ന് സംശയിച്ചു നിന്നപ്പോൾ വീണ്ടും ഒരു ബല്ല്. അയാൾ  വാതിൽ തുറന്നു. അയൽക്കാരൻ. ഒരു മുണ്ടും തോർത്തും വേഷം.
നിങ്ങൾ കെടന്നിട്ടില്ലല്ലൊ. ഉമ്മറത്ത് വെളിച്ചം കണ്ടപ്പൊ ഒറങ്ങീട്ട് ണ്ടാവില്ല്യാന്ന് തോന്നി. അതോണ്ട് വിളിച്ചതാ.
എന്താ വിശേഷം? കേശവന്റെ ശബ്ദത്തിൽ കുറച്ച് അസഹ്യതയുണ്ടായിരുന്നു.
ഇന്നുച്ചക്ക് ഒരു മൂന്നുമണി സമയത്ത് ഒരാള് നിങ്ങടെ പടിക്കല് ചുറ്റിപ്പറ്റി നിക്കണത് കണ്ടൂത്രെ മാലതി. ഒന്നു രണ്ടു പ്രാവശ്യം ഗേയ്റ്റി ന്റെ ഉള്ളിൽ കടന്ന് നിങ്ങടെ വാതിൽവരെ വന്നൂത്രെ. പക്ഷെ ബെല്ലടിക്കാതെ തിരിച്ചു പോയി. ഒരരമണിക്കൂറങ്ങിനെ നിന്നിട്ട് തിരിച്ചു പോയത്രെ.
ആരായിരിക്കും അത്? കേശവൻ ആലോചിച്ചു.
ഞാൻ ഇപ്പൊ വന്നിട്ടേയുള്ളു കടേൽന്ന്. അപ്പൊ നിങ്ങളോട് പറയാച്ചിട്ട് വന്നതാ. ഇക്കാലത്ത് ആരീം വിശ്വസിക്കാൻ വയ്യല്ലൊ.
നന്നായി പറഞ്ഞത്. കേശവൻ പറഞ്ഞു. ആരാന്ന് മനസ്സിലായില്ല.
ഞാൻ പോട്ടെ.
ശരി. നേരത്തെ മുഖം കറുപ്പിച്ചതിന് പ്രായശ്ചിത്തമായി കേശവൻ സ്വരം ആവുന്നത്ര മയപ്പെടുത്തി.
കേശവന് ഉറക്കം വന്നില്ല. സാധാരണ കിടന്നാൽ കല്ല്യാണിക്കുട്ടി അടുക്കള വാതിലടച്ച് കുളിമുറിയിൽ പോയി അടുത്തുവന്ന് കിടക്കുമ്പോഴേക്ക് മയക്കമായിട്ടുണ്ടാവും. കുളിമുറിയിൽ നിന്നവൾ നഗ്നയായിട്ടാണ് വരുക. തന്റെ അരികിൽ വന്നു കിടക്കുമ്പോൾ അയാൾ ഉണരും. ജനലിലൂടെ വരുന്ന നേരിയ വെളിച്ചത്തിൽ അയാൾ കല്യാ

ണിക്കുട്ടിയുടെ ദേഹം നോക്കിക്കിടക്കും. ചെലവു ചുരുക്കൽ പരിപാടിയിൽ തുടങ്ങിയതാണ് നഗ്നയായി കിടക്കുക എന്നത്. രാത്രി മേൽ കഴുകിയാൽ മുഷിഞ്ഞ സാരിയും ബ്ലൗസും ഇടാൻ തോന്നില്ല അപ്പോൾ ഗൗൺ ഇടണം. ഒരു ഗൗണിന് മുപ്പത് നാല്പത് ഉറുപ്പികയാവും. പിന്നെ അതു തിരുമ്പാനുള്ള ചെലവും. അതിലും അത്യാവശ്യകാര്യങ്ങൾക്കുള്ള പണമില്ലാതിരുന്ന ഒരു കാലമായിരുന്നു അത്. ഇന്ന് നൈറ്റ്ഗൗണിന്റെ വിലയോ തിരുമ്പാനുള്ള ചെലവോ പ്രശ്നമില്ല. പക്ഷേ അന്നു തുടങ്ങിയ ശീലം ഇന്നും തുടരുന്നു.

അവൾ ഒന്നും പറയാതെ കിടക്കുകയാണ്. കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം അവൾ ചോദിച്ചു.

നിങ്ങൾ ഉറങ്ങ്യോ?

ഊ ഉം.

ആരായിരിക്കും മൂന്ന് മണിക്ക് വന്നത്?

ഒരു നിമിഷം കഴിഞ്ഞ് അയാൾ പറഞ്ഞു.

അറിയില്ല.

അയാളും അത്രയും സമയം അതു തന്നെയായിരുന്നു ആലോചിച്ചു കൊണ്ടിരുന്നത്. അയാൾക്ക് അടുത്ത കാലത്ത് വളരെ പെട്ടെന്ന് പേടിപിടിച്ചിരുന്നു. വാതിൽക്കൽ ഒരു മുട്ട്, പരിചയമില്ലാത്ത ഒരാളുടെ നോട്ടം, കമ്പനിയുടമയുടെ വിളി. എല്ലാം അയാളെ ഞെട്ടിച്ചു.

വല്ലോരും എന്നെ കാണാൻ വന്നതാവും. ഉറങ്ങ്വാവും വിളിക്കണ്ടാച്ച്ട്ട് പോയതാവും.

ഭാര്യയ്ക്ക് ധൈര്യം പകരേണ്ടത് താനാണെന്നും അതുകൊണ്ട് ധൈര്യം നടിക്കുകയാണ് നല്ലതെന്നും അയാൾക്കറിയാം.

എനിയ്ക്കു പേട്യാവുണു. കല്ല്യാണിക്കുട്ടി പറഞ്ഞു. നമ്മള് ഈ ചെയ്യണതൊക്കെ എന്നെങ്കിലും കണ്ടുപിടിച്ചാൽ.

അതൊന്നും ആരും കണ്ടുപിടിക്കാൻ പോണില്ല. ഇനി ഒരു കൊല്ലം കൂടി മതി. അതു കഴിഞ്ഞാൽ നമ്മള് പോവായി.

അപ്പോഴേക്ക് എത്ര്യാവും?

ഏകദേശം മൂന്നുലക്ഷം. മൂന്നെങ്കിലും ആയാലേ എന്തെങ്കിലും ചെയ്യാൻ പറ്റൂ.

കുറച്ചു നേരം അവൾ ഒന്നും പറഞ്ഞില്ല. പിന്നെ പതുക്കെ പറഞ്ഞു.

ശരിക്കും പറഞ്ഞാൽ നമ്മള് കക്കല്ലെ ചെയ്യണത്.

അയാൾ ഒന്നും പറഞ്ഞില്ല. അതൊന്നും അയാൾ ഓർക്കാൻ ഇഷ്ടപ്പെടാത്ത കാര്യങ്ങളാണ്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അയാൾ കയ്യിൽ കാൽക്കാശില്ലാതെ കഷ്ടപ്പെട്ട ദിവസങ്ങൾ ഓർക്കും.

മോൻ കുട്ടിയായിരിക്കുമ്പോൾ പാൽ കൊടുക്കാനില്ലാതെ കഷ്ടപ്പെട്ടത് ഓർമ്മണ്ടോ നിനക്ക്?

അയാൾ ചോദിച്ചു.

അന്ന് എഴുന്നൂറുറുപ്പികയാണ് കാഷിയർ എന്ന നിലയിൽ അയാളുടെ ശമ്പളം. കയ്യിൽ കിട്ടിയിരുന്നത് അറുനൂറുറുപ്പികയും. അതുകൊണ്ട് എങ്ങിനെ ജീവിക്കും. പാൽ നിർത്തിയപ്പോൾ പാൽക്കാരൻ വഴക്കു പറഞ്ഞു. വേറെ ആരുടെയെങ്കിലും അടുത്തുനിന്ന് പാൽ വാങ്ങാനാണ് അവന്റെ പാൽ നിർത്തിയതെന്നായിരുന്നു പാൽക്കാരൻ ധരിച്ചത്. സത്യം, പറയാൻ കൊള്ളാത്തവിധം വിരൂപമായിരുന്നു.

നമ്മള് കഷ്ടപ്പെട്ടതൊന്നും പറയാതിരിക്ക്യാ നല്ലത്. കല്ല്യാണിക്കുട്ടി പറഞ്ഞു.

എന്തെങ്കിലും പ്രചോദനം ഇല്ലെങ്കിൽ ഇന്നത്തെ ഉറക്കം നശിച്ചതുതന്നെ. അയാൾ ചോദിച്ചു.

കുപ്പീല് വല്ലതും ബാക്കീണ്ടോ.

ണ്ടാവും. അവൾ പറഞ്ഞു. എന്തിനാ കുടിക്കണത്? ഇനി അതൊരു ശീലാവും.

ആദ്യത്തെ ദിവസം പതിനായിരത്തിന്റെ കെട്ട് വീട്ടിലേക്ക് കൊണ്ടുവന്ന അന്നാണ് ആദ്യമായി കുടിച്ചത്. ഉറക്കം കിട്ടാൻ. പിന്നെ അത് ഇടയ്ക്കിടയ്ക്കായി. കുടിച്ചു കഴിഞ്ഞാൽ ധൈര്യം കിട്ടുന്നു. കല്ല്യാണിക്കുട്ടിയുമായി ഇണ ചേരാൻ ഉത്തേജനം കിട്ടുന്നു. അതു കഴിഞ്ഞാൽ പെട്ടെന്ന് ഉറക്കവും കിട്ടുന്നു.

നീ ഒരു ഗ്ലാസ് എടുക്ക്.

കല്ല്യാണിക്കുട്ടി എഴുന്നേറ്റു. അടുക്കളയിൽ പോയി ഒരു ഗ്ലാസും വെള്ളവും കൊണ്ടുവന്നു. ചുവരലമാരി തുറന്ന് കുപ്പിയെടുക്കുമ്പോൾ അവളുടെ നഗ്നമായ പിൻഭാഗം ജനലിലൂടെ വന്ന വെളിച്ചം പ്രകാശമയമാക്കുന്നത് കേശവൻ നോക്കി. വിസ്കി ഗ്ലാസിൽ എടുത്ത് വെള്ളം ചേർത്ത് അയാൾ കട്ടിലിന്റെ തലയ്ക്കൽ ചാരിയിരുന്നു.

ദുരന്തങ്ങൾ ഏറ്റുവാങ്ങാൻ തയ്യാറായി കല്ല്യാണിക്കുട്ടി അടുത്തുവന്നിരുന്നു.

അപരിചിതൻ പിന്നെയും വന്നു. മൂന്നുമണി നേരത്തുതന്നെ. കല്ല്യാണിക്കുട്ടി ജനലിന്റെ വിടവിലൂടെ നോക്കി നിന്നു. തലേദിവസത്തെ സംഭവങ്ങൾ അവളെ വല്ലാതെ ഭയപ്പെടുത്തിയിരുന്നു. ഇന്നും ഉച്ചയ്ക്ക് ജോലിയെല്ലാം കഴിഞ്ഞ് അവൾ കിടന്നതായിരുന്നു. നാലരക്കേ ആനന്ദൻ വരികയുള്ളൂ. നാലുമണിവരെ കിടക്കും. കിടന്നിട്ടും ഉറക്കം വരുന്നില്ല. കുറച്ചുകഴിഞ്ഞ് വെറുതെ ജനലിന്റെ പാളകൾക്കിടയിലൂടെ പുറത്തേക്കു നോക്കിയതാണ്. അപ്പോഴാണ് അയാൾ പടിക്കൽ നിൽക്കുന്നത് കണ്ടത്. വെളുത്ത ഷർട്ടും മുണ്ടും. കുറ്റിരോമങ്ങൾ ഒരു ബീഡിയും വലിച്ച് അയാൾ അവിടെ നിൽക്കുന്നു. ഇടയ്ക്കിടയ്ക്ക് തങ്ങളുടെ വാതിൽക്കലേക്ക് നോക്കുന്നുമുണ്ടായിരുന്നു. അര മണിക്കൂറോളം അയാൾ അവിടെ ചുറ്റിപ്പറ്റി നിന്നു, പിന്നെ നടന്ന് അപ്രത്യക്ഷനായി.

അവളുടെ നെഞ്ച് ശക്തിയായി മിടിച്ചു. ആരാണയാൾ? എന്താണയാളുടെ ഉദ്ദേശം?

വൈകുന്നേരം കേശവൻ വന്നപ്പോഴേക്കും അവൾ വല്ലാതെ പരിഭ്രമിച്ചിരുന്നു.

നമുക്ക് വേഗം തന്നെ പോകാം എങ്ങോട്ടെങ്കിലും. അവൾ പറഞ്ഞു. ഇനി പണമൊന്നും വേണ്ട. ഉള്ളതുമതി.

നീയെന്തിനാണിങ്ങനെ പേടിക്കുന്നത്? കേശവൻ ചോദിച്ചു. അയാൾക്ക് എന്തെങ്കിലും കാര്യമുണ്ടാവും. ഓഫീസിലെ കാര്യവും അയാളുമായി ഒരു ബന്ധുംണ്ടാവാൻ വഴീല്ല്യ. ഒരു കൊല്ലത്തിനു മുമ്പൊന്നും പോകാൻ പറ്റില്ല്യ നമുക്ക്.

ഭാര്യയെ സമാധാനിപ്പിച്ചുവെങ്കിലും ഭയം അയാളിൽ സൂര്യവെളിച്ചത്തിൽ പായൽ പോലെ വളരുന്നുണ്ടായിരുന്നു. അറിയപ്പെടാത്ത ഒരു മനുഷ്യനും താനും വിധിയുടെ ഏതോ ഏടാകൂടത്തിൽ പെട്ട് ഒരു ഏറ്റുമുട്ടലിനായി തയ്യാറെടുക്കുകയാണെന്നയാൾക്കു തോന്നി.

രാത്രി ഗ്ലാസ്സ് കൊണ്ടുവരാൻ പറഞ്ഞപ്പോൾ കല്ല്യാണിക്കുട്ടി സമ്മതിച്ചില്ല. അവൾ പറഞ്ഞു. ഇന്നിനി കുടിക്കണ്ട.

മദ്യപാനവും അതിനുശേഷമുള്ള സംഭോഗവും അയാളിലെ പ്രക്ഷുബ്ധാവസ്ഥ അയയ്ക്കുന്നുണ്ടെന്നും അയാൾക്ക് സുഖമായി ഉറക്കം കിട്ടുന്നുണ്ടെന്നും അവൾക്കറിയാം. താനാവട്ടെ മനസ്സിലാവാത്ത ഭയങ്ങളുടെ അടിമയായി കണ്ണും തുറന്ന് കിടക്കുകയും പകലെങ്കിലും ഉറങ്ങാമായിരുന്നു. ഇപ്പോൾ ആ ഉറക്കവും നഷ്ടപ്പെട്ടിരിക്കുന്നു.

ആനന്ദൻ സ്കൂളിൽനിന്നു വരുന്നത് പുതിയ അറിവുകളുമായാണ്. ആ അറിവുകളാവട്ടെ അവനെ കൂടുതൽ ഭയപ്പെടുത്തുകയും ചെയ്തു. കൈവിരൽത്തുമ്പ് തൊട്ട് ഉരുകിയൊലിച്ചു പോകുന്ന അസുഖം ശരിക്കുമുള്ളതാണെന്നവൻ കണ്ടുപിടിച്ചു. ക്ലാസിലെ പല കുട്ടികൾക്കും സ്വന്തം വീട്ടിൽ അങ്ങിനത്തെ അനുഭവമുള്ളതായി സാക്ഷ്യപ്പെടുത്തി. ടാപ്പിൽ നിന്ന് ചോര വരുന്നത്. ടാപ്പ് പോട്ടെ കിണറ്റിലെ വെള്ളം മുഴുവൻ ചുവന്ന ചോരയായത് നേരിട്ടു കണ്ട ഒരുത്തൻ ക്ലാസിലുണ്ട്. അപ്പോൾ ഇതൊന്നും കെട്ടുകഥകളല്ലെന്നർത്ഥം.

എനിയ്ക്ക് എന്റേതായിട്ടുള്ള ഭയങ്ങളുണ്ട്. കേശവൻ പറഞ്ഞു. അതിന്റെ കൂടെയാണ് ഇനി ഇവന്റേതും.

ഓഫീസിൽ കേശവൻ വളരെ സൂക്ഷിച്ച് പെരുമാറി. മുതലാളിയുടെ ഓരോ ചലനവും അയാൾ സംശയത്തോടെ വീക്ഷിച്ചു. മുതലാളിക്ക് തന്റെ പേരിൽ സംശയമുണ്ടായിട്ടുണ്ടെന്നും, അത് തന്നെ അറിയിക്കാതെ വളരെ വിദഗ്ദമായി മൂടിവെക്കുകയാണെന്നും അയാൾക്കു തോന്നി. ഉച്ചയ്ക്ക് വീട്ടിൽ വരുന്ന ആൾ മുതലാളിയുടെ ആളായിരിക്കുമെന്നു വരെ കേശവൻ വിശ്വസിച്ചു. അയാളുടെ ഉറക്കം നഷ്ടപ്പെട്ടു. മദ്യമോ കല്ല്യാണിക്കുട്ടിയുടെ ദേഹമോ അയാളിൽ താല്പര്യമുണർത്തിയില്ല. ഉറക്കമില്ലാത്ത രാത്രികളിൽ അയാൾ എഴുന്നേറ്റ് ജനലിലൂടെ പുറത്തുള്ള നാട്ടുവെളിച്ചത്തിൽ അവ്യക്തരൂപങ്ങൾക്കുവേണ്ടി പരതും. രാത്രി മുറികളിൽ ഇരുട്ടത്ത് നടക്കുമ്പോൾ ആരെങ്കിലും തന്നെ പെട്ടെന്ന് പിടികൂടുമെന്നയാൾ ഭയപ്പെട്ടു. മുമ്പിലുണ്ടായേക്കാവുന്ന പ്രതിയോഗിയെ ഇടിക്കാൻ അയാൾ കയ്യോങ്ങി.

അതിനിടയ്ക്ക്  ആനന്ദൻ രാത്രിയി ൽ ഉണർന്ന് കരയുക ഒരു ശീലമാക്കിയിരിക്കുന്നു. പെട്ടെന്നുണർന്ന് അവൻ ഭയത്തോടെ കരയും.

ടാപ്പിൽ ചോര. അവൻ പറയും. എന്റെ കൈയ്യ് നോക്കു ഉരുകിപ്പോണു.

വിളക്കു കത്തിച്ച് അവന്റെ കൈകൾക്കൊന്നും പറ്റിയിട്ടില്ലെന്ന് അവനെ ബോദ്ധ്യപ്പെടുത്തും.

ബുധനാഴ്ച മുതലാളി ടൂറിനു പോകും. പിന്നെ വെള്ളിയാഴ്ചയേ വരൂ. മൂന്നു ദിവസം വേറൊരു പതിനായിരം കടത്തേണ്ട അവസരമാണ്. വേണോ വേണ്ടേ? അയാൾക്ക് തീരുമാനിക്കാൻ പറ്റിയില്ല. സമയം തന്നെ പിന്നിലാക്കി ഓടുകയാണെന്നും നഷ്ടപ്പെട്ട ഓരോ അവസരവും നഷ്ടപ്പെട്ടതു തന്നെയെന്നും അയാൾക്കറിയാം. ഒരു കൊല്ലം ഇനി പിടിച്ചു നിൽക്കാൻ പറ്റുമെന്നു തോന്നുന്നില്ല. അപ്പോൾ ഈ അവസരം എന്തായാലും കളയാൻ വയ്യ.

വൈകുന്നേരം ബ്രീഫ്കേസുമെടുത്ത് ഓഫീസിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ കേശവന് അസാധാരണമായൊന്നും തോന്നിയില്ല. പക്ഷേ ബസ്സ് സ്റ്റോപ്പിലേക്കുള്ള നടത്തത്തിനിടയിലാണ് താൻ പിന്തുടപ്പെടുന്നുണ്ടെന്ന തോന്നലുണ്ടായത്. കേശവൻ തിരിഞ്ഞു നോക്കി. ദൈവമേ, അയാൾ സ്വയം പറഞ്ഞു. ഒരാൾ തന്നെ പിൻതുടരുകതന്നെയാണ് അയാൾ ബസ്സ് സ്റ്റോപ്പിലേക്ക് നടക്കുന്ന വഴി മാറി നടന്നു. അയാളും പിന്നിൽ തന്നെയുണ്ട്. ഇന്നെന്തായാലും ആരുമായും ഒരു ഏറ്റുമുട്ടൽ പറ്റില്ല. ബ്രീഫ്കേസിനുള്ളിലെ കെട്ട് വിലപിടിച്ചതാണ്. കേശവൻ ഒഴിഞ്ഞു വരുന്ന ഓട്ടോറിക്ഷ കൈകാട്ടി നിർത്തി. ഓട്ടോ പുറപ്പെട്ടപ്പോൾ അയാൾ തിരിഞ്ഞു നോക്കി. വെളുത്ത ഷർട്ടും മുണ്ടും ധരിച്ച ആൾ വെറുതെ നോക്കി നിന്നുകൊണ്ട് കീശയിൽ നിന്ന് ഒരു ബീഡിയെടുത്ത് ചുണ്ടത്തുവെച്ച് തീപ്പെട്ടി ഉരസി കത്തിക്കുകയാണ്.

പടിക്കൽ ഓട്ടോനിർത്തി വാടക കൊടുത്തശേഷം അയാൾ ഒരുവിധം ഗേയ്റ്റ് കടന്ന് ഓടി വരികയാണ് ചെയ്തത്. ബെല്ലടിക്കുന്നതിനുമുമ്പ് അയാൾ നിന്നു. രണ്ടു കാര്യത്തിനായി. ഒന്ന് അയാൾ തന്നെ പിൻതുടരുന്നുണ്ടോ എന്ന് നോക്കണം. പിന്നെ കല്ല്യാണിക്കുട്ടി കാണുമ്പോഴേക്ക് തന്റെ കിതപ്പ് മാറ്റണം.

വാതിൽ തുറന്ന ഭാര്യയുടെ കയ്യിൽ അയാൾ ബ്രീഫ്കേയ്സ് വെച്ചുകൊടുത്തു.

ഉള്ളിലുണ്ട്, എടുത്തുവെക്കു. അയാൾ പറഞ്ഞു. പിന്നെ കുറച്ചു തണുത്ത വെള്ളം കുടിക്കാൻ തരൂ.

മൺകൂജയിൽനിന്നെടുത്ത തണുത്ത വെള്ളം കുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് അയാൾ കണ്ടത്. ആനന്ദൻ ഒരു കസേരയിൽ കൂനിയിരിക്കുന്നു. ആകെ പേടിച്ചു വശായിരിക്കുന്നു.

എന്താ മോനെ നീ പിണങ്ങിയിരിക്കണത്?

അച്ഛാ എനിക്കു പേട്യാവുന്നു.

എന്തിന്?

എനിക്കും ആ സൂക്കേട് വരാൻ പൂവാ തോന്നണു. നോക്കു എന്റെ വിരലൊക്കെ നനഞ്ഞോണ്ടിരിക്കുന്നു.

നീ വിഡ്ഢിത്തം പറയല്ലെ. അയാൾ ശാസിച്ചു. അങ്ങിനത്തെ ഒരു സൂക്കേടൊന്നുംല്ല്യ ലോകത്തില്. സിനിമക്കാര് ഓരോന്ന്ണ്ടാക്കിവെക്കും.

അയാൾ വാതിൽക്കൽ ശ്രദ്ധിക്കുകയായിരുന്നു. കാൽപ്പെരുമാറ്റം കേൾക്കുന്നുണ്ടോ?

അച്ഛാ എനിക്ക് തോന്നണത് ടാപ്പില് ചോരണ്ടാവുംന്നാ. ഈ സൂക്കേട് വരുമ്പൊക്കെ ടാപ്പിന്ന് ചോര വരാറുണ്ടത്രെ.

ടാപ്പിൽ നിന്ന് ചോരയോ?

അയാൾ എഴുന്നേറ്റു. ഇങ്ങട് വരൂ. ഞാൻ കാണിച്ചുതരാം.

അയ്യോ അച്ഛാ ടാപ്പ് തൊറക്കല്ലെ. ആനന്ദൻ കെഞ്ചി. എനിക്ക് പേടിയാവുന്നു.

കല്ല്യാണിക്കുട്ടി അടുക്കളയിൽ നിന്നു വന്നു. അയാൾ കണ്ണുകൊണ്ട് ആംഗ്യം കാണിച്ച് ചോദിച്ചു.

വെച്ചുവെന്ന് അവൾ മറുപടി നൽകി.

അയാൾ ആനന്ദനേയും കൂട്ടി ടാപ്പിനടുത്തേക്ക് നടന്നു. പെട്ടെന്നാണ് ഡോർ ബെല്ലടിച്ചത്. അയാൾ ഞെട്ടി ത്തെറിച്ചു. മേലാകെ പെട്ടെന്ന് ശൈത്യം ബാധിച്ചു. അയാളുടെ കൈകൾ വിയർത്തു. അയാളുടെ കൈ ടാപ്പിന്മേ ലായിരുന്നു. കല്ല്യാണിക്കുട്ടി പോയി താക്കോൽപ്പഴുതിലൂടെ നോക്കുന്നതും തിരിച്ചുവന്ന് തന്നോട് പറയുന്നതും അയാൾ മറ്റേതോ ലോകത്തിൽ നിന്നെന്നപോലെ കണ്ടു.

അതയാളാണ്. മൂന്നുമണിക്ക് വരാറില്ലേ?

അയാൾ ടാപ്പു തിരിച്ചു.

വെള്ളത്തിനു പകരം ചുവന്നു കൊഴുത്ത ദ്രാവകം ഒഴുകാൻ തുടങ്ങി. അയാൾ കണ്ണടച്ചു. തന്റെ വിരലുകളിലെ നനവ് അയാൾക്കനുഭവപ്പെട്ടു. തന്റെ വിരലുകൾ എണ്ണ പോലുള്ള ഒരു ദ്രാവകം വന്ന് അന്യോന്യം ഒട്ടുന്നത് അയാൾ അറിഞ്ഞു. കണ്ണു തുറന്ന് നോക്കാൻ ധൈര്യമില്ലാതെ അനങ്ങാനാവാതെ അയാൾ നിന്നു.

back to index

# അലക്കുയന്ത്രം

ശാലിനി അല്പം ആശയകുഴപ്പത്തിലായിരുന്നു. പണിക്കാരി രാധ പറഞ്ഞത് അവൾക്ക് വിശ്വസിക്കാനായില്ല. പക്ഷേ അവൾ നുണപറയുകയാണെന്ന് തോന്നിയില്ല. മറ്റെല്ലാം പറയുന്ന പോലെയാണവൾ പറഞ്ഞത്.

എനിയ്ക്കെന്തിനാ മോളെ അസൂയ? എന്റെ വീട്ടിലുംണ്ട് ഒരു വാഷിംഗ് മെഷീൻ.

രാധ തുണികൾ ഓരോന്നോരോന്നായി വാഷിംഗ് മെഷീനിൽ ഇടുകയായിരു ന്നു. ആ പന്ത്രണ്ടു വയസ്സുകാരിക്ക് വാഷിംഗ് മെഷീന്റെ ഉയരം തന്നെയേ ഉള്ളു. അതുകൊണ്ട് അവൾ മെഷീന്റെ മുമ്പിൽ ഒരു പലകക്കഷ്ണം വെച്ച് അതിനു മുകളിൽ നിന്നാണ് തുണികൾ ഇട്ടിരുന്നത്.

ട്യൂഷൻടീച്ചറുടെ അടുക്കൽ നിന്ന് രക്ഷപ്പെട്ടു വന്നതാണ് ശാലിനി. ഇരുപത്തഞ്ചു മുതൽ അമ്പതുവരെ എഴുതാൻ ഏല്പിച്ച് ചായ കുടിക്കാനിരുന്നതാണ് ടീച്ചർ. ചായ കുടിച്ചു കഴിഞ്ഞാൽ ടീച്ചർക്ക് പോവാൻ ധൃതിയാവും. ഇനി അമ്മ കുളിക്കാൻ വിളിക്കുന്നതു വരെ അവൾ സ്വതന്ത്രയാണ്. ആ സ്വാതന്ത്ര്യം ആഘോഷിക്കുക രാധയോട് സംസാരിച്ചുകൊണ്ടാണ്. തിരുമ്പുമ്പോഴോ, അടിച്ചുവാരി തുടക്കുമ്പോഴോ ഒക്കെ അവൾ രാധയുടെ പിന്നൽ സംസാരിച്ചുകൊണ്ടുണ്ടാവും. അധികവും ക്ലാസിലെ വിശേഷങ്ങളായിരിക്കും. അല്ലെങ്കിൽ നഴ്സറി റൈമുകൾ പാടി നൃത്തം വെക്കും. തുടച്ച മാർബ്ൾ നിലത്ത് ശാലിനിയുടെ കൊച്ചു കാലുകൾ പതിയും. അവ നോക്കി രാധ പറയും.

ഞാൻ തുടച്ചിടത്തൊക്കെ മോള് ചവിട്ടി നടന്നോളു. അമ്മ കണ്ടാൽ കിട്ടിക്കോളും.

ശാലിനി ശ്രദ്ധിക്കില്ല. അമ്മ അവളെ പഠിത്തത്തിന്റെ കാര്യത്തിൽ മാത്രമെ ശിക്ഷിക്കുകയുള്ളു. മകൾ പഠിച്ച് ഒരു ഡോക്ടറാകണമെന്നാണ് ശാരദയുടെ മോഹം. ഡോക്ടർമാരെക്കുറിച്ച് ശാരദയ്ക്ക് സങ്കല്പങ്ങളുണ്ട്. ഒരു ബിസിന സ്സുകാരനായ തന്റെ ഭർത്താവിന്റെ പ്രാരബ്ധങ്ങൾ ഒന്നും ഇല്ലാതെ വെറുതെ ഒരു ചേമ്പറിൽ കഴുത്തിൽ സ്റ്റെത്തും തൂക്കി പണം വാരുന്ന ഡോക്ടർമാരെ ശാരദ എന്നും അസൂയയോടെയാണ് നോക്കിയിരുന്നത്. തന്റെ ഭർത്താവ് ഒരു നല്ല ഡോക്ടറെക്കാൾ സമ്പാദിക്കുന്നുണ്ടെങ്കിലും ഒരു ഡോക്ടർക്കുള്ള സ്ഥാനം കിട്ടുന്നില്ലെന്ന് അവൾ കണ്ടു. അവൾ മകളെ ഒരു സ്നോബായി വളർത്താൻ ശ്രമിച്ചു. തന്നേക്കാൾ താഴെക്കിടയിലുള്ളവരെ പുച്ഛത്തോടെ നോക്കാൻ, മേലെക്കിടയിലുള്ളവരെ കാണുമ്പോൾ അവരെ അനുകരിക്കാൻ എല്ലാം അവൾ ശ്രമിച്ചു. മകളെ പ്രേരിപ്പിക്കുകയും ചെയ്തു. പാവപ്പെട്ടവരെല്ലാം പുഴുക്കൾക്ക് സമമാണെന്നവൾ വിശ്വസിച്ചു. അതുകൊണ്ട് രാധ ശാലിനിയെ അവളുടെ വീട്ടിലേക്ക് കൊണ്ടുപോട്ടെ എന്നു ചോദിച്ചാൽ ശാരദ സമ്മതിക്കാറില്ല. ദാരിദ്ര്യം ഒരു പകർച്ചവ്യാധിയാണെന്നും, തന്റെ മകളെ അതിൽ നിന്നും മാറ്റി നിർത്തണമെന്നും അവൾ കരുതി.

രാധ വിഷിംഗ് മെഷീനിൽ തുണികളിടുന്നത് കണ്ടപ്പോഴാണ് ശാലിനി ഓർത്തത്. അവൾ പറഞ്ഞു.

ഞങ്ങൾക്കിന്ന് പുതിയ വാഷിംഗ് മെഷീൻ കിട്ടൂലോ.

പുതിയ വാഷിംഗ് മെഷീനോ?

അതെ.

അപ്പൊ ഇതിനെന്താ കുഴപ്പം? ഇത് വാങ്ങീട്ട് ഒരു കൊല്ലല്ലെ ആയിട്ടുള്ളു.

ഇത് ഓട്ടോമാറ്റിക്കല്ല. പുതിയത് ഓട്ടോമാറ്റിക്കാണ്.

ഓ. കുട്ടീടെ മമ്മി ഏതെങ്കിലും വീട്ടിൽ പോയപ്പോ കണ്ടിട്ടുണ്ടാകും. അപ്പൊ അത് വാങ്ങണംന്ന് പറഞ്ഞ് ഡാഡി യെ ബുദ്ധിമുട്ടിച്ചിട്ടുണ്ടാകും അല്ലെ?

ശാലിനി ഒന്നും പറഞ്ഞില്ല.

രാധ കൊച്ചമ്മയെ അനുകരിച്ചു.

'നോക്കുന്നെ അവര്ടെ കയ്യില് ആട്ടോമാറ്റിക് വാഷിംഗ് മെഷീനുണ്ട്. അപ്പൊ നമ്മക്കും വേണ്ടെ ഒന്ന്' എന്നിട്ട് അതു വാങ്ങി വർക്കേരിയയിൽ പ്രതിഷ്ഠിക്കും. എന്നിട്ട് പറയും. 'രാധേ,നീ ഇത് തൊടുകയൊന്നും വേണ്ട കേട്ടോ. പഴയതിൽത്തന്നെ തിരുമ്പിയാൽ മതി.' പുതിയ മെഷീൻ ഒരു കാഴ്ചവസ്തുവായി വെക്കും. വിരുന്നു വരുന്നവർ ക്കൊക്കെ കാണിച്ചുകൊടുക്കും. വാക്വംക്ലീനർ എനിക്കിതുവരെ തൊടാൻ തന്നിട്ടില്ലല്ലൊ.

ശാലിനി കോക്രി കാട്ടി. അമ്മയുടെ എല്ലാ പ്രവർത്തികളും അവൾക്കിഷ്ടമി ല്ലെങ്കിലും ആരും അമ്മയെപ്പറ്റി പറുന്ന ത് അവൾക്കിഷ്ടമല്ല. അവൾ പറഞ്ഞു.

രാധയ്ക്ക് അസൂയയാണ്. അതോണ്ടാണ് ഇങ്ങനെ പറേണത്.

അസൂയയോ? രാധയ്ക്കോ? രാധ ചോദിച്ചു. എനിക്കെന്തിനാ മോളെ അസൂയ? എന്റെ വീട്ടിലുംണ്ട് ഒരു വാഷിംഗ് മെഷീൻ.

നുണ.

അല്ല ശരിക്ക് പറയ്യാണ്. ന്റെ വീട്ടിലുംണ്ട് ഒരു വാഷിംഗ് മെഷീൻ.

ന്നിട്ടാണോ രാധ പബ്ലിക്ക് ടാപ്പിന്റെ അവിടെ പോയി തിരുമ്പുന്നത്? ഞാൻ കാറില് പോവുമ്പോ രണ്ടു പ്രാവശ്യം കണ്ടിട്ടുണ്ട്.

ഞങ്ങടെ വാഷിംഗ് മെഷീൻ കേടായി കെടക്കാണ്.

നുണ.
വേണങ്കിൽ വിശ്വസിച്ചാൽ മതി.
രാധ വാഷിംഗ് മെഷീൻ പ്രവർത്തിപ്പിച്ചു.
ശാലിനീ.
അമ്മ വിളിച്ചു. കുളിക്കാൻ വരു.
ഇതാ വരുന്നു.
അവൾക്ക് രണ്ടിലൊന്ന് അറിയണം. രാധയെ അവൾക്ക് നല്ലപോലെ അറിയാം. നുണ പറയാറില്ല. ഇല്ലാത്ത സാധനം ഉണ്ടെന്നൊന്നും പറയാറില്ല. പിന്നെ ഈ വാഷിംഗ് മെഷീൻ മാത്രം?
ശാലിനീ.......
അമ്മയുടെ വിളി വീണ്ടും.
മോള് വേഗം പൊയ്ക്കോ. അമ്മ വിളിക്ക്ണ്ട്. രാധ പറഞ്ഞു.
രാധേടെ വീട്ടില് വന്നാ വാഷിംഗ് മെഷീൻ കാണിച്ചുതര്വോ?
ശാലിനി ചോദിച്ചു.
അല്ലാതെന്താ. രാധ പറഞ്ഞു. പക്ഷേ മോള്ടെ അമ്മ മോളെ എന്റെ കൂടെ വിടോന്നുല്ല്യ.
അവൾ ബക്കറ്റിൽ വെള്ളം നിറച്ച് വാസനയുള്ള വെള്ള ഫിനൈൽ ഒഴിച്ച് ഇളക്കി.
ശാലിനി ആലോചിച്ചു. ചിലപ്പോൾ താൻ അവളുടെ വീട്ടിൽ ചെല്ലില്ലെന്ന ധൈര്യത്തിലായിരിക്കും രാധ നുണ പറഞ്ഞത്. താൻ ഇന്ന് അമ്മയെക്കൊണ്ട് സമ്മതിപ്പിക്കാൻ പോകുന്നു.
കുളിച്ചുകൊണ്ടിരിക്കെ അവൾ രാധയുടെ അവകാശവാദത്തെപ്പറ്റി പറഞ്ഞു.
നെണക്ക് പ്രാന്തുണ്ടോ? വാഷിംഗ് മെഷീൻ. അവർക്ക് മര്യാദക്ക് ഭക്ഷണം കഴിക്കാനില്ല. ന്ട്ടാ വാഷിംഗ് മെഷീൻ.
രാധ നല്ല ഒറപ്പ് പറയ്ണ്ണ്ട്. ശാലിനി പറഞ്ഞു. അവൾടെ വീട്ടില് പോയാ കാണിച്ചു തരാംന്ന് പറഞ്ഞു. അമ്മേ ഞാനിന്ന് രാധേടെ വീട്ടില് പോട്ടെ?
വേണ്ട വേണ്ട. അവര്ടെ വീട്ടില് വൃത്തിയൊന്നുംണ്ടാവില്ല്യ.
ഞാൻ അവിട്യൊന്നും ഇരിക്കിണില്ല്യ അമ്മേ. വാഷിംഗ് മെഷീൻ കണ്ട് തിരിച്ചു വരാം.
നെനക്ക് പ്രാന്ത് തന്ന്യാ. രാധേടെ അച്ഛൻ മരിച്ചിട്ട് അഞ്ചുകൊല്ലമായി. അതിന് ശേഷാ അവള്ടെ അമ്മ പണിക്കു പോവാൻ തൊടങ്ങിയത്. നെനക്ക് ഓർമ്മയില്ലെ ലക്ഷ്മിയെ? തീരെ ആര്യോഗ്യമില്ലാത്ത ഒരു സാധനം. അവളും കെടപ്പിലായപ്പോഴാ രാധ വരാൻ തൊടങ്ങീത്. അവർക്കെവിട്യാ മോളെ വാഷിംഗ് മെഷീനൊക്കെ വാങ്ങാൻ പണം?
ഞാൻ പോയി നോക്കട്ടെ.
വേണ്ട.
ശാലിനി നിർബ്ബന്ധം പിടിച്ചു. അവൾക്ക് പോയേ തീരു. രാധയുടെ അഹംഭാവം ഒന്നു നിർത്തണം. വീട്ടിൽ കൊണ്ടു പോയി വാഷിംഗ് മെഷീൻ കാണിക്കാൻ പറ്റാതിരിക്കുമ്പോൾ രാധയുടെ മുഖത്തുണ്ടാവുന്ന ജാള്യത ഓർത്ത് ശാലിനി ചിരിച്ചു.
സ്ക്കൂളിൽ പോകുന്നതിനുമുമ്പുള്ള ഒരു മണിക്കൂർ സമയം നിരന്തരം ശല്യപ്പെടുത്തുകവഴി അവൾ അമ്മയെ ക്കൊണ്ട് സമ്മതിപ്പിച്ചു. അച്ഛൻ ടൂറിലല്ലായിരുന്നെങ്കിൽ ഇത്ര വിഷമമുണ്ടാവില്ലായിരുന്നു. അച്ഛൻ പറയും.
മോള് പൊയ്ക്കോളു. വേഗം തിരിച്ചു വരണംട്ടോ.
അപ്പോൾ അങ്ങിനെ തീർച്ചയാക്കി. രാധ എല്ലാ വീട്ടിലേയും പണികഴിഞ്ഞ് പോകുമ്പോൾ നാലുമണിയാവും. അപ്പോഴേക്ക് ശാലിനി സ്കൂൾ യൂണിഫോം മാറി പുറപ്പെട്ടു നിൽക്കണം.
നീയെന്തിനാ രാധേ കുട്ടികളോട് ഇങ്ങിനെ ഓരോന്ന് പറയണത്? കണ്ടില്ലെ ഇപ്പൊ തലവേദന?
ശാരദ കയർത്തു. രാധ ചിരിക്കുക മാത്രം ചെയ്തു.
നീയിനി നെന്റെ വീട്ടിന്ന് അവൾക്ക് തിന്നാനൊന്നും കൊടുക്കരുത് കേട്ടോ. അവൾക്ക് അങ്ങിനെ അതും ഇതും ഒന്നും തിന്ന് ശീലല്യ. വയറ് കേട്വരും. പിന്നെ രണ്ട് ദിവസത്തെ ക്ലാസ് പോകും.
പേടിക്കേണ്ട ചേച്ചി. അവിടെ തിന്നാൻ ഒന്നുംണ്ടാവില്ല്യ.
അവൾ സത്യം പറയുകയായിരുന്നു. നാലു വീട്ടിലെ പണിയെടുക്കുന്നതു കൊണ്ടാണ് ആ പെൺകുട്ടിക്ക് പട്ടിണിയില്ലാതെ കഴിയാൻ പറ്റുന്നത്. അമ്മ, താൻ, അനുജൻ. അച്ഛൻ മരിച്ചപ്പോൾ സ്കൂളിൽ പോക്കു നിർത്തി. പിന്നെ അമ്മ വാതമായി കിടപ്പിലായപ്പോൾ അവൾ ജോലിക്കു പോക്കും തുടങ്ങി. അമ്മ പോയിരുന്ന വീടുകളിൽത്തന്നെ. അവളുടെ ഭക്ഷണം ഓരോ വീടുകളിലായി കഴിയും. വൈകുന്നേരം തിരിച്ചുപോകുമ്പോൾ ഏതെങ്കിലും വീട്ടിൽ നിന്നു കിട്ടിയ ചോറും കൂട്ടാനും കാണും. അതായിരിക്കും ആ കുടുംബത്തിന്റെ രാത്രി ഭക്ഷണം. അവൾക്ക് പരാതികളൊന്നുമുണ്ടായിരുന്നില്ല. ഇങ്ങിനെയെങ്കിലും കഴിഞ്ഞുകൂടുന്നുണ്ടല്ലോ എന്നവൾ സമാധാനിച്ചു. ഇത്രയും ഇല്ലാത്തവർ എത്രയുണ്ട്.
അവൾ ജോലിയെടുത്തിരുന്ന വീട്ടിലുള്ളവരെല്ലാം ഒരു മാതിരി സമ്പന്നരായിരുന്നു. അവരുടെ ജീവിതത്തിന്റെ പകിട്ടു കണ്ട് അവൾ ആദ്യമെല്ലാം അന്ധാളിച്ചു. ഒരു എട്ടുവയസ്സുകാരിയായി അമ്മയുടെ ഒപ്പം ഈ വീടുകളിലേക്ക് പോയപ്പോൾ അവൾ തികച്ചും അത്ഭുതപ്പെടാറുണ്ട്. അതുവരെ അവളുടെ ലോകം തീവണ്ടിപ്പാതയ്ക്കിരുവശത്തും പുറംപോക്കു സ്ഥലത്ത് തഴച്ചുവളർന്ന കുടിലുകൾക്കിടയിലായിരുന്നു. നാറുന്ന, കൊതുക് ആർക്കുന്ന കറുത്ത

വെള്ളം കെട്ടിനിൽക്കുന്ന ചുറ്റുവട്ടം. തേളിന്റെയും പഴുതാരയുടെയും കടി, വൈകുന്നേരങ്ങളിൽ കുടിച്ചുവന്ന് വഴക്കിടുന്ന പുരുഷന്മാർ. ഈ അനാരോഗ്യകരമായ ചുറ്റുപാടിൽ ജീവിച്ചുവന്ന അവൾക്ക് അമ്മ ജോലിയെടുക്കാൻ പോകുന്ന വീടുകൾ വേറൊരു ലോകത്താണെന്നു തോന്നി. ക്രമേണ ശിശുസഹജമായ നൈർമല്യത്തോടെ, അവൾ മനസ്സിലാക്കി. അവരും തങ്ങളും തമ്മിൽ വ്യത്യാസം ഉള്ളവരും ഇല്ലാത്തവരും എന്നുമാത്രമേ ഉള്ളൂ. അവൾ ബുദ്ധിമതിയായിരുന്നു. കാര്യങ്ങളുടെ കിടപ്പ് അവൾ വേഗം പഠിച്ചു. ഉള്ളവർ ഒരു ഞായറാഴ്ച വൈകുന്നേരം പുറത്തിറങ്ങിയാൽ ഭക്ഷണശാലകളിൽ ചെലവാക്കുന്ന തുകയുടെ പകുതിപോലും അമ്മയ്ക്കു മാസശമ്പളമായി കൊടുക്കുന്നില്ലെന്നവൾ കണ്ടു. ഉള്ളവർ, ഇല്ലാത്തവർക്കു കൊടുക്കുകയില്ലെന്നും അവൾ മനസ്സിലാക്കി. തൊഴിലാളി, മുതലാളിയുടെ ചൂഷണത്തിനെതിരെ മുദ്രാവാക്യം വിളിച്ച് പ്രകടനം നടത്തുമ്പോൾ തങ്ങളുടെ വീട്ടുജോലിക്കാരെ ചൂഷണം ചെയ്യുകയാണ്. ഒരു രാഷ്ട്രീയപാർട്ടി ഭരിച്ചിട്ടും തങ്ങളുടെ സാമ്പത്തിക നിലക്ക്, തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകൾക്ക് മാറ്റം വന്നിട്ടില്ലെന്ന് അവൾ കണ്ടു. രാത്രി പന്ത്രണ്ടു മണി കഴിഞ്ഞേ പൊതുടാപ്പിൽ വെള്ളം വരൂ. എട്ടുമണിക്ക് രാത്രി ഭക്ഷണം കഴിഞ്ഞാൽ അവൾ രണ്ടു കുടവുമായി ടാപ്പിനടുത്തു വന്ന് ക്യൂവിൽ സ്ഥലം പിടിക്കും. അപ്പോഴേക്ക് പത്തു പന്ത്രണ്ടു കലങ്ങൾ വരിയിൽ ഉണ്ടാവും. സ്ഥലം പിടിച്ച ശേഷം അവൾ കുടിലിൽ വന്ന് ഉറങ്ങാൻ കിടക്കും. പകലത്തെ അദ്ധ്വാനം കാരണം കൊതുകടിയൊന്നും അവളുടെ ഉറക്കത്തിന് ഭംഗം വരുത്തിയില്ല. പന്ത്രണ്ടു മണിക്ക് എഴുന്നേറ്റ് ടാപ്പിനടുത്തേക്ക് നടക്കും. അവിടെ സ്ത്രീകൾ ബഹളം കൂട്ടിത്തുടങ്ങിയിട്ടുണ്ടാകും. വെള്ളത്തിനു വേണ്ടി കലഹമുണ്ടാവാത്ത ദിവസമില്ല. രണ്ടു രണ്ടരയോടെ, ചിലപ്പോൾ മൂന്നുമൂന്നരയാവും, രണ്ടു കുടം വെള്ളം കിട്ടും. പിന്നെ തിരുമ്പൽ, കുളി, രാവിലത്തെ ഭക്ഷണമുണ്ടാക്കൽ. എല്ലാം കഴിയുമ്പോൾ ആറ് ആറരമണിയാവും. അവൾക്ക് ജോലിക്ക് പോകേണ്ട സമയമാവും.

ഓരോ തിരിഞ്ഞെടുപ്പ് വരുമ്പോഴും സ്ഥാനാർത്ഥികൾ ചിരിച്ചുകൊണ്ട് വരും. തങ്ങളെ ജയിപ്പിച്ചാൽ അവിടെ കൂടുതൽ ടാപ്പുകൾ ഇട്ടുതരുമെന്നും, കൂടുതൽ കക്കൂസുകളും കുളിമുറികളും ഉണ്ടാക്കിത്തരുമെന്നും മറ്റും വാഗ്ദാനം ചെയ്യും. ജയിച്ചു കഴിഞ്ഞാൽ പിന്നെ തിരിഞ്ഞു നോക്കുകയും ഇല്ല. കൂടുതൽ ലാഭകരമായ മറ്റു ജോലികളുള്ളപ്പോൾ ഈ കുടിലുകളിലും അതിൽ ഒടുങ്ങുന്ന മനുഷ്യരിലും അവർക്കെന്തു താൽപര്യം?

ടാപ്പിനു മുമ്പിൽ വെള്ളത്തിനുവേണ്ടി കാത്തുനിൽക്കുമ്പോൾ താൻ ജോലിക്കു പോകുന്ന വീടുകളിലെ കുളിമുറികൾ ഓർമ്മ വരും. ടാപ്പു തുറന്നാൽ വെള്ളം, എത്ര വേണമെങ്കിലും എപ്പോൾ വേണമെങ്കിലും. മുകളിൽ കുളിക്കാൻ ഷവർ. രണ്ടു വീടുകളിൽ ചൂടുവെള്ളമുണ്ടാക്കാനുള്ള ഗെയ്സറുമുണ്ട്. തീക്ഷ്ണമായ ഈ വൈരുദ്ധ്യങ്ങളിലും അവൾക്ക് അവരെ വെറുക്കാൻ കഴിഞ്ഞില്ല. വൈരുദ്ധ്യങ്ങൾ പ്രകൃതിനിയമമാണെന്നവൾ വിശ്വസിച്ചു.

ശാലിനിയെ അവൾക്കിഷ്ടമാണ്. അവളുടെ ഗർവ്വ് രാധ വകവെച്ചില്ല. പക്ഷേ അവളിൽ ഉണ്ടായിരുന്ന കുട്ടിത്തം അവളെ ആകർഷിച്ചു.

വൈകുന്നേരം രാധയുടെ കൈപിടിച്ച് നിരത്തിന്റെ ഓരത്തുകൂടെ നടക്കുമ്പോൾ ശാലിനി ചോദിച്ചു.

രാധേടെ വീട് വലുതാണോ?

ഒരു മാതിരി. രാധ പറഞ്ഞു. വലിയ വീടൊക്കെ ആയാൽ അത് കൊണ്ടു നടക്കാൻ വിഷമമല്ലെ.

ഞങ്ങൾ മൂന്നു പേരല്ലേ ഉള്ളൂ. ന്ന്ട്ടും ഞങ്ങളുടെ എത്ര വലിയ വീടാ.

നിങ്ങൾക്ക് ജോലിക്കൊക്കെ ആളുണ്ട്. അടിച്ചുവാരി നിലം തുടക്കാനും, പാത്രം മോറാനും, തിരുമ്പാനും ഒരു പണിക്കാരി. അടുക്കളയിൽ വെപ്പു പണിക്ക് വേറൊരു പണിക്കാരി. ഞങ്ങൾക്ക് അതിനൊന്നുംള്ള പണംല്ല്യ. അപ്പൊ ചെറിയ വീടല്ലേ നല്ലത്?

ശാലിനി തലയാട്ടി.

നിങ്ങടെ വാഷിംഗ് മെഷീൻ വർക്ക് ഏരിയയിലാണോ വെച്ചിരിക്കുന്നത്?

വർക്ക് ഏരിയയിൽ? രാധ ഒരു നിമിഷം സംശയിച്ചു. ഞങ്ങളുടെ വീട്ടിൽ.......... അല്ലെങ്കിൽ കുട്ടിക്ക് വീടു കണ്ടാൽ മനസ്സിലാവും.

അവർ ടാറിട്ട റോഡിൽനിന്ന് ഒരു ഇടവഴിയിലേക്ക് തിരിഞ്ഞു. കഴിഞ്ഞ ഒരാഴ്ച അടച്ചു പെയ്ത മഴയിൽ വഴി മുഴുവൻ ചെളിക്കുണ്ടായിരുന്നു. ചളിയിൽ ചവിട്ടാതെ വഴിയുടെ ഓരത്തുകൂടെ അവർ നടന്നു. ഇടവഴി ചെന്നവസാനിച്ചത് ഒരു പറമ്പിന്റെ നടുവിലൂടെ പോകുന്ന വീതി കുറഞ്ഞ നടപ്പാതയിലാണ്. ആ വഴിയും ചളികെട്ടി വൃത്തികേടായിരുന്നു. ശാലിനി മുഖം ചുളിച്ചു.

രാധടെ വീട്ടിലേക്കിനിയും ദൂരമുണ്ടോ?

ഇല്ല. അടുത്തുതന്നെയാണ്.

അവർ നടന്നു. വഴിയുടെ ഇടതു വശത്തായി തീവണ്ടിപ്പാളങ്ങൾക്കരികിൽ ഒരു വലിയ കോളനി പരന്നു കിടന്നിരുന്നു. തൊട്ടു തൊട്ടടുത്തുള്ള കൊച്ചു കുടിലുകൾ. ക്രിറ്റേഷ്യസ് യുഗത്തിലെ ഒരു ഭീമാകാരൻ പക്ഷി നീണ്ടുനിന്നൊരു ഏറ്റുമുട്ടലിനുശേഷം ചിറകുകൾ ഒടിഞ്ഞ് ചത്തു കിടക്കുന്നതുപോലെ ആ കോളനി കീറിപ്പറിഞ്ഞു കിടന്നു. മിക്കവയും ഓല മേഞ്ഞതാണ്. ചിലത് ഓടോ ഗാൽവനൈസ്ഡ്ഷീറ്റോ മേഞ്ഞവ. പലതിന്റെയും ചുമരുകൾ ഓലയോ ഷീറ്റോ ആയിരുന്നു. ചില വീടുകളിൽ ചുമരിനു പകരം ചാക്കുതുണിയോ പ്ലാസ്റ്റിക് ഷീറ്റോ ആണ് ഉപയോഗിച്ചിരുന്നത്. ഓലകൊണ്ടുണ്ടാക്കിയ കുളിമുറികൾക്ക് തീരെ മറവുണ്ടായിരുന്നില്ല. ഓരോ വീടുകൾക്കിടയിലും കറുത്തു നാറുന്ന വെള്ളം കെട്ടിക്കിടന്നു.

കുടിലുകൾക്കിടയിലൂടെ നടക്കുമ്പോൾ ശാലിനി അതെല്ലാം നോക്കി മുഖം ചുളിച്ചു.

രാധയുടെ വീട്ടിലേക്ക് പോകാൻ വേറെ വഴിയൊന്നുംല്ല്യെ?
ഇല്ല. ഇതാ നമ്മൾ എത്തിക്കഴിഞ്ഞു. രാധ പറഞ്ഞു.
അവൾ ഒരു കുടിലിന്റെ മുമ്പിൽ നിന്നു.
ഇതാണ് എന്റെ വീട്.
ശാലിനി പകച്ചു.
ഇതോ, രാധയുടെ വീടോ?
ങാ, ഇതാണ് ഞാൻ താമസിക്കുന്ന സ്ഥലം. എന്റെ വീട്. വരൂ.
ശാലിനി ഒന്നും പറയാതെ രാധയുടെ കൂടെ അകത്തേക്കു നടന്നു. അവളെ എതിരേറ്റത് ഇരുട്ടും ഓടയുടെ ഗന്ധവുമായിരുന്നു. കുറച്ചു നേരത്തേക്ക് അവൾക്ക് ഒന്നും കാണാൻ പറ്റിയില്ല. മുറിയിലെവിടെനിന്നോ ഒരു ക്ഷീണിച്ച ശബ്ദം വന്നു.
ഇതാരാ മോളെ നെന്റെ ഒപ്പം?
ഇത് ശാരദച്ചേച്ചിയുടെ മോളാ അമ്മേ. ശാലിനിക്കുഞ്ഞ്.
ശാലിനിക്കുഞ്ഞാണോ ഇത്? മോള് വലുതായല്ലോ. മോളെ ഇങ്ങട്ടടുത്തു വരൂ.
കണ്ണുകൾ ഇരുട്ടുമായി പൊരുത്തപ്പെട്ടു കഴിഞ്ഞപ്പോൾ മുറിയുടെ മൂലയിൽ പായിൽ കിടക്കുന്ന ക്ഷീണിച്ച രൂപം തെളിഞ്ഞു വന്നു. അവൾ അടുത്തു പോയില്ല. ചുറ്റുമുള്ള ഇരുട്ട്, മൂക്കിലേക്ക് കുത്തിക്കയറുന്ന നാറ്റം, പിന്നെ മുക്കിൽ ചുരുണ്ടു കിടക്കുന്ന വിചിത്ര ജീവി. അതൊരു മനുഷ്യസ്ത്രീയാണെന്ന് വിശ്വസിക്കാൻ ശാലിനിക്കു പ്രയാസമായി. അവൾക്കവിടെനിന്ന് എങ്ങിനെയെങ്കിലും രക്ഷപ്പെടണമെന്നു തോന്നി.
അവൾ ചോദിച്ചു.
രാധടെ മുറി ഏതാണ്?
എന്റെ മുറിയോ?
രാധ പൊട്ടിച്ചിരിച്ചു. നിർത്താതെയുള്ള ചിരി. ആ ചിരിയുടെ സ്ഫോടനത്തിൽ ആ കുടിലിന്റെ അന്ധകാരവും ആ ജീവിതത്തിന്റെ നിസ്സഹായതയും പാടെ തൂത്തെറിയപ്പെ ട്ടു. ആഹ്ലാദത്തിന്റെ കൊച്ചു സ്ഫുലിംഗങ്ങൾ ആ കൊച്ചു വീടിനെ ദീപ്തമാക്കി.
എന്റെ മുറിയോ?
രാധ വീണ്ടും ചോദിച്ചു.
അവൾ ശാലിനിയുടെ അടുത്തുവന്ന് മുട്ടു കുത്തിനിന്നു. അവളുടെ കണ്ണുകളിലെ സാരള്യം അവളുടെ ഹൃദയത്തിലെവിടെയൊക്കെയോ കൊണ്ടു. താനും ഒരു കുട്ടിയാണെന്നും, സ്നേഹത്തിന്റെ ലാളനക്കും ചൂടിനും താനും അവകാശിയാണെന്നും ഉള്ള കാര്യം അവൾ വിസ്മരിച്ചു. സ്വീകരിക്കുന്നതിനുപകരം നൽകാൻ അവൾ തയ്യാറായി. ഒരമ്മയായി മാറിയ അവൾ ശാലിനിയെ എടുത്തുപൊന്തിച്ചു. അവളുടെ തുടുത്ത കവിളിൽ ഉമ്മവെച്ചു. ശാലിനിക്കും അങ്ങിനെ ഒരുറപ്പ് ആവശ്യമായിരുന്നു.
ശാലിനിമോൾക്ക് തിന്നാൻ കൊടുക്കാൻ എന്തെങ്കിലും ഉണ്ടോ മോളെ?
രാധയുടെ അമ്മ ചോദിച്ചു.
ഉത്സാഹത്തിന്റെ തിരകൾ പിറകോട്ടു വലിഞ്ഞു. വേലിയിറക്കത്തിൽ മനസ്സിന്റെ മണൽത്തിട്ടുകൾ നഗ്നമാക്കപ്പെട്ടു. അവിടെ യാഥാർത്ഥ്യത്തിന്റെ ക്ഷുദ്രജീവികൾ ഇഴഞ്ഞു നടന്നു.
രാധ ശാലിനിയെ താഴെ വെച്ചു.
ഇവിടെ ഒന്നുംല്ല്യമ്മെ. അവൾ പറഞ്ഞു.
ഇനിണ്ടെങ്കിൽത്തന്നെ മോൾക്ക് ഒന്നും കൊടുക്കരുതെന്ന് പറഞ്ഞിട്ടുമുണ്ട്.
തന്റെ ദൗത്യം എന്താണെന്ന് ശാലിനി അപ്പോഴാണ് ഓർത്തത്. അവൾ ചോദിച്ചു.
എവിടെയാണ് രാധേടെ.........
അവൾ മുഴുമിച്ചില്ല. ചോദ്യത്തിന്റെ നിരർഥകത അവൾക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. അവൾക്ക് എങ്ങിനെയെങ്കിലും അവിടെ നിന്ന് പോയാൽ മതി.
എന്താ മോളെ? രാധ ചോദിച്ചു.
വാഷിംഗ് മെഷീൻ?
വാഷിംഗ് മെഷീനോ?
ഉം. അതെവിടെയാണ്?
അതാ അവിടെ കിടക്കുന്നു. രാധ ചൂണ്ടിക്കാട്ടി. അവളുടെ സ്വരം നിർവ്വികാരമായിരുന്നു. മുറിക്കുള്ളിലെ ഇരുട്ട് നീങ്ങിയിരുന്നു. ശാലിനിക്കിപ്പോൾ എല്ലാം വ്യക്തമായി കാണാം. ആ കാഴ്ച അവളെ വേദനിപ്പിച്ചു. അവൾ വിക്കിക്കൊണ്ട് പറഞ്ഞു.
അതോ, അത് രാധടെ അമ്മയല്ലെ?
അതെ. രാധ പറഞ്ഞു. ഞാൻ പറഞ്ഞില്ലെ അത് കേടുവന്ന് കിടക്ക്വാന്ന്. നിർവ്വികാരമായ ആ ശബ്ദത്തിന്റെ അന്ത്യത്തിൽ ഒരു തേങ്ങൽ കലർന്നുവോ?
ശാലിനി തരിച്ചു നിന്നു. രാധ പറയുകയായിരുന്നു.

ഒരു കാലത്ത് നന്നായി അലക്കിയിരുന്നതാണ്. എന്താ ചെയ്യ്വാ, കേടുവന്നില്ലേ?

ശാലിനി ഓടി പുറത്തേക്കു കടന്നു.

എനിക്ക് അമ്മടെ അടുത്ത് പോണം.

അവൾ കരഞ്ഞുകൊണ്ട് ഓടുകയാണ്.

മോളെ നിൽക്കു എന്ന രാധയുടെ വിളി അവൾ കേട്ടില്ല. അവൾക്കവിടെനിന്ന് എങ്ങിനെയെങ്കിലും രക്ഷപ്പെടണം. അവൾ ഓടി, ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും ഇരുണ്ട ഇടവഴികളിൽ സ്വയം നഷ്ടപ്പെടുംവരെ.

back to index

# ഒരു ടാപ്ഡാൻസർ

**ഹോ**ട്ടലിന്റെ തണുത്ത ലോബിയിൽ കാത്തുനിൽക്കുക വിഷമമുള്ളതായിരുന്നില്ല. വിദേശികൾ വന്നിരുന്നത് മിക്കവാറും ഉച്ചതിരിഞ്ഞ നേരത്തായിരുന്നു. എയർപോർട്ടിൽ നിന്നുള്ള ബസ്സിൽ അവർ കൂട്ടമായി വന്നിറങ്ങി. ചിലപ്പോൾ ടാക്സിയിൽ. കട്ടിയുള്ള ചില്ലുഭിത്തിയിലൂടെ നാരായണൻ നായർ അവർ ബസ്സിൽ നിന്നിറങ്ങുന്നത് നോക്കിയിരുന്നു. തോളത്തും പുറത്തും സഞ്ചി തൂക്കിക്കൊണ്ട് അവർ ഇറങ്ങി. വാതിൽക്കൽ നിൽക്കുന്ന ചുവന്ന യൂനിഫോമിട്ട ഡോർമാൻ വാതിൽ തുറന്നുകൊണ്ടവരെ സ്വാഗതം ചെയ്തു. ബെൽ ബോയ്സ് ബസ്സിൽ നിന്ന് സന്ദർശകരുടെ പെട്ടികളും സഞ്ചികളും എടുത്ത് ലിഫ്റ്റിന്നരികിൽ നിരത്തി. ഇനി അതിഥികൾ കൗണ്ടറിൽച്ചെന്ന് ചെക്കിൻ ചെയ്താൽ അവർ വന്ന് മുറിയുടെ നമ്പർ നോക്കിവെക്കും. അവർക്ക് പോകേണ്ട ലിഫ്റ്റ് കാണിച്ചുകൊടുക്കും. സാധനങ്ങൾ ബെൽ ബോയ്സ് വേറൊരു ലിഫ്റ്റിലാണ് കൊണ്ടു പോകുക. വിദേശികൾ അവരവരുടെ മുറികളി ലെത്തുമ്പോഴേക്ക് അവർ സാധനങ്ങളുമായി അവിടെ എത്തിയിട്ടുണ്ടാകും.

ആ സമയത്താണ് നാരായണൻ നായർ സ്വയം പരിചയപ്പെടുത്തുന്നത്. കയ്യിലുള്ള ഫോൾഡർ അവരെ ഏൽപ്പിക്കുന്നു. അതിൽ കഥകളിയുടെയും, ഓട്ടംതുള്ളലിന്റെയും മറ്റു കേരളീയ നാടൻ കലകളുടെയും ചിത്ര ങ്ങളുണ്ട്. ചുവട്ടിൽ ചെറുകുറിപ്പുകളും. അവസാനത്തെ പേജിൽ തന്റെ വീട്ടിന്റെ വിലാസവും അവിടെ എത്തേണ്ടതെങ്ങിനെയാണ് എന്ന് മേപ്പ് സഹിതം കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളും.

അയാൾ എന്നും വൈകുന്നേരം വീട്ടിന്റെ ചായ്പിൽ കഥകളി കാണിച്ചിരുന്നു. കാണികളായി വിദേശികൾ മാത്രമേ ഉണ്ടാകൂ. അവരെ കാൻവാസ് ചെയ്തു കൊണ്ടു പോകുന്നത് ഈ ഹോട്ടലിൽ വെച്ചായിരുന്നു. ആദ്യമെല്ലാം ഒരുമാതിരി നല്ല ബിസിനസ്സ് കിട്ടിയിരുന്നു. ഒരു സന്ദർശകന് അമ്പതു രൂപയാണ് നിരക്ക്. നാലും അഞ്ചും, ചിലപ്പോൾ എട്ടും പത്തും വരെ വിദേശികളെ കിട്ടാറുണ്ട്. പിന്നീട് പക്ഷെ വേറെയും രണ്ടു പാർട്ടികൾ രംഗത്തെത്തിയതോടെ നാരായണൻനായരുടെ ബിസിനസ്സ് മോശമായിത്തുടങ്ങി. മറ്റു ള്ളവർ കൂടുതൽ സംഘടിതമായാണ് ബിസിനസ്സ് നടത്തിക്കൊണ്ടിരുന്നത്. തമ്മിൽ മാത്സര്യം ഉണ്ടാകുകമൂലം രണ്ടുപേർക്കും ബിസിനസ്സ് കുറയുകയാണെന്നു മനസ്സിലായപ്പോൾ അവർ ഒരു ഒത്തുതീർപ്പിലെത്തി. ഓരോ ദിവസം ഓരോരുത്തരുടെ വകയായി കഥകളി നടത്താമെന്ന്. അവർ ചെറിയൊരു ഹാൾ വാടകയ്ക്കെടുത്ത് സ്ഥിരം വേദിയാക്കി മാറ്റി. ഓരോരുത്തർ ഇടവിട്ടുള്ള ദിവസം അവിടെ കഥകളി നടത്തി.

നാരായണൻനായർക്ക് പക്ഷേ അതിൽ ചേരാൻ പറ്റിയില്ല. താൻ ഒരു ഭീഷണിയായി അവർക്കു തോന്നിയില്ല. മാത്രമല്ല ആവശ്യപ്പെട്ട മുതൽ മുടക്ക് അയാളുടെ കയ്യിലില്ലായിരുന്നുതാനും. അതുകൊണ്ടയാൾ ഇപ്പോഴും ഹോട്ടലിൽ വന്ന് സ്വന്തം ക്യാൻവാസ് ചെയ്തു വന്നു. അതു പക്ഷേ അധികം ഫലവത്തായില്ല. കാരണം മറ്റുള്ള രണ്ടുപേരും ഹോട്ടലിലും ടൂറിസ്റ്റ് ഓഫീസിലും സ്വാധീനിച്ചിരുന്നു. അതുകൊണ്ട് വിദേശികൾക്ക് ഹോ ട്ടലിൽ നിന്ന് കൊടുക്കുന്ന വിവരങ്ങളിലും, ടൂറിസ്റ്റ് ഓഫീസിൽ നിന്ന് ലഭിക്കുന്ന ഫോൾഡറിലും മറ്റുള്ളവർ കഥകളി നടത്തുന്ന വിലാസമാണ് കൊടുക്കാറ്. അതുകൊണ്ട് അവർ നഗരം കാണുന്നതിന്റെ ഒരു ഭാഗമായി ഹാളിൽ പോയി കഥകളി കണ്ടു മടങ്ങി.

ഒന്നോ രണ്ടോ ഒറ്റതിരിഞ്ഞ വിദേശികളെ തനിക്കു കിട്ടിയെങ്കിലായി. ആരേയും കിട്ടാത്ത ദിവസം അയാൾ വീട്ടിൽ ചെന്ന് മേളക്കാരേയും വായ്പാട്ടുകാരേയും ഒഴിവാക്കും.

ഇന്നും അതുതന്നെയാവും സ്ഥിതിയെന്ന് നാരായണൻനായർ കരുതി. ഇരുപത്തിരണ്ട് വിദേശികൾ ഒരുമിച്ചാണ് ഒരു ബസ്സിൽ വന്നത്. അങ്ങിനെയുള്ളവരിൽനിന്ന് തനിയ്ക്ക് ബിസിനസ്സ് കിട്ടാൻ പോകുന്നില്ല. അയാൾ നിരാശനായി ലോബിയിലെ ഒരു സോഫയിൽ ഒറ്റയാന്മാരേയും പ്രതീക്ഷിച്ചുകൊണ്ട് കൂനിക്കൂടി യിരുന്നു. മുകളിലുള്ള ഡക്റ്റിൽക്കൂടി താഴേക്കടിക്കുന്ന തണുത്ത കാറ്റ് അയാളെ അലോസരപ്പെടുത്താൻ തുടങ്ങിയിരുന്നു. തന്റെ പ്രായത്തിനു പറ്റിയതല്ല എയർ കണ്ടീഷൻ. അയാൾ എഴുന്നേറ്റ് നടക്കാൻ തുടങ്ങി. അര മണിക്കൂർ കൂടി കാത്തുനിന്നിട്ട് പോകാം.

റിസപ്ഷനിലെ പെൺകുട്ടി മാറിയിരിക്കുന്നു. ഇപ്പോൾ ഡേവിഡ് എന്നു പേരുള്ള ഒരു ചെറുപ്പക്കാരനാണ്. നൈറ്റ് ഡ്യൂട്ടി അയാൾക്കാണ്. നാരായണൻനായർ അവരെയെല്ലാം സ്വാധീനിക്കാൻ ശ്രമിച്ചതാണ്. വിദേശികൾ വരുമ്പോൾ തന്റെ ഫോൾഡർ കൊടുക്കണമെന്നും തന്റെ കഥകളിക്ക് വരാൻ പ്രേരിപ്പിക്കണമെന്നും അയാൾ ആവശ്യപ്പെട്ടിരുന്നു.

വൈകുന്നേരം എന്നും കണിശമായി വരികയും ഏഴുമണിവരെ ചുറ്റിപ്പറ്റി നിൽക്കുകയും ചെയ്ത അറുപ ത്തഞ്ചു വയസ്സുകാരനോട് അവർക്ക് സഹതാപമുണ്ടായിരുന്നു. ആദ്യമെല്ലാം അവർ വിദേശികൾക്ക് അയാളെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. അന്നെല്ലാം ഒരു മാതിരി നല്ല ബിസിനസ്സും കിട്ടിയിരുന്നു. പിന്നെ ഏതാനും വിദേശികൾ അയാൾ കഥകളി നടത്തുന്ന സ്ഥലത്തെപ്പറ്റി വളരെ മോശമായി പറഞ്ഞപ്പോൾ അവർ നിർത്തുകയാണുണ്ടായത്. വീട്ടിന്റെ മുറ്റത്തുതന്നെ കെട്ടിയ ചെറിയ പന്തലിലായിരുന്നു കഥകളി നടത്തി യിരുന്നത്. വൈകുന്നേരം കൊതുകടി, മഴക്കാലത്ത് ഓലമേഞ്ഞ പന്തലിൽ ചോർച്ച, അയൽവക്കത്തുനിന്ന്

കുട്ടികളുടെ ബഹളം, ഇതെല്ലാം നിരന്തരശല്യമായിരുന്നു. വിദേശികൾക്ക് അതൊന്നും ഇഷ്ടപ്പെട്ടില്ല.

നാരായണൻനായർ ഹോട്ടലിനു പുറത്തുകടന്നു. ഇന്ന് ആരേയും കിട്ടിയില്ല. തിരിച്ചു ചെന്ന് മേളക്കാരേയും പറഞ്ഞയക്കണം. അവർ എത്ര കാലം ക്ഷമിക്കുമെന്നറിയില്ല. ദിവസവും കളിയില്ലെങ്കിൽ അവരുടെ കാര്യവും വിഷമമാണ്. അവർ പോവുകകൂടി ചെയ്താൽ താൻ ശരിക്കും കഷ്ടപ്പെടും.

ഗെയ്റ്റിനു പുറത്തു കടന്നപ്പോഴാണ് ഒരു സായ്പ് നടന്നു വരുന്നത് കണ്ടത്. പത്തറുപതു വയസ്സായിട്ടുണ്ടാകും. മെലിഞ്ഞ ദേഹം. അയഞ്ഞ ഷർട്ടും പാന്റ്സും വേഷം. ചുമലിൽ ഒരു തുണിസഞ്ചി തൂക്കിയിട്ടിരിക്കുന്നു. ഒറ്റനോട്ടത്തിൽ അയാൾ ഒരു സമ്പന്നനല്ലെന്നു നാരായണൻ നായർക്കു തോന്നി. ഒന്നും ശരിക്കു പറയാൻ പറ്റില്ല. വിദേശികളെ സംബന്ധിച്ചിടത്തോളം പുറത്തു കാണുന്ന രൂപം നമ്മെ ചതിക്കും. അയാൾ തിരിച്ച് ഹോട്ടലിലേക്കു നടന്നു. സായ്വ് കൗണ്ടറിലെത്തി റിസപ്ഷനിസ്റ്റുമായി സംസാരിക്കുകയാണ്. അയാൾക്ക് റിസർവേഷനൊന്നുമുണ്ടായിരുന്നില്ല. പക്ഷേ മുറി ഒഴിവുള്ളതു കൊണ്ട് അവിടെ പാർപ്പിക്കാമെന്ന് റിസപ്ഷനിസ്റ്റ് പറയുന്നത് നാരായണൻ നായർ കേട്ടു. സായ്വ് താക്കോൽ വാങ്ങി തിരിഞ്ഞപ്പോൾ നാരായണൻ നായർ അയാളെ നേരിട്ടു.

ഹല്ലോ.

ഹല്ലോ.

തന്റെ കഥകളി ഫോൾഡർ നീട്ടിക്കൊണ്ട് നാരായണൻനായർ പറഞ്ഞു.

ഐ പെർഫോം കഥകളി. ട്രഡീഷണൽ ആർട്ട് ഫോം ഓഫ് കേരള. യൂ ലൈക് സീയിംഗ്?

കഥാകളി?

സായ്വിനു താൽപര്യമായി. അയാൾ തിരിച്ച് റിസ്പഷൻ കൗണ്ടറിലേക്ക് നടന്നു. തോളത്തെ സഞ്ചി കൗണ്ടറിൽ വെച്ച് സിപ്പ് തുറന്ന് ഒരു ഫോൾഡറെടുത്തു. ടൂറിസം വകുപ്പിന്റെ ഒരു ഫോൾഡറായിരുന്നു അത്. അതു മറിച്ച് കഥകളിയുടെ പേജുള്ള ഭാഗം അയാൾ നാരായണൻ നായർക്കു കാണിച്ചുകൊടുത്തു.

കഥാകളി. ഡുയു. പെർഫോം ദിസ് ഡാൻസ്?

യെസ്.

ഫോൾഡർ മടക്കി സഞ്ചിയിലാക്കി സിപ്പ് വലിച്ചുകൊണ്ട് സായ്വു പറഞ്ഞു.

ഐ ഗോ വിഥ് യു. കാൻ യു വെയ്റ്റ് ഫോ മി ഫോറെ വൈൽ? ഐ നീഡെ ചേയ്ഞ്ച്.

ഷുവർ.

ജസ്റ്റെ കപ്ളോഫ് മിനിറ്റ്സ്.

സായ്വ് ലിഫ്റ്റിനടുത്തേക്കു നടന്നു.

പത്തുമിനിറ്റിന്നകം സായ്വ് തിരിച്ചുവന്നു. വേഷം മാറിയിരിക്കുന്നു. നിറയെ കള്ളികളുള്ള ഒരു ഷർട്ടും നരച്ചു തുടങ്ങിയ ജീൻസുമാണ് വേഷം. സായ്പ് കുറെക്കൂടി ഉന്മേഷവാനായി തോന്നി.

യു ഹാവ് ടൈം ഫോറെ ക്വിക്കീ?

ഹാളിന്റെ ഒരറ്റത്തുള്ള ബാർ ചൂണ്ടി സായ്വ് ചോദിച്ചു.

വെൽ!

അയാൾ സായ്വിന്റെ പിന്നാലെ നടന്നു. ബീയർ കുടിച്ചു കൊണ്ടിരിക്കെ സായ്വ് ചോദിച്ചു.

ഇതാണ് നിങ്ങളുടെ ഏറ്റവും പോപ്പുലറായ ഡാൻസ് അല്ലേ. എ ഗ്രെയ്റ്റ് ഫോം ഓഫ് ആർട്ട്.

സായ്വ് അമേരിക്കനായിരുന്നു. മിൽവോക്കിയിൽ താമസിക്കുന്നു.

ഞാൻ ചെറുപ്പകാലത്ത് ഒരു ടാപ് ഡാൻസറായിരുന്നു. അയാൾ പറഞ്ഞു. നല്ലൊരു ഡാൻസർ. ലോകം മുഴുവൻ സഞ്ചരിച്ചിട്ടുണ്ട്.

അയാൾ കീശയിൽനിന്നെടുത്ത പേഴ്സിന്റെ ഉള്ളറയിൽ നിന്നൊരു ഫോട്ടോ തപ്പിയെടുത്തു.

പഴയൊരു കളർ ഫോട്ടോ.

ഇപ്പോൾ ആരും ടാപ് ഡാൻസ് ചെയ്യുന്നില്ല. വളരെ പഴഞ്ചനായെന്നാണ് പറയുന്നത്. എനിക്കുശേഷം ആരെയെങ്കിലും പഠിപ്പിക്കണമെന്നുണ്ടായിരുന്നു. മകനെയെങ്കിലും. അവനതിൽ താൽപര്യമുണ്ടായിരുന്നില്ല. കംപ്യൂട്ടർ സയൻസിൽ ടാപ് ഡാൻസിനേക്കാൾ പണമുണ്ട്. എന്റെ കാലം കഴിഞ്ഞാൽ മിൽവോക്കിയിൽ ഒരു ടാപ് ഡാൻസർ ഉണ്ടാവില്ല. നല്ലൊരു കലയായിരുന്നു അത്. എ റിയൽ ഗ്രൂവി തിങ്.

സായ്വ് ബീയർ മൊത്തിക്കുടിച്ചു.

മഗ്ഗിൽ നിന്ന് ഒരു വലിയ കവിൾ ബീയർ കുടിച്ചുകൊണ്ട് നാരായണൻ നായർ പറഞ്ഞു.

ഇവിടെയും ഇതൊക്കെയാണ് സംഭവിക്കുന്നത്. ക്ലാസ്സിക്ക് കലകൾ ഇന്ന് ആർക്കും ആവശ്യമില്ല. ഞങ്ങൾ കഥകളി നടത്തുന്നിടത്ത് വിദേശികൾ മാത്രമേ വന്നിരിക്കാറുള്ളൂ. ഈ നാട്ടുകാർ വന്നാൽ ഞങ്ങൾ പണം ആവശ്യപ്പെടാറില്ല. അവർ വരാറില്ല. ഇനി വന്നാൽ തന്നെ പത്തുമിനിറ്റിനകം തിരിച്ചുപോവുകയും ചെയ്യും. ആരും ഈ കലകൾ ഇവിടെ പേട്രണൈസ് ചെയ്യുന്നില്ല.

സായ്വിന് അതൊരു പുതിയ അറിവായിരുന്നു. അയാൾ കഥകളിയുടെ വീഡിയോ ഫിലിം കണ്ടിരുന്നു. നിറഞ്ഞ ഹാളിൽ പ്രേക്ഷകരുടെ സജീവമായ പ്രതികരണത്തോടെ നടത്തിയ ഒരു പരിപാടിയായിരുന്നു അത്. ആ കല, പിറന്നുവീണ നാട്ടിൽ വളരെ ചുരുക്കം പേരെ ആസ്വദിക്കുന്നുള്ളുവെന്ന അറിവ് അയാളെ വേദനിപ്പിച്ചു.

അയാൾ എന്തുകൊണ്ടോ മിൽവോക്കിയിലെ മിനസമുള്ള ഡാൻസ് ഫ്ളോറുകൾ ഓർത്തു. ഷൂസുകൾ നിലത്തു വെച്ചടിക്കുമ്പോഴുണ്ടാകുന്ന ശബ്ദം. ഷൂസും ഷൂസും കൂട്ടിയടിക്കുമ്പോഴുണ്ടാകുന്ന ശബ്ദം. ആദ്യം സാവധാനത്തിൽ, പിന്നെ പിരിമുറക്കം കൂടിക്കൂടി അപാരമായ വേഗത്തിൽ.

ഓട്ടോ പിടിച്ച് വീട്ടിലെത്തിയപ്പോൾ ഏഴരയായിരിക്കുന്നു. മേളക്കാരും വായ്പാട്ടുകാരും പോയിട്ടുണ്ടായിരുന്നില്ല. പന്തലിൽ ഒഴിഞ്ഞു കിടക്കുന്ന കസേരകൾ നോക്കിക്കൊണ്ട് സായ്വ് പറഞ്ഞു.

I can see there aren't many patrons for your art. Or are we too early?

നാരായണൻനായരുടെ മുഖത്തെ വല്ലായ്മ കണ്ടപ്പോൾ സായ്വ് മനസ്സിലായെന്ന ഭാവത്തിൽ തലയാട്ടി.

നാരായണൻനായർ ചുട്ടി കുത്തുന്നത് സായ്വ് നോക്കിയിരുന്നു. ഇടയ്ക്ക് തന്റെ കയ്യിലുള്ള ക്യാമറ ക്ലിക്ക് ചെയ്യും.

അരമണിക്കൂർ നേരത്തേക്ക് ആടാനുള്ള ഉദ്ദേശമേയുള്ളൂ. നളചരിതം ഒന്നാം ദിവസത്തിൽ രണ്ടാം രംഗം. നളൻ ഹംസത്തെ പിടിച്ച് ദൂതുമായി പറഞ്ഞയക്കുന്ന ഭാഗം മാത്രം.

ഒമ്പതരയായപ്പോഴേക്കും വേഷമിടൽ കഴിഞ്ഞു. അതിനിടയ്ക്ക് സായ്വിന് ആടാൻ പോകുന്ന കഥയെപ്പറ്റി ഒരു ചെറിയ വിവരണം നൽകിയിരുന്നു. കഥ മനസ്സിലാവാൻ ആവശ്യമായ മുദ്രകളെപ്പറ്റിയും അയാളെ പറഞ്ഞു മനസ്സിലാക്കിയിരുന്നു.

കേളികൊട്ടു തുടങ്ങി. മദ്ദളവും, ചെണ്ടയും, ചേങ്ങല, ഇലത്താളങ്ങളും കൂടി അന്തരീക്ഷത്തിൽ ഒരത്ഭുത പ്രപഞ്ചം സൃഷ്ടിച്ചു. സായ്വ് ഈ താളലയങ്ങളിൽ മുഴുകിയിരുന്നു. എവിടെയോ കേട്ടുമറന്ന ഒരു താളത്തിനു വേണ്ടി അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു.

വായ്പ്പാട്ടുകാർ പാടുകയാണ്.

'ഊർജ്ജിതാശയ..........'

പാട്ടുകാർ മോശമായിരുന്നു. പക്ഷേ താൻ കൊടുക്കുന്ന പ്രതിഫലത്തിൽ തനിക്ക് ഉണ്ണികൃഷ്ണ കുറുപ്പിനെ കിട്ടില്ലല്ലൊ.

നിലവിളക്കിൽ എണ്ണ കത്തുന്ന മണം പരന്നു. പന്തലിലിട്ട പത്തിരുപതു കസേരകളിൽ ഒന്നൊഴികെ എല്ലാം ഒഴിഞ്ഞു കിടന്നു. സായ്വ് പക്ഷേ അതൊന്നും ശ്രദ്ധിച്ചില്ല. സ്റ്റേജിൽ തനിക്കുവേണ്ടി ഒരുക്കുന്ന ദൃശ്യവിരുന്നിന്റെ മാധുര്യം ഓരോ തുള്ളിയും ആസ്വദിക്കുകയായിരുന്നു, ആ പഴയ ടാപ് ഡാൻസർ.

സായ്വിന്റെ പ്രതികരണം നാരായണൻ നായരിൽ ഉത്സാഹമുണർത്തി.

'പ്രിയമാനസാ നീ പോയ് വരേണം.'

തോടി രാഗത്തിൽ വായ്പാട്ടുകാർ പാടുകയാണ്. കളി കഴിഞ്ഞപ്പോൾ നാരായണൻ നായർ സ്റ്റേജിൽ നിന്നിറങ്ങിവന്നു. നളന്റെ വേഷത്തിൽത്തന്നെ. സായ്വ് അയാളുടെ കൈ പിടിച്ചു കുലുക്കി.

എങ്ങിനെയാണ് നിങ്ങൾക്ക് നന്ദി പറയേണ്ടതന്നറിയില്ല. അയാൾ പറഞ്ഞു. നിങ്ങൾ നല്ലൊരു കലാകാരനാണ്. ഓരോ നിമിഷവും ഞാൻ ആസ്വദിച്ചു.

പിന്നെ എന്തോ ഉൾപ്രേരണയുണ്ടായപോലെ സായ്വ് സ്റ്റേജിലേക്കു നടന്നു. വെറുതെ ഷൂസുകൊണ്ട് നിലത്ത് തട്ടിനോക്കി. സിമന്റിട്ട നിലത്ത് ഷൂസിന്റെ അടിഭാഗം കൊണ്ട് കനത്ത ആഴമുള്ള ശബ്ദമുണ്ടായി. അദ്ദേഹം ഒരിക്കൽ കൂടി ഷൂസുകൊണ്ട് തട്ടി നോക്കി. വളരെ ആഴമുള്ള ശബ്ദം, പക്ഷെ മറ്റൊരു ശ്രുതിയിൽ അദ്ദേഹം മുഖമുയർത്തി നാരായണൻനായരെ നോക്കി. അയാൾ, സായ്വ് ഷൂസു കൊണ്ടുണ്ടാക്കിയ മാസ്മര ശബ്ദത്തിൽ മോഹിതനായി അനങ്ങാതെ നിന്നു.

വീണ്ടും ഒരു ജോടി ഷൂസുകൾ ശബ്ദിച്ചു. ഈ പ്രാവശ്യം കൂടുതൽ നേരത്തേക്ക്. സായ്വിന്റെ ശരീരം ആകെയൊന്നു കുലുങ്ങുകയും ചെയ്തു.

ആദ്യം പ്രതികരണമുണ്ടായത് മദ്ദളം വായനക്കാരന്റേതാണ്. നൃത്തം വെക്കുന്ന ഒരു ജോടി ഷൂസുകൾ സിമന്റ് തറയിലുണ്ടാക്കിയ താളം അയാൾ മദ്ദളത്തിൽ ഭംഗിയായി അനുകരിച്ചു.

പിന്നെ ചെണ്ടക്കാരന്റെ ഊഴമായിരുന്നു. അതേ താളം തന്നെ ചെണ്ടയിൽ വായിക്കപ്പെട്ടു. സായ്വ് അത്ഭുതത്തോടെ, സന്തോഷത്തോടെ, നന്ദിയോടെ അവരെ നോക്കി.

വീണ്ടും ഷൂസുകൾ താളം ചവുട്ടി. പിന്നാലെ മദ്ദളവും ചെണ്ടയും. സായ്വ് ഒരു ചെറുചിരിയോടെ നൃത്തം തുടർന്നു. ആ മെലിഞ്ഞ ദേഹം ആടിയുലഞ്ഞു. താളം ദ്രുതഗതിയിലായി. വഴിയിലെവിടേയോ വെച്ച് മദ്ദളക്കാരനും ചെണ്ടക്കാരനും നിർത്തി. അവരുടെ വാദ്യോപകരണങ്ങൾ നിലത്തിറക്കിവെച്ച് അവർ ആ മാസ്മരതയിൽ ലയിച്ചു നിന്നു.

താളം വീണ്ടും മുറുകി. അത്ഭുതകരമായ വേഗത്തിൽ എല്ലാം മറന്ന് ആ മിൽവോക്കിക്കാരൻ ടാപ്ഡാൻസർ നൃത്തമാടി.

പതിനഞ്ചുമിനിറ്റു കഴിഞ്ഞിട്ടുണ്ടാകും. പരിസരബോധം വന്ന പോലെ അയാൾ നിർത്തി. അയാൾ ക്ഷീണിച്ചിരുന്നു. താഴെയിറങ്ങിവന്ന് കസേരയിൽ ഇരുന്ന് അയാൾ പറഞ്ഞു.

വാട്ടർ.

ഗ്ലാസ്സിൽ കൊടുത്ത വെള്ളം കുടിച്ചുകൊണ്ടിരിക്കെ അയാൾ പറഞ്ഞു.

ഞാൻ വിചാരിച്ചു എനിയ്ക്കിനി ഡാൻസ് ചെയ്യാൻ പറ്റില്ലെന്ന്.

നേരം വൈകിയിരുന്നു. വായ്പ്പാട്ടുകാരും മേളക്കാരും പോയി. ഹംസത്തിന്റ വേഷമിട്ട ചെറുപ്പക്കാരൻ വേഷമഴിച്ചു വെക്കാൻ അകത്തേക്കു പോയി. ഒഴിഞ്ഞ അരങ്ങിൽ ആ രണ്ടു കലാകാരൻമാർ മാത്രമായി. അവർ മുഖത്തോടുമുഖം നോക്കി നിന്നു. പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു ഭാവസമ്മിശ്രം സായ്‌വിന്റെ മുഖത്തുയർന്നു. നാരായണൻനായർ അപ്പോഴും കഥകളി വേഷത്തിലായിരുന്നു. അയാളുടെ കൈപിടിച്ചു കുലുക്കിക്കൊണ്ട് സായ്‌വ് പറഞ്ഞു.

മനോഹരമായൊരു സായാഹ്നത്തിന് നന്ദി.

പെട്ടെന്ന് എന്തോ ഓർത്തുകൊണ്ട് സായ്‌വ് കീശയിൽ നിന്ന് പഴ്സെടുത്തു.

എന്റെ കയ്യിൽ ഡോളർ ബില്ലുകളെയുള്ളു. തിരക്കിൽ മാറാൻ പറ്റിയില്ല. നിങ്ങൾ എത്രയാണ് ചാർജ് ചെയ്യുന്നതെന്നറിയില്ല.

അദ്ദേഹം ഏതാനും നോട്ടുകൾ എടുത്ത് നാരാണൻനായരുടെ കയ്യിൽ വെച്ചു.

അല്പം മടിയോടെ അയാൾ അതു വാങ്ങി, എണ്ണിനോക്കി. അമ്പതു ഡോളർ. ഏകദേശം രണ്ടായിരം ഉറുപ്പിക. അതു തിരിച്ചുനീട്ടിക്കൊണ്ട് അയാൾ പറഞ്ഞു.

ഇതു വളരെയധികമാണ്. ഞാൻ അമ്പതുറുപ്പികയേ ചാർജ് ചെയ്യാറുള്ളൂ.

നോട്ടുകൾ തിരിച്ചുവാങ്ങാതെ സായ്‌വ് പഴ്സ് മടക്കി കീശയിൽ ഇട്ടു. കസേരയിൽ വെച്ച ക്യാമറ സഞ്ചിയിലാക്കി തോളത്തിട്ടു.

ഇനിയൊരിക്കൽ കാണാം.

അയാൾ നടന്നകലുന്നത് നാരായണൻനായർ നോക്കിനിന്നു. അയാൾ അപ്പോഴും നളന്റെ വേഷത്തിലായിരുന്നു. കാലദേശാന്തരങ്ങളെ അതിജീവിച്ചുകൊണ്ട് ഏഴു കടലും ഏഴു കരകളും കടന്നുവന്ന ഒരു മഹത്തായ കലയുടെ കാലടിശബ്ദത്തിന്റെ അനുരണനം അയാളുടെ മനസ്സിനെ സമ്പന്നമാക്കിയിരുന്നു.

back to index

# അമ്മ

**മാ**വു വെട്ടുന്ന ശബ്ദം ഇപ്പോഴും ഓർമ്മയിലുണ്ട്. എട്ടോ ഒമ്പതോ വയസ്സുള്ളപ്പോഴാണ്. ഞാൻ ഏതാനും നിമിഷം മുമ്പ് അഭയം പ്രാപിച്ച പുറത്തെ മുറിയുടെ ജനലിലൂടെ നോക്കിനിന്നു. ഇവിടെ മരണം ദൂരെയാണ്. മൂന്നു മുറികളും ഒരു വരാന്തയും അകലെ. ചാത്തയും കോതയും അപ്പുറത്തും ഇപ്പുറത്തും നിന്ന് കോടാലികൊണ്ട് ആഞ്ഞുവെട്ടുന്നു. ചാത്ത വെട്ടി കോടാലി എടുക്കുമ്പോഴും കോതയുടെ കോടാലി പതിക്കുന്നു. മാവിന്റെ വെളുത്ത ചീളുകൾ ചിതറുന്നു. കോടാലി മാവിൻതടിമേൽ പതിക്കുന്ന ആ ശബ്ദം ഒരു ഭയപ്പെടുത്തുന്ന താളത്തോടെ തുടർന്നു. മാവിന്റെ കൊമ്പുകളെല്ലാം വെട്ടിക്കഴിഞ്ഞു. ഇനി തടിമാത്രമേയുള്ളൂ. ഓരോ വെട്ടിലും മാവിന്റെ തടി വിറച്ചിരുന്നു.

നേരം പുലർന്നുകഴിഞ്ഞു. ഏഴു മണിയെങ്കിലും ആയിട്ടുണ്ടാകും. മുത്തശ്ശി പന്ത്രണ്ടു മണിക്കാണ് മരിച്ചത്. രാത്രിതന്നെ മാവുവെട്ടുന്ന കാര്യം ആരോ പറഞ്ഞപ്പോൾ അപ്പു നായർ പറഞ്ഞു.

നേരം വെളുക്കട്ടെ. ഇപ്പൊ മാവ് ഒറങ്ങ്വായിരിക്കും.

അപ്പുനായർ സ്വതവേ ഉച്ചത്തിലാണ് സംസാരിക്കാറ്. ആജ്ഞാപിക്കുന്ന സ്വരത്തിൽ. നാട്ടിൽ ഏതെങ്കിലും നായർ തറവാടുകളിൽ കല്യാണമോ, തെരണ്ടുകല്യാണമോ, പതിനാറടിയന്തിരമോ ഉണ്ടെങ്കിൽ അപ്പു നായർ എത്തുന്നു. അടുക്കളമുറ്റം കയ്യേറുന്നു. പണിക്കാരികളെക്കൊണ്ട് മുറ്റം ചാണകം മെഴുകിക്കുന്നു. പന്തൽ ഇടാനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു. വലിയ ചരക്കുകൾ കയറ്റാനുള്ള അടുപ്പുകൾ ഉയരുന്നു. ഇതൊന്നും ആരും ആവശ്യപ്പെട്ടു ചെയ്യുന്ന തൊന്നുമല്ല. പ്രതിഫലേഛ കൂടാതെയുള്ള സേവനം അദ്ദേഹത്തിന്റെ അധികാരമായിരുന്നു.

നേരം നന്നെ വെളുത്തപ്പോൾ അപ്പുനായർ പറഞ്ഞു.

ന്നാ, മാവ് വെട്ട്വാ.

ചാത്തയും കോതയും മരം വെട്ടാനായി കോടാലിയുമായി പറമ്പിലേയ്ക്കു നടന്നു.

മരത്തിനെ നമസ്കരിച്ച് തൊട്ടു തലയിൽ വെയ്ക്ക്.

ചാത്തയും കോതയും മരത്തിനു മു മ്പിൽ നമസ്കരിക്കുന്നത് അല്പം തമാശ യോടെ ഞാൻ നോക്കി നിന്നു.

പിന്നെ ബുദ്ധിയുറച്ചപ്പോഴാണ് അപ്പു നായരുടെ മഹാമനസ്കത മനസ്സിലാ യത്. മുപ്പത്തഞ്ചുകൊല്ലം മുമ്പ് വിറക് വിൽക്കുന്ന കടകളൊന്നും ഗ്രാമത്തിലു ണ്ടായിരുന്നില്ല. അപ്പോൾ സ്വന്തം വീട്ടിലെ മരം വെട്ടുകയേ നിവൃത്തി യുള്ളൂ. മരത്തോടുള്ള സ്നേഹവും ആദരവും നിമിത്തം ഇപ്പോഴും അപ്പു നായർ എന്റെ മനസ്സിൽ ജീവിക്കുന്നു.

വടക്കെ മുറിയിൽ നിലത്ത് മുത്ത ശ്ശിയുടെ ദേഹം കോടി പുതപ്പിച്ചു കിടത്തിയിരിക്കയാണ്. ഇടനാഴിക യിൽകൂടി പോകുമ്പോൾ ഒരിക്കൽ നോക്കി. പിന്നെ എങ്ങിനെയോ ഓടി വന്ന് പുറത്തെ മുറിയിൽ അഭയം പ്രാപിച്ചു. എനിയ്ക്ക് കുട്ടിക്കാലത്ത് ശവശരീരം ഭയമായിരുന്നു. മുറിയിലും ഇടനാഴിയിലും നിറയെ സ്ത്രീകൾ ഇരുന്നു. ആരോ രാമായണം വായി ക്കുന്നു. അതാരാണെന്ന് നോക്കാൻ നിന്നില്ല.

പുറത്തെ മുറിയിൽ അമ്മ നിലത്തു വിരിച്ച പുൽപായിൽ ഇരിക്കുകയായിരുന്നു. ഞാൻ അമ്മയുടെ അടുത്തിരുന്ന് ജനലിലൂടെ നോക്കി.

അപ്പുനായർ വിളിച്ചു പറയുന്നു. എല്ലാ മക്കളും കുളിച്ച് ഈറനുടുത്ത് വര്വാ. പേരക്കുട്ടികളും ആയ്ക്കോട്ടെ. ആണു ങ്ങള് മാത്രം മതി. ഒരു വാഴയില വെട്ടിക്കോ.... ആ കുറച്ചുകൂടി വലുതാവായിരുന്നു. സാരല്യ. പിന്നെ ബാക്കിയുള്ളതും കൂടി വെറകാക്കിക്കോ. പതിനാറടിയന്തരത്തിന് വേണം. വേഗമാവട്ടെ. എന്താ നോക്കി നിക്കണത്.

അപ്പുനായർ ഉറക്കെ സംസാരിച്ചു.

ഇപ്പോൾ ഒരു തമാശയോടെ ഞാൻ ഓർത്തു. അന്നെല്ലാം ആൾക്കാർ മറ്റുള്ളവർക്കു വേണ്ടി ശബ്ദമുയർത്തി. ഇന്നതല്ല സ്ഥിതി. അവനവന്റെ കാര്യത്തിനു വേണ്ടി മാത്രമേ ശബ്ദമുയർത്തുന്നുള്ളൂ.

ജനലിലൂടെ നോക്കിയപ്പോൾ അമ്മാവന്മാർ നാലുപേരും കുളിച്ച് ഈറൻ തറ്റുടുത്ത് നിൽക്കുന്നു. പിന്നെ നോക്കിയപ്പോഴാണ്. അത്ഭുതം തന്നെ. ചെറിയമ്മയുടെ രണ്ടു മക്കൾ, രാജുവും വാസുവും, രണ്ടുപേരും എന്നേക്കാൾ താഴെയാണ്, അവരുടെ ഒപ്പം നിൽക്കുന്നു.

എന്നെ ആരും കാണാതിരിക്കാൻ ഞാൻ അമ്മയുടെ പിന്നിൽ ഒതുങ്ങിയിരുന്നത് ഓർമ്മയുണ്ട്. ഞാൻ പതിഞ്ഞ സ്വരത്തിൽ അമ്മയോട് ചോദിച്ചു.

അവരെല്ലം എന്തിനാണ് ഈറനുടുത്തു നിൽക്കുന്നത്?

മുത്തശ്ശിയുടെ ദേഹം ദഹിപ്പിക്കാൻ കൊണ്ടു പോവ്വല്ലെ? മക്കളാണ് അത് ചെയ്യുക.

അപ്പോ രാജുവും വാസുവും?

അവരും കൂടും. തൊട്ടു നിന്നാ മതി. നിനക്കും കൂടാലോ. ഇവിടെ ഇങ്ങിനെ ഇരിക്കുന്ന നേരം നിനക്കും പോയി പിടിച്ചുകൊടുത്തുകൂടെ?

ഞാൻ ഭയംകൊണ്ട് ചൂളിപ്പോയി. ഒരു ശവശരീരം തൊടുക. ആലോചിക്കാൻ കൂടി വയ്യ. ഒരിക്കൽ അയൽവക്കത്ത് ഒരാൾ മരിച്ചെന്നറിഞ്ഞപ്പോൾ അനുജത്തിയുടെ കൈ പിടിച്ച് സാധാരണ പോകാറുള്ള ഇടവഴി ഒഴിവാക്കി വളഞ്ഞ് പാടത്തുകൂടെ സ്കൂളിലെത്തും വരെ ഓടിയതാണ്.

ഞാൻ അമ്മയോട് കൂടുതൽ ചേർന്നിരുന്നു. പെട്ടെന്ന് എന്റെ കൈ തൊട്ടുനോക്കി അമ്മ പറഞ്ഞു.

എന്താണിത്? നിന്റെ കൈ തണുത്തിരിക്കുന്നല്ലൊ. കൈ മാത്രമല്ല, ദേഹംമുഴുവൻ തണുത്തിരുന്നു. തണുപ്പ് സഹിക്കാനാവാതെ ഞാൻ അമ്മയോട് ചേർന്നിരുന്നു.

എന്താ ഇങ്ങിനെ പേടിയായാൽ?

ഞാൻ വിറയ്ക്കാൻ തുടങ്ങി. അമ്മ എന്നെ മടിയിൽ കിടത്തി മുഖം മാറിടത്തിൽ അമർത്തിവെച്ചു. എനിക്ക് കുറച്ച് ചൂടും ആശ്വാസവും തോന്നി. പുറത്ത് അപ്പുനായരുടെ ആജ്ഞകൾ ഉറക്കെ ഉയരുന്നുണ്ടായിരുന്നു.

ഇന്ന് മുപ്പത്തഞ്ചുകൊല്ലങ്ങൾക്കുശേഷം ഞാൻ അതെല്ലാം ഓർക്കുന്നു. അമ്മയുടെ മാറിടത്തിലെ ചൂടും സ്നേഹത്തോടെ എന്നെ വരിഞ്ഞ കൈകളുടെ വാത്സല്യവും.

അമ്മയുടെ ദേഹം ചിതയിലേക്ക് വെച്ച് പത്തു മിനിറ്റായി കാണും. സഹായികൾ വിറക് അടുക്കി വെക്കുകയാണ്. കർമ്മിയുടെ ശബ്ദം ഒട്ടും ആർദ്രമായിരുന്നില്ല. വളരെ യാന്ത്രികമായി നിർവ്വികാരനായി അയാൾ ഉരുവിട്ടുകൊണ്ടിരുന്നു. ഞാൻ അപ്പു നായരെ ഓർത്തു. അദ്ദേഹം എന്നേ മരിച്ചുപോയിരുന്നു.

വൈകുന്നേരം മഴ പെയ്തിരുന്നു. കാറ്റിൽ ഈർപ്പമുണ്ട്. അത് ധനുരാത്രിയെ കൂടുതൽ തണുപ്പിച്ചു. വീട്ടിൽ നിന്ന് കുളിച്ച് ഈറനുടുത്ത ശേഷമാണ് അമ്മയുടെ ദേഹം, അനുജത്തിയുടെ തേങ്ങലുകൾക്കൊപ്പം ആംബുലൻസിലേക്ക് എടുത്തുവെച്ചത്. അളിയനും ചെറിയമ്മയുടെ മക്കളും കൂട്ടിനുണ്ടായിരുന്നു. ഭാരതപ്പുഴയുടെ തീരത്തുള്ള ശ്മശാനത്തിലെത്തിയപ്പോൾ കർമ്മി പറഞ്ഞു.

ഞങ്ങള് ചിത ഒരുക്കാം. നിങ്ങൾ മൂന്നുപേരും പൊഴേല് മുങ്ങിവര്വാ.

ആരോ പെട്രോമാക്സ് കത്തിച്ചിരുന്നു. വാസു അതുംഏറ്റി മുന്നിൽ നടന്നു. വെള്ളത്തിനടുത്തെത്താൻ മണലിലൂടെ കുറച്ചുദൂരം നടക്കേണ്ടി വന്നു. പെട്രോമാക്സിന്റെ വെളിച്ചത്തിൽ പുഴവെള്ളത്തിന്റെ ഒഴുക്ക് കാണാമായിരുന്നു. മഴ കാരണം വെള്ളത്തിന് തെളിവുണ്ടായിരുന്നില്ല.

പെട്ടെന്ന് അമ്മ ആംബുലൻസിൽ ഒറ്റക്ക് കിടക്കുയാണെന്ന് ഓർത്തു. ആംബുലൻസ് നിന്നിരുന്നിടത്ത് ഇരുട്ടാണ്. പെട്രോ മാക്സിന്റെ വെളിച്ചത്തിൽ ആംബുലൻസിന്റെ നേരിയ രൂപരേഖ കാണാം. അതിൽ അമ്മ ഒറ്റയ്ക്ക് കിടക്കുകയാണെന്നോർത്തപ്പോൾ വിഷമം തോന്നി. ഒരു പക്ഷേ അളിയൻ കാവൽ നിൽക്കുന്നുണ്ടാവും. വേഗം മുങ്ങിക്കയറി.

വെള്ളത്തിന് തണുപ്പുണ്ടായിരുന്നില്ല. പക്ഷേ മുങ്ങിക്കയറിയപ്പോൾ കാറ്റുകാരണം തണുപ്പ് മുള്ളുകൾ പോലെ ദേഹത്തു തുളച്ചുകയറി. നനഞ്ഞ തോർത്ത് അരയ്ക്കു ചുറ്റും കെട്ടി ഞങ്ങൾ ശ്മശാനത്തിലേക്കു നടന്നു.

കുഴി കുഴിച്ചുകഴിഞ്ഞിരുന്നു. കുഴിക്കു രണ്ടു വശത്തും വാഴത്തടി വെച്ചതിനു മീതെ മരത്തിന്റെ മൂന്നുമുട്ടികൾ വിലങ്ങനെ വെച്ചു.

കർമ്മിയുടെ ശബ്ദം കേട്ടു.

ഇനി മൃതദേഹം എടുത്തുകൊണ്ടു വര്വാ.

ഞങ്ങൾ അമ്മയുടെ ശരീരം എടുത്തുകൊണ്ടുവന്നു.

ഇനി ദേഹം എടുത്ത് ചിത പ്രദക്ഷിണം വെക്കണം, മൂന്നുപ്രാവശ്യം. തല തെക്കോട്ട് തന്നെ പിടിക്കണം. ആ, ഇനി അവിടെ തടീമ്മല് വെച്ചോളു.

ഞാൻ തലഭാഗമാണ് പിടിച്ചിരുന്നത്. രാജുവും വാസുവും നടുഭാഗവും കാൽ ഭാഗവും. തല മുട്ടിമേൽ വെച്ചപ്പോഴാണ് കണ്ടത്. മുട്ടിമേൽ ഒരു കൂർത്ത ഭാഗമുള്ളിടത്താണ് അമ്മയുടെ തല വരിക. ഞാൻ തല അല്പ മുയർത്തിപ്പിടിച്ച് മുട്ടി തിരിച്ച് മിനുസമുള്ള ഭാഗം നോക്കിവെച്ചു.

ആ, അതു സാരല്യ. മരിച്ചോർക്ക് വേദനിക്ക്യാന്നുല്ല്യ.

കർമ്മി പറഞ്ഞു.

ശരിയാണ്. ഞാൻ ഓർത്തു. കർമ്മിയുടെ വാക്കുകൾ മയമില്ലാത്തതെങ്കിലും സത്യമായിരുന്നു. അമ്മ അസുഖ ങ്ങളുടെയും വേദനകളുടെയും ലോകത്തുനിന്നു പോയിരിക്കുന്നു. പക്ഷേ അതു പറഞ്ഞതിന് ഞാൻ കർമ്മിയെ വെറുത്തു.

മകൻ ഇവിടെ വര്വാ. കയ്യിൽ പൂക്കൾ തന്നുകൊണ്ട് കർമ്മി പറഞ്ഞു. മരിച്ച ആളെ ധ്യാനിച്ച് പൂക്കൾ ദേഹത്ത് വെക്ക്വാ.

മരിച്ച ആൾ എന്റെ അമ്മയാണ്. ഞാൻ വിചാരിച്ചു. മരിച്ച ആൾ എന്നതിനു പകരം അമ്മയെ ധ്യാനിച്ച് എന്ന് കർമ്മി പറഞ്ഞിരുന്നെങ്കിൽ.

കിണ്ടിയിൽ വെള്ളമെടുക്കു....... ധ്യാനിക്കു........ കാൽ തൊട്ട് വന്ദിക്കു.

കർമ്മിയുടെ ശബ്ദം യാന്ത്രികമായി വന്നുകൊണ്ടിരുന്നു. അയാളുടെ സഹായി കൾ അമ്മയുടെ ദേഹത്ത് വിറക് ഒതുക്കി വെക്കാൻ തുടങ്ങി. കർമ്മി വിറകു കൊള്ളികൾ മുറിച്ചെടുത്ത് ശീല ചുറ്റി പന്തമുണ്ടാക്കുകയാണ്. മൂന്നു പന്തങ്ങൾ ഉണ്ടാക്കി അവ എണ്ണയിൽ മുക്കിയെടുത്തു. ചിത തയ്യാറായിരുന്നു.

മകൻ ഇവിടെ വര്വാ. ഒരു പന്തം കയ്യിൽ തന്നുകൊണ്ട് കർമ്മി പറഞ്ഞു. ഇതാ നിലവിളക്കിൽ നിന്ന് കത്തിച്ച് തലഭാഗത്ത് കൊളുത്തിക്കൊള്ളു. മറ്റു രണ്ടു പന്തങ്ങൾ രാജുവിന്റെയും വാസുവിന്റെയും കയ്യിൽ കൊടുത്തു.

അങ്ങട്ട് ഉള്ളിലേക്ക് വെച്ചോളു. ചകിരി തീപിടിക്കട്ടെ. നിങ്ങള് ഒരാള് നടുവിലും ഒരാള് കാൽഭാഗത്തും വെച്ചോളു. ആ അങ്ങിനെത്തന്നെ.

ചിത പുകഞ്ഞുതുടങ്ങി. പിന്നിൽ നിന്ന് കാറ്റ് വീശിയിരുന്നു. വിറക് അടുക്കി വെച്ചതു കാരണം തുണികൊണ്ട് മൂടിയ ശരീരം കാണാൻ പറ്റിയില്ല. പക്ഷേ അമ്മ അവിടെതന്നെയുണ്ടെന്ന ബോധമുണ്ടായിരുന്നു.

മഴ ഇനി പെയ്യില്ല.

ആരോ ആകാശം നോക്കി പറഞ്ഞു. മേഘങ്ങൾ ഒഴിഞ്ഞു തുടങ്ങി. നക്ഷത്രങ്ങൾ തെളിയുകയാണ്.

മഴ നിന്നെങ്കിലും കാറ്റിന് നല്ല തണുപ്പുണ്ടായിരുന്നു. ഈറനുടുത്ത കാരണം തണുപ്പ് ദേഹത്തിൽ വിടാതെ നിന്നു. കർമ്മിയുടെ സഹായികൾ ചിതയ്ക്കു ചുറ്റും നടന്ന് തീ പിടിപ്പിക്കുകയാണ്. തീ വളരെ വേഗം പിടിച്ചു കയറി.

ഇനി നിങ്ങൾ ഇരുന്നോളു കർമ്മി പറഞ്ഞു.

തീ നല്ല വണ്ണം പിടിച്ചിട്ട് പോകാം.

മരക്കൊള്ളികൾ ഓരോന്നോരോന്നായി തീ പിടിക്കുന്നത് നോക്കി ഞങ്ങൾ ഒരു ഓലമെടഞ്ഞതിൽ ഇരുന്നു. ക്രമേണ തണുപ്പ് അകന്നു പോകുന്നത് ഒരാശ്വാസത്തോടെ ഞാൻ മനസ്സിലാക്കി. ചൂട് എന്റെ ഈറൻ വസ്ത്രങ്ങളെ ഉണക്കാൻ തുടങ്ങി. ചൂട് ദേഹത്തിലേക്കു തുളച്ചു കയറി തണുപ്പ് തീരെ അകറ്റി. അമ്മ അദൃശ്യമായ കൈകൾകൊണ്ട് ആലിംഗനം ചെയ്യുന്നപോലെ. ഞാൻ കുട്ടിയായിരുന്നപ്പോൾ മുത്തശ്ശിയുടെ മരണസമയത്ത് അമ്മ എന്നെ കെട്ടിപ്പിടിച്ച് എന്റെ ഭയവും തണുപ്പും അകറ്റിയിരുന്നത് ഓർമ്മ വന്നു. ഇന്നും ചിതയ്ക്കു മുകളിൽനിന്ന് അതേ ചൂടും സ്നേഹവും പകർന്ന് അമ്മ എന്നെ ആശ്വസിപ്പി ക്കാൻ ശ്രമിക്കയാണ്

സമയമെത്രയായി?

ആരോ വാച്ച് നോക്കി പറഞ്ഞു. ഒമ്പതേകാൽ. നിങ്ങൾ മൂന്നുപേരും പുഴയിൽ മുങ്ങി വരു. എന്നിട്ട് പുറപ്പെടാം.

വെള്ളത്തിന് തണുപ്പു കൂടിയിരുന്നു. അതുവരെ ചൂടിന്നടുത്തു നിന്നതു കൊണ്ട് തണുപ്പ് കൂടുതൽ രൂക്ഷമായി തോന്നി. കുളിച്ച് ഈറനുടുത്ത് കയറിയപ്പോൾ ചിത ആളിക്കത്തുകയാണ്. തീനാമ്പുകൾ അടക്കിവെച്ച വിറകുകഷ്ണങ്ങളെ മുഴുവൻ പൊതിഞ്ഞു. ഞാൻ അടുത്തു പോയില്ല. ഈ അകലത്തിലും ചിതയിൽനിന്നു വന്ന ചൂട് എന്റെ തണുപ്പകറ്റി എനിയ്ക്ക് ആശ്വാസമരുളി.

ഏഴാം സഞ്ചയനം. ഞാനും വാസുവും കർമ്മിയും മാത്രമേയുണ്ടായിരുന്നുള്ളു. ഈറനുടുത്തുകൊണ്ട് തണുത്താറിയ ചിതയ്ക്കരുകിൽ അസ്ഥി പെറുക്കാൻ ഇരിക്കുമ്പോൾ ഞാൻ വീണ്ടും അമ്മയെ ഓർത്തു. ഈ ഏഴു ദിവസങ്ങളിൽ എന്തുകൊണ്ടോ അമ്മ അധികം മനസ്സിൽ വന്നിരുന്നില്ല. അമ്മയുടെ ജീവിതം ഒരു മാതിരി നന്നായി രുന്നു. ധന്യമെന്നുതന്നെ പറയാവുന്ന ജീവിതം എഴുപതാം വയസ്സിൽ സ്വാഭാവികമായി അവസാനിക്കുന്നതിൽ വളരെയധികം വ്യസനിക്കേണ്ട കാര്യമൊന്നുമില്ല. ഒരാഴ്ചയേ കിടന്നിട്ടുമുള്ളു. മരിക്കുന്ന സമയത്ത് രണ്ടു മക്കളും അരികിലുണ്ടായിരുന്നു.

കർമ്മിയുടെ ശബ്ദം പിന്നിൽനിന്ന് കേൾക്കാനുണ്ട്.

ആവുന്നത്ര അസ്ഥി പെറുക്കിയെടുക്കണം.

ചാരത്തിൽ ചികയുമ്പോഴാണ് ആ അസ്ഥി കിട്ടിയത്. കൈയ്യിന്റെ എല്ല്. മറ്റ് എല്ലുകളെല്ലാം ഒരു മാതിരി ദ്രവിച്ചുപോയിരുന്നു. ചിത അതിന്റെ കർത്തവ്യം നന്നായി നിർവ്വഹിച്ചിരിക്കുന്നു. ഈ എല്ലുമാത്രം കേടുകൂടാതെ വെളുത്ത് ചാരത്തിനിടയിൽ കിടക്കുന്നു. ഞാൻ പെട്ടെന്ന് അമ്മയുടെ ലോലമായ കയ്യുകൾ ഓർത്തു.

വളരെ കുട്ടിക്കാലത്താണ്. ഒരിക്കൽ പനിപിടിച്ചു കിടക്കുകയായിരുന്നു. മേലാകെ വേദനയുമായി കിടക്കുമ്പോ ഴാണ് അമ്മ വന്നത്. മേൽ വേദനിക്കുന്നു എന്നു പറഞ്ഞപ്പോൾ അമ്മ നെഞ്ചിൽ തലോടാൻ തുടങ്ങി. വളരെ ആശ്വാസം തോന്നി. കുറെ നേരം തലോടിയിട്ടുണ്ടാകണം. ഞാൻ ആ സുഖത്തിൽ ഉറങ്ങിപ്പോയി.

ഈ വെളുത്ത അസ്ഥി നോക്കിക്കൊണ്ടിരിക്കെ ഞാൻ വീണ്ടും ഒരു കുട്ടിയായി മാറുകയായിരുന്നു. ഒരു തണുത്ത കാറ്റ് വീശി. ഞാൻ വിറയ്ക്കാൻ തുടങ്ങി. വിറയ്ക്കുന്ന നെഞ്ചിൽ നിന്ന് ഒരു തേങ്ങൽ ഉയർന്നുവന്നത് ഞാൻ തന്നെ അറിഞ്ഞില്ല. ഈ തണുപ്പകറ്റാനും സ്നേഹത്തിന്റെ ചൂട് പകരാനും അമ്മ ഇപ്പോൾ ഇല്ലെന്ന ബോധം ഉയരവെ എന്റെ തേങ്ങൽ ഒരു പൊട്ടിക്കരച്ചിലായി മാറി.

back to index

# വാളെടുത്തവൻ

*'ഇരുട്ടിന്റെ മറവിൽ പതുങ്ങി വന്ന് അവർ മരുഭൂമിയുടെ മാറിൽ*
*രക്തം ചിന്തും. രാജ്യം കൊള്ളയിക്കപ്പെടുകയും*
*രാജവീഥികൾ അഭയാർത്ഥികളാൽ നിറയുകയും ചെയ്യും.'*

ഉറങ്ങിക്കൊണ്ടിരുന്ന രാജ്യത്തേക്ക് ശത്രുസൈന്യം ഇരച്ചുകയറി. കവചിത വാഹനങ്ങളിൽ, വിമാനങ്ങളിൽ. അന്തരീക്ഷത്തിൽ സ്ഫോടനങ്ങളുടെ ശബ്ദവും വെടിമരുന്നിന്റെ രൂക്ഷമണവും, ഭൂമിയിൽ നാശവും വിതറികൊണ്ട് അവർ മുന്നേറി. ചെറുതായിരുന്ന ആ രാജ്യത്ത് താമസി ച്ചിരുന്നവർ സമാധാനപ്രിയരായിരുന്നു. അതുകൊണ്ടാണ് ശത്രുവിന്റെ ഭീഷണി പലവുരു ഉണ്ടായിട്ടും അവർ യുദ്ധത്തിനൊരുങ്ങാതെ സമ്പൽ സമൃദ്ധിയിലേക്കുള്ള പാതയിലൂടെ ചരിച്ചത്. ഭൂഗർഭത്തിൽ പ്രകൃതി കനിഞ്ഞുനൽകിയ ധാതുക്കളുടെ ധാരാളിത്തം അതു സുഗമമാക്കി. അതു പുറത്തെടുക്കുക മാത്രമേ വേണ്ടിയിരുന്നുള്ളു. കറുത്ത പൊന്ന് വാങ്ങാൻ കാത്തുനിൽക്കുന്ന കപ്പലുകളാൽ തുറമുഖം നിറഞ്ഞു.

എട്ടുകൊല്ലമായി കിഴക്കുള്ള രാജ്യവുമായി യുദ്ധത്തിലേർപ്പെട്ടിരുന്ന മേബസ് തെക്കോട്ട് വന്ന് തന്റെ ചെറിയ രാജ്യം ആക്രമിക്കില്ലെന്ന ധാരണ രാജാവിന്നുണ്ടായിരുന്നു. എന്തിനെന്നറിയാത്ത നീണ്ട യുദ്ധമായിരുന്നു അത്. രണ്ടു രാജ്യങ്ങളിലും താസിച്ചിരുന്നവർ ഒരേ മതസ്ഥരായിരുന്നു. ഒരേ മതത്തിന്റെ രണ്ടുൾപിരിവുകൾ മാത്രം. മതം മാത്രമാണ് സാഹോദര്യത്തിന്റെ മാനദണ്ഡമെന്ന് കരുതിയാലും അത് ഭ്രാതൃഹത്യയാണ്. ഭ്രാതൃഹത്യയെ വിപ്ലവത്തിന്റെ പരിവേഷം ചാർത്തി ന്യായീകരിക്കാമോ?

കിഴക്കൻ രാജ്യവുമായി യുദ്ധം നടന്നു കൊണ്ടിരിക്കെ തെക്കോട്ടൊരു യുദ്ധനിര തുറക്കാൻ മേബസിന് താൽപര്യമുണ്ടാവില്ലെന്ന് രാജാവു കരുതി. അദ്ദേഹം പ്രജകളുടെ ക്ഷേമത്തിൽ തൽപരനായിരുന്നു. ഒന്നുകിൽ പ്രജകളുടെ ഉൽക്കർഷം അല്ലെങ്കിൽ യുദ്ധസന്നാഹം. ഇതു രണ്ടും കൂടി നടത്താൻ തന്റെ രാജ്യത്തിന് കഴിയില്ലെന്നദ്ദേഹം വിശ്വസിച്ചു.

രാത്രി, രാജ്യം ശാന്തമായുറങ്ങുമ്പോൾ ശത്രു ഇരച്ചുകയറി. നഗരങ്ങൾ ബലാൽസംഗം ചെയ്യപ്പെട്ടു. രാജ്യം ബലാൽസംഗം ചെയ്യപ്പെട്ടു. സമ്പന്നരായി സമാധാനപ്രിയരായി ജീവിച്ചിരുന്ന ജനത ഒരു രാത്രി കൊണ്ട് അഭയാർത്ഥികളായി മാറി. ജനങ്ങളോടൊപ്പം രാജാവിനും അയൽരാജ്യത്തേക്ക് പാലായനം ചെയ്യേണ്ടിവന്നു. ഒരു ദിവസം തിരിച്ചുവരാമെന്ന പ്രത്യാശയോടെ.

രാജാവിനെ കിട്ടിയില്ലെന്നു കണ്ടപ്പോൾ ശത്രു രാജസഹോദരനെ ദാരുണമായി വധിച്ചു.

ഒരാഴ്ചത്തെ യാത്രയുടെ അന്ത്യത്തിൽ നാട്ടിൽ തിരിച്ചെത്തിയപ്പോൾ മധുസൂദനൻ ആലോചിച്ചു. തനിയ്ക്കെല്ലാം നഷ്ടപ്പെട്ടു. രണ്ടുകൊല്ലമായി സമ്പാദിച്ചതെല്ലാം ഇട്ടെറിഞ്ഞ് ഓടേണ്ടിവന്നു. രാവിലെത്തന്നെ ബാങ്കുകൾ മുദ്രവെച്ചിരുന്നു. വൈകുന്നേരമായപ്പോഴേയ്ക്ക് തീർച്ചയായി, ഓടുകയാണ് നല്ലതെന്ന്. എവിടെയും ശത്രുവിന്റെ  കവചിത വാഹനങ്ങൾ മാത്രം. കയ്യിൽ കിട്ടിയ സാധനങ്ങളെല്ലാം കാറിൽ നിറച്ച് യാത്രയായി. നിരത്തുകൾ പലതും അടച്ചിട്ടിരിക്കയാണ്. അടയ്ക്കാത്ത വഴികൾ അന്വേഷിച്ച് അയാൾ കാറിൽ ചുറ്റി. ദിശകൾക്ക് അർത്ഥമില്ലാതായി. ഒരു കവലയിൽ വെച്ച് ശത്രുഭടന്മാരാൽ താൻ കൊള്ളയടിക്കപ്പെട്ടു. കാറും അതിലുണ്ടായിരുന്ന വില പിടിച്ച സാധനങ്ങളും നഷ്ടപ്പെട്ടു. പിന്നെ വെറും കയ്യോടെ ഓട്ടം തന്നെ. രാജ്യത്തിന്റെ അതിർത്തി കടന്നപ്പോഴാണ് ഓട്ടം നിർത്തിയത്. പാന്റിന്റെ കീശയിലുള്ള പേഴ്സിൽ കുറെ കറൻസി നോട്ടുകൾ മാത്രം. വിലയില്ലാത്ത ആ നോട്ടുകൾ ശത്രുഭടന്മാർക്ക് ആവശ്യമില്ലായിരുന്നു. ഇലക്ട്രോണിക് സാധനങ്ങൾ കയ്യാളുമ്പോൾ അവരുടെ മുഖത്തുയർന്ന ആർത്തികലർന്ന സന്തോഷം മധുസൂദനൻ ഇപ്പോഴുമോർത്തു.

നാട്ടിൽ, ഒരാഴ്ചയായി സംഭ്രമത്തിന്റെയും അനിശ്ചിതത്വത്തിന്റെയും പ്രക്ഷുബ്ധതയിൽ കാത്തിരുന്ന പെൺകുട്ടി തന്നെ കണ്ടപ്പോൾ വിതുമ്പിക്കരഞ്ഞു. കല്യാണം കഴിഞ്ഞ് ഒരാഴ്ചയേ അവർ ഒപ്പമുണ്ടായിരുന്നുള്ളൂ. പിന്നെ അയാൾ, പിറന്ന നാട്ടിനു തരാൻ കഴിയാത്ത ജീവിതമാർഗ്ഗം തേടി മരുഭൂമികളുടെ നാട്ടിലേക്കു പോയി. രാത്രി ഭാര്യയുടെ ഇളം ശരീരം അരുമയോടെ ചേർത്തുപിടിച്ചു കിടക്കുമ്പോൾ അയാൾ രണ്ടുകൊല്ലം മുമ്പ് തനിക്ക് അഭയം തന്ന നഗരത്തെ ഓർത്തു. ചൈതന്യവും സൗന്ദര്യവും സൗഭാഗ്യവും ഒത്തിണങ്ങിയ നഗരം.

ഇന്നവൾ ബലാൽസംഗം ചെയ്യപ്പെട്ടിരിക്കുന്നു. നമുക്ക് പോയതെല്ലാം പോട്ടെ. നളിനി അയാളെ ആശ്വസിപ്പിക്കാനായി പറഞ്ഞു. ഇനി നിങ്ങൾ എങ്ങോട്ടും പോകേണ്ട. ഇവിടെ എത്ര ആളുകൾ ജീവിക്കുന്നു. പണമില്ലെങ്കിൽ അതിന്റെ തരംപോലെ ജീവിക്കാം. മനസ്സമാധാനമാണ് വലുത്.

അയാൾ അവളുടെ നഗ്നമായ മാറിൽ ചേർന്നുകിടക്കുന്ന ചെറിയ താലിചെയിൻ നോക്കി. ആറു മധുവിധു രാവുകളിൽ അവളുടെ നിറഞ്ഞ മാറിൽ കെട്ടുപിണഞ്ഞുകിടന്ന സ്വർണ്ണമാലകൾ അയാൾക്കോർമ്മവന്നു. ഇന്ന് അവയൊന്നുമില്ല.

ജോലി തേടിപ്പോകാനായി കടം വാങ്ങിയതെല്ലാം അയാൾക്ക് തിരിച്ചു കൊടുക്കാമായിരുന്നു. പക്ഷേ അയാൾ ആദ്യം ശ്രമിച്ചത് നളിനിയെ കൊണ്ടു പോകാനായിരുന്നു. ഒപ്പം താമസിപ്പിക്കാൻ അവിടെ ഒരുക്കം കൂട്ടുക

യായിരുന്നു. പറ്റിയില്ലെങ്കിൽ പിന്നെ പണമുണ്ടായിട്ടെന്തു കാര്യം?

ഒഴിഞ്ഞു കിടക്കുന്ന കഴുത്തും കൈകളും പല നെറ്റികൾ ചുളിപ്പിക്കുന്നതിനെപ്പറ്റി നളിനി എഴുതിയപ്പോൾ അയാൾ തിരിച്ചെഴുതി. നീ വരാൻ പോകുന്നത് സ്വർണ്ണം വിളയുന്ന നാട്ടിലേക്കാണ്. നിനക്ക് നഷ്ടപ്പെട്ടതെല്ലാം തിരിച്ചുകിട്ടും.

***'ഏഴു കടലിനും ഏഴു കരക്കും അപ്പുറത്തുനിന്ന് സഹായഹസ്തം നീളും.***
***അവർ വന്ന് വായുവിലും ഭൂമിയിലും ജലത്തിലും സ്ഥാനമുറപ്പിക്കും.***
***അവരുടെ തോക്കിന്റെ ഗർജ്ജനം ശത്രുനിരകളെ ഭയപ്പെടുത്തും.'***

ശത്രുവിൽ നിന്നു പാലായനം ചെയ്ത രാജാവ് തെക്കൻ രാജ്യത്ത് അഭയം തേടി. മരുഭൂമികൾ നിറഞ്ഞ ആ രാജ്യവും കറുത്ത പൊന്നിനാൽ സമൃദ്ധമായിരുന്നു. വടക്കുനിന്നുള്ള ആക്രമണത്തിന്റെ കഥ ആ രാജാവും അറിഞ്ഞിരുന്നു. ശത്രുവിന്റെ ലക്ഷ്യം തന്റെ രാജ്യവും പിന്നീട് തൊട്ടു തെക്കും കിഴക്കുമുള്ള രാജ്യങ്ങളും ആണെന്നും അദ്ദേഹം അറിഞ്ഞിരുന്നു. പടിഞ്ഞാറ് ചെങ്കടൽ വരേയും, തെക്ക് അറബിക്കടൽവരേയും, വടക്ക് കരിങ്കടൽ വരേയും ഉള്ള ഭൂനിര. പൊന്നുവിളയുന്ന ഈ ഭൂനിരമേലുള്ള അത്യാർത്തി കാരണം മേബസ് കഴിഞ്ഞ എട്ടുകൊല്ലമായി കിഴക്കൻ രാജ്യവുമായി നടത്തിവന്ന യുദ്ധം നിർത്തലാക്കുകയും സമാധാനത്തിനുള്ള ഉടമ്പടി കിഴക്കൻ രാജ്യത്തിനനുകൂലവും ഉദാരവുമായ വ്യവസ്ഥയിൽ ഉണ്ടാക്കുകയും ചെയ്തത് രാജാവറിഞ്ഞു.

എട്ടുകൊല്ലമായി നടന്ന മഹായുദ്ധത്തിൽ ഇരുരാജ്യക്കാർക്കും കനത്ത ആൾനാശവും സ്വത്തുനാശവുമുണ്ടായതായും, തെരുവുകളിൽ കബന്ധങ്ങൾ ചീഞ്ഞു നാറുന്നതായും, വായുവിൽ വിഷവാതകത്തിന്റെ നീറലുള്ളതായും അതു ശ്വസിച്ച് പാവങ്ങൾ പ്രാണവേദനയോടെ പിടഞ്ഞ് ജീവൻ വെടിയുന്നതായും ഉള്ള കഥകൾ വടക്കുനിന്നും കിഴക്കുനിന്നും വന്ന സാർത്ഥവാഹക സംഘങ്ങൾ അതാതുകാലം അറിയിച്ചിരുന്നു. മേബസിനെ സൂക്ഷിക്കണമെന്ന താക്കീതും രാജാവിന്നു കാലാകാലങ്ങളിൽ ലഭിച്ചിരുന്നു.

ശരണം തേടിയ രാജാവും നൽകിയ രാജാവും ചുറ്റും ഭീഷണിയ്ക്കിരയായ രാജക്കന്മാരോടു കൂടിയാലോചിച്ചു. ശത്രു അപകടകാരിയാണ്. നമുക്കുള്ള വിഭവങ്ങൾ കൊണ്ടവനെ തടുക്കാൻ കഴിയില്ല. ശത്രു നിഷ്ഠൂരനാണെന്നുമാത്രമല്ല മനുഷ്യജീവിതത്തിന് തീരെ വില കൽപ്പിക്കാത്തവനുമാണ്. ഒരിഞ്ചു മണ്ണിനുവേണ്ടി പതിനായിരം ജീവൻ ഒടുക്കുവാനും മടിയ്ക്കാത്തവൻ.

കരുത്തനെ തേടിയുള്ള യാത്രയിൽ അവർ എത്തിയത് ഭൂമിയുടെ മറുവശത്തുള്ള രാജ്യത്തായിരുന്നു. നക്ഷത്രങ്ങളുടെ രാജ്യം. ശത്രുവിന്റെ സാമ്രാജ്യതൃഷ്ണക്ക് ഒരേ ഒരു മരുന്ന് ഈ രാജ്യമാണെന്നവർക്കറിയാമായിരുന്നു.

ദിവസങ്ങൾക്കുള്ളിൽ അത്യാധുനിക യുദ്ധോപകരണങ്ങൾ അതിർത്തിയിൽ നിരത്തപ്പെട്ടു. ശത്രുവിന്റെ മുന്നേറ്റം തടയപ്പെട്ടു.

വാടയ്ക്കെടുത്ത ചായ്‌വിൽ പുറത്ത് ഒരു ചെറിയ ബോർഡ് വെച്ചിട്ടുണ്ട്.

'ബാനറുകളും സൈൻബോർഡുകളും വരച്ചുകൊടുക്കും.'

മുമ്പിൽ നിവർത്തിവെച്ച കോറത്തുണിയിൽ ബാനർ വരക്കുമ്പോൾ മധുസൂദനൻ ആലോചിച്ചു. ഇനി പണമുണ്ടാക്കാൻ പറ്റുമോ? നഷ്ടപെട്ടതെല്ലാം തിരിച്ചുകൊടുക്കാൻ? ബിസിനസ്സ് തുടങ്ങിയിട്ട് മൂന്നു മാസമായി. ഇപ്പോൾ കിട്ടുന്ന വരുമാനംകൊണ്ട് കഷ്ടിച്ച് രണ്ടു നേരം ഭക്ഷണം കഴിക്കാമെന്നായിട്ടുണ്ട്.

എന്നും ജോലിയുണ്ടാവില്ല. രാഷ്ട്രീയ പാർട്ടികളുടെ യോഗങ്ങൾ, അല്ലെങ്കിൽ ഏതെങ്കിലും യൂനിയന്റെ സംസ്ഥാന സമ്മേളനങ്ങൾ, ഇവ കൂടുമ്പോൾ ഒരു മാതിരി ജോലിയുണ്ടാവും. അല്ലാത്തപ്പോൾ വല്ല പീടികയുടെയും പേർ എഴുതാനുള്ള ജോലിയേ കിട്ടൂ. ഇതുവരെ ഭാര്യയെ പട്ടിണിക്കിടേണ്ടി വന്നിട്ടില്ല.

ശത്രുരാജ്യത്തിന്നെതിരെയുള്ള ബോംബാക്രമണം ടിവിയിൽ കണ്ടപ്പോൾ അയാൾ സന്തോഷിച്ചു. തനിയ്ക്കഭയം തന്ന രാജ്യം വിമോചിക്കപ്പെടുകയാണ്. രാത്രി ടിവിയിൽ വാർത്തകൾ കേൾക്കുമ്പോൾ അയാൾ നളിനിയോടു പറയും.

ഒരു കൊല്ലത്തിനകം തിരിച്ചുപോകാൻ പറ്റിയാൽ മതിയായിരുന്നു.

നളിനി ഒന്നും പറയില്ല. യുദ്ധത്തിന്റെ ഭീകരത അവളുടെ കണ്ണിലുണ്ടാവും. ഇരച്ചു പറക്കുന്ന ബോംബറുകൾ. പറന്നു ചെന്ന് കണിശമായി ലക്ഷ്യം തകർക്കുന്ന മിസൈലുകൾ. എത്രയെത്ര നിരപരാധികളാണ് ചത്തൊടുങ്ങുന്നത്. എല്ലാം ഒരു മനുഷ്യന്റെ തെറ്റു കാരണം. അതിമോഹം കാരണം. മനുഷ്യത്വത്തെ ധിക്കരിക്കുന്ന, തൃണവൽക്കരിക്കുന്ന ഒരു നരാധമൻ കാരണം.

ഇനി നിങ്ങൾ തിരിച്ചുപോകുന്നില്ല. നളിനി പറഞ്ഞു. ഇവിടെ കിട്ടുന്നതുകൊണ്ട് നമുക്ക് കഴിയാം.

മധുസൂദനൻ ഒന്നും പറയാതെ ആലോചിച്ചിരിക്കും. താൻ ഭക്ഷണം തേടിയെത്തിയ നഗരത്തെപ്പറ്റി. തനിയ്ക്ക് അരുമയോടെ അഭയം തന്ന നഗരത്തെപ്പറ്റി. താൻ സ്നേഹിച്ചിരുന്ന നഗരത്തെപ്പറ്റി.

ഇന്നവൾ അനാഥയാണ്.

***'ആകാശത്തിൽഅഗ്നിവർഷമുണ്ടാവും. പകലും രാവും ഒന്നാവും.
ഭൂമി കുലുങ്ങുകയും കെട്ടിടങ്ങൾ ഒന്നായി നിലം പതിക്കുകയും ചെയ്യും.'***

രാജാവ് ഉറക്കമില്ലാത്ത രാവുകൾ കഴിച്ചുകൂട്ടി. അനാഥനായ തന്റെ രാജ്യം, അടിമത്തം അടിച്ചേൽപ്പിക്കപ്പെട്ട തന്റെ പ്രജകൾ. ഓടിപ്പോകാൻ മടിച്ചവരെ ശത്രുസൈന്യം പീഡിപ്പിക്കുന്ന വാർത്തകൾ.

മേബസ് തന്റെ നില ഉറപ്പിക്കുകയാണ്. പിടിച്ചടക്കിയ രാജ്യം വിട്ടുകൊടുക്കാനുള്ള ആവശ്യം ഓരോ രാജ്യത്തുനിന്നും വന്നു. ക്രമേണ ലോകത്തെ എല്ലാ രാജ്യങ്ങളും ശത്രുവിനെതിരായി. അയാൾ കുലുങ്ങിയില്ല. ജനസംഖ്യയുടെ പത്തിലൊന്നു വരുന്ന പട്ടാളം അതിർത്തികളിൽ കാവൽ നിന്നു. രാസായുധങ്ങൾ പണിയുന്ന ശാലകൾ വീണ്ടും സജീവമായി. മാരകമായ വാതകങ്ങൾ അമർത്തി പേടകങ്ങളിലടയ്ക്കപ്പെട്ടു. മാരകരോഗങ്ങളുടെ ബീജങ്ങൾ കൃത്രിമമായി നിർമ്മിയ്ക്കപ്പെട്ടു. അവയും ശത്രുനിരകളിലേയ്ക്കെറിയാൻ പാകത്തിൽ പേടകങ്ങളിൽ നിറയ്ക്കപ്പെട്ടു. അകലങ്ങളിൽ പോയി തീ ചൊരിയുന്ന വാണങ്ങൾ തൊടുക്കാൻ പാകത്തിൽ ഒരുക്കിനിർത്തി. കിഴക്കൻ രാജ്യവുമായുണ്ടാക്കിയ ഉടമ്പടി അനുസരിച്ച് ആ രാജ്യവുമായുണ്ടായിരുന്ന യുദ്ധം നിർത്തുകയും അവിടെയുണ്ടായിരുന്ന സൈന്യത്തെ മുഴുവൻ പിൻവലിച്ച് തെക്കൻ അതിർത്തിയിൽ കൊണ്ടുവരികയും ചെയ്തു.

പിടിച്ചടക്കപ്പെട്ട രാജ്യം തിരിച്ചു നൽകാൻ മേബസിന് നാൽപത്തഞ്ചു രാവുകളും നാൽപത്തഞ്ചു പകലുകളും സമയം നൽകപ്പെട്ടു. അനുനയത്തിന്റെ ശബ്ദം അയാൾ ചെവിക്കൊണ്ടില്ല.

നാൽപത്തഞ്ചു രാവുകളും നാൽപത്തഞ്ചു പകലുകളും കഴിഞ്ഞതിന്റെ പിറ്റേന്ന് രാത്രി ആകാശത്തെ പ്രകമ്പനം കൊള്ളിച്ചു കൊണ്ട് വിമാനങ്ങൾ ശത്രുരാജ്യത്തേക്ക് കുതിച്ചുയർന്നു. മാരകമായ ബോംബുകൾ വർഷിക്കപ്പെട്ടു. നഗരങ്ങൾ ചാമ്പലായിത്തുടങ്ങി.

മേബസ് കുലുങ്ങിയില്ല. അവന്റെ അഹന്ത അവന്റെ രാജ്യത്തോളം വലുതായിരുന്നു, അവന്റെ കൂറ്റൻ യുദ്ധസന്നാഹത്തോളം വലുതായിരുന്നു. അവന്റെ ബുദ്ധിശൂന്യതയോളം വലുതായിരുന്നു. ആത്മഹത്യാപരമായ ആ യുദ്ധത്തിൽ നിന്ന് അയാൾ പിന്മാറിയില്ല.

രാവിലെ ഒമ്പതുമണിക്കുതന്നെ മധുസൂദനൻ കട തുറന്നു. ഒരു ബാനർ പകുതിയായിട്ടുണ്ട്. അതുംകൂടി ചെയ്തുകഴിഞ്ഞാൽ കയ്യിലുള്ള ജോലിയെല്ലാം തീർന്നു. വാടകയും സഹായിയായ പയ്യന് ശമ്പളവും കൊടുക്കേണ്ട സമയമായിരിക്കുന്നു. രണ്ടുമാസം ഒരു മാതിരി ഒപ്പിച്ചു. ഈ മാസം ഇങ്ങിനെ പോയാൽ വാടകയ്ക്കുള്ള കാശ് ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. മരുഭൂമിയുടെ നാട്ടിലെ യുദ്ധം ഇവിടെയും ക്ഷാമമുണ്ടാക്കിത്തുടങ്ങിയിരിക്കുന്നു. ആരുടെ കയ്യിലും പണമില്ല. തെരഞ്ഞെടുപ്പിന്റെ ജോലിയെല്ലാം തന്നേക്കാൾ മുമ്പ് രംഗത്തെത്തിയവർ തട്ടിയെടുത്തു. ചെറിയൊരോഹരി മാത്രം കിട്ടി. ഇപ്പോൾ അതും കഴിഞ്ഞു. ഇനി ഒന്നും പ്രതീക്ഷിക്കാനില്ല.

അപ്പോഴാണ് ആ മനുഷ്യൻ കയറിവന്നത്. ഒരു ജൂബ്ബയും മുണ്ടും വേഷം. മധുസൂദനൻ തിരിഞ്ഞുനോക്കിയപ്പോൾ അയാൾ അവിടെ നിന്നുകൊണ്ട് ചുറ്റും നീരീക്ഷിക്കുകയായിരുന്നു.

ജോലി കുറവാണല്ലേ?

കണ്ടുപിടുത്തം ശരിയാണെങ്കിലും അത് മധുസൂദന് ഇഷ്ടപ്പെട്ടില്ല. അയാൾ ചോദിച്ചു. എന്താണ് വേണ്ടത്?

എന്റെ പേര് ചിത്രനെന്നാണ്. ഞാൻ തിരുവനന്തപുരത്തുനിന്ന് വര്വാണ്. കുറച്ചു ജോലിണ്ടായിരുന്നു.

എന്തു ജോലി?

യുദ്ധം നടന്നുകൊണ്ടിരിക്കയാണ്. അയാൾ പറഞ്ഞു. അധാർമ്മികമായ യുദ്ധമാണിത്. നമുക്ക് നമ്മൾ ഏതു പക്ഷത്താണെന്ന് പറയേണ്ടിയിരിക്കുന്നു.

എവിടെയോ കേട്ടു മറന്ന വാക്കുകൾ. ആരോ ആരോടോ പറഞ്ഞ വാക്കുകൾ. കാറ്റിൽ കുറെക്കാലം തങ്ങിനിന്ന് ഇപ്പോൾ കാതിൽ പതിക്കുകയാണ്. ഒരു പ്രകോപനവുമില്ലാതെ ആ മനുഷ്യൻ തുടങ്ങിയത് മധുസൂദനൻ ഇഷ്ടപ്പെട്ടില്ല. അയാൾ അല്പം പരിഹാസത്തോടെ ചോദിച്ചു.

നമ്മൾ ഏതു പക്ഷത്താണ്?

നമ്മൾ എക്കാലവും സാമ്രാജ്യവാദികൾക്കും കുത്തകമുതലാളികൾക്കും എതിരാണ്.

ഉപയോഗിച്ചു തേഞ്ഞ പ്രാചീനമായ വാക്കുകൾ, അതു പുറപ്പെടുവിച്ച മനുഷ്യന്റെ പാപ്പരായ വ്യക്തിത്വം അറിയിച്ചു. മധുസൂദനന് അറപ്പു തോന്നി. ഇനി ഒരു നൂറ്റാണ്ടു കഴിഞ്ഞാലും ഇവർ ഇതേ വാക്കുകൾ തന്നെയാണ് ഉപയോഗിക്കുക. റിപ്വാൻ വിങ്ക്ൾമാർ.

മറ്റു പല മതസ്ഥരേയും നമ്മുടെ അണികളിൽ എത്തിക്കാൻ ഒരു പുതിയ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഒരനുഗ്രഹീത കലാകാരനായ നിങ്ങൾ ഈ പദ്ധതി ഏറ്റെടുത്തു നടത്തണമെന്നാണ് ഞങ്ങൾക്കു പറയാനുള്ളത്.

ഒരു കടലാസുചുരുൾ എടുത്ത് നിവർത്തികൊണ്ട് അയാൾ പറഞ്ഞു. ഇതാണ് പദ്ധതിയുടെ കരടുരേഖ. ഇത് ഇവിടെ നടപ്പാക്കുന്നതിന് നിങ്ങൾ ചുമതല ഏറ്റെടുക്കണം. രണ്ടു ലക്ഷം രൂപയാണ് ഉദ്ദേശിച്ചിട്ടുള്ളത്. പണം രണ്ടു ഗഡുക്കളായി ഒരാഴ്ചക്കകം എത്തിക്കാം.

***'അവൻ ശത്രുക്കളെ ഭിന്നിപ്പിക്കാൻ ശ്രമിക്കും***
***അപരിചിതൻ കൊണ്ടുവരുന്ന സന്ദേശം സത്യം മറച്ചുവെക്കും.'***

മേബസ് ചൂതാടുകയായിരുന്നു. മരുഭൂമിയുടെ മക്കൾക്ക് ജൂതന്മാരോടുള്ള വിദ്വേഷം ചൂഷണം ചെയ്താൽ തനിക്കെതിരെയുള്ള അണികളിൽ ഭിന്നിപ്പുണ്ടാക്കാൻ പറ്റുമെന്നയാൾ കരുതി. ജൂതന്മാർക്കെതിരെ വാണ ങ്ങൾ തൊടുക്കാൻ തുടങ്ങിയത് ആ ലക്ഷ്യം മനസ്സിൽ കണ്ടുകൊണ്ടാണ് തിരിച്ചടി ഉടനെയുണ്ടാകുമെന്നും, ആ തിരിച്ചടി മരുഭൂമിയുടെ മക്കളെയെല്ലാം തനിക്കു കീഴിൽ അണി നിരക്കാൻ പര്യാപ്തമാക്കുമെന്നും ശത്രു ഉറപ്പിച്ചു.

ജൂതർ പക്ഷേ തല കൊണ്ടല്ലാതെ ഹൃദയം കൊണ്ടു ചിന്തിക്കാറില്ല. ശത്രു തൊടുത്തുവിട്ട പ്രാചീനങ്ങളായ വാണങ്ങൾക്ക് സൂക്ഷ്മത കുറവായിരുന്നു. അവ യാതൊരു പോറലുമേൽപ്പിക്കാതെ പലയിടത്തും വീണു പൊട്ടിത്തെറിച്ചു. ശത്രുവിന്നെതിരായി നിരന്ന രാജ്യങ്ങൾ ജൂതന്മാർക്ക് വാണവിധ്വംസിനികൾ കൊടുത്തു. അവരുടെ അതിർത്തികളിൽ നിന്ന് വിക്ഷേപിക്കപ്പെട്ട ആധുനിക വാണങ്ങൾ ശത്രുവിന്റെ പൗരാണിക വാണങ്ങളെ നിഷ്പ്രയാസം നശിപ്പിച്ചു വീഴ്ത്തി. മേബസിന്റെ ആഗ്രഹം ഫലിച്ചില്ല.

അപ്പോഴാണയാൾ പണം ചെലവഴിക്കാൻ തുടങ്ങിയത്. മറ്റു രാജ്യങ്ങളിൽ കലാപത്തിന്റെ വിത്തുകൾ എറിയാൻ കറുത്ത പൊന്ന് വിറ്റുണ്ടാക്കിയ പണം ധാരാളിത്തത്തോടെ ചെലവാക്കിത്തുടങ്ങി.

മധുസൂദനൻ കടലാസു ചുരുളെടുത്തു നിവർത്തി. കടലാസിന്റെയും അച്ചടിയുടെയും ഭാഷയുടെയും പ്രത്യേകത കൊണ്ട് ആ രൂപരേഖ വിദേശത്തുനിന്നു വന്നതാണെന്നു വ്യക്തം. കടലാസിന് അത്തറിന്റെ മണമുണ്ടായിരുന്നു. അയാൾ വായിക്കാൻ തുടങ്ങി. വായിക്കുംതോറും അയാളുടെ മനസ്സിൽ വിദ്വേഷവും പ്രതികാരവും പതഞ്ഞുപൊങ്ങി. ആദ്യ പേജുകളിൽ ശത്രുവിന്റെ അപദാനങ്ങളായിരുന്നു. ശത്രു എങ്ങിനെ വിപ്ലവനേതാവായെന്ന്, ശത്രുവിന്റെ കീഴിൽ അണിനിരന്ന് സാമ്രാജ്യ വാദികളെയും അവരുടെ പരിചാരകരേയും എങ്ങിനെ തകർക്കണമെന്ന്. മധുസൂദനൻ പല്ലു ഞെരിച്ചു. ഒരു പേജിൽ നിറയെ യുദ്ധത്തിന്നെതിരെ യുള്ള മുദ്രാവാക്യങ്ങളായിരുന്നു.

പിന്നീടുള്ള പേജുകളിൽ സമരത്തിനുള്ള ആഹ്വാനമാണ്. അതിന്റെ വിശദാംശങ്ങൾ. ശത്രുവിന്റെ ഒരു ലക്ഷം ചിത്രങ്ങൾ എങ്ങിനെ വിതരണം ചെയ്യണമെന്ന്. പ്രകടനങ്ങളിൽ അവ ഉപയോഗിക്കേണ്ടതെ ങ്ങിനെയെന്ന്. ബാനറുകളിൽ എഴുതേണ്ട മുദ്രാവാക്യങ്ങൾ. ഭീമമായ പ്രകടനങ്ങൾ സംഘടിപ്പിക്കുന്നതിനെ പ്പറ്റിയുള്ള വിശദാംശങ്ങൾ, ഇതെല്ലാം ഒരു ജില്ലയിൽ സംഘടിപ്പിക്കാൻ രണ്ടുലക്ഷം രൂപ. കേരളത്തിൽ എല്ലാ ജില്ലയിലും കൂടി ചെലവെന്തുവരും? മധുസൂദനന്റെ കണ്ണു തള്ളി.

ഒരു കുറ്റവാളിയുടെ മേലുള്ള രക്തക്കറ മായ്ക്കാൻ ലക്ഷങ്ങൾ, കോടികൾ. ടിവിയിൽ ദിനംപ്രതി കാണുന്ന പ്രകടനങ്ങൾ മധുസൂദനൻ ഓർത്തു. ശത്രുവിന്റെ വലിയ ചിത്രങ്ങൾ ഉയർത്തിപ്പിടിച്ച് ടി.വി.ക്യാമറക്കു മുമ്പിൽ തുള്ളുന്ന പ്രകടനക്കാർ. അതു മുഴുവൻ പരാപേക്ഷ കൂടാതെയുള്ളതാണെന്ന് കരുതുവാൻ അയാൾക്കു കഴിഞ്ഞില്ല. എല്ലാം ഒരേ പാറ്റേണിൽ ആണ് നടന്നിരുന്നത്.

ശത്രുവിന്റെ ചിത്രങ്ങൾ പതിനായിരക്കണക്കിന് വിതരണം ചെയ്ത പ്രകടനങ്ങൾ ഒരുക്കിയ കുറ്റത്തിന് പല രാജ്യങ്ങൾക്കും അയാളുടെ നയതന്ത്ര പ്രതിനിധികളെ രാജ്യത്തുനിന്നും പുറത്താക്കേണ്ടിവന്നു. ആ പ്രകടന ങ്ങൾ മാത്രം വീണ്ടും വീണ്ടും മതിവരാത്ത മട്ടിൽ ടിവിയിൽ കാണിക്കുകയും, ശത്രുവിന്റെ നയതന്ത്ര പ്രതിനിധികളുടെ അട്ടിമറികളെപ്പറ്റി പറയാതിരിക്കുകയും ചെയ്യുക വഴി പ്രേക്ഷകർക്ക് അപൂർണ്ണമായ ചിത്രമാ ണ് ടിവി നൽകിയിരുന്നത്.

ആരു ചോദിക്കാൻ? യുദ്ധം തുടങ്ങിയ ശേഷം അയാൾ തന്റെ പഴയ റേഡിയോ ശരിയാക്കിയെടുത്തു. കുറെ ക്കൂടി നേരും നെറിയും ഉള്ള വാർത്തകൾ തരുന്ന ആകാശവാണിയും ബിബിസിയും കേൾക്കാൻ തുടങ്ങി.

മധുസൂദനൻ കടലാസുചുരുൾ തിരിച്ചുകൊടുത്തു.

ഈ മനുഷ്യൻ എട്ടുകൊല്ലം തന്റെ ഒരു അയൽരാജ്യവുമായി നിരന്തരം യുദ്ധം ചെയ്യുകയായിരുന്നു. അറിയാമോ?

ചിത്രൻ തലയാട്ടി.

രണ്ടു ലക്ഷത്തിലധികം സ്വന്തം സൈന്യങ്ങളെയാണ് കുരുതികൊടുത്തത്. അംഗഭംഗം വന്നവർ വേറെ രണ്ടുലക്ഷം വരും. അത്രത്തോളം ആൾനാശം അയൽ രാജ്യത്തുമുണ്ടായി. വിഷവാതകങ്ങളും മാരകങ്ങളായ രോഗങ്ങളുടെ വൈറസുകളും യുദ്ധത്തിൽ ഉപയോഗിച്ചു. അന്നു നിങ്ങളെല്ലാം എവിടെയായിരുന്നു? യുദ്ധത്തി നെതിരെ ഇന്ത്യയിലെവിടെയും പ്രകടനം നടത്തിക്കണ്ടില്ലല്ലോ.

രണ്ടുലക്ഷം പേർ മരിക്കുക എന്നതിനർത്ഥം രണ്ടുലക്ഷം കുടുംബങ്ങൾ അനാഥമാവുക എന്നതാണ്. അത്രയും കുടുംബങ്ങൾ അയൽരാജ്യത്തും അനാഥമാവുകയായിരുന്നു.

എന്തേ പ്രതിഷേധമുയർത്താതിരുന്നത്?

എന്നിട്ടെന്തുണ്ടായി? പിടിച്ചെടുത്ത സ്ഥലമെല്ലാം അവസാനം തിരിച്ചുകൊടുക്കേണ്ടി വന്നു. അപ്പോൾ എട്ടു കൊല്ലത്തെ യുദ്ധത്തിൽ അയാൾ നേടിയതെന്താണ്? കുറെ കബന്ധങ്ങൾ മാത്രം. ലക്ഷക്കണക്കിന് കുടുംബ ങ്ങളുടെ ദുരിതം മാത്രം.

രാജ്യത്തിന്റെ അതിർത്തിയിൽ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുന്ന വിപ്ലവകാരികളെ അടിച്ചമർത്താൻ വർഷങ്ങളായി ശ്രമിച്ചു തോറ്റപ്പോൾ നിങ്ങളുടെ വിപ്ലവ നേതാവ് ആ പാവപ്പെട്ട വിപ്ലവകാരികളുടെ ഗ്രാമങ്ങളിൽ വിഷവാതകം വർഷിച്ച് അവരുടെ കുടുംബങ്ങളെ കൊന്നൊടുക്കിയില്ലേ? സ്ത്രീകളും കുട്ടികളുമടക്കം അയ്യായിരത്തിലധികം പേർ അന്ന് ചത്തൊടുങ്ങി.

വിപ്ലവത്തിന്റെ തീപ്പൊരി പ്രസംഗവുമായി നടക്കുന്ന നിങ്ങളെല്ലാം അന്നെവിടെയായിരുന്നു?

മസ്റ്റാർഡ് ഗ്യാസ് എങ്ങിനെയാണ് പ്രവർത്തിക്കുക എന്നറിയാമോ? ദേഹത്തായാൽ മേലാസകലം പൊള്ളൽ പൊന്തും. ഭയങ്കര വേദനയായിരിക്കും. ശ്വസിച്ചാൽ നിങ്ങളുടെ ശ്വാസകോശത്തിലും ഹൃദയത്തിലും പൊള്ളൽ പൊന്തും. അപ്പോഴുണ്ടാകുന്ന വേദന നോക്കുമ്പോൾ പുറത്തുണ്ടാകുന്ന വേദന നിസ്സാരമാണ്. പിന്നെ പിടഞ്ഞു മരിക്കലാണ്. അങ്ങിനെ പതിനായിരക്കണക്കിന് പാവപ്പെട്ട നിർദ്ദോഷികൾ. നിങ്ങൾക്ക് ഒന്നും പറയാനുണ്ടായിരുന്നില്ലേ?

ആ മഹാൻതന്നെ ആറുമാസം മുമ്പ് സമാധാനപ്രിയരായ ഒരു ജനതയെ ആക്രമിച്ചു കീഴടക്കിയപ്പോൾ എവിടെയായിരുന്നു നിങ്ങളുടെ പ്രതികരണ ശേഷി? അവിടെയുണ്ടായിരുന്ന ലക്ഷക്കണക്കിന് ഇന്ത്യാക്കാർക്ക് എല്ലാം ഇട്ടെറിഞ്ഞ് ജീവനുംകൊണ്ട് ഓടേണ്ടി വന്നു. ഇപ്പോൾ ആ രാജ്യം വീണ്ടു കിട്ടാനായി, ആ കുറ്റവാളിയെ നിലയ്ക്കു നിർത്താനായി ലോകം മുഴുവൻ ശ്രമിക്കുമ്പോൾ നിങ്ങൾ പ്രതിഷേധിക്കുന്നു. ഇതെന്തൊരു പെർവെർഷനാണ്.

ചിത്രൻ ഒന്നും പറയാതെ ഇരിയ്ക്കയാണ്. ഒരു വിമാനാക്രമണമുണ്ടായ പോലെ. കനത്ത ബോംബാക്രമണം. ഒട്ടു ശമനമുണ്ടായപ്പോൾ അയാൾ പറഞ്ഞു.

മധുസൂദനൻ, ഇതൊക്കെ ഒരു കളിയല്ലേ?

നിങ്ങൾക്ക് ഇതൊരു കളിയായിരിക്കാം. പൊതുജനങ്ങളെ വഞ്ചിച്ചുകൊണ്ടുള്ള ഈ കളിക്ക് ഞാനില്ല. നിങ്ങൾക്ക് ഒരു കൊലപാതകിയെ ഹീറോ ആക്കണമെന്നുണ്ടെങ്കിൽ ആക്കിക്കൊള്ളു. എന്നെ ഒഴിവാക്കൂ. എനിക്കീ പണം വേണ്ട.

നിങ്ങൾ ആകെ ഇളകിമറിഞ്ഞിരിക്കയാണ്. ചിത്രൻ പറഞ്ഞു. നിങ്ങളുടെ നീതി ബോധമായിരിക്കണം അതിനു കാരണം. പക്ഷേ നീതിബോധത്തിനും അതീതമായി പലതുമുണ്ടെന്നോർക്കണം. അതുപോലെ പൊതുജനങ്ങൾക്ക് നീതിബോധമല്ല ആവശ്യമെന്നും. നിങ്ങൾ പെട്ടെന്ന് ഒരു തീരുമാനമെടുക്കേണ്ട. ഞാൻ നാളെവരാം. അപ്പോഴേയ്ക്ക് ശാന്തമായി ആലോചിച്ച് ഒരു തീരുമാനമെടുക്കൂ. ഞങ്ങളോടൊപ്പമിരിക്കയാണ് നല്ലത്. അല്ലെങ്കിൽ നിങ്ങൾ ഒറ്റപ്പെടും.

ചിത്രൻ പോയിക്കഴിഞ്ഞു.

***'ആകാശത്തിൽ കൊള്ളിമീനുകൾ പറക്കും.
ലോഹപക്ഷികളുടെ ഉദരത്തിൽ നിന്ന് അഗ്നി വർഷിക്കപ്പെടും.
നിരപരാധികളുടെ ചോര ന്യായത്തിനു വേണ്ടി കേഴും.'***

യുദ്ധം കൊടുമ്പിരികൊള്ളുകയാണ്. മേബസിന്നെതിരായ കൂട്ടുകെട്ട് അജയ്യമാ യിരുന്നു. അവർ ആകാശം പിടിച്ചെടുത്തു. ശത്രുവിമാനങ്ങൾ വെടിവെച്ചു വീഴ്ത്തപ്പെട്ടു. കടലുകളിൽ അവന്റെ യുദ്ധക്കപ്പലുകൾ മുക്കി. ശത്രുവിന് നിലത്തു മാത്രം നിലനിൽപ്പായി. അപ്പോഴും അയാൾ തോൽവി സമ്മതിക്കാതെ ജൂതരാജ്യത്തേക്ക് തന്റെ പ്രാചീനമായ സൂക്ഷ്മതയില്ലാത്ത വാണങ്ങൾ തൊടുത്തുകൊണ്ടിരുന്നു. അതിർത്തിയിൽ വെച്ച് നശിപ്പിക്കപ്പെട്ടുവെങ്കിലും, ജൂതരാജ്യത്തെ ആക്രമിക്കുക എന്ന പ്രതീകാത്മക ക്രിയ കൊണ്ടുതന്നെ മേബസിന് പലയിടത്തും പ്രോത്സാഹനങ്ങൾ കിട്ടി. ക്രമേണ അതും കെട്ടടങ്ങി. വന്ധ്യമായ ആ വാണങ്ങൾ ഒട്ടേറെ പരിഹാസത്തിനു കാരണമായി.

ശത്രു സമ്മതിച്ചില്ലെങ്കിലും സാവധാനത്തിൽ തോൽവി അറിയുകയായിരുന്നു.

രാത്രി ഊണുകഴിച്ചുകൊണ്ടിരിക്കെ മധുസൂദനൻ തനിക്കു കിട്ടിയതും നിരസിച്ചതുമായ ബിസിനസ്സിന്റെ കാര്യം പറഞ്ഞു.

നളിനിക്കു വിഷമമായി. അവൾ പറഞ്ഞു.

അതു സ്വീകരിക്കാമായിരുന്നില്ലെ? നമ്മുടെ എല്ലാം നഷ്ടപ്പെട്ട് ഇരിക്ക്യല്ലെ? അതും അയാൾ കാരണം തന്നെ. അതിൽ കുറച്ചെങ്കിലും തിരിച്ചുകിട്ടാൻ പറ്റിയ അവസരമല്ലെ ഇത്.

നളിനിയുടെ കഴുത്തിലും കൈകളിലും നോക്കിയപ്പോൾ അയാൾക്ക് കുറ്റബോധം തോന്നി. കഴുത്തിൽ ചെറിയൊരു താലിമാല മാത്രം. കയ്യിൽ കുപ്പിവളകൾ.

ഈ പ്രകടനങ്ങളില്ലേ, ശത്രുവിന്റെ വലിയ ചിത്രവും ഉയർത്തിപ്പിടിച്ച് തുള്ളിക്കൊണ്ടുള്ള പ്രഹസനങ്ങൾ. അവ ആൾക്കാരിൽ എത്ര തെറ്റിദ്ധാരണകളാണുണ്ടാക്കുന്നതെന്നറിയാമോ? അതുപോലെത്തന്നെ അവ ഓരോ രാജ്യത്തേയും ഗവണ്മെണ്ടുകൾക്ക് എത്ര തലവേദനയുണ്ടാക്കുന്നുവെന്നും, ആരും യുദ്ധത്തിന് അനുകൂലിയൊന്നുമല്ല. നമുക്ക് നമ്മുടേതായ പ്രശ്നങ്ങളുണ്ട്. പഞ്ചാബിൽ, കശ്മീരിൽ, ആസ്സാമിൽ. അതൊന്നും കണ്ടില്ലെന്നു നടിച്ച് അർഹിക്കാത്ത ഒരുത്തനുവേണ്ടി നമ്മൾ പ്രകടനങ്ങൾ നടത്തുന്നു.

ഈ പ്രകടനങ്ങൾക്കൊക്കെ ധാരാളം പണം വേണം. ആരാണതു ചെലവാക്കുന്നത്? ആരോ ഒരാൾ അല്ലേ?

ശരിയാണ്. നളിനി പറഞ്ഞു. പക്ഷേ നമ്മൾ ഈ ജോലി ഏറ്റെടുത്തില്ലെങ്കിൽ മറ്റാരെങ്കിലും ചെയ്തു കൊടുക്കും. ആർക്കാണ് പണം വേണ്ടാത്തത്? പ്രകടനങ്ങൾ എന്തായാലും ഉണ്ടാവും. നമ്മുടെ ടി.വി. അതു കവർചെയ്ത് പത്തു തവണയെങ്കിലും കാണിക്കുകയും ചെയ്യും. ഭേദം നമ്മൾ കുറച്ച് പണമുണ്ടാക്കുകയല്ലേ?

ഞാൻ ചെയ്യില്ല. മധുസൂദനൻ പറഞ്ഞു. എന്റെ സമ്പാദ്യം മുഴുവൻ കൊള്ളയടിച്ചത് അയാളാണ്. എന്റെ നാട്ടുകാരെ കൊള്ളയടിച്ചത്, ലക്ഷക്കണക്കിന് പാവപ്പെട്ട നമ്മുടെ നാട്ടുകാരെ. ഉപജീവനത്തിനായി മണൽക്കാട്ടിൽ കൂലിവേലയെടുക്കാൻ പോയ പാവം നാട്ടുകാരുടെ കഞ്ഞിയിൽ പൂഴി വാരിയിട്ടത് ആ മനുഷ്യനാണ്. അയാളുടെ അപദാനങ്ങൾ പാടാൻ ഞാൻ തയ്യാറില്ല. നമ്മുടെ നാട്ടുകാരും അതു ചെയ്യുന്നത് ശരിയല്ല. ധാർമ്മികമല്ല.

***'വിഷക്കാറ്റ് ആഞ്ഞടിക്കും. മാരകരോഗങ്ങളുടെ ഉറങ്ങിക്കിടന്ന ബീജങ്ങൾ ഉണർന്നെഴുന്നേൽക്കും. മഹാമാരി നടന്ന വഴിയിൽ നാശത്തിന്റെ ആഴമുള്ള പാടുകൾ വീഴ്ത്തും.'***

മുന്നോട്ടും പിന്നോട്ടും പോകാൻ പറ്റാത്ത ഒരു പരുവത്തിലായിരുന്നു മേബസ്. മറുപക്ഷത്തിന്റെ ശക്തി താൻ കണക്കാക്കിയതിലും വലുതാണ്. അജയ്യമാണ്. മുന്നോട്ടുപോയാൽ താൻ വധിക്കപ്പെടും. പിന്നോട്ടുപോയാൽ തന്റെ നാട്ടുകാരുടെ അവജ്ഞക്കു പാത്രമാവും. ഒരു പക്ഷേ സ്വന്തം സൈന്യത്താൽ തന്നെ വധിക്കപ്പെടുകയും ചെയ്യും. അവഹേളനത്തിനു പാത്രമായി, ഭീരുവായി മുദ്രകുത്തി നിന്ദ്യമായ മരണം പിന്നിൽ കാത്തു നിൽക്കുന്നുണ്ട്. മുമ്പിൽ രക്തസാക്ഷിത്വവും.

വിഷവാതകങ്ങളോ മാരകവ്യാധികളുടെ ബീജങ്ങളോ യുദ്ധത്തിലുപയോഗിക്കാൻ അയാൾ ഭയപ്പെട്ടു. മറുഭാഗത്ത് ഇതും ഇതിലപ്പുറമുള്ള മാരകായുധങ്ങളുണ്ട്. താൻ ആദ്യം അതു പ്രയോഗിച്ചാൽ മറുഭാഗത്തു നിന്നതുപയോഗിക്കാൻ തക്ക ന്യായവുമായി. തിരിച്ചടി ആകസ്മികവും സംഹാരകവുമായിരിക്കും.

തകർന്ന നഷ്ടശിഷ്ടങ്ങൾക്കിടയിൽ എന്താണ് ചെയ്യേണ്ടതെന്നറിയാതെ അയാൾ പകച്ചുനിന്നു.

back to index

# ഭാഗ്യത്തിന്റെ വഴികൾ

**അ**യാൾ അവിടെ കാത്തു നിൽക്കാൻ തുട ങ്ങിയിട്ട് എത്ര നേരമായി എന്നറിയില്ല. ഞാൻ വാതിൽ തുറന്ന് പുറത്തു കടന്നപ്പോൾ അവിടെയുണ്ട്. മതിലിന്നപ്പുറത്ത് വഴിയിൽ. എനിയ്ക്കയാളുടെ തല മാത്രമേ കാണാനുള്ളു. വിവശതയാർന്ന മുഖവും. എന്നെ കണ്ടപ്പോൾ അയാൾ കയ്യിലുള്ള ലോട്ടറി ടിക്കറ്റുകൾ ഉയർത്തിക്കാട്ടി.

സാർ, ഒരു ടിക്കറ്റെടുക്കൂ.

പരീക്ഷീണമെങ്കിലും പ്രതീക്ഷാ നിർഭരമായ ശബ്ദം. ഞാൻ ലോട്ടറി ടിക്കറ്റെടുക്കാറില്ല. അതുകൊണ്ട് പറഞ്ഞു. എനിക്ക് വേണ്ട.

സാർ ഒരു ടിക്കറ്റെടുക്കൂ. അഞ്ചുറുപ്പികയെ ഉള്ളൂ. കിട്ടിയാൽ ഒമ്പതു ലക്ഷമാ സാർ.

ഇരുപത്തിനാലു മണിക്കൂറും കഠിനാദ്ധ്വാനം ചെയ്ത് രണ്ടുനേരം കഞ്ഞികുടിക്കാനാണ് ഞാൻ വിധിക്കപ്പെട്ടിട്ടുള്ളത്. നീ ആ ടിക്കറ്റ് കൊണ്ടുപോയി വേറെ വല്ല ഭാഗ്യവാന്മാർക്കും കൊടുക്ക്.

അല്ല സാർ, ഭാഗ്യം വരണത് എപ്പഴാന്നറിയില്ല്യ. സാർ ഒരു ടിക്കറ്റെടുത്ത് ഭാഗ്യം പരീക്ഷിച്ചു നോക്കു.

എനിക്കു വേണ്ട.

സാർ..........

എനിക്കു വേണ്ടെന്നു പറഞ്ഞില്ലേ, താൻ പോകുന്നുണ്ടോ?

മതിലിന്നപ്പുറത്തെ മുഖം മങ്ങി. ടിക്കറ്റ് ഉയർത്തിപ്പിടിച്ച കൈ താഴ്ത്തി, അയാൾ പോകാനൊരുങ്ങി. അപ്പോഴാണ് ഞാനതു ശ്രദ്ധിച്ചത്. അയാൾ ഊന്നുവടിയുടെ സഹായത്തോടെയാണ് നടക്കുന്നത്. മതിലിന്നപ്പുറത്തുകൂടെ അയാളുടെ തല താഴ്ന്നും പൊങ്ങി യും പോകുന്നത് ഞാൻ നോക്കി. ഗെയ്റ്റിന്റെ അടുത്ത് എത്തിയപ്പോഴാണ് ശരിക്ക് കണ്ടത്. അയാൾക്ക് ഒരു കാലില്ലായിരുന്നു. വലത്തെ കാൽ മുട്ടിനു താഴെയില്ല.

ഇതറിഞ്ഞില്ല. ഒരു ടിക്കറ്റെടുക്കാമായിരുന്നു. ഇപ്പോഴും വേണമെങ്കിലതു ചെയ്യാം. ഒന്ന് കൈകൊട്ടി വിളിച്ചാൽ അയാൾ നിൽക്കും. പക്ഷേ ഞാനതിനു തുനിഞ്ഞില്ല. എന്റെ സ്വന്തം ഭാഗ്യദോഷങ്ങളുടെ നിരന്തര സഹവാസം മനസ്സിനെ നിർവ്വികാരമാക്കിയിരുന്നു. മനസ്സിലെ ആർദ്രതയുടെ ഉറവകളെല്ലാം വറ്റി വരണ്ടിരുന്നു. ബാക്കിയുള്ളത് നിസ്സംഗതയുടെ മണൽത്തരികൾ മാത്രം.

ഓഫീസും ഗോഡൗണും ഒന്നു തന്നെയാണ്. ഗോഡൗണിന്റെ ഒരു മൂലയിൽ ഹാർഡ്ബോർഡ് കൊണ്ട് മറച്ച ഒരു ചെറിയ കാബിനാണ് ഓഫീസ്. അതിൽ പൊടിപിടിച്ച മേശയ്ക്കു മുമ്പിൽ കടലാസ്സു കൂമ്പാരത്തിന്റെ നടുവിൽ ഞാൻ ഇരുന്നു. സഹായത്തിന് ഒരു പ്യൂൺ മാത്രം ബോംബെയിലെ ഒരു ട്രാൻസ് പോർട്ട് കമ്പനിയുടെ മാനേജരായി എന്നെ എറണാകുളത്തേക്ക് മാറ്റിയപ്പോൾ ഉള്ള കാരാറാണത്. ശമ്പളത്തിൽ മാറ്റമില്ല. സ്റ്റാഫിനെയൊന്നും നിയമിക്കില്ല. ബിസിനസ്സ് എങ്ങിനെയുണ്ടെന്ന് നോക്കിയശേഷം കൂട്ടാം. ഒരു സ്കൂട്ടർ വാങ്ങിത്തരാം. പിന്നെ ഒന്നുരണ്ടു ജോലിക്കാരേയും വെച്ചുതരാം. തൽക്കാലം അവിടെ പോയി ജോയിൻ ചെയ്യണം. ബീഹാറിലെ ആ ചെറിയ പട്ടണത്തിൽ കടലപ്പൊടി വറുത്തത് കുഴച്ചത് പച്ചമുളകു കൂട്ടിത്തിന്നുകയായിരുന്ന ഞാൻ പെട്ടെന്ന് സമ്മതിച്ചു. ഒന്നുമില്ലെങ്കിലും പിറന്ന നാട്ടിലാണല്ലോ. ബിസിനസ്സ് പിടിക്കാനും വലിയ വിഷമം കാണില്ല. ഒരു കൊല്ലംകൊണ്ട് ഒരു മാതിരി നല്ല ബിസിനസ്സ് ഉണ്ടാക്കിയാൽ ഒരു ചെറിയ വീട് വാടക ക്കെടുക്കാം, വൈകിയെങ്കിലും ഒരു കല്യാണം കഴിച്ച് കൂടാം എന്നൊക്കെയായിരുന്നു എന്റെ കണക്കുകൂട്ടൽ.

കണക്കുകൂട്ടലുകളെല്ലാം തെറ്റിയെന്ന് ആറുമാസത്തിനുള്ളിൽ മനസ്സിലായി. ഇങ്ങിനെയൊരു കരാറിലാണ് മാറ്റം കിട്ടിയതെന്ന് കേട്ടവർ മൂക്കത്തു വിരൽ വെച്ചു. ഇവിടെയുള്ള ട്രാൻസ്പോർട്ട് കമ്പനികളുടെ ബ്രാഞ്ചുകൾ കൂടി പൂട്ടാൻ പോവുകയാണ്. വലിയ ബിസിനസ്സ്കള് ഓരോന്നോരാന്നായി കേരളത്തിൽനിന്ന് പുറത്തുപോവുകയാണ്. ചായപ്പൊടി ബിസിനസ്സ് കണ്ടില്ലേ? ഇവിട്യാണെങ്കിൽ പുതിയ ഫാക്ടറിയൊന്നും വരിണില്ല്യ. കൊറച്ച് ബിസിനസ്സ്ണ്ട്. അതിനുവേണ്ടി എല്ലാ ട്രാൻസ്പോർട്ട് കമ്പനിക്കാരും കൂടി കടിപിട്യാണ്. പിന്ന്യാക്കെ തടിമിടുക്ക് പോല്യാണ്. പിന്നാലെ നടന്നാൽ കുറച്ച് ബിസിനസ്സ് കിട്ടും. അതൊക്കെ മത്യോ?

ഗോഡൗണിന്റെ വാടക, ടെലിഫോൺ, രണ്ട ജോലിക്കാരുടെ ശമ്പളം, യാത്രാച്ചെലവ് ഒക്കെക്കൂടി മാസം ഏഴായിരം ഉറുപ്പിയിലധികം ചെലവ് വരുന്നുണ്ട്. മാസം ഒരു ലക്ഷത്തിന്റെ ബിസിനസ്സ് കിട്ടിയാലേ ചക്രം തിരിയൂ.

മറ്റു ജോലിക്കാരില്ലാത്തതു കൊണ്ട് ബുക്കിംഗ് തൊട്ട് അട്ടിമറിവരെയുള്ള എല്ലാ കാര്യങ്ങളും ഞാൻ തന്നെ ശ്രദ്ധിക്കണം. ഇപ്പോൾ പ്യൂണിനെ ബുക്കിംഗ് പഠിപ്പിച്ചു. അതുകൊണ്ട് കുറച്ചൊരാശ്വാസമുണ്ട്. ആ സമയത്ത് ആരെയെങ്കിലും കണ്ട് ബിസിനസ്സ് പിടിക്കാൻ ശ്രമിക്കാം. ലോറികൾ വരിക മിയ്ക്കവാറും രാത്രിയായിരിക്കും. ചിലപ്പോൾ അപ്പോൾ തന്നെ ഇറക്കുകയും വേണം. ആ രാത്രി ഉറക്കമില്ലെന്നർത്ഥം.

ഇതൊക്കെയാണ് എന്റെ ഭാഗ്യ വിശേഷങ്ങൾ. അതിനിടക്കാണ് ലോട്ടറിക്കാരൻ വന്ന് ഭാഗ്യക്കുറി ടിക്കറ്റ് പിടിപ്പിക്കാൻ നോക്കുന്നത്. പക്ഷേ ഒരു കാലില്ലാത്ത ആ മനുഷ്യന്റെ ദയനീയമുഖം എന്നെ തളർത്തുന്നു. അയാളും ഭാഗ്യദേവതയുടെ മടിയിലല്ല ഇരിക്കുന്നതെന്ന കാര്യം എനിക്കു മനസ്സിലാവുന്നു. അയാളുടെ ദൗർഭാഗ്യം എത്രത്തോളം മോശമാണെന്നത് പക്ഷേ അയാൾ പറഞ്ഞപ്പോഴേ എനിയ്ക്കു മനസ്സിലായുള്ളു. എന്റെ ഭാഗ്യദോഷം

അയാളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ സൗഭാഗ്യമാണെന്നുവേണം പറയാൻ.
അയാൾ വീണ്ടും വന്നു. ബുധനാഴ്ച രാവിലെ ഞാൻ ഓഫീസിൽ പോകാനായി വാതിൽ തുറന്നതാണ്. അയാൾ മതിലിന്നപ്പുറത്ത് കാത്തു നിൽക്കുന്നു. എന്നെ കണ്ടപ്പോൾ അയാൾ ചിരി ച്ചു. ദയനീയമായ ഒരു ചിരി. സന്തോഷം കൊണ്ടുള്ള ചിരിയല്ല. വെറും പ്രത്യാശയുടെ തിളക്കം മാത്രം.
സർ ഒരു ടിക്കറ്റെടുക്കൂ. നാളെയാണ് നറുക്കെടുപ്പ്. കഴിഞ്ഞ ആഴ്ച ഞാൻ ആട്ടി പറഞ്ഞയച്ചതിന്റെ കറ അയാൾ സൂക്ഷിക്കുന്നില്ല.
അഞ്ചുറുപ്പിക കൊടുത്ത് അയാളെ സഹായിക്കാമെന്നു കരുതിയതാണ്. പക്ഷേ പറഞ്ഞത് മറിച്ചായിരുന്നു. പരുഷമായിത്തന്നെ.
എനിക്ക് ടിക്കറ്റ് വേണ്ടെന്നു പറഞ്ഞില്ലേ?
അയാളുടെ മുഖം മങ്ങി.
സർ ഒരു ടിക്കറ്റെടുത്ത് സഹായിക്കണം. സാറമ്മാരോടല്ലാതെ ആരോടാ ഞാൻ പറയ്വാ.
എടോ എനിയ്ക്ക് ഭാഗ്യം തീരെയില്ല. ഒന്നും കിട്ടില്ല്യാന്ന് അറിഞ്ഞു കൊണ്ട് എന്തിനാ അഞ്ചുറുപ്പിക കളയണത്?
ഭാഗ്യം എപ്പഴാ നമ്മടെ വഴീല് വര്വാന്ന് അറിയില്ല സാറെ. ഒരു ടിക്കറ്റെടുത്തു നോക്കു. മിനി ബംബറാണ്. പത്തുലക്ഷം ഉറുപ്പികീം മാരുതികാറും.......
എനിക്കു വേണ്ട മാഷെ.
സാറെ, ഇതോണ്ടൊക്ക്യാണ് കഴീണത്. സാറൊന്നു സഹായിക്കണം. പത്തു ടിക്കറ്റും കൂടിയേ ഉള്ളൂ.
ഞാൻ പുതിയൊരു കസ്റ്റമറെ കാണാൻ പുറപ്പെട്ടതാണ്. കിട്ടുകയണെങ്കിൽ തരക്കേടില്ലാത്ത ബിസിനസ്സാണ്. നല്ലൊരു കാര്യത്തിന് പുറപ്പെടുമ്പോൾ..... എന്നിലെ ഉറങ്ങിക്കിടന്ന വിശ്വാസങ്ങൾ ഉണർന്നെഴുന്നേറ്റു. കീശയിൽ നിന്ന് ഒരഞ്ചുറുപ്പികയുടെ നോട്ടെടുത്ത് അയാൾക്കു നീട്ടി. അതു വാങ്ങി നെറ്റിമേൽ ചേർത്തുപിടിച്ച് അയാൾ കണ്ണടച്ചു. പിന്നെ നോട്ട് കീശയിലിട്ടശേഷം ഒരു ടിക്കറ്റെടുത്ത്എന്റെ നേരെ നീട്ടി.
ഇതിൽ ഏതെങ്കിലും ഒരു സമ്മാനം അടിക്കും സാറെ.
അയാൾ ഞൊണ്ടിക്കൊണ്ട് നടന്നുപോയി.
പുതിയ കസ്റ്റമർ വളരെ പ്രതീക്ഷകൾ നൽകി. ഞാൻ എന്റെ ബ്രീഫ്കേസും നിലത്തുവെച്ച് ഓഫീസിന്റെ സ്വീകരണമുറിയിൽ സോഫയിൽ ഇരുന്നു. എന്റെ കാർഡ് റിസപ്ഷനിസ്റ്റിന്റെ കയ്യിൽ കൊടുത്തിരുന്നു. കമേഴ്സ്യൽ മാനേജരെ കാണണമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ എന്നെ വിളിപ്പിച്ചത് മാനേജിംഗ് ഡയറക്ടർ തന്നെ യായിരുന്നു. അതും രണ്ടു മിനിറ്റിനുള്ളിൽ.
ഇന്ന് അത്ഭതങ്ങളുടെ ദിവസമാണെന്നു തോന്നുന്നു.സാധാരണ ഈ മാതിരി വലിയ കമ്പനികളിൽ പോയാൽ ഒരു ക്ലാർക്കിനെ കാണാൻ പോലും മണിക്കൂർ കാത്തു നിൽക്കേണ്ടി വരാറുണ്ട്.
എനിക്കൊരു പ്രശ്നമുണ്ട്. മാനേജിംഗ് ഡയറക്ടർ പറഞ്ഞു. അതിനുള്ള ഉത്തരം നിങ്ങളുടെ കയ്യിലാണ്.
എയർകണ്ടീഷൻ ചെയ്ത മുറിയിൽ ചുമർതൊട്ട് ചുമർവരെ കാർപ്പെറ്റുണ്ട്.
ദിവസേന മൂന്ന് ലോഡ് ബോംബെയ്ക്കു പോകണം, ഡയറക്റ്റ്. നോ ട്രാൻഷിപ്പ്മെന്റ്. കെമിക്കൽസാണ്. എന്തൊക്കെയാണ് നിങ്ങളുടെ ടേംസ്?
ഞാൻ വിവരിക്കുകയായിരുന്നു. അതൊക്കെ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്ന അദ്ദേഹം ഒന്നും കുറിച്ചുവെച്ചില്ല. പക്ഷേ എല്ലാം മനസ്സിൽ പതിഞ്ഞിട്ടുണ്ടെന്നതിന്റെ സൂചന സംഭാഷണത്തിൽ വന്നു. അയാൾ സംതൃപ്തനായിരുന്നു.
എന്റെ ഭാഗ്യം തെളിയുകയാണോ? ദിവസേന മൂന്ന് ട്രക്ക് ലോഡ് നല്ല ബിസിനസ്സാണ്. അതും ബോംബെയ്ക്ക്. തിരിച്ചും ലോഡുണ്ടാക്കുക കാരണം നല്ല ലാഭകരമാണത്. ഞാൻ, എന്തോ, ആ ലോട്ടറിക്കാരനെ ഓർമ്മിച്ചു; അയാളാണോ എനിയ്ക്ക് ഭാഗ്യം കൊണ്ടുവന്നത്.
വെള്ളിയാഴ്ച പേപ്പർ കിട്ടിയപ്പോൾ ആദ്യം നോക്കിയത് ലോട്ടറി ഫലമാണ്. ഇല്ല. സമ്മാനമൊന്നുമില്ല അഞ്ചു റുപ്പികപോലും.
ബുധനാഴ്ച അയാൾ വീണ്ടും വന്നു. മതിലിന്നപ്പുറത്ത് അതേ സ്ഥാനത്ത് നിന്നു.
സാർ ഒരു ടിക്കറ്റെടുക്കൂ.
വേണ്ട മാഷെ. കഴിഞ്ഞ തവണ അഞ്ചുറുപ്പികയുടെ സമ്മാനം പോലും കിട്ടിയില്ല.
സാറെ ഇപ്രാവശ്യം കിട്ടും.
പരിക്ഷീണമായ സ്വരം.
വേണ്ട എന്നു പറയാൻ ഒരുങ്ങിയതാണ്. അപ്പോഴാണ് അന്ന് പുതിയ കസ്റ്റമറെ വീണ്ടും കാണേണ്ട ദിവസ മാണെന്നോർത്തത്.
പുതിയ കസ്റ്റമറുടെ ഓർഡർ കയ്യിൽ കിട്ടിയപ്പോൾ ഞാൻ ആലോചിച്ചു. ഭാഗ്യം നന്നാവുക തന്നെയാണ്. എത്ര എളുപ്പമാണ് കാര്യങ്ങൾ നടന്നുകിട്ടിയത്. നിസ്സാരമായ ഓർഡറുകളുടെ പിന്നാലെ ദിവസങ്ങളും മാസങ്ങളും പാഴാക്കി നിരാശനാവേണ്ടി വന്നിട്ടുണ്ട്. ഇവിടെ ഇതാ നല്ലൊരു ബിസിനസ്സ് രണ്ടേ രണ്ടു സന്ദർശനത്തിൽത്തന്നെ തരമായിരിക്കുന്നു.
ലോട്ടറി റിസൽട്ടിൽ എന്റെ നമ്പറില്ലായിരുന്നു. ഭാഗ്യക്കുറി എനിയ്ക്കു വിധിച്ചതല്ല എന്നു തോന്നുന്നു. പക്ഷേ ലോട്ടറിക്കാരന്റെ വരവ് എനിക്കു ഭാഗ്യം കൊണ്ടുവരുന്നുണ്ടെന്ന തോന്നൽ. പൗരാണിക നാവികന്റെ ആൽബർ

ട്രോസ് പക്ഷിപോലെ അയാൾ എനിക്ക് ഭാഗ്യം കൊണ്ടു വരികയാണോ? ഞാൻ ഓരോ ആഴ്ചയും ടിക്കറ്റെടുത്തു. സമയം കിട്ടുമ്പോൾ അയാൾ എന്നോട് സംസാരിക്കും. മതിലിന്നപ്പുറത്തു നിന്നുകൊണ്ടയാൾ അയാളുടെ കഥ എന്നെ കേൾപ്പിക്കും. പതുക്കെപ്പതുക്കെ ആ മനുഷ്യന്റെ ദൗർഭാഗ്യത്തിന്റെ കഥകൾ ഓരോന്നായി എന്നെ ദുഃഖിതനാക്കിക്കൊണ്ട് പുറത്തുവന്നു.

കുട്ടിക്കാലത്ത് ഉമ്മയും ബാപ്പയും നഷ്ടപ്പെട്ടു. അനാഥാലയത്തിൽ കുറച്ചുകാലം കഴിച്ചുകൂട്ടി. അതിലും ഭേദം പുറത്തെ ലോകമാണെന്നു തോന്നിയപ്പോൾ അവിടെ നിന്നു രക്ഷപ്പെട്ടു. പട്ടിണയുടെ നാളുകൾ. സ്വതന്ത്രനാണെന്ന ആശ്വാസം മാത്രം. അവസാനം ഒരു ഫാക്ടറിയിൽ ചെറിയൊരു ജോലി കിട്ടുന്ന. ഒന്ന് പച്ചപിടിച്ചുവെന്നു കരുതുമ്പോഴേയ്ക്ക് ഒരപകടം. ഒരു കാൽ നഷ്ടപ്പെട്ടു. പിന്നെ ചെയ്യാൻ പറ്റിയത് ഇരക്കൽ മാത്രം. നഷ്ടപ്പെട്ട കാലിന്റെ പകുതി കാണിച്ച് ജനങ്ങളുടെ അനുകമ്പ സമ്പാദിക്കുക. കിട്ടുന്ന നാണയങ്ങൾ പെറുക്കിക്കൂട്ടുക. അങ്ങിനെയിരിക്കുമ്പോഴാണ് ലോട്ടറി ടിക്കറ്റ് വിൽക്കുക എന്ന ആശയം മനസ്സിൽ വന്നത്. അഞ്ചുറുപ്പികയുടെ ഒരു ടിക്കറ്റ് വിറ്റാൽ ഒരു രൂപ കമ്മീഷൻ കിട്ടും. ഒരു പത്തു ടിക്കറ്റു വിറ്റാൽ അന്നത്തേക്കു വേണ്ട ചെലവിനായി.

സാറെ കഴിഞ്ഞ ആഴ്ച ആറു മാസമായി പട്ടിണി അറിഞ്ഞിട്ടില്ല. ഇങ്ങിനെ പോയാൽ ഒരു രണ്ടു കൊല്ലം കൊണ്ട് ഒരു മുച്ചക്ര സൈക്കിൾ വാങ്ങാം. കൈകൊണ്ട് തിരിക്കണ സൈക്കിള്. അപ്പൊ ഈ നടത്തം ഒഴിവാക്കാം. ബാങ്ക്കാര് പണം കടം തരാംന്ന് പറഞ്ഞിട്ടുണ്ട്. എന്റെ വകയായിട്ട് അഞ്ഞൂറു രൂപയെങ്കിലും വേണമത്രെ.

നന്നാവട്ടെ. ഞാൻ പറഞ്ഞു. ഒരു ടിക്കറ്റ് വാങ്ങുകയും ചെയ്തു. സമ്മാനമൊന്നും കിട്ടില്ലെന്ന അറിവോടെത്തന്നെ.

എന്റെ പ്രൊമോഷൻ മിയ്ക്കവാറും തീർച്ചയായിക്കഴിഞ്ഞിരുന്നു. ബിസിനസ്സ് നല്ലവണ്ണം കൂടിയിട്ടുണ്ട്. വീട്ടുവാടക തരാമെന്ന് കമ്പനി ഏറ്റിട്ടുണ്ട് ഒരു വീട് കണ്ടു പിടിക്കണം. ഈ ഒറ്റമുറിയിൽനിന്ന് മാറണം. ഞാനും ലോട്ടറിക്കാരന്റെ പോലെ പച്ചപിടിച്ചു വരികയാണ്.

കേരളത്തിന്റേതല്ലാത്ത ലോട്ടറിടിക്കറ്റുകൾ കേരളത്തിൽ വിൽക്കുന്നത് നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് വന്നത് പെട്ടെന്നൊരു ദിവസമാണ്. റിപ്പോർട്ട് വായിച്ചപ്പോൾ ഞാൻ അറിയാതെ ഓർത്തു. അയാളെ ഈ നിരോധം ബാധിക്കുമെന്നത് തീർച്ചയാണ്. അവന്റെ കയ്യിൽ എല്ലാ സംസ്ഥാനങ്ങളുടെയും ടിക്കറ്റുണ്ടാവാറുണ്ട്. ഞാൻ അവയൊന്നും എടുക്കാറില്ലെന്നേയുള്ളു. അവനെ സഹായിക്കാനും, നിഗൂഢമായി, അവൻ വഴി എന്റെ ജോലി സ്ഥലത്ത് ഭാഗ്യം വരുന്നുണ്ടെന്ന അന്ധവിശ്വാസം കാരണമായും ആണ് ഞാൻ കേരളലോട്ടറിയുടെ ഒരു ടിക്കറ്റെടുക്കുന്നത്. മറ്റു ടിക്കറ്റുകൾ പക്ഷേ ധാരാളം ചെലവാവുന്നുണ്ടെന്നാണ് അവൻ പറയുന്നത്. അപ്പോൾ അതെല്ലാം നിരോധിച്ചാൽ അവന്റെ സ്ഥിതി എന്താവും. അവനെപ്പോലുള്ള പതിനായിരങ്ങളുടെ സ്ഥിതി? ലോട്ടറി പ്രചാരത്തിൽ വന്നശേഷം ഒരു ഗുണമുണ്ടായിട്ടുണ്ട്, യാചകരുടെ എണ്ണം വളരെ കുറിഞ്ഞിട്ടുണ്ട്. ട്രെയിനിലും ബസ്സ്റ്റാൻഡിലും മറ്റും ഇരന്നു നടന്നിരുന്നവർ ഇപ്പോൾ ലോട്ടറിടിക്കറ്റ് വിറ്റു നടക്കുകയാണ്. ഒരു ടിക്കറ്റു വിറ്റാൽ ഒരു രൂപയുണ്ടാക്കാം. മാന്യമായ തൊഴിലാണുതാനും. മറിച്ച് ഒരു രൂപയുണ്ടാക്കാൻ എത്ര ആൾക്കാരുടെ മുമ്പിൽ ഇരക്കണം?

അലി സാധാരണത്തേതിലും നേർത്തെ വന്നു. മതിലിനപ്പുറത്ത് അവൻ ക്ഷമയോടെ കാത്തു നിന്നു.

സാർ ഒരു ടിക്കറ്റ് തരട്ടെ?

ഈ ആഴ്ച നേർത്തെയാണല്ലൊ, അലി?

അതെ സാർ. സാർ പേപ്പറ് വായിച്ചില്ലെ? ഇപ്രാവശ്യം ടിക്കറ്റുകൾ ഒന്നും ചെലവാവ്ണില്ല്യ.

അവൻ കൈ ഉയർത്തിയപ്പോൾ നിറയെ വിൽക്കാൻ ടിക്കറ്റുകൾ. പല സംസ്ഥാനങ്ങളിലെ ടിക്കറ്റുകൾ ഉണ്ട്.

ആരും വാങ്ങിണില്ല്യ സാറെ. ഒക്കെ കള്ളടിക്കറ്റുകളാന്ന് പറഞ്ഞ് ഒഴിവാക്വാണ്. കേരളത്തിന്റെ ടിക്കറ്റുകൂടി ആരും എടുക്കിണില്ല്യ. ഇതിലൊരൊറ്റ എണ്ണം കള്ള ടിക്കറ്റില്ല സാർ. എല്ലാം ഓരോ സംസ്ഥാനഗവർമ്മെണ്ട് നടത്തണ ടിക്കറ്റാണ്.

ഈ ടിക്കറ്റൊക്കെ നീ എന്താണ് ചെയ്യാൻ പോകുന്നത്?

വിൽക്കാൻ നോക്ക്വാണ് സർ. വിറ്റില്ലെങ്കിൽ ഭയങ്കരനഷ്ടായിരിക്കും. ഇതാ ഇത് അഞ്ഞൂറ്റി എഴുപത്തഞ്ചുറുപ്പികയുടെ ടിക്കറ്റാ. വിറ്റില്ലെങ്കിൽ അത്രയും നഷ്ടാവും. കേരള നൂറുറുപ്പികയുടെ ടിക്കറ്റേ വരു. ബാക്കിയൊക്കെ മറ്റു സംസ്ഥാനങ്ങളുടേതാണ്.

അപ്പൊ, ഈ ഉത്തരവിനെപ്പറ്റി നിങ്ങൾക്ക് ആദ്യം അറിവൊന്നും കിട്ടിയില്ലേ?

എവിടെ സാർ? ഒരു ദിവസം രാവിലെ അവർ ഉത്തരവ് പാസ്സാക്കി. മറ്റു സംസ്ഥാനങ്ങളുടെ ലോട്ടറി കേരളത്തിൽ ചെലവാക്കാൻ പാടില്ല്യാന്ന്. അപ്പോൾ ആ ടിക്കറ്റുകൾ  വാങ്ങിവെച്ച പാവങ്ങളുടെ പണം നഷ്ടപ്പെട്ടു. അത്ര തന്നെ. ആയിരക്കണക്കിന് ടിക്കറ്റുകൾ വാങ്ങി വെച്ച കച്ചവടക്കാരുണ്ടാവില്ലെ സർ. അവർക്കൊക്കെ നഷ്ടം തന്നെ.

ആയിരക്കണക്കിനല്ല. ലക്ഷക്കണക്കിനു തന്നെയായിരിക്കും. അവർക്ക് പക്ഷേ നഷ്ടം താങ്ങാൻ കഴിഞ്ഞേയ്ക്കും. പക്ഷേ അലിയെപ്പോലുള്ളവർക്കോ? അവർ തകർന്നെന്നു വരും.

അവരെന്താണ് ഇങ്ങിനെ ചെയ്യുന്നത്? ഞാൻ ചോദിച്ചു. ആദ്യം തന്നെ മുന്നറിയിപ്പ് നൽകണ്ടേ? അതുപോലെ നിരോധനം ഏർപ്പെടുത്താൻ ഒരു സമയപരിധിയും തരണ്ടേ? എന്നാൽ പിന്നെ അലിയെപ്പോലെയുള്ളവർക്ക് ആ ടിക്കറ്റുകൾ എടുക്കണ്ട എന്നു വെക്കാലൊ. അല്ലെങ്കിൽ കയ്യിലുള്ള ടിക്കറ്റ് വേഗം വിറ്റഴിക്കുകയെങ്കിലും ചെയ്യാമല്ലോ.

അങ്ങിനെയൊക്കെയാണോ സർ കാര്യങ്ങൾ നടക്കണത്.

എനിക്കീപ്രാവശ്യം മറ്റു സംസ്ഥാനങ്ങളുടെ ഏതെങ്കിലും ഒരു ടിക്കറ്റു തന്നാൽ മതി. ഞാൻ പറഞ്ഞു.

കേരള ടിക്കറ്റുകൾ വിൽക്കാൻ അവന് ഇനിയും കഴിഞ്ഞേക്കും.
അവൻ മേഘാലയയുടെ ഒരു ടിക്കറ്റെടുത്തു എനിയ്ക്കു നീട്ടി.
പത്രങ്ങളിൽ ലോട്ടറിടിക്കറ്റുകാരെ പൊതുജനം പീഡിപ്പിക്കുന്നതിനെപ്പറ്റി വാർത്തകളുണ്ടായിരുന്നു. അലിയെ അവർ ഒന്നും ചെയ്യരുതേ എന്ന് ഞാൻ പ്രാർത്ഥിച്ചു. നടക്കാൻകൂടി വയ്യാത്ത ആ സാധുമനുഷ്യനെ ആരും ഉപദ്രവിക്കില്ലായിരിക്കും. മനുഷ്യൻ അത്ര ചീത്തയായിട്ടില്ല എന്ന വിശ്വാസം.
എന്റെ വിശ്വാസം അലിയെ രക്ഷിച്ചില്ല.
പിറ്റേന്നു രാവിലെ അലി വീണ്ടും വന്നു. മതിലിന്നപ്പുറത്തു കണ്ട അവന്റെ തലയിൽ ഒരു വലിയ ബാന്റേജു ണ്ടായിരുന്നു. ബാന്റേജ് നെറ്റിയുടെ ഇടതുഭാഗവും മറച്ചിരുന്നു. സ്വതവേ വിളറിയ മുഖം ഒന്നുകൂടി വിളറിയിരുന്നു.
എന്തു പറ്റി അലി.
അവൻ ഒന്നും പറയാതെ കുറച്ചുനേരം എന്നെ നോക്കി നിന്നു. കണ്ണീർ ധാരയായി ഒഴുകി.
അവര് എന്നെ തല്ലി സർ. ഏങ്ങലിന്നടിയിൽ അവൻ പറഞ്ഞു. എന്നെ തല്ലി. ഒരു കാലില്ലാത്ത എന്നെ. ഓടാനും കൂടി വയ്യാത്ത എന്നെ.
ഇതാദ്യമായാണ് അവൻ തന്റെ അംഗഭംഗത്തെ ഒരു അവശതയായി എന്നോട് പറയുന്നത്. അപകടത്തിൽ പെട്ട് കാലുപോയി എന്നു പറഞ്ഞപ്പോഴും ഒരുതരം നിർവ്വികാരതയായിരുന്നു അവന്റെ മുഖത്ത്. ഇന്ന് പക്ഷേ അവന്റെ മനസ്സ് അത്രയധികം വേദനിച്ചിരിക്കുന്നു.
കള്ളടിക്കറ്റുകൾ കൊണ്ടു നടക്കുകയാണെന്ന് പറഞ്ഞ് അവര് തല്ലി. എന്റെ കയ്യിൽ കള്ളടിക്കറ്റുകളൊന്നു മുണ്ടായിരുന്നില്ല. സംസ്ഥാനഗവർമ്മെണ്ടുകൾ നടത്തുന്ന ടിക്കറ്റുകൾ മാത്രം. എന്നിട്ടും അവര് തല്ലി. എന്റെ ടിക്കറ്റുകൾ ചീന്തിക്കളഞ്ഞു സർ. അഞ്ഞൂററുറുപ്പികയുടെ ടിക്കറ്റുകൾ അവര് ചീന്തിക്കളഞ്ഞു.
പാവം അലി. അവൻ ഒന്ന് പച്ചപിടിച്ചു വരികയായിരുന്നു. ഞാൻ പരിചയപ്പെട്ട കാലത്ത് അവന്റെ കയ്യിൽ നൂററുറുപ്പികക്കു താഴെയുള്ള ടിക്കറ്റുകളാണുണ്ടായിരുന്നത്. ക്രമേണ അവൻ കിട്ടുന്ന പണം വീണ്ടും മുതലിറക്കി കച്ച വടം നന്നാക്കിക്കൊണ്ടുവരികയായിരുന്നു. ഒരു മുച്ചക്രസൈക്കിൾ വാങ്ങണം, പിന്നെ ഒരു പെട്ടി പീടിക ഇടണം, അങ്ങിനെയൊക്കെയായിരുന്നു അവന്റെ ആഗ്രഹം. കടയ്ക്ക് അലി ലക്കി സെന്റർ എന്ന് പേരിടണമെന്നൊക്കെയാണ് അവൻ പറഞ്ഞിരുന്നത്.
നെറ്റിമ്മലും, തലേലും സ്റ്റിച്ചുണ്ട് സർ.
അവൻ തൊട്ടുകാണിച്ചു ബാന്റേജിനു മുകളിൽ ഒരു സ്ഥലത്ത് ചോര കിനിഞ്ഞ പാടുണ്ട്.
സാറിനെപ്പോലെ ദയയുള്ള ഒരാൾ കാറിൽ വന്ന് എന്നെ രക്ഷിച്ചതാ. അല്ലെങ്കിൽ അവൻ എന്റെ പണി കഴിച്ചേനെ. ആ സാറിന്റെ കാറിന്റെ ചില്ല് അവര് എറിഞ്ഞൊടിച്ചു.
എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇതെല്ലാം മനുഷ്യന് ചെയ്യാൻ പറ്റുന്ന കാര്യങ്ങളാണോ! സഹജീവി യോടുള്ള ഈ ക്രൂരത? അതും അംഗവൈകല്യമുള്ള ഒരു സഹജീവിയോട്?
ഇനി നീ എന്താണ് ചെയ്യാൻ പോകുന്നത്? ഞാൻ അന്വേഷിച്ചു.
എന്തെങ്കിലും ചെയ്യും സാർ. അവൻ മുകളിലേക്കു നോക്കിക്കൊണ്ട് പറഞ്ഞു. അള്ളാ ഉണ്ട് സർ. എന്തെങ്കിലും വഴി കാട്ടിത്തരും.
അവൻ പോകാൻ തിരിഞ്ഞു.
അലി നിൽക്കൂ, ഞാൻ കുറച്ച് പണം തരാം. ഞാൻ പറഞ്ഞു.
വേണ്ട സർ. സാറിന്റെ ദയ തന്നെ ധാരാളമാണ്. എന്നെ ഒരു മനുഷ്യനായി കണക്കാക്ക്ണ്ണ്ടല്ലൊ. അതുമതി.
അലി നിൽക്കൂ.
ഞാൻ പണം എടുക്കാനായി അകത്തേക്കു പോയി. നൂററുറുപ്പികയുടെ ഒരു നോട്ടെടുത്ത് പുറത്തേക്കു വന്നപ്പോഴേക്കും അലി പോയ്ക്കഴിഞ്ഞിരുന്നു. ഗെയ്റ്റിനുമപ്പുറത്ത് അവന്റെ ഊന്നുവടിയുടെ അറ്റം അപ്രത്യ ക്ഷമായി.
ഞാനവനെ പിന്നീട് കണ്ടില്ല, മാത്രമല്ല ജോലിത്തിരക്കിൽ മറക്കുകയും ചെയ്തു. ബിസിനസ്സ് നന്നായി വരുന്നുണ്ടായിരുന്നു. മാനേജ്മെന്റ് അവരുടെ വാഗ്ദാനങ്ങൾ നിറവേറ്റി. ഒരു വീട് എടുത്തു തന്നു. ശമ്പളം കൂട്ടി. എനിക്കിനി ഒരു കല്ല്യാണം കഴിക്കാം വലിയ കുഴപ്പമില്ലാതെ ജീവിക്കാം. അതിനിടയ്ക്ക് എനിക്ക് ഭാഗ്യം കൊണ്ടു വന്നു തന്ന അലിയെ ഓർക്കാൻ കാരണം അവനെപ്പോലെ ഒരാളെ ഞാൻ കണ്ടതുകൊണ്ടാണ്. ഒരു കാലില്ല. ഊന്നുവടികളിൽ താങ്ങി നിൽക്കുകയായിരുന്നു. പുറം തിരിഞ്ഞാണ് നിന്നിരുന്നത്. ഞാൻ സ്കൂട്ടർ ഓടിച്ചു പോവുകയായിരുന്നു.
അത് അലിതന്നെയായിരുന്നു. ഞാൻ അവനെ വീണ്ടും കണ്ടു. ട്രാൻസ്പോർട്ട് സ്റ്റാൻഡിൽ പുറപ്പെടാറായ ബസ്സിൽ ഒരരുകിൽ ഞാൻ ഇരിക്കുകയായിരുന്നു. പെട്ടെന്നാണ് ബസ്സിന്റെ പുറത്തു നിന്ന് ആ ശബ്ദം കേട്ടത്.
സാറമ്മാരെ കാലില്ലാത്തവനാണേ. എന്തെങ്കിലും സഹായിക്കണേ.
എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. അല്ല, അത് അലിയാവാൻ വയ്യ. ഞാൻ തിരിഞ്ഞുനോക്കാൻ ഭയപ്പെട്ടു. അതേ ശബ്ദം തന്നെ. എനിക്ക് തിരിഞ്ഞുനോക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവൻ ബസ്സിനു പുറത്ത് ഓരോരുത്തരു ടേയും മുമ്പിൽ കൈ നീട്ടുന്നത് മനസ്സിൽ കണ്ടു. വയ്യ. അതിനെപ്പറ്റി ആലോചിക്കാൻ വയ്യ. ഞാൻ കണ്ണടച്ചിരുന്നു. അലി അടുത്തക്കു വരുന്നുണ്ടായിരുന്നു. ഞാൻ ഇരിക്കുന്ന വരിയിലെത്തി അവൻ പറഞ്ഞു കൊണ്ടിരുന്നു.

സാറെ കാലില്ലാത്തവനാണേ.....

ഞാൻ കീശയിൽ തപ്പി ഒരു നോട്ടെടുത്തു. പത്തുറുപ്പികയാണ് കിട്ടിയത്. അത് അവന്റെ നേരെ നീട്ടി.

അപ്പോഴാണ് അവൻ എന്റെ മുഖം കണ്ടത്. ഞാൻ അവന്റെയും. ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞു. അവൻ തരിച്ചുനിന്നു. ഒരു നിമിഷം മാത്രം. അവന്റെ കണ്ണുകളിൽ കണ്ണീർ ഉറഞ്ഞുകൂടി. ഞാൻ നീട്ടിയ നോട്ട് വാങ്ങാതെ, ഒരക്ഷരം പറയാതെ അവൻ തിരിഞ്ഞു നടന്നു. ഊന്നുവടി അമർത്തിവെച്ച് വേഗത്തിൽ അവൻ നടന്നു. ഞാൻ വിളിച്ചു.

അലി.........

അവൻ തിരിഞ്ഞു നോക്കിയില്ല.

back to index

# തീപ്പെട്ടിക്കൊള്ളിത്തുമ്പിലെ ജീവിതം

ശേഖരന്റെ കണ്ണുകൾ ചുവന്നിരുന്നു. കാലുകൾ നിലത്തുറയ്ക്കുന്നില്ല. ഷാപ്പിൽ നിന്ന് വീട്ടിലേക്കുള്ള നടത്തത്തിൽ ചുരുങ്ങിയത് ഒരു വീഴ്ചയെങ്കിലും പറ്റിയിട്ടുണ്ട്. ഷർട്ടിലും മുണ്ടിലും ചളിയുണ്ട്. മാമ്പലക വെച്ചടിച്ച വാതിൽപാളിമേൽ കയ്യൂന്നി അയാൾ വിളിച്ചു.

എടീ.......

'ട'കാരത്തിനും 'ഴ' കാരത്തിനും ഇടയിലുള്ള സ്വരം.

ദേവകി ശ്രദ്ധിച്ചില്ല. ഇതെന്നും ഉള്ള കാഴ്ചയാണ്. തുടക്കങ്ങളിലുണ്ടായിരുന്ന വേദന നിർവ്വികാരതക്ക് വഴിമാറിയപ്പോൾ അവൾ ശേഖരന്റെ വൈകിയുള്ള വരവും വായിൽ നിന്നുതിരുന്ന നാറുന്ന തെറികളും പിന്നീടുണ്ടാകാറുള്ള ഭേദ്യങ്ങളും നിസ്സംഗതയോടെ സഹിക്കാൻ പഠിച്ചു. മക്കൾ ഇതെല്ലാം കാണുന്നതും കേൾക്കുന്നതും മാത്രമേ അവൾക്ക് വിഷമമുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് അവൾ മക്കളെ ഏഴര എട്ടുമണിയാവുമ്പോഴേക്കും കിടത്തിയുറക്കും. മൂത്തവൾ പെട്ടെന്നുറങ്ങും. താഴെയുള്ളവൻ കുറച്ച് പ്രതിഷേധിച്ചേ ഉറങ്ങാറുള്ളൂ.

ദേവകിയ്ക്ക് വിശക്കുന്നുണ്ടായിരുന്നു. അവൾ രണ്ടു സ്റ്റീൽ പ്ലെയ്റ്റുകളും ചോറിൻ പാത്രവും മത്സ്യക്കറിയും നിലത്തു കൊണ്ടുവന്നുവെച്ചു. രണ്ടു സ്റ്റീൽ ഗ്ലാസ്സുകളിൽ വെള്ളവും. സാധാരണ അങ്ങിനെയാണ്. കുറെനേരം നീണ്ടുനിൽക്കുന്ന ഭൽസനങ്ങൾക്കു ശേഷം അയാൾ അവൾ ഇരിക്കുന്ന തിണ്ണെതിരെ വന്നിരുന്ന് പിഞ്ഞാണം വലിച്ചെടുത്ത് വിളമ്പി ഉണ്ണും. ഇന്നു പക്ഷേ അങ്ങിനെയൊന്നുമല്ല ഉണ്ടാവുന്നത്. രാവിലത്തെ വഴക്കിന്റെ ബാക്കിയായിരിക്കും.

അയാൾ വാതിൽ കടന്നുവെന്ന് കയ്യിലുണ്ടായിരുന്ന ടിൻ അവൾ ഇരിക്കുന്നതിന്റെ അടുത്ത് ഒരു ശബ്ദത്തോടെ വെച്ചു. ടിന്നിന്റെ അടപ്പ് തെറിച്ചുപോയി. കുറച്ച് മണ്ണെണ്ണ പുറത്തേക്ക് തെറിച്ചു.

അവൾ അമ്പരന്നുപോയി. മണ്ണെണ്ണ പോയിട്ട് റേഷനരികൂടി അയാൾ വീട്ടിലേക്കു വേണ്ടി കുറെക്കാലമായി കൊണ്ടുവരാറില്ല.

എടീ........ അയാൾ പറഞ്ഞു. ഇതെന്താന്നറിയോ? അവൾ ശ്രദ്ധിക്കാതെ ഊണു കഴിക്കാനൊരുങ്ങി. ജോലിയെടുക്കുന്ന വീട്ടിൽനിന്ന് ഉച്ചക്ക് ഒന്നരക്ക് കുറച്ചു ഭക്ഷണം കഴിച്ചതാണ്. ഇപ്പോൾ രാത്രി ഒമ്പതുകഴിഞ്ഞു.

എടീ..... ഞാൻ ചോദിച്ചതു കേട്ടില്ലേ?

അവൾ അപ്പോഴും ഒന്നും പറയാതെ മീൻചാർ കൂട്ടിക്കുഴച്ച് ഉരുളയാ ക്കിയ ചോറ് വായിലേയ്ക്ക് കൊണ്ടുപോയി. രാവിലെ ബഹളമുണ്ടാക്കി പോയപ്പോഴേ അറിയാമായിരുന്നു വൈകുന്നേരം വഴക്കിട്ടുകൊണ്ടാണ് വരികയെന്ന്.

എന്താടി നിനക്ക് വായില് നാവില്ലേ?

അയാള് ക്രുദ്ധനായി കാലുകൊണ്ട് അവളുടെ പ്ലേയ്റ്റ് ഒരു തട്ടുവെച്ചു കൊടുത്തു. ചോറും മീൻകറിയും വിളമ്പിയതു മുഴുവൻ മുറിയിൽ തെറിച്ചു ചിതറി. വായിലേക്കുകൊണ്ടുപോയ ഉരുള വായിലിടാതെ അവൾ എഴുന്നേറ്റു.

ഉണ്ണാൻ വെച്ച ചോറ് കാലുകൊണ്ട് തട്ടിത്തെറിപ്പിക്കലെല്ലാം ഇടയ്ക്കിടയ്ക്കുണ്ടാവാറുള്ളതാണ്. ആ രാത്രികൾ അവൾ വെള്ളം കുടിച്ച് കിടന്നുറങ്ങും. അവൾ എഴുന്നേറ്റ് ചൂലെടുത്തുകൊണ്ടുവന്ന് അടിച്ചുവാരാൻ തുടങ്ങി.

എടീ ഇതെന്താന്നറിയ്യോ? മണ്ണെണ്ണ്യാണ് മണ്ണെണ്ണ. ബ്ലാക്കില് വാങ്ങീ താ. ആറുറുപ്പിക ലിറ്ററിന്. രണ്ടുലിറ്റർ. പന്ത്രണ്ടുറുപ്പിക.... ഇത് നെന്റെ സ്റ്റൗവ്വിലേക്കുള്ളതൊന്നുമല്ല. എന്തിനാന്നറിയ്യോ?

ദേവകി ഒന്നും പറയാതെ അടിച്ചു വാരുകയാണ്. അപ്പോഴാണവൾ കണ്ടത്. ദീപമോൾ കണ്ണുതുറന്നു കിടക്കുകയാണ്. മണ്ണെണ്ണടിൻ ഉറക്കെ നിലത്തുവെച്ചപ്പോഴോ പ്ലേയ്റ്റ് തട്ടിത്തെറിപ്പിച്ചപ്പോഴോ ആയിരിക്കണം അവൾ ഉണർന്നത്. അവളുടെ കണ്ണുകളിൽ ഭയം. അടിച്ചുവാരുന്നതിന്നിടയിൽ ദേവകി പറഞ്ഞു.

മോൾ ഉറങ്ങിക്കോ.

എന്തിനാന്നറിയ്യോടി ഈ മണ്ണെണ്ണ? ഇത്ര വിലപിടിച്ച മണ്ണെണ്ണ ബ്ലാക്കില് വാങ്ങീത്?

പെട്ടെന്ന് ദേവകിയുടെ ക്ഷമ നശിച്ചു. അവൾ തിരിഞ്ഞുനിന്നു കൊണ്ട് പറഞ്ഞു.

അറിയാം. എന്നെ ചുടാൻ.

അപ്പൊ നെനക്ക് അറിയാം അല്ലേടി. അത് തന്ന്യാണ് ഞാൻ ചെയ്യാൻ പോണത്.

ദീപമോൾ പെട്ടെന്ന് എഴുന്നേറ്റ് കരയാൻ തുടങ്ങി. അയ്യോ അച്ഛൻ അമ്മേ കത്തിക്ക്യോ?

ഇല്ല മോളെ. ദേവകി പറഞ്ഞു. അതിനുള്ള ഭാഗ്യമൊന്നും അമ്മ ചെയ്തിട്ടില്ല. മോളുറങ്ങിക്കോ.

അത്ര ഉറപ്പാക്കണ്ടെടി. അയാൾ തീക്ഷ്ണസ്വരത്തിൽ പറഞ്ഞു.

ചെയ്തൂടേ, എനിയ്ക്ക് ജീവിക്കാനുള്ള മോഹം ഒട്ടും ഇല്ല്യാതായിരിക്കുന്നു. കത്തിച്ചോളു. പിന്നെ ഇങ്ങിനെ

ഒരു നല്ല കർമ്മം ചെയ്യുമ്പോൾ അത് വെറും വയറ്റിൽ വേണ്ട. ഊണു കഴിച്ചോളു. എന്നിട്ടു മതി.

എനിയ്ക്ക് നെന്റെ ചോറൊന്നും വേണ്ടടീ. അയാൾ കാലുകൊണ്ട് മറ്റേ പ്ലേയ്റ്റും ചോറിൻ പാത്രവും തട്ടിത്തെറിപ്പിച്ചു.

അയാളുടെ കാലുകൾ ഇടറുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്ക് വീഴാൻ പോയി. കൈകളും വിറയ്ക്കുന്നുണ്ട്. അയാൾ കുനിഞ്ഞ് മണ്ണെണ്ണടിന്നെടുത്ത് ആട്ടികൊണ്ട് അവളുടെ നേരെ വന്നു. പിന്നെ അനങ്ങാതെ നിൽക്കുന്ന ദേവികയുടെ മേൽ ആ ടിന്നിലെ മണ്ണെണ്ണ ഒഴിച്ചു. പകുതി മണ്ണെണ്ണ ഒഴിച്ചപ്പോൾ അയാൾ നിർത്തി. ദേവകി അനങ്ങിയില്ല. അവൾ അതു പ്രതീക്ഷിച്ചില്ല. കത്തിക്കുമെന്ന് പറയുമെന്നല്ലാതെ അതു ചെയ്യുമെന്നവൾ തീരെ പ്രതീക്ഷിച്ചില്ല. പെട്ടെന്നുയർന്നുവന്ന ഒരു തേങ്ങൽ അവൾ കടിച്ചമർത്തി. ആ നിമിഷത്തിൽ അവൾ മരിക്കാൻ തയ്യാറായി. ആസക്തി പോയിട്ട് എങ്ങിനെയെങ്കിലും ജീവിക്കാനുള്ള മോഹം പോലും ഇല്ലാതായിരിക്കുന്നു.

ശേഖരൻ ടിന്നു താഴെവച്ചു. കീശയിൽ നിന്നു തീപ്പെട്ടിയെടുത്തു. അയാളുടെ കൈ വിറയ്ക്കുന്നുണ്ട്. പെട്ടി തുറന്ന് ഒരു കോൽ പുറത്തെടുക്കാനുള്ള ശ്രമത്തിൽ രണ്ടുമൂന്നു കോൽ നിലത്തു വീണു. അയാൾ കൊള്ളിയുരച്ചു.

പെട്ടെന്ന് ദീപയ്ക്ക് കാര്യം പിടികിട്ടി. അവൾ കരഞ്ഞുകൊണ്ട് എഴുന്നേറ്റ് അമ്മയെ കെട്ടിപ്പിടിച്ചു.

അച്ഛാ, അമ്മയെ കത്തിക്കല്ലെ അച്ഛാ.

ദേവകി ആദ്യം മോളെ തട്ടിമാറ്റി. ഒരു പെണ്ണായ മകളുടെ ഭാവിയിലേക്ക് ദേവകി ഒരു നിമിഷം നോക്കി. പുറത്തുള്ള ഇരുട്ടിനേക്കാൾ കറുത്ത ഇരുട്ടായിരുന്നു അവൾ കണ്ടത്. അവൾ മോളെ തിരിച്ചു വിളിച്ചു ആശ്ലേഷിച്ചു.

നമുക്കൊപ്പം ചാവാം മോളെ.

മുറിയുടെ മൂലയിലിട്ട പായിൽ ഉറങ്ങുന്ന മകനെപ്പറ്റി അവൾക്ക് ആശങ്കയുണ്ടായിരുന്നില്ല.

ശേഖരൻ തീപ്പെട്ടിക്കൊള്ളി ഉരക്കുകയാണ്. പൊട്ടിയതും കത്താത്തതുമായ കൊള്ളികൾ അയാൾക്കു ചുറ്റും നിലത്ത് ചിതറിക്കിടന്നു.

ഞാൻ കത്തിച്ചുതരണോ? അവൾ ചോദിച്ചു. വിറയ്ക്കുന്ന കൈകളോടെ തീപ്പെട്ടി ഉരച്ചു കത്തിക്കാൻ ശ്രമിക്കുന്നതിൽ മാത്രം ശ്രദ്ധ ചെലുത്തുകയായിരുന്ന ശേഖരൻ മുഖമുയർത്തി നോക്കി. പിന്നെ തീപ്പെട്ടി താഴെയിട്ട് അയാൾ കുന്തിച്ചിരുന്ന് ഛർദ്ദിക്കാൻ തുടങ്ങി.

മസാലക്കറിയും കള്ളും കൂടിച്ചേർന്നു മനം പെരട്ടുന്ന പുളിച്ച മണം ആ മുറിയിൽ നിറഞ്ഞു. ഛർദ്ദിയിൽ ഇറച്ചിയുടെയും പൊറാട്ടയുടെയും കഷ്ണങ്ങളായിരുന്നു. രണ്ടു മൂന്നു പ്രാവശ്യം ഛർദ്ദിച്ച ശേഷം അയാൾ നിലത്ത് ആ ഛർദ്ദിയിൽ തന്നെ ചെരിഞ്ഞുകിടന്ന് ഉറക്കമായി.

മോളെ മാറ്റി, ദേവകി സാരി അഴിച്ചു വെച്ചു. മണ്ണെണ്ണ അടിപ്പാവാടവരെയെത്തിയിരുന്നു. അവൾ ശേഖരനെ നീക്കിക്കിടത്തി. ബക്കറ്റും വെള്ളവും കൊണ്ടുവന്ന് ഛർദ്ദിയെല്ലാം തുടച്ചുമാറ്റി. നനഞ്ഞ തോർത്തുകൊണ്ട് അയാളുടെ മുഖം തുടച്ചു. അയാൾ ഉറക്കമായിരുന്നു.

എല്ലാം വൃത്തിയാക്കിയശേഷം ഒരു ഗ്ലാസ്സ് പച്ചവെള്ളവും കുടിച്ച്, മുനിഞ്ഞ് കത്തുന്ന ഇരുപത്തഞ്ചു വാട്ടിന്റെ വിളക്കും കെടുത്തി അവൾ കിടന്നു. ദീപമോൾ അവളുടെ കൊച്ചു കൈ കൊണ്ടവളെ കെട്ടിവരിഞ്ഞു. അവൾ പതുക്കെ ചോദിച്ചു.

അമ്മേ, അച്ഛൻ ശരിക്കും അമ്മേ കത്തിക്ക്യേ?

ദേവികക്ക് ഉറപ്പുണ്ടായിരുന്നില്ല.

മുറിയിൽ അപ്പോഴും മണ്ണെണ്ണയുടെ ഗന്ധമുണ്ടായിരുന്നു. ശേഖരന്റെ തലയ്ക്കൽ വെച്ചിട്ടുള്ള ടിന്നിൽ മണ്ണെണ്ണ ബാക്കി യുണ്ട്. അവൾ ദീപയുടെ സമാധാനത്തിന്നായി പറഞ്ഞു.

ഇല്ല മോളെ അച്ഛൻ കുടിച്ചു വന്നിട്ട് ഓരോന്ന് പറയ്യാണ്.

കുറച്ചു നേരത്തെ മൗനത്തിനുശേഷം അവൾ വീണ്ടും ചോദിച്ചു.

എന്തിനാമ്മേ അച്ഛൻ കുടിക്കണത്?

ദേവകിയ്ക്കറിയില്ലായിരുന്നു. കുടിക്കേണ്ട ആവശ്യമൊന്നും അവൾ കണ്ടില്ല. ഒരു ചുമട്ടു തൊഴിലാളിയെന്ന നിലയ്ക്ക് അയാൾ നല്ല പണമുണ്ടാക്കിയിരുന്നു. ചില ദിവസം നൂറ് നൂറ്റിയിരുപ ത്തഞ്ച് രൂപ വരെ. ഇരുനൂറും അതിലധികവും ഉണ്ടാക്കിയിട്ടുള്ള ദിവസങ്ങളുണ്ട്. മാസം ശരാശരി രണ്ടായിരത്തിൽ പരം വരു മാനമുണ്ടായിരുന്നു. ഇത്രയും പണംകൊണ്ട് എത്ര നല്ല ജീവിത നിലവാരമുണ്ടാക്കാമായിരുന്നെന്ന് ദേവകി മനസ്സിലാക്കിയത് അടുത്ത കാലത്താണ്. കുട്ടികളെ പട്ടിണിയിൽനിന്ന് രക്ഷിക്കാനായി ഒരു വീട്ടിൽ ജോലിക്കു നിന്നപ്പോൾ.

അവൾ ജോലിക്കു നിന്ന വീട്ടിൽ ഒരു ചെറിയ കുടുംബമായിരുന്നു. അച്ഛൻ, അമ്മ, നാലുവയസ്സുള്ള മകൾ. രണ്ടുമുറി വാടകവീട്ടിൽ താമസിക്കുന്നു. അഞ്ഞൂറുറുപ്പിക വാടക. അവർ തന്നേക്കാൾ ഒന്നോ രണ്ടോ വയസ്സിനു താഴെയാണെങ്കിൽ കൂടി ദേവകി അവരെ ചേച്ചിയെന്നു വിളിച്ചു. ഭർത്താവ് ഓഫീസിൽ പോയാൽ അവർ അടുക്കളയിൽ കടന്നു ഒന്നോ രണ്ടോ മണിക്കൂറിനുള്ളിൽ ഭക്ഷണമുണ്ടാക്കുന്നു. ഉച്ചഭക്ഷണത്തിനുണ്ടാക്കിയതു തന്നെയാണ് രാത്രിയും. ഒഴിവു കിട്ടുന്ന സമയത്തെല്ലാം എന്തെങ്കിലും തുന്നിക്കൊണ്ടിരിക്കും. ശരിക്കും ഒരു സന്തുഷ്ട കുടുംബം. അവിടെ ജോലി തുടങ്ങിയ ശേഷമാണ് സ്വന്തം വീടിന്റെ അപാകതകളെപ്പറ്റി ദേവകി

ആലോചിക്കാൻ തുടങ്ങി യത്.

ആദ്യം അവളെ മോഹിപ്പിച്ചത് പല തരം ഗന്ധങ്ങളായിരുന്നു. ജോലിചെയ്യുന്ന വീട്ടിൽ ആദ്യം കാലു കുത്തിയപ്പോൾ അവളെ ആകർഷിച്ചത് വാസനയായിരുന്നു. പൂക്കളുടെ വാസന. ഏതെന്നറിയാത്ത പൂക്കൾ. അവൾ കുട്ടിയായിരിക്കുമ്പോൾ എപ്പോഴോ ആ വാസന അവളോടൊപ്പമുണ്ടായിരുന്നു. ആദ്യമുണ്ടായ തോന്നൽ തനിക്കു നഷ്ടപ്പെട്ടതെന്തോ തിരിച്ചുകിട്ടിയെന്നതായിരുന്നു. അതോടെ അവൾക്ക് ആ വീടും വീട്ടുകാരും ഇഷ്ടമായി.

ഉച്ചയ്ക്ക് ജോലികഴിഞ്ഞ് വീട്ടിലെത്തിയപ്പോഴാണ് അവൾ സ്വന്തം വീടിന്റെ കിടപ്പ് ശ്രദ്ധിച്ചത്. ഒരു മുറിയും അടുക്കളയും മാത്രമാണ് ഉള്ളത്. കുളിമുറിയും കക്കൂസും പുറത്താണ്. ചേച്ചിയുടെ വീടിനേക്കാൾ ഒരു മുറി കുറവ്. പക്ഷേ അതിന്റെ കിടപ്പോ? ഇത്രയും വൃത്തികെട്ട സ്ഥലത്താണല്ലൊ താൻ താമസിക്കുന്നതെന്ന് അവൾക്ക് ആലോചിക്കാതിരിക്കാൻ കഴിഞ്ഞില്ല. കല്ല്യാണം കഴിഞ്ഞ കാലത്ത് അവൾ ആ വീട് കുറെക്കൂടി ഭംഗിയാക്കി വെച്ചിരുന്നു. ഒരു പഴയ സാരി വെട്ടി ജനലിന് പകുതി തൊട്ട് കർട്ടൻ ഇടുകവരെ അവൾ ചെയ്തിരുന്നു. പിന്നെ അത്യാവശ്യമുള്ള പണംകൂടി തന്റെ കയ്യിലെത്തുന്നില്ലെന്ന് കണ്ടപ്പോൾ അവളുടെ ഉത്സാഹമെല്ലാം കെട്ടടങ്ങി. ഭർത്താവിന് വരവില്ലാഞ്ഞിട്ടല്ല. അന്നന്നുകിട്ടുന്ന പണം വീട്ടിലെത്തുന്നില്ലെന്നു മാത്രം. ഭർത്താവിനെ കുടി പഠിപ്പിച്ച ആളെ അവൾ ശപിച്ചു. അവസാനം എല്ലാം തന്റെ വിധിയാണെന്ന മട്ടിൽ ഒതുങ്ങുകയും ചെയ്തു.

ജോലി കിട്ടിയ അന്ന് വൈകുന്നേരം അവൾ വീടുവൃത്തിയാക്കാൻ ഒരു ശ്രമം നടത്തി. എല്ലാം പൊടിതട്ടി. മുറിയാകെ കഴുകി. തിരുമ്പാനുള്ള തുണികൾ ചിതറിക്കിടന്നത് മാറ്റിവെച്ചു. മൂന്നുമണിക്കൂർ അദ്ധ്വാനിച്ച ശേഷവും അവൾക്ക് തൃപ്തി വന്നില്ല. ഓലക്കൊടി കത്തിച്ചതിന്റെ നാറ്റം മുറിയിൽ തങ്ങിനിന്നു. തുണികൾക്ക് ഒരു നാറ്റമുണ്ടെന്ന് അപ്പോഴാണ് അവൾ ശ്രദ്ധിച്ചത്. വില കുറഞ്ഞ സോപ്പുപയോഗിച്ച് തിരുമ്പുക കാരണം തുണികളുടെ വിയർപ്പുനാറ്റം മുഴുവൻ വിട്ടുപോയിരുന്നില്ല. ആ നാറ്റം എളുപ്പം കളയാൻ പറ്റി ല്ലെന്ന് അവൾക്കു മനസ്സിലായി. അത് തന്നെപ്പോലെ ജീവിക്കുന്നവരുടെ ഗന്ധമാണ്.

മുറിക്കുള്ളിൽത്തന്നെ ഭക്ഷണമുണ്ടാക്കുകയും അതിന് കത്തിക്കാൻ ഓലക്കൊടിയോ വിറകോ ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ പുകമണം ഒഴിവാക്കാൻ പറ്റില്ലെന്നവൾ കണ്ടു. എത്ര നല്ല ചന്ദനത്തിരിയുടെയും മണത്തെ നിർവീര്യമാക്കിയിരുന്നു ആ ഗന്ധം. ചുരുങ്ങിയത് ഒരു മണ്ണെണ്ണ സ്റ്റൗവ്വ് വാങ്ങുകയെങ്കിലും ചെയ്താൽ മതി. ഒരു സ്റ്റൗ വാങ്ങാൻ എത്രനാൾ പറഞ്ഞുനോക്കി. മറുപടി തീരെ മയമില്ലാത്തതായിരുന്നു.

നീയിപ്പോൾ ജോലിക്കൊക്കെ പോയിട്ട് പണക്കാര്യായി ഇരിക്ക്യല്ല്യെ? ശമ്പളം കിട്ടുമ്പോ വാങ്ങിക്കോ.

ശമ്പളം! തനിയ്ക്ക് കിട്ടുന്ന നൂറുറുപ്പികകൊണ്ട് അരി വാങ്ങുകയാണോ വേണ്ടത്? അതോ സ്റ്റൗവ്വോ? സ്റ്റൗവ്വിനവൾ വില ചോദിച്ചിരുന്നു. എഴുപത്തഞ്ചുറുപ്പിക. ഓരോ മാസവും ശമ്പളം കിട്ടിയാൽ അവൾ കടയുടെ മുമ്പിൽ പോയി ചില്ലിട്ട ഷോകേസിനുള്ളിൽ വെച്ച സ്റ്റൗ കുറച്ചു നേരം നോക്കി നിൽക്കും. ഉള്ളിൽ കയറാൻ ധൈര്യമില്ലാതെ ബസ് സ്റ്റോപ്പിലേക്കു നടക്കുകയും ചെയ്യും.

അവൾ ജോലിക്കു പോകാൻ തുടങ്ങിയത് ശേഖരന് ഇഷ്ടമായില്ല. അതയാൾ നേരിട്ട് പറഞ്ഞില്ലെങ്കിലും പ്രവർ ത്തിയിൽ കാണിച്ചു. അതുവരെ വല്லപ്പോഴും കൊടുത്തിരുന്ന പണവും അയാൾ നിർത്തലാക്കി. രാത്രികളിൽ കൂടുതൽ വൈകി വീട്ടിലെത്താനും എന്തെങ്കിലും കാരണം പറഞ്ഞ് കലഹിക്കാനും ഭേദ്യം ചെയ്യാനും തുടങ്ങി.

അവൾ വൈകുന്നേരങ്ങളിൽ അയൽ വീട്ടിലെ കല്ല്യാണി തിരിച്ചുവരുന്നതും കാത്തിരുന്നു. തന്റെ പ്രാരാബ്ധങ്ങൾ ആരുടെയെങ്കിലും അടുത്ത് ഇറക്കി വെക്കണം. കല്ല്യാണിയാണ് അവൾക്ക് ജോലിയാക്കി കൊടുത്തത്. ജോലിയെടുക്കുന്ന വീട്ടിലെ ചേച്ചിയോട് ആവലാതികൾ പറയാൻ ദേവകി ശ്രമിച്ചു. രണ്ടുദ്ദേശമുണ്ടായിരുന്നു. ഒന്ന് മനസ്സിൽ സഹതാപത്തിന്റെ ചലനമുണ്ടാക്കാൻ പറ്റിയാൽ നൂറുറുപ്പിക മുൻകൂർ വാങ്ങാമല്ലൊ. സ്റ്റൗ വാങ്ങാൻ. കടം പിന്നീട് ഗഡുക്കളായി ശമ്പളത്തിൽ നിന്ന് പിടിച്ചാൽ മതിയല്ലൊ രണ്ടും നടന്നില്ല. തന്റെ പ്രാരാബ്ധങ്ങൾ കേൾക്കാൻ അവർക്ക് സമയമില്ലായിരുന്നു, താൽപര്യവും.

അവർ പറഞ്ഞു. നിങ്ങടെയൊക്കെ ഒരു യോഗമാണ്. ഇവിടെ ചേട്ടന് അത്രയധികം ശമ്പളം ഒന്നുംല്ല്യ. ആയിര ത്തി അറുനൂറുറുപ്പികയാണ് ശമ്പളം. പ്രൊവിഡന്റ് ഫണ്ടും ഇൻഷൂറൻസും ഒക്കെ പിടിച്ചുകഴിഞ്ഞാൽ കയ്യിൽ കിട്ടുന്നത് ആയിരത്തി മുന്നൂറുറുപ്പിക്യാണ്. അതോണ്ടാണ് ഞങ്ങള് കഷ്ടിച്ച് അരിഷ്ടിച്ച് കഴീണത്. നെന്റെ ഭർത്താവ് ചൊമട്ട് തൊഴിലാള്യല്ലെ. അയാള് ചേട്ടനേക്കാൾ പണം സമ്പാദിക്ക്ണണ്ടാവും. ഒക്കെ കുടിച്ച് കളഞ്ഞാൽ എന്താ ചെയ്യ്യാ? അഡ്വാൻസിനൊന്നും പണം എന്റെ കയ്യില്ണ്ടാവില്ല്യ. നെനക്ക് തരണ ശമ്പളം തന്നെ ഞാൻ ബ്ലൗസും പാവാടയും ഒക്കെ തുന്നിക്കൊട്ത്തട്ട്ണ്ടാക്കാംന്ന് ചേട്ടനോട് പറഞ്ഞിരിക്ക്യാണ്. ആ ഒറപ്പ്മ്മലാണ് നെന്നെ വെച്ചോളാൻ സമ്മതിച്ചത്.

കല്ല്യാണി മാത്രമേ ഒരു രക്ഷയുള്ളു. അവൾ പറയും, നമുക്കൊക്കെ ഈ ഭർത്താവ്ന്ന് പറയണ ആൾ ഒരു ഭാരാ. ഇങ്ങിനെ ഒരു ഭാരം ഇല്ല്യാണ്ടിരിക്ക്യാ നല്ലത്. ഞാനതല്ലെ അയാളെ അടിച്ചു പുറത്താക്കീത്. ഞാൻ അദ്ധ്വാനിച്ചു കൊണ്ടുവരുന്ന കാശെടുത്ത് അയാള് കള്ളു കുടിക്കും. ഒരു ദിവസം കള്ളു കുടിച്ചു പൂസായി രാത്രി ഒരു മണിക്ക് വന്ന് വഴക്കുണ്ടാക്കിന്നെ തല്ലാൻ വന്നു. ഞാൻ ചൂലെടുത്ത് നന്നായൊന്ന് പെരുമാറി. പിന്നെ അയാളെ കണ്ടിട്ടില്ല്യ. പ്പൊ എന്താ എനിക്കൊരു കുറവ്? എന്റെ രണ്ടു മക്കളീം ഞാൻ നന്നായി പൊലർത്തി

ണില്ല്യ. രണ്ടിക്കില് ജോലീണ്ട്.

നേരത്തെ രണ്ടു സ്ഥലത്തേയും ജോലി കഴിഞ്ഞ ദിവസങ്ങളിൽ ദേവകി കല്ല്യാണിയെ വഴിക്കുവെച്ച് കാണാറുണ്ട്. നടത്തത്തിനിടയിൽ സ്റ്റൗവ്വിന്റെ കടയ്ക്കു മുമ്പിൽ ദേവകി നിൽക്കും.

നെനക്കിത്ര മോഹാണങ്കി ചേച്ചിയോട് കടം വാങ്ങിക്കൂടെ?

ചേച്ചീടെ സ്ഥിതി അത്ര നല്ലതൊന്നുല്ല. കള്ളുകുടി ഒന്നുംല്ല്യാത്തോണ്ട് അങ്ങിനെ കഴിച്ചുപോണു. ചേച്ചീടെ ഭർത്താവ് സ്നേഹംള്ളാളാ.

പിന്നെ കുറച്ചുനേരം നിശ്ശബ്ദയായ ശേഷം അവൾ പറഞ്ഞു.

അങ്ങനെ വേണം ഒരു കുടുംബാച്ചാൽ.

കല്യാണി മറ്റു ചിലത് ആലോചിക്കുകയായിരുന്നു. ദേവകിയെ അവൾക്കിഷ്ടമായിരുന്നു. അവളെ എങ്ങിനെയെങ്കിലും കരകയറ്റണമെന്നുണ്ടവൾക്ക്. ഒരു ജോലി കൂടി ഏർപ്പെടുത്തി കൊടുക്കാം. മാസം ഒരു നൂററുറുപ്പികകൂടി തടയും. അതു കൊണ്ടെല്ലാം എന്താവാനാണ്. അവൾ ഭാവിയെപ്പറ്റി ആലോചിച്ചു. ദേവികയുടെ ഭർത്താവിന്റെ പോക്കുകണ്ടാൽ താമസിയാതെ അവൾക്ക് താൻ ചെയ്തപോലെ അയാളെ അടിച്ചിറക്കേണ്ടി വരുമെന്നറിയാം. അപ്പോൾ ഇരുനൂറു രൂപകൊണ്ട് രണ്ടുമക്കളെ പോറ്റുക വിഷമമാണ്.

നിനക്ക് ആ സ്റ്റൗ വാങ്ങണംന്ന് അത്ര മോഹംണ്ടോ? ദേവകി അവളുടെ വീടും ജോലിയെടുക്കുന്ന വീടും ഒരിക്കൽക്കൂടി മനസ്സിൽ താരതമ്യപ്പെടുത്തി. തന്റെ വീടിനെ ശോചനീയാവസ്ഥയിൽ നിന്നുയർത്തി മറ്റേ വീടിന്റെ നിലവാരത്തിലേക്കുയർത്താനുള്ള ആദ്യത്തെ പടിയാണ് സ്റ്റൗ. അതുംകൂടി കിട്ടിയില്ലെങ്കിൽ പിന്നെ ആ മോഹം ഉപേക്ഷിക്കുകയാണ് നല്ലത്.

അവൾക്ക് പെട്ടെന്ന് സങ്കടം വന്നു. കണ്ണിൽ ഉരുണ്ടുവന്ന ജലകണങ്ങൾ അവൾ അവൾ സാരിത്തുമ്പു കൊണ്ടു തുടച്ചു. കല്ല്യാണി ചോദ്യമാവർത്തിച്ചു.

ദേവകി തലയാട്ടി.

ന്നാ, ഞാൻ പറയണ കാര്യം ചെയ്താ മതി. നീയ് ആരോടും പറീല്ല്യാന്ന് സത്യം ചെയ്യ്.

അവൾ സത്യം ചെയ്തു. തന്റെ ബുദ്ധിമുട്ടുകൾ പാടെ മാറിക്കിട്ടാനുള്ള ഒരു മന്ത്രമാണ് കല്ല്യാണി പറഞ്ഞു തരാൻ പോകുന്നത്. വൃത്തിയുള്ള വീടിനെപ്പറ്റിയുള്ള സ്വപ്നം അവൾ വീണ്ടും ഓർത്തു. അതൊരു യാഥാർത്ഥ്യമാക്കാമെന്നുള്ള വിശ്വാസം അവൾക്ക് ആശ്വാസം നൽകി.

ഞാൻ ഒരാളെ പരിചയപ്പെടുത്തിത്തരാം. കല്ല്യാണി പറഞ്ഞു. ഇവിടെ അടുത്ത്വന്ന്യാണ് നല്ല സൊഭാവള്ള മനുഷ്യനാ. ഇഷ്ടായാ നമുക്കുവേണ്ടി എന്തും ചെയ്യും. വാ.

കല്ല്യാണി കൈപിടിച്ചു വലിച്ചു. അവർ പ്രധാന നിരത്തിൽ നിന്ന് കൈവഴിയിലേക്ക് തിരിഞ്ഞു. വീണ്ടും ചെറിയ വഴികൾ. ഒരു ചെറിയ ഓടിട്ട വീടിന്റെ മുമ്പിലെത്തിയപ്പോൾ കല്ല്യാണി നിന്നു. ചുറ്റും നോക്കി ആരുമില്ലെന്നുറപ്പായപ്പോൾ തുറന്നിട്ട ഗെയ്റ്റിലൂടെ അകത്തു കടന്നു.

ഇതിനുള്ളിൽ കടന്നാൽ പിന്നെ ആരും കാണില്ല്യ.

സംശയിച്ചു നിൽക്കുന്ന ദേവകിയെ കൈപിടിച്ചു വലിച്ച് അവൾ തുറന്നിട്ട വാതിലിലൂടെ അകത്തേക്കു കടന്നു. സോഫയും ചെറിയ വട്ടമേശയും ഇട്ട ഒരു മുറി. അതിനടുത്ത മുറിയിൽ മേശമേൽ വെച്ച ഭക്ഷണ സാധനങ്ങൾക്കു മുമ്പിൽ ഒരാൾ ഇരിക്കുന്നു. അമ്പതു വയസ്സുപ്രായം. വരയുള്ള ഷർട്ടാണിട്ടിരിക്കുന്നത്. ചെന്നിയിലും മീശമേലും നര തുടങ്ങിയിരിക്കുന്നു. അയാൾ തിരിഞ്ഞു നോക്കിക്കൊണ്ട് ചോദിച്ചു. എന്താ കല്ല്യാണി വിശേഷം? നാളെയല്ലേ വരാമെന്നു പറഞ്ഞിരുന്നത്?

സാർ. വശ്യമായി ചിരിച്ചുകൊണ്ട് കല്ല്യാണി പറഞ്ഞു. ഒരാളെക്കൂടി കൊണ്ടരാൻ സാറ് പറഞ്ഞില്ല്യെ. ആളെ കൊണ്ടന്നിട്ടുണ്ട്.

എവിടെ?

ദേവകി മുറിയിലേക്ക് വന്നില്ലെന്ന് അപ്പോഴാണ് കല്ല്യാണിക്ക് മനസ്സിലായത്. അവൾ മുറിക്കു പുറത്തുകടന്ന് സിറ്റിംഗ് റൂമിൽ അറച്ചുനിൽക്കുന്ന ദേവകിയുടെ കൈപിടിച്ച് അകത്തേക്കു കൊണ്ടുവന്നു.

ദാ, ദാണ് ആള്.

അയാൾ ദേവകിയെ ഉഴിഞ്ഞുനോക്കി, സ്വീകാര്യമെന്ന മട്ടിൽ തലയാട്ടി.

നിങ്ങൾ ഊണു കഴിച്ചോ?

സാറ് ഊണു കഴിച്ചോളു. ഞങ്ങൾ പിന്നെ ഉണ്ണാം.

ദാ, എന്റെ ഊണു കഴിയാറായി. ഞാനിപ്പോൾ വരാം. അവിടെയിരിക്ക്.

കല്ല്യാണി ദേവകിയെക്കൂട്ടി അടുക്കളയിലേക്കു നടന്നു. അടുക്കളയിൽ നിലത്തിരിക്കുമ്പോൾ ദേവകി ചോദിച്ചു.

സാറിന്റെ വീട്ടിൽ വേറെ ആരുംല്ല്യെ?

ഇല്ല്യാ. സാറ് ഒറ്റക്കാണ്.

അപ്പോ അടുക്കള ജോലിക്കാണോ?

അല്ലാ. അതിനൊരു തള്ളണ്ട്. അവര് രാവിലെ വന്ന് ചോറൊക്കെണ്ടാക്കിവെച്ച് പോകും. പിന്നെ നേരിയ ചിരിയോടെ കല്ല്യാണി പറഞ്ഞു. ഇത് വേറെ കാര്യത്തിനാ.

ദേവകിയ്ക്ക് കാര്യം മുഴുവൻ പിടികിട്ടി. അവളുടെ മുഖം വാടി. അവളുടെ ഉത്സാഹം നശിച്ചു. എന്താണ് ചെയ്യേണ്ടതെന്ന് തീരുമാനിക്കാൻ അവൾക്കായില്ല. ഇങ്ങനെ ഒരു സന്ദർഭത്തെപ്പറ്റി അവൾ ആലോചിച്ചതു പോലുമില്ല. ഇപ്പോഴും വൈകിയിട്ടില്ലെന്നും തനിയ്ക്ക് താൽപര്യമില്ലെന്നു പറഞ്ഞ് പോകുമെന്നും അവൾക്കറിയാമായിരുന്നു.

എന്താ നെന്റെ മുഖം വല്ലാതിരിക്കണത്?

ദേവകി മറുപടിയൊന്നും പറഞ്ഞില്ല. അവൾ മക്കളെപ്പറ്റി ആലോചിച്ചു. സമയം രണ്ടുമണിയായിട്ടുണ്ടാകും. താൻ വൈകി യെത്തുന്ന ദിവസങ്ങളിൽ മൂത്തവൾ ഇളയവനു ചോറെടുത്തു കൊടുക്കാറുണ്ട്. അവർ ഭക്ഷണം കഴിച്ചിട്ടുണ്ടാകുമെന്നവൾ ആശിച്ചു. തലേന്നത്തെ മീൻ കൂട്ടാൻ ചട്ടിയിൽ അടച്ചു വെച്ചത് മോൾ കാണില്ലേ?

നമ്മുടെയൊക്കെ ജീവിതം ഇങ്ങിനെയാണ് ദേവു. കല്ല്യാണി പറഞ്ഞു. ഭർത്താക്കന്മാർ കുടിച്ചുവന്ന് നമ്മളെ തൊഴിക്കും. വേറെ വല്ല ആൺപ്രന്നോരും നമ്മളെ സ്നേഹിക്കും. നമുക്ക് വേണ്ടതൊക്കെ തരും. ഇതില് തെറ്റൊന്നുല്ല്യ. ഈ സാറിനെ ഞാൻ രണ്ടുകൊല്ലായിട്ട് അറിയണതാ. ന്നെ എത്ര സഹായിച്ചത്ന്നള്ളതിന്ന് കയ്യും കണക്കുംല്ല്യ.

ആദ്യത്തെ പ്രാവശ്യം നമുക്ക് വല്ലായ്മ തോന്നും. പിന്നൊക്കെ സാധാരണ്യാവും. അത്യേള്ളു.

ഒരു പുരുഷൻ തന്നെ തൊടുക എന്നതിൽ വലിയ കുഴപ്പമൊന്നും ദേവകിക്ക് തോന്നിയിരുന്നില്ല. അതിനു കാരണം കുട്ടിക്കാലത്തുണ്ടായ ഒരു സംഭവമായിരുന്നു. എട്ടോ ഒമ്പതോ വയസ്സുള്ളപ്പോൾ വീട്ടിൽ കുറച്ചു വയസ്സായ ഒരാൾ വരാറുണ്ട്. അവൾ മാമൻ എന്നു വിളിക്കുന്ന ഒരാൾ. വീട്ടിൽ അമ്മയും മറ്റും ഇല്ലാത്ത അവസരങ്ങളിൽ അയാൾ അവളെ മടിയിലിരുത്തി താലോലിക്കാറുണ്ട്. അമ്മ ജോലിക്കു പോയ അവസരങ്ങളിൽ അയാൾ അവളെ വീട്ടിനുള്ളിൽ കൊണ്ടുപോയി നിലത്തു കിടത്താറുണ്ട്. അയാൾ ഒപ്പം കിടക്കും.

അതിലെ നിഗൂഢത അവൾക്കിഷ്ടപ്പെട്ടു. അത് അവളും അയാളും കൂടിയുള്ള രഹസ്യമായ ഏർപ്പാടാണെന്ന ബോധം അവളെ ഉത്തേജിതയാക്കിയിരുന്നു. അയാൾ പോകുമ്പോൾ അവൾക്ക് നാണ്യങ്ങൾ കൊടുത്തിരുന്നു. കാലുകൾക്കിടയിലെ വഴുവഴുപ്പ് അവൾക്കിഷ്ടപ്പെട്ടില്ലെങ്കിലും അയാൾ തരുന്ന നാണ്യങ്ങളും അതിന്റെ ആകപ്പാടെയുള്ള രഹസ്യാത്മകതയും അവൾ ഇഷ്ടപ്പെട്ടിരുന്നു. അവൾ ആ നാണയങ്ങൾ ചിരട്ടയിലാക്കി ഒരു സ്ഥലത്ത് ഒളിപ്പിച്ചുവെക്കും. താലപ്പൊലി സമയത്ത് അതെല്ലാം പെറുക്കിയെടുത്ത് വളയും കമ്മലും മുത്തുമാലയും വാങ്ങും.

നെനക്ക് വെഷമം തോന്നുണ്ടോ?

ദേവകി തലയാട്ടി.

അയാളുടെ ഊണു കഴിഞ്ഞിരുന്നു. കൈ കഴുകുന്ന ശബ്ദം കേട്ടപ്പോൾ കല്ല്യാണി എഴുന്നേറ്റു. മേശപ്പുറത്തു നിന്ന് പാത്രങ്ങളെല്ലാം എടുത്ത് അടുക്കളയിൽ കൊണ്ടുവന്നു വെച്ചു. എച്ചിൽ പാത്രങ്ങളെടുത്ത്, മേശ വൃത്തിയാക്കി.

ഞാൻ ഒന്ന് തല ചായ്ക്കട്ടെ, അയാൾ പറഞ്ഞു. അപ്പഴക്ക് നിങ്ങള് ഊണു കഴിച്ചോളു.

ദേവകിക്ക് വിശക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് ചോറു വിളമ്പിയപ്പോൾ അവൾ മടിയൊന്നും കൂടാതെ ഊണു തുടങ്ങി. അടുക്കളയിൽ നിലത്തിരുന്നു കൊണ്ട് അവർ ഊണു കഴിച്ചു.

ഊണുകഴിഞ്ഞ് പാത്രങ്ങൾ കഴുകി വെച്ചശേഷം കല്ല്യാണി പറഞ്ഞു.

ഞാനൊന്ന് പോയി നോക്കട്ടെ സാറ് ഒറങ്ങ്യാണോന്ന്.

കല്ല്യാണി പോയപ്പോൾ അവൾക്ക് ഒരിക്കൽക്കൂടി ആലോചിക്കാൻ ഇടകിട്ടി. കടയിൽ ഗ്ലാസ്സ് ഭിത്തിക്കു പിന്നിൽ വെച്ച തിളങ്ങുന്ന സ്റ്റൗ അവൾക്ക് ഓർമ്മ വന്നു. പുകയുടെ മണമുള്ള തന്റെ വീടും. അവൾ തീർച്ചയാക്കിക്കഴിഞ്ഞിരുന്നു. ഇപ്പോൾ അവളെ അലട്ടിയിരുന്നത് വേറൊരു പ്രശ്നമായിരുന്നു. സാറ് എന്താണ് തരിക.

കല്ല്യാണി അവളെ വിളിച്ചു.

ദേ, സാറ് വിളിക്കുന്നു.

അയാൾ കട്ടിലിൽ തലയിണയിൽ ചാരിയിരിക്കയായിരുന്നു. ഷർട്ടഴിച്ചു വെച്ചിട്ടുണ്ട്. അയാളുടെ നെഞ്ചത്തെ രോമങ്ങൾ അല്പാല്പം നരച്ചു തുടങ്ങിയിരുന്നു. പക്ഷെ നല്ല ഉറച്ച ദേഹമായിരുന്നു അയാളുടേത്.

സാർ ഞാൻ പോട്ടെ.

കല്ല്യാണി പറഞ്ഞു.

പെട്ടെന്ന് ദേവകി കല്ല്യാണിയോട് പറഞ്ഞു.

ചേച്ചി എന്റെ മക്കളെ ഒന്ന് ശ്രദ്ധിക്കണംട്ടോ.

അതിനെന്താ അവര്ന്റെ മക്കൾടെ പോല്യന്ന്യല്ലെ? നീയ് പതുക്കെ വന്നാ മതി.

പിന്നെ തിരിഞ്ഞ് അയാളോട് പറഞ്ഞു.

സാറെ ഞാൻ പോട്ടെ. സാറ് ന്നെ മറക്കരുത്ട്ടോ.

അയാൾ ചിരിച്ചു.

കല്ല്യാണ്യേ മറന്നാ ഞാൻ എന്നെത്തന്നെ മറന്നൂന്ന് കൂട്ടിക്കോളു.

നീ പോയി ആ വാതിലടച്ച് കുറ്റിയിട്ടു വാ.
അയാൾ ദേവകിയോട് പറഞ്ഞു.
അവൾ അനുസരിച്ചു. പിന്നീട് എന്താണ് ചെയ്യേണ്ടതെന്നറിയാതെ അവൾ പകച്ചു നിൽക്കുകയാണ്.
അവിടെ കുളിമുറിയുണ്ട്. അയാൾ ചൂണ്ടിക്കാട്ടി. കുളിച്ചു വരൂ. അതാ ആ അലമാറീല് മുണ്ടും മേൽമുണ്ടും കാണും. കുളിച്ചിട്ട് അതു മാത്രം ഉടുത്താൽ മതി.
കുളി സുഖമായിരുന്നു. ഉരുണ്ട നല്ല വാസനയുള്ള സോപ്പ്തേച്ച് അവൾ ധാരാളം വെള്ളത്തിൽ കുളിച്ചു. വീട്ടിൽ തെരുവിലെ ടാപ്പിൽ വരിയായിനിന്ന് പിടിക്കുന്ന വെള്ളത്തിൽ കുളിച്ചാൽ എന്ത് സംതൃപ്തിയുണ്ടാവാനാണ്. വെള്ളം മുക്കി മേൽ ഒഴിച്ചു കൊണ്ടിരിക്കെ പെട്ടെന്ന് സാർ കാത്തിരിക്കുന്നുണ്ടാകും എന്നവൾക്കോർമ്മ വന്നു. അവൾ തോർത്തി, ഒറ്റമുണ്ടും ഉടുത്ത് മേൽമുണ്ടുകൊണ്ട് മാറുമറച്ച് പുറത്തുകടന്നു.
അയാൾ കട്ടിലിൽ നീങ്ങിക്കിടന്നു കൊണ്ട് പറഞ്ഞു.
വരൂ.
അവൾ ഒതുങ്ങിക്കിടന്നു. അയാൾ അവളുടെ ചുമലിൽ പതുക്കെ കൈ വെച്ചു. സാവധാനത്തിൽ, വളരെ സാവധാനത്തിൽ അയാൾ അവളെ വരിഞ്ഞടുപ്പിച്ചു. പതുക്കെ അവളുടെ മേൽമുണ്ട് മാറ്റി, തിങ്ങിയ മാറിൽ മുഖമുയർത്തി.
അവൾ വേറൊരു ലോകത്തായിരുന്നു. സാറ് എന്തു തരുമെന്നറിയില്ല. എന്ത് ആവശ്യപ്പെടണമെന്ന് കല്ല്യാണിയോട് ചോദിച്ചുവെക്കാനും മറന്നു. അവൾക്ക് സ്റ്റൗ എത്രയും വേഗത്തിൽ വാങ്ങണമെന്നുണ്ട്. അവൾ പെട്ടെന്ന് ചോദിച്ചു.
സാറെനിക്ക് എന്ത് കൂലി തരും?
കൂലി?
അതെ ഇപ്പൊ ചെയ്യണ ജോലിക്ക്?
അയാളുടെ താൽപര്യം പെട്ടെന്ന് നശിച്ചു. അയാൾ ഭാവനയിൽ മനോഹരമായ ഒരു ചിത്രം വരച്ചുണ്ടാക്കുകയായിരുന്നു. മുപ്പത്തഞ്ചാം വയസ്സിൽ ഭാര്യ മരിച്ചശേഷം അയാൾ അങ്ങിനെ ഒരു ലോകത്തായിരുന്നു. താൻ ഒപ്പം കിടക്കുന്ന സ്ത്രീകൾ തന്നോട് പ്രേമത്തിലാണെന്നയാൾ സങ്കൽപ്പിച്ചു. കല്ല്യാണി ആ വിശ്വാസത്തിന് ഇളക്കം തട്ടിച്ചിരുന്നില്ല. അവൾ ഒരിക്കലും പണം ചോദിച്ചിരുന്നില്ല. അയാൾ തോന്നുമ്പോൾ മാത്രം കൊടുത്തു. അവളുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുകയും ചെയ്തു.
ദേവകിയുടെ പശ്ചാത്തലം കല്ല്യാണി പറഞ്ഞുകൊടുത്തിരുന്നു. അവൾ ഭർത്താവിനെയല്ലാതെ വേറെ ആരെയും സ്വീകരിച്ചിട്ടില്ലെന്നും ഭർത്താവിന്റെ കുടി കാരണം കുട്ടികളെ പോറ്റാനാണ് ഇതിനു മുതിർന്നതെന്നും അയാൾക്കറിയാം. പെട്ടെന്നയാൾക്ക് അനുകമ്പ തോന്നി. അവളുടെ നിലനിൽപിന്റെ പ്രശ്നമാണത്. അതിഞ്ഞാൽ അവൾക്ക് സമാധാനമാവുമെങ്കിൽ അങ്ങിനെയാവട്ടെ അയാൾ ചോദിച്ചു.
നിനക്കെന്ത് വേണം?
പതിനഞ്ചുറുപ്പിക തരോ?
പത്ത് എന്നു പറയാനാണ് അവൾ ഓങ്ങിയത്. അയാൾ വില പേശിയാലോ എന്നോർത്താണ് പതിനഞ്ച് എന്നു പറഞ്ഞത്.
തരാമല്ലോ.
അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു. വീണ്ടും അവളെ താലോലിക്കാൻ തുടങ്ങി.
പതിനഞ്ചുറുപ്പിക പ്രകാരം അഞ്ചു പ്രാവശ്യം ഇവിടെ വന്നാൽ സ്റ്റൗ വാങ്ങാൻ പറ്റും. അവൾ കണക്കു കൂട്ടുകയാണ്. ആഴ്ചയിലൊരിക്കലെങ്കിലും സാറിനിതു വേണ്ടി വരുമായിരിക്കും. അപ്പോൾ ഒരു മാസം കൊണ്ട് സ്റ്റൗ വാങ്ങാൻ പറ്റും.
അയാൾ തഴുകൽ നിർത്തി, കട്ടിലിന്റെ തലക്കൽ നിവർന്നിരുന്നു. ഒരു സിഗരറ്റ് എടുത്ത് കത്തിച്ച് പുകവിട്ടു. ദേവകി അയാളെ അത്ഭുതത്തോടെ നോക്കി.
എന്താ ചെയ്യിണില്ല്യേ?
അവൾ എഴുന്നേറ്റിരുന്നു. അവളുടെ ഉലയാത്ത മാറിടം മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് നല്ല നിറമായിരുന്നു. അയാൾ നോക്കുന്നതു കണ്ടപ്പോൾ അവൾ മേൽ മുണ്ടെടുത്ത് മാറുമറച്ചു.
ദേവകീ....... അയാൾ പറഞ്ഞു. ഇത് സ്നേഹമുള്ള രണ്ടുപേർ കൂടി ചെയ്യേണ്ട കാര്യമാണ്. നീയിപ്പോൾ ചെയ്യുന്നത് കണക്കു കൂട്ടുകയാണ്. സ്നേഹം എന്നത് കണക്കുകൾക്കൊക്കെ മുകളിലാണ്.
അവൾക്ക് പറയാൻ വാക്കുകളില്ലാതായി. സ്നേഹത്തെപ്പറ്റി ആരും അവളോട് ഇതുവരെ പറഞ്ഞിരുന്നില്ല. ഒമ്പതാം വയസ്സിൽ അവളെ മടിയിൽ വെച്ച് മേലാകെ തലോടുകയും, ആരുമില്ലാത്തപ്പോൾ കാലുകൾക്കിടയിൽ ചൂടുപകരുകയും ചെയ്ത മനുഷ്യനും അവളെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞിട്ടില്ല. ഒരിക്കൾ അയാൾ അവളെ വേദനിപ്പിച്ചു. ചുട്ടുനീറുന്ന വേദനയിൽ അവൾ വാവിട്ടു കരഞ്ഞപ്പോൾ അയാൾ എഴുന്നേറ്റ് വാതിൽ തുറന്ന് ഓടിപ്പോവുകയാണുണ്ടായത്. കാലുകൾക്കിടയിൽ ചോരകൂടി കണ്ടപ്പോൾ അവൾ കൂടുതൽ പരിഭ്രാന്തയായി ഉറക്കെക്കരയാൻ തുടങ്ങി. അയാൾക്ക് അവളുടെ ഭയമകറ്റാൻ എന്തെങ്കിലും സ്നേഹമുള്ള വാക്കുകൾ പറയാമായിരുന്നു. അതിനുപകരം അയാൾ ഓടിപ്പോവുകയാണ് ചെയ്തത്. പിന്നീടയാൾ അവളെ കാണാൻ

വന്നതുമില്ല.
കല്ല്യാണ രാത്രിയിൽ ഭർത്താവും അവളെ ബലാത്സംഗം ചെയ്യുകയാണ് ചെയ്തത്. അവളുടെ നാണം വകവെക്കാതെ അയാൾ അവളുടെ ദേഹത്തിലിറങ്ങി. അവളുടെ തേങ്ങൽ ശ്രദ്ധിക്കാതെ ഉറക്കമാവുകയും ചെയ്തു. ഇപ്പോഴും കുടിച്ചു വന്നാലും അയാൾ അതുതന്നെയാണ് ചെയ്തിരുന്നത്. പലപ്പോഴും മോൾ ഉണർന്നിരുന്ന് അതു കാണുന്നുണ്ടെന്നവൾക്കറിയാമായിരുന്നു. ഭീതിപൂണ്ട കണ്ണുകളോടെ അവൾ, അമ്മയെ അച്ഛൻ ബലാത്സംഗം ചെയ്യുന്നത് നോക്കിക്കിടക്കും. മനുഷ്യർ കുടിച്ചു ബോധം മറിഞ്ഞാൽ ചെയ്യുന്ന ഒരു കർമ്മമാണതെന്ന് ആ കുഞ്ഞ് വിശ്വസിച്ചു. ഒരിക്കൽ എല്ലാം കഴിഞ്ഞ് ദേവകി അവളുടെ അടുത്ത് വന്ന് കിടന്നപ്പോൾ അവൾ ചോദിച്ചു.
അമ്മയ്ക്ക് വേദനിച്ചോ?
ഇവിടെ ഇതാ ഒരാൾ തന്റെ ചുണ്ടുകളിൽ സ്നേഹപൂർവ്വം ചുംബിച്ച് തന്നെ സ്നേഹത്തോടെ മാറോടണച്ച് സ്നേഹത്തെപ്പറ്റി സംസാരിക്കുന്നു. തനിയ്ക്കപരിചിതമായ ഭാഷ അവൾ കരയാൻ തുടങ്ങി.
അയാൾക്ക് അനുകമ്പതോന്നി. ആ കണ്ണീരിന്റെ അർത്ഥം അയാൾ മനസ്സിലാക്കി. സിഗരറ്റ് വലിച്ചെറിഞ്ഞ് അയാൾ അവളെ തന്നിലേയ്ക്കടുപ്പിച്ചു.
അവൾ സാരിമാറി വന്നപ്പോൾ അയാൾ ചോദിച്ചു.
സ്റ്റൗവ്വിനെന്താണ് വില?
എഴുപത്തഞ്ചുറുപ്പിക. ചെലപ്പോ പിശകിയാൽ അഞ്ചുറുപ്പിക കൊറച്ചുതരും.
അയാൾ കീശയിൽ നിന്ന് നൂറിന്റെ ഒരു നോട്ടടുത്ത് അവളുടെ കയ്യിൽ വെച്ചു. അവൾ ആ നോട്ടിൽ കുറച്ചുനേരം നോക്കി നിന്നു. മുഖമുയർത്തി അയാളെ നോക്കാൻ അവൾക്കു ലജ്ജതോന്നി. അവൾ ആ നോട്ട് നീട്ടിക്കൊണ്ട് പറഞ്ഞു.
ന്റെ കയ്യില് ചില്ലറ ഇല്ല്യ സാറെ.
ഒരു കാര്യം ചെയ്യു. അയാൾ പറഞ്ഞു. ദേവകി പതിനഞ്ചിനല്ലെ പറഞ്ഞത്. ഇരുപത്തഞ്ച് വെച്ചോളു. ബാക്കി എഴുപത്തഞ്ചില്ലെ? അതുകൊണ്ട് സ്റ്റൗ വാങ്ങിക്കോളു. ഇന്നുതന്നെ വാങ്ങു.
അവൾ അതു പ്രതീക്ഷിച്ചിരുന്നില്ല. അവളുടെ കണക്കുകൂട്ടലുകൾ എല്ലാം പിഴച്ചിരുന്നു.
സാറിനെന്നോട് ദേഷ്യം പിടിച്ചു അല്ലെ? ഞാൻ വിവരംല്ല്യാത്തോളോ സാറെ. അതോണ്ട് അവിവേകം ഒക്കെ പറഞ്ഞൂന്ന് വരും. സാറ് ക്ഷമിക്കണം.
ഒരു കാര്യം പറയട്ടെ. നമ്മള് ഇപ്പൊ ചെയ്തത് കൂലിക്ക് ചെയ്യണ പണിയല്ല. അതോണ്ട് പ്രതിഫലമായിട്ട് ഞാൻ എന്തെങ്കിലും തരുംന്ന് കരുതണ്ട. നെന്റെ ആവശ്യം ഒക്കെ മനസ്സിലാക്കി ഞാൻ അതിനനുസരിച്ച് പണം തരും. പിന്നെ നെനക്ക് എന്തെങ്കിലും പ്രത്യേക ആവശ്യംണ്ടെങ്കിൽ പറഞ്ഞാ മതി.
റേഷൻ കടയിൽ മണ്ണെണ്ണയുണ്ടായിരുന്നില്ല. അവൾക്ക് സ്റ്റൗ കത്തിക്കാൻ ധൃതിയായിരുന്നു. അതുകൊണ്ട് അവൾ രണ്ടു ലിറ്റർ മണ്ണെണ്ണ കരിഞ്ചന്തയിൽ വാങ്ങി.
മാർക്കറ്റിൽ പോയപ്പോൾ നല്ല ചാള കണ്ടു. അതും എട്ടെണ്ണം വാങ്ങി. വീട്ടിൽ വന്ന് അവൾ ആദ്യം മുറി വൃത്തിയാക്കി. വിറകു കഷ്ണങ്ങളും ഓലക്കൊടിയും പുറത്തേക്കിട്ടു. ചാണകം കൊണ്ടുവന്ന് അവിടെയെല്ലാം നന്നായി മെഴുകി. സ്റ്റൗ കത്തിച്ച് ചോറും കൂട്ടാനും ഉണ്ടാക്കി. ചാള വറുക്കുകയും ചെയ്തു.
ശേഖരൻ വരാൻ ഒമ്പതരമണിയായിരുന്നു. അയാൾ വാതിൽ കടന്നുവന്ന് ചുറ്റും നോക്കി മണം പിടിച്ചു. പുതിയ സ്റ്റൗ ചൂടായതിന്റെ മണവും മണ്ണെണ്ണയുടെ ഗന്ധവും അയാൾക്കു കിട്ടിയെന്നു തോന്നുന്നു. അയാൾ സ്റ്റൗ ചൂണ്ടിക്കാട്ടി ചോദിച്ചു.
എടീ, ഈ സ്റ്റൗ എവിടന്നു കിട്ടി?
കടയിൽ നിന്നു വാങ്ങി.
എവിടുന്നു കിട്ടിയെടി അതിനുള്ള പണം.
ദേവകി ഒരു നിമിഷം ഞെട്ടി. ഞെട്ടൽ വിദഗ്ദമായി മറച്ചുവെച്ചുകൊണ്ടവൾ പറഞ്ഞു.
ജോലിയെടുക്കുന്നിടത്തെ ചേച്ചിയോട് കടം വാങ്ങി.
ചാള വറുത്തതിന്റെ പ്രലോഭിപ്പിക്കുന്ന മണം മൂക്കിലെത്തിയപ്പോൾ അയാൾ നിലത്തിരുന്ന് പിഞ്ഞാണം വലിച്ചെടുത്തു.
ഒരാഴ്ച കഴിഞ്ഞപ്പോൾ അവൾ ഒരു വിരിപ്പ് വാങ്ങി. മുറിയുടെ ഒരരുകിൽ ഉപയോഗിക്കാതെ കിടന്ന കട്ടിലിൽ അവൾ കിടയ്ക്ക് വിരിച്ചു അതിനു മേലെ പുതിയ വിരി വിരിച്ചു. അവൾ മനസ്സിൽ വിചാരിച്ചു. പതുക്കെയെങ്കിലും ഞാൻ എന്റെ വീട് നന്നാക്കുകയാണ്. രാത്രികളിൽ ശേഖരൻ വൈകി വരുമ്പോൾ കാണുന്ന പരിഷ്കാരങ്ങൾ അയാൾ കണ്ടില്ലെന്നു നടിച്ചു.
അലൂമിനയം ഗ്ലാസ്സുകൾ തിളങ്ങുന്ന സ്റ്റീൽ ഗ്ലാസ്സുകൾക്ക് വഴിമാറി. കവടിപ്പിഞ്ഞാണങ്ങൾക്കു പകരം രണ്ടു വലുതും രണ്ടു ചെറുതുമായ സ്റ്റീൽ പ്ലേയ്റ്റുകൾ വാങ്ങി. കുട്ടികൾക്ക് പുതിയ ഉടുപ്പുകൾ.
ശേഖരൻ എല്ലാം കണ്ടു. അയാൾ ആ വീട്ടിൽ അന്യപ്പെടുകയായിരുന്നു. ഒരു മാസമായി താൻ വീട്ടിൽ പണമൊന്നും കൊടുത്തില്ലെന്നയാൾ ഓർത്തു. മുമ്പെല്ലാം രണ്ടുമൂന്നുദിവസം കൂടുമ്പോഴെങ്കിലും ദേവകി പണം ചോദിക്കാറുണ്ടായിരുന്നു. ഇപ്പോൾ ആഴ്ചകളായി അവൾ ചോദിക്കാറില്ല. ചോദിച്ചാൽ കിട്ടില്ലെന്നു

മനസ്സിലായതോടെയാണ് അവൾ നിർത്തിയതെന്നയാൾക്കറിയാം. പക്ഷേ പുതുതായി വാങ്ങുന്ന ഈ സാധനങ്ങൾക്ക് പണം എവിടെനിന്നു വരുന്നു എന്നയാൾക്കു മനസ്സിലായില്ല. ചോദിക്കാനുള്ള ധൈര്യ മുണ്ടായതുമില്ല.

ഭാര്യയ്ക്ക് തന്റെ ആവശ്യമില്ലാതാവുകയാണെന്ന ബോധം അയാളുടെ പൗരുഷത്തെ സാരമായി ബാധിച്ചു. രാത്രി കുടിച്ചു വരുമ്പോൾ അയാൾ തന്റെ പൗരുഷമെന്ന ബലൂൺ ഊതിവീർപ്പിച്ചിട്ടാണ് വരിക. പക്ഷേ രാവിലെ എഴുന്നേൽക്കുമ്പോൾ ലഹരിയെല്ലാം ഒതുങ്ങുമ്പോൾ അയാൾ കാറ്റുപോയ ബലൂൺ പോലെയായി. ഭാര്യയ്ക്ക് പണം കിട്ടുന്നുണ്ടെന്നയാൾക്കു ബോദ്ധ്യമായി. പക്ഷേ അതെവിടെനിന്നായിരിക്കുമെന്ന് ആലോചിക്കാൻ അയാൾ ഇഷ്ടപ്പെട്ടില്ല.

പൊട്ടിത്തെറിയുണ്ടായത് ഒരു ദിവസം രാവിലെയായിരുന്നു. ജോലിക്കു പോകാൻ പുറപ്പെട്ടശേഷം അയാൾ ദേവികയോട് ചോദിച്ചു.

ഒരഞ്ചുറുപ്പിക എടുക്ക്.

എന്റെ കയ്യിൽ പണമൊന്നുമില്ല. ദേവകി തറപ്പിച്ചു പറഞ്ഞു. നിങ്ങൾ കൊണ്ടുവന്നു തന്നപോലെയാണല്ലോ ചോദിക്കണത്.

എടീ പണമെടുക്കാനാ പറഞ്ഞത്.

എന്റെ കയ്യിലില്ല.

എടീ എന്റെ പൗരുഷം നീ കണ്ടിട്ടില്ല.

പൗരുഷംന്ന്ള്ളത് ഭാര്യെ തല്ല്ണതിലല്ല. കുടുംബം നോക്കണതിലാണ്. പൗരുഷള്ളോര് ഭാര്യേം മക്കളേം പട്ടിണിക്കിടില്ല്യ.

നീ പണമെടുക്കുന്നുണ്ടോ?

എന്റെ കയ്യിലില്ല്യ.

അയാൾ കിടക്കയുടെ അടിയിൽ നിന്ന് അവളുടെ പേഴ്സ് എടുത്തു തുറന്നു, അതിൽ നോട്ടുകളുണ്ടാ യിരുന്നു. ഒറ്റനോട്ടത്തിൽ നാൽപ്പത് അമ്പതുറുപ്പിക വരും.

ഇതെന്താടി പണമല്ലേ? ഇതെവിടുന്നു കിട്ടിയ പണമാണ്?

ഞാൻ അദ്ധ്വാനിച്ചുണ്ടാക്കീത്. അല്ലാതെന്താ?

എടീ നീ തോന്നിവാസം കാട്ടി കിട്ടിയ പണമല്ലേ ഇത്?

അങ്ങിനെയെങ്കിൽ അങ്ങിനെ. ഭർത്താക്കന്മാര് കിട്ടണ പണം മുഴുവൻ കുടിച്ച് വീട് നോക്കാണ്ട്യായാൽ ഭാര്യമാര് അങ്ങിനെയൊക്കെ ചെയ്യും. അതിത്രകാലും മനസ്സിലാക്കിയില്ലെ? ഭാര്യയ്ക്കും കുട്ടികൾക്കും വിശ പ്പുണ്ട്. അവർക്കും തിന്നണം.

അയാൾ പൗരുഷത്തിന് കിട്ടിയ അവസാനത്തെ ചൊട്ടായിരുന്നു അത്. അയാൾ പേഴ്സ് അവളുടെ മുഖ ത്തേക്കു വലിച്ചെറിഞ്ഞ് പുറത്തേക്കു പോയി.

രാത്രി പത്തുമണിക്ക് ശേഖരൻ വന്നു. അയാളുടെ കണ്ണുകൾ ചുവന്നിരുന്നു. ആടിക്കൊണ്ട് അകത്തു കടന്നശേഷം കയ്യിലുള്ള മണ്ണെണ്ണടിൻ നിലത്ത് ഒരു ശബ്ദത്തോടെ വെച്ച് ചോദിച്ചു.

എടീ......ഇതെന്താന്നറിയ്യോ?

back to index

## ഓടിട്ട ഒരു ചെറിയ വീട്

**എ**നിക്കീ വീടിന്റെ അന്തരീക്ഷം വളരെ ഇഷ്ടമായി. പോകാൻ വേണ്ടി എഴുന്നേറ്റു കൊണ്ട് രേണുക പറഞ്ഞു. മൂന്നുമണിക്ക് വന്നതാണ്. ഇപ്പോൾ സമയം നാലര. അനിതയുടെ പുറത്തു തട്ടിക്കൊണ്ടവൾ പറഞ്ഞു. എപ്പോഴും ചിരിക്കുന്ന മുഖമുള്ള ഭാര്യ, സ്നേഹമുള്ള ഭർത്താവ്, മിടുക്കുള്ള രണ്ടു കുട്ടികൾ. സന്തുഷ്ടകുടുംബം.

അയാൾ ഉറക്കെ ചിരിച്ചു.

അനിതേ, നമ്മുടെ അഭിനയം നന്നാവുന്നുണ്ടെന്നർത്ഥം.

അഭിനയം ഒക്കെ എനിയ്ക്കു മനസ്സിലാവും. രേണുക പറഞ്ഞു. ശരിക്കുള്ള സ്നേഹവും.

ജനലിന്നരുകിൽ വെച്ച മത്സ്യടാങ്കുനോക്കി അവൾ തുടർന്നു.

പിന്നെ എനിയ്ക്കിഷ്ടമായത് ഈ മത്സ്യങ്ങളെയാണ്. തെളിവെള്ളം, തുടുത്ത പച്ച നിറമുള്ള ചെടികൾ, നീന്തിക്കളിക്കണ മത്സ്യങ്ങൾ. ഈ വീട്ടിൽ മത്സ്യങ്ങൾകൂടി തൃപ്തരാണെന്നു തോന്നുന്നു.

തെളിവെള്ളത്തിന്റെ രഹസ്യം അതിലെ ഫിൽട്ടറാണെന്നും അതുണ്ടാക്കേണ്ടതെങ്ങിനെയെന്നും മറ്റും അയാൾ വിവരിച്ചു കൊടുക്കാൻ ശ്രമിച്ചതാണ്. പക്ഷെ അവൾക്ക് തീരെ താൽപര്യമില്ലാത്ത പോലെ തോന്നി. വിശദാംശങ്ങളിലേക്കു കടക്കുമ്പോഴേക്കും അവൾ മറ്റെന്തെങ്കിലും ചോദിക്കും. എന്താണ് മത്സ്യങ്ങൾക്ക് തീറ്റ കൊടുക്കുക, അസുഖം വന്നാൽ എന്താണ് ചെയ്യുക എന്നിങ്ങനെ. അയാൾ ഒരു ചോദ്യത്തിന് മറുപടി പറയാൻ തുടങ്ങുമ്പോഴേയ്ക്കും അവൾ മറ്റൊരു ചോദ്യം എടുത്തിടും. ഒരു ചോദ്യത്തിനും തൃപ്തികരമായ മറുപടിക്കുവേണ്ടി അവൾ കാത്തുനിന്നില്ല. അയാൾക്കതിഷ്ടപ്പെട്ടില്ല. മത്സ്യങ്ങളെപ്പറ്റി പറയുമ്പോൾ അയാൾ വാചാലനാവുകയും വിശദാംശങ്ങളിലേക്കു കടക്കുകയും ചെയ്യും. കേട്ടുനിൽക്കുന്നവർക്കതിനുള്ള ക്ഷമയില്ലാത്തതിന് അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അവർക്കതിൽ താൽപര്യം വേണ്ടേ?

ഞാൻ ഇറങ്ങട്ടെ. രേണുക പറഞ്ഞു. നിങ്ങൾ എന്നാണ് ഞങ്ങളുടെ വീട്ടിലേക്ക് വരുന്നത്? ഞാനിവിടെ കുറെ പ്രാവശ്യായി വരുന്നു.

ഞങ്ങൾ ഒരു ദിവസം വരാം. അയാൾ പറഞ്ഞു. എനിക്ക് ശരിക്ക് വഴിയറിയില്ല.

എളുപ്പാണ്. അവൾ പറഞ്ഞു. ഈ ലെയ്ൻ ചെന്ന് മുട്ടണ സ്ഥലത്ത്ന്ന് ഇടത്തോട്ട് പോവുക. അവിടെ ഒരു ചെറിയ അമ്പലംണ്ട്. അനിതക്കറിയാം. അതിന്റെ എതിർഭാഗത്ത് അഞ്ചാമത്തെ വീടാണ്. ഓടിട്ട വീടാണ്. ചെറ്യേതാണ്.

എനിക്കറിയാം. അനിത പറഞ്ഞു. ഞാൻ കണ്ടിട്ടുണ്ട്.

ഞങ്ങൾ വരാം.

അവൾ പുറത്തിറങ്ങി. നല്ല ഭംഗിയുള്ള ദേഹമായിരുന്നു അവളുടെ. കുറച്ചു തടിച്ചിട്ടാണെങ്കിലും ഒതുങ്ങിയ അരക്കെട്ട്. സമൃദ്ധമായ തലമുടി. അയാൾ മാറി നിന്നു. ഗെയ്റ്റിനടുത്തെത്തിയാൽ അവൾ തിരിഞ്ഞുനോക്കുമെന്നും അപ്പോൾ താൻ നോക്കി നിൽക്കുന്നത് അവൾ കാണരുതെന്നുമുണ്ട് അയാൾക്ക്. അനിത കൈവീശി.

വളരെ പെട്ടെന്നടുക്കുന്ന പ്രകൃതമാണ് അവളുടേത്. അനിത അമ്പലത്തിൽ വെച്ച് കണ്ട പരിചയമേയുള്ളു. ഒരു ദിവസം അവൾ ഗെയ്റ്റ് കടന്നുവന്നു.

ഞാൻ അനിത ഗെയ്റ്റു കടക്കുന്നത് കണ്ടു. അപ്പോഴാണ് ഈ വീട്ടിലാണ് താമസംന്ന് മനസ്സിലായത്. അപ്പോൾ വെറുതെ കേറാമെന്നു വെച്ചു.

അങ്ങിനെയാണ് അവൾ വരാൻ തുടങ്ങിയത്.

പിന്നീടവൾ ഇടയ്ക്കിടക്കു വന്നു. രാജഗോപാലനുണ്ടെങ്കിൽ അധികം നിൽക്കാതെ വേഗം പോകും. അനിത ഒറ്റക്കാണെങ്കിൽ കുറെ നേരം ഇരിക്കുകയും ചെയ്യും.

നമുക്കൊരു ദിവസം അവരുടെ വീട്ടിൽ പോണം.

അയാൾ പറഞ്ഞു.

ഈ ശനിയാഴ്ച പോവാം.

അവളുടെ ഭർത്താവിനെന്താ ജോലി?

ഫോർട്ട് കൊച്ചീലാ. ഒരു പരസ്യക്കമ്പനീല്. എന്താ ജോലീന്ന് അവള് പറഞ്ഞതാ. എനിക്കു മനസ്സിലായില്ല.

ആർട്ടിസ്റ്റാണോ?

അല്ലാന്ന് തോന്നുന്നു.

കാടാറുമാസം നാടാറുമാസം എന്നതാണ് അനിതയുടെ പരിപാടി. അങ്ങിനെയിരിക്കുമ്പോൾ വീട്ടിൽ നിന്ന് അമ്മയുടെ കത്തുകിട്ടും. അച്ഛന് രണ്ടു ദിവസം മുമ്പ് അസുഖം കൂടുതലായി. ഇപ്പോൾ ഭേദമുണ്ട്. പേരക്കുട്ടികളെ കണ്ടിട്ട് കുറച്ചു കാലായീന്ന് പറഞ്ഞു.

കത്തു കിട്ടിയ അന്നോ പിറ്റെ ദിവസമോ അവൾ മക്കളെയും പെറുക്കി നാട്ടിലേക്ക് പോകും. അയാൾ ഒറ്റയ്ക്കാവുന്നു.

അവൾ പോകുകയാണെന്നു പറയുമ്പോൾ അയാൾക്ക് ആദ്യം സന്തോഷമാണുണ്ടാവുക. ഒരാഴ്ച ഒറ്റയ്ക്കു കഴിയാമല്ലൊ, തോന്നിയ പോലെ. നേർത്തെ എഴുന്നേൽക്കണ്ട. ഭക്ഷണം വേണമെങ്കിൽ മാത്രം. അതു ചെയ്യു

ഇതുചെയ്യു എന്ന് ഒരമ്മയെപ്പോലെ പറയാൻ ആരുമുണ്ടാവില്ല.

സ്റ്റേഷനു പുറത്തു കടക്കുമ്പോഴാണ് പക്ഷേ മനസ്സിലാവുക ആളില്ലാത്ത വീട്ടിലേക്കാണ് തിരിച്ചു പോകേണ്ട തെന്ന്. പെട്ടെന്ന് മനസ്സിടിയുന്നു.

വീട്ടിലെ ഏകാന്തതയിലേക്ക് പോകാൻ താല്പര്യമില്ലാതെ അയാൾ പാർക്കുകളിലും മറ്റും അലഞ്ഞു നടക്കുന്നു.

ഇപ്രാവശ്യം അവൾ പോയത് വെള്ളിയാഴ്ചയാണ്.സാധാരണ ശനിയും ഞായറും കഴിഞ്ഞേ അവളെ വിടാറുള്ളൂ. തിങ്കൾ മുതൽ ഓഫീസുണ്ടല്ലൊ. ശനിയും ഞായറും ഒഴിവുദിനങ്ങളാണ്.

അനിതയേയും മക്കളേയും വണ്ടി കേറ്റി അയാൾ നടന്നു. വീട്ടിലേക്കു തന്നെ. ബസ്സുപിടിക്കാനൊന്നും മെന ക്കെട്ടില്ല. പ്രധാന നിരത്ത് ഒഴിവാക്കി നടക്കാൻ സുഖമുള്ള ചെറുനിരത്തുകളിലൂടെ ഇടവഴികളിലൂടെ അയാൾ നടന്നു. വീട്ടിലെത്തിയപ്പോൾ സമയം അഞ്ചു മണി. ഇനി കുളിച്ച ശേഷം ഒരിക്കൽക്കൂടി പുറത്തിറങ്ങണം. നല്ല വല്ല സിനി മയും ഉണ്ടെങ്കിൽ കാണാം. ഒമ്പതുമണിവരെ അങ്ങിനെ പോയിക്കിട്ടുമല്ലൊ.

കുളികഴിഞ്ഞ് പുറപ്പെടുമ്പോഴാണ് ഡോർബെൽ അടിച്ചത്. ഷർട്ടിട്ടുകൊണ്ട് അയാൾ വാതിൽ തുറന്നു.

രേണുക.

പൂക്കളുള്ള കടുംപച്ചസാരി. വെളുത്ത കഴുത്തിൽ കരിമണിമാല.

അവൾ ഉള്ളിൽ കടന്നു.

അനിത നാട്ടിൽ പോയിരിക്കയാണ്. അയാൾ പറഞ്ഞു.

ഇരിക്കാൻ പോയ രേണുക പെട്ടെന്ന് നിന്നു.

എന്നാൽ ഞാൻ പോട്ടെ ചേട്ടന് വല്ല ജോലീംണ്ടാവും. ഞാൻ വെറുതെ ഇരുന്ന് ബുദ്ധിമുട്ടിക്കും.

ഇരിക്കു. അയാൾ പറഞ്ഞു. എനിക്കെന്താ ബുദ്ധിമുട്ട്. ജോലിയൊന്നുമില്ല. ബോറടിച്ചിട്ട് പുറത്തിറങ്ങാൻ നിൽക്കുകയായിരുന്നു.

എന്നാൽ പൊയ്ക്കോളു. ഞാനിറങ്ങട്ടെ.

രേണുക ഇരിക്കു. അയാൾ വീണ്ടും പറഞ്ഞു. ബോറടിച്ചിട്ടാണ് പുറത്തിറങ്ങാൻ തീർച്ചയാക്കിയത്. അത്രേള്ളു. ഞാൻ ഒറ്റക്കാണെന്നുള്ളതുകൊണ്ട് ഇരിക്കാൻ വിഷമമാണെങ്കിൽ പൊയ്ക്കോളൂ.

ഓ, എനിക്കെന്താ വിഷമം. ചേട്ടൻ പിടിച്ച് തിന്നുകയൊന്നുമില്ലല്ലൊ.

അവൾ സോഫയിൽ ഇരുന്നെങ്കിലും സ്വസ്ഥയല്ലെന്നയാൾക്കു തോന്നി.

അനിത എന്നാ വരാ?

ഒരാഴ്ചയെങ്കിലും പിടിക്കും. അതാണവളുടെ കണക്ക്.

അപ്പോൾ ഒരാഴ്ച ഒറ്റക്കാവില്ലേ? വിഷമാവില്ലേ?

എനിക്കു പരിചയമായിരിക്കുന്നു. ഏകാന്തത മാത്രമാണ് പ്രശ്നം. ഒറ്റക്കാവുമ്പോൾ ഒന്നും ചെയ്യാൻ തോന്നില്ല. വായിക്കാൻ കൂടി.

ശരിയാണ്. രേണുക പറഞ്ഞു. ഗോപുവിന്റെ അച്ഛൻ രണ്ടു ദിവസത്തേക്ക് എങ്ങോട്ടെങ്കിലും പോയാൽക്കൂടി എന്തു വിഷമമാണെന്നോ.

ഒന്നും പറയാനില്ലാതെ അയാൾ ഇരുന്നു. എന്തെങ്കിലും പറഞ്ഞ് അവളെ കുറച്ചു നേരംകൂടി പിടിച്ചു നിർത്താൻ അയാൾക്കു തോന്നി.

മോൻ ഏതു ക്ലാസിലാ പഠിക്കണത്?

ഒമ്പതിൽ.

ഒമ്പതിലോ. രേണുകയെ കണ്ടാൽ ഇത്ര വലിയ മോനുണ്ടെന്ന് തോന്നില്ല.

രേണുക ചിരിച്ചു.

ഞങ്ങളുടെ കല്യാണം കഴിഞ്ഞിട്ട് പതിനഞ്ചുകൊല്ലമായി. എനിക്കിപ്പോ മുപ്പത്തിമൂന്ന് വയസ്സായി.

അത്രയൊന്നും തോന്നില്ല.

വീണ്ടും മൗനം. രേണുക ഒന്നും പറയാതെ മത്സ്യടാങ്കിലേക്കു നോക്കിയിരുന്നു. അയാൾ അവളെ നോക്കുക യായിരുന്നു. അതവൾക്ക് മനസ്സിലായെന്നും അതുകൊണ്ടാണ് അവൾ ടാങ്കിലേക്കു നോക്കിയിരിക്കുന്നതെന്നും തോന്നി. അയാൾ എഴുന്നേറ്റുകൊണ്ട് പറഞ്ഞു.

ഞാൻ ഒരു കപ്പ് ചായയുണ്ടാക്കട്ടെ?

അയ്യോ വേണ്ട. അവൾ എഴുന്നേറ്റു. ഞാൻ പോട്ടെ.

പെട്ടെന്ന് അവൾ ചോദിച്ചു. ചേട്ടൻ ചായകുടിച്ചുവോ?

ഇല്ല. അയാൾ പറഞ്ഞു. ഉണ്ടാക്കാൻ പോവായിരുന്നു.

എന്നാൽ ഞാൻ ഉണ്ടാക്കിത്തരാം എന്നു പറഞ്ഞ് രേണുക ഉള്ളിലേക്ക് നടന്നു.

അതു വേണ്ട. എനിയ്ക്കുണ്ടാക്കാനറിയാം. പോരാത്തതിന് രേണുക അതിഥിയല്ലേ?

ഓ അതിഥി. അവൾ ചിരിച്ചു.

അയാൾ അടുക്കളയിലേക്കു നടന്നു. രേണുക സ്റ്റൗവ്വിൽ വെള്ളം വെച്ചു കഴിഞ്ഞിരുന്നു. അയാൾ ചായപ്പൊടിയും പഞ്ചസാരയും എടുത്തുകൊടുത്തു. ഫ്രിഡ്ജിൽനിന്ന് പാലും.

നല്ല സൗകര്യമുള്ള അടുക്കള. അനിത ഭാഗ്യമുള്ളവളാണ്.

ഇത് ഞങ്ങളുടെ സ്വന്തം വീടല്ല. വാടകവീടാണ്.

അതുകൊണ്ടെന്താണ്? ഞങ്ങളുടെയും വാടകവീടു തന്നെ.

രേണുകക്കെന്താണ് ഭാഗ്യക്കുറവ്? സ്നേഹമുള്ള ഭർത്താവ്, മിടുക്കനായ ഒരു മകൻ. അവൻ ക്ലാസ്സിൽ എപ്പോഴും ഫസ്റ്റാ വാറുണ്ടെന്നാണല്ലോ അനിത പറഞ്ഞ ത്.

രേണുക ഒന്നും പറഞ്ഞില്ല. ചായപ്പൊടിയുടെ പാത്രം തുറന്ന് സ്പൂണും പിടിച്ച് വെള്ളം തിളയ്ക്കാൻ കാത്തു നിൽക്കുകയാണ്.

ചായ കൂട്ടിയപ്പോഴാണ് മനസ്സിലായത്, അവൾ ഒരു ഗ്ലാസ്സേ ഉണ്ടാക്കിയിട്ടുള്ളു. ഗ്ലാസ് അയാളുടെ നേരെ നീട്ടിക്കൊണ്ടവൾ പറഞ്ഞു.

ഇനി ഞാൻ പോട്ടെ. അഞ്ചേമുക്കാലാവുമ്പോ അച്ഛനും മോനും വരും.

അപ്പോൾ രേണുകയ്ക്ക് ചായയുണ്ടാക്കിയില്ലേ?

ഞാൻ അങ്ങിനെ ചായ കുടിക്കാറില്ല. വാതിൽ തുറന്നു കൊണ്ട് അവൾ പറഞ്ഞു. ഞാൻ പിന്നെ വരാം.

താങ്ക്സ്.

ചായ നന്നായിരുന്നു. അവൾ പോകുന്നതിനു മുമ്പ് കുടിച്ചുനോക്കി നന്നായിട്ടുണ്ടെന്നു പറയാത്തതിൽ അയാൾ പരിതപിച്ചു.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അയാൾ രേണുകയെപ്പറ്റി വീണ്ടും ആലോചിച്ചു. അവൾ എത്ര സ്വാതന്ത്ര്യത്തോടെയാണ് താൻ ഒറ്റയ്ക്കുള്ളപ്പോൾ പെരുമാറിയത്. സ്വാതന്ത്ര്യത്തോ ടെ പെരുമാറുന്ന സ്ത്രീകളെ അയാൾ കുറച്ച് ഭയത്തോടെ മാത്രമെ നോക്കിയിരുന്നുള്ളു. ഒരിക്കൽ ഇതു പോലെ ഒരു സ്ത്രീ വളരെ അടുത്തു പെരുമാറി. കല്ല്യാണത്തിനു മുമ്പായിരുന്നു അത്. അയാൾ ഒരു മുറിയിൽ ഒറ്റയ്ക്ക് പേയിംഗ് ഗസ്റ്റായി തമസിക്കുകയായിരുന്നു. ആ വീട്ടിലെ കല്ല്യാണം കഴിഞ്ഞ ഒരു സ്ത്രീ ഇടയ്ക്ക് ആ മുറിയിൽ വരും. അയാളോട് സംസാരിക്കും. ഇടയ്ക്ക് ചായ കൊണ്ടു വന്നു കൊടുക്കും. അവൾക്ക് തന്നോട് സ്നേഹമുണ്ടെന്നയാൾക്കു തീർച്ചയായിരുന്നു. ഒരു ദിവസം എന്തോ സംസാരിക്കുമ്പോൾ അയാൾ അവളുടെ കൈ കടന്നു പിടിച്ചു. അവൾ സാവധാനത്തിൽ കൈ വിടുവിച്ചുകൊണ്ട് പറഞ്ഞു. നിങ്ങളെ എന്റെ സ്വന്തം ചേട്ടനെപ്പോലെയാണ് കരുതുന്നത്. പിന്നീട് അവളെ കാണുമ്പോഴെല്ലാം ഒരു തരം ജാള്യതയാണുണ്ടാവാറ്.

പക്ഷേ സ്വപ്നം കാണാനും, കഥകളുണ്ടാക്കാനും തനിക്കവകാശമുണ്ട്. അതയാൾ കുട്ടിക്കാലം തൊട്ടേ ചെയ്യാറുള്ളതാണ്. ഉറങ്ങാൻ പോവുമ്പോൾ അല്ലെങ്കിൽ പുലർച്ചെ ഉണർന്നു കിടക്കുമ്പോൾ. ഒരിക്കൽ നാലാം ക്ലാസിൽ പഠിക്കുമ്പോൾ മാസ്റ്ററുടെ മകൾ തന്റെ സഹപാഠിയായിരുന്നു. അവൾക്ക് കളർ ചോക്ക് കിട്ടുമായിരുന്നു. ഒരു ദിവസം അവൾ ക്ലാസിൽ പലതരം കളർചോക്കുകളുടെ കഷ്ണങ്ങൾ കൊണ്ടുവന്ന് വിതരണം ചെയ്യാൻ തുടങ്ങി. ഒരു മാതിരി എല്ലാ കുട്ടികൾക്കും കിട്ടി. താൻ കൈ നീട്ടിയപ്പോൾ മാത്രം അവൾ ഒരു വാശിയോടെ പറഞ്ഞു. തരില്ല. തന്നോടവൾക്ക് ദേഷ്യം തോന്നാൻ ഒരു കാര്യവുമുണ്ടായിരുന്നില്ല. എന്നിട്ടും ആ കുട്ടി പറഞ്ഞു. രാജഗോപാലന് തരില്ല. അന്നവൻ അപമാനിതനായി. പിറ്റേന്നു പുലർച്ചെ ഉണർന്നപ്പോൾ തലേന്നത്തെ തിക്താനുഭവം ഓർമ്മയിൽ വന്നു. അവൻ കാടുകൾക്കിടയിൽ നടക്കുകയാണെന്നും, അങ്ങിനെ നടക്കുമ്പോൾ പെട്ടെന്ന് ഒരു പഴയ കെട്ടിടം കാണുന്നുവെന്നും സങ്കല്പിച്ചു. ആളനക്കമില്ലാത്ത ആ കെട്ടിടത്തിലെ ഒരു മുറിയിൽ നിറയെ പെട്ടി കണക്കിന് കളർ ചോക്കുകൾ വെച്ചിരിക്കയാണ്. തനിക്കാവശ്യമുള്ളത്ര ചോക്കുകൾ എടുക്കാം. അവൻ ഒരു പെട്ടിയിൽ നിറച്ച് പുറത്തു കടന്നു. ക്ലാസിൽ വെച്ച് അവ വിതരണം ചെയ്തു. മാലതിയൊഴികെ എല്ലാവർക്കും കൊടുത്തു. മാലതിയുടെ വിഷണ്ണമായ മുഖം കണ്ടവൻ തൃപ്തിയടഞ്ഞു.

കൗമാരത്തിലെത്തിയപ്പോൾ അയാൾ സുന്ദരികളായ പെൺകുട്ടികളുമായി പ്രണയത്തിലാവുന്നതും മറ്റും സ്വപ്നം കണ്ടു. മിക്കവാറും സഹപാഠികളോ അല്ലെങ്കിൽ വല്ല കല്ല്യാണത്തിനോ പിറന്നാൾ സദ്യക്കോ അമ്പലത്തിൽ വേലയുടെ സമയത്തോ കണ്ട പാവാടയിട്ട പെൺകുട്ടികളാവും അവർ.

വീണ്ടും വലുതായപ്പോൾ അയാൾ വലിയ സ്ത്രീകളെപ്പറ്റി ആലോചിച്ചു കഥകളുണ്ടാക്കി. അവർ അയാളോട് സംസാരിക്കുന്നതും, അയാൾ അവരെ തന്റെ മുറിയിലേക്ക് ക്ഷണിക്കുന്നതും എങ്ങിനെ പരസ്പരസമ്പർക്കമുണ്ടാകുന്നു എന്നതും അയാൾ ഭാവനയിൽ നെയ്തുണ്ടാക്കി. അയാൾ സ്വയം നിർമ്മിച്ച ചൂടിൽ ഉരുകും, അവസാനം ആ സ്ത്രീ തന്റെ ഭാവനാരതിയിൽ വഴങ്ങുന്നതുവരെ.

കല്ല്യാണം കഴിച്ചശേഷം അയാൾ ഈ കളിക്കു തുനിയാറില്ല. പക്ഷേ ഇങ്ങിനെയുള്ള ഏകാന്ത ദിവസങ്ങളിൽ അയാൾ സംതൃപ്തിക്കായി ഓരോ സ്ത്രീകളെ ഭാവനയിൽ സ്വീകരിക്കാറുണ്ട്. അനിതയോടുകൂടി പറയാത്ത രഹസ്യമാണത്. അത് തന്റെ ഒരു സ്വകാര്യമായിരിക്കട്ടെ. തന്റെ രണ്ടു വ്യത്യസ്തമുഖങ്ങൾ. ശരിക്കുള്ള ജീവിതത്തിൽ പെരുമാറുമ്പോൾ അയാൾ സ്ത്രീകളോട് പരമാവധി മാന്യതയോടെ പെരുമാറുന്നു, അവർ പോയിക്കഴിഞ്ഞാൽ, ഒറ്റയ്ക്കാവുമ്പോൾ അതേ സ്ത്രീകളുടെ നഗ്നശരീരത്തിനു വേണ്ടി മോഹിക്കുന്നു.

ശനിയാഴ്ച രാവിലെ എഴുന്നേറ്റപ്പോൾ സമയം ഒമ്പത്. രാത്രി എത്ര നേരം താൻ രേണുകയുമായി സാങ്കല്പികരതി നടത്തിയെന്നറിയില്ല. ഉറങ്ങാൻ വളരെ വൈകി.

കുളി കഴിഞ്ഞ് ചായ കുടിച്ചപ്പോൾ പത്തര മണി കഴിഞ്ഞു. അയാൾ വീടുപൂട്ടി പുറത്തിറങ്ങി. എങ്ങോട്ടു പോകുന്നു എന്നതിനെപ്പറ്റി വലിയ രൂപമൊന്നുമില്ല. നടന്നു തുടങ്ങിയപ്പോൾ കാലുകൾ തന്നെ നയിച്ചത് അമ്പലത്തിലേക്കുള്ള വഴിയിലേക്കായിരുന്നു. അതയാളെ അത്ഭുതപ്പെടുത്തിയില്ല, മാത്രമല്ല കുറച്ചൊന്നാഹ്ലാദിപ്പിക്കുകയും ചെയ്തു.

അമ്പലം ചെറുതാണ്. സെറ്റുമുണ്ടുടുത്ത ഒന്നുരണ്ടു സ്ത്രീകൾ മാത്രം പ്രദക്ഷിണം വെക്കുന്നുണ്ട്.

ശ്രീകോവിലിലേക്ക് കടക്കുന്നിടത്ത് ഓം നമ:ശിവായ എന്ന് എഴുതിയിട്ടുണ്ട്. ശിവക്ഷേത്രമാണ്.

അമ്പലത്തിനു പുറത്തുകടന്ന അയാൾ എതിരിലുള്ള വീടുകൾ എണ്ണിത്തുടങ്ങി. അഞ്ചാമത്തേത് ഓടിട്ട ചെറിയ വീടാണ്. ആ വരിയിൽ മറ്റേതെല്ലാം ഒറ്റ നിലയിലുള്ള ടെറസ്സ് കെട്ടിടങ്ങളാണ്. അവയ്ക്കിടയിൽ വൈരുദ്ധ്യം കുറിച്ചു കൊണ്ട് ആ ഓടിട്ട വീട് നിലകൊണ്ടു. പട്ടിക വെച്ചടിച്ചുണ്ടാക്കിയ ഗെയ്റ്റിനു മുമ്പിൽ അയാൾ സംശയിച്ചു നിന്നു. അയാൾക്ക് വന്ന വഴിയേ തിരിച്ചു പോകാം. ഒരു വിവാഹിതയായ സ്ത്രീയുടെ വീട്ടിൽ അവർ ഒറ്റക്കാണെന്നറി ഞ്ഞുകൊണ്ട് കയറിച്ചെല്ലുക മോശമാണെന്നയാൾക്കു തോന്നി. അവരുടെ ഭർത്താവുണ്ടെങ്കിൽ കുഴപ്പമാവുകയും ചെയ്യും. തനിക്ക് ഒരു വിശദീകരണം കൊടുക്കാൻ കഴിഞ്ഞെന്നു വരില്ല. ഗെയ്റ്റിൽ വെച്ച കൈ പിൻവലിച്ച് അയാൾ തിരിഞ്ഞു. അപ്പോഴാണ് ജനലിലൂടെ രേണുക വിളിച്ചത്.

ചേട്ടനല്ലേ? എന്താ അവിടെ നിൽക്കണത്? വരൂ.

അവൾ വാതിൽ തുറന്ന് മുറ്റത്തെത്തി.

ഞാൻ അമ്പലത്തിൽ വന്നതായിരുന്നു. അയാൾ പറഞ്ഞു. അപ്പോൾ ഓർമ്മ വന്നു രേണുക ഇവിടെ അടുത്താണ് താമസിക്കുന്നതെന്ന്. വീടു കണ്ടുപിടിച്ച് പോകാമെന്നു കരുതി.

വരൂ ചായ കുടിച്ചിട്ടു പോകാം.

എപ്പോഴും അങ്ങിനെയാണ്. ഇങ്ങിനെയൊക്കെയാണുണ്ടാവുക. രേണുക തന്നെ കാണും, അകത്തേക്കു വിളിക്കും, താൻ കയറും എന്നൊക്കെ വിഭാവനം ചെയ്തതാണയാൾ. ഇപ്പോൾ രേണുക തന്നെ ക്ഷണിക്കുമ്പോൾ അയാൾ പതറുന്നു. കാലുകൾ നീങ്ങുന്നില്ല.

ഞാൻ പിന്നീടൊരിക്കൽ വരാം. അനിത വരട്ടെ.

അതിനെന്താ പിന്നെയും വരാമല്ലൊ. ഇപ്പോൾ ഇതുവരെ വന്നിട്ട് ചായ കുടിക്കാതെ പോവാണോ?

അയാൾ അവൾക്കു പിന്നിൽ അകത്തേക്കു കയറി.

രേണുക നൈറ്റ് ഗൗണാണിട്ടിരുന്നത്. അടി ഭാഗം കീറിത്തുടങ്ങിയ ഒരു ചാര നിറത്തിലുള്ള ഗൗൺ.

അകത്തു കടന്നപ്പോൾ അയാളുടെ ഉത്സാഹമെല്ലാം കെട്ടു. രണ്ടു ചൂരൽ കസേരയും ചൂരലിന്റെ തന്നെ ഒരു ചെറിയ വട്ടമേശയും. ജനലിന്റെ കർട്ടനുകൾ കീറി മുഷിഞ്ഞിരുന്നു. ഒരരുകിൽ നരച്ച മേശയും കസേരയും. എല്ലാം പൊടി പിടിച്ചതാണ്. ജനലിന്നരികിൽ വെച്ച ബെഞ്ചിൻമേൽ രണ്ടടി ടാങ്കിൽ കലങ്ങിയ വെള്ളത്തിൽ ഗതികിട്ടാതെ നീന്തുന്ന ഒരു സ്വർണ്ണമത്സ്യം. ഇതൊന്നുമായിരുന്നില്ല അയാൾ പ്രതീക്ഷിച്ചത്.

അയാൾ നോക്കുന്നതു കണ്ടപ്പോൾ രേണുക പറഞ്ഞു.

അത് മോന്റെ സമ്പാദ്യമാണ്. അവൻ മര്യാദയ്ക്ക് നോക്കുകയൊന്നുമില്ല.

ആ മത്സ്യടാങ്ക് മുറിയിലെ മറ്റു സാധനങ്ങളുമായി അത്ഭുതകരമാംവണ്ണം പൊരുത്തപ്പെട്ടു പോകുന്നുണ്ടായിരുന്നു. എന്താണിങ്ങിനെയൊക്കെ? അയാൾക്ക് വിശ്വസിക്കാനായില്ല. തന്റെ വീട്ടിൽ നിന്ന് കാണുന്ന രേണുകയേയല്ല ഇത്. അവളുടെ വീടാകാൻ വയ്യ ഇത്. ഈ അവസ്ഥയ്ക്ക് കാരണമെന്തായിരിക്കും.

ചെറിയ വീടാണ് ഞങ്ങളുടെ. ഈ മുറിയും പിന്നെ കിടപ്പുമുറിയും ചെറിയൊരടുക്കളയും.

ചൂരൽ കസേരയിലിരുന്നുകൊണ്ട് അയാൾ കിടപ്പുമുറി ശ്രദ്ധിച്ചു. ഒരു കട്ടിൽ. മുഷിഞ്ഞു കീറിയ കിടക്കവിരി. അയാൾ പെട്ടെന്ന് ദുഃഖിതനായി. രേണുകയ്ക്ക് അർഹിക്കുന്നത് കിട്ടുന്നില്ല എന്ന തോന്നൽ അയാൾക്കുണ്ടായി.

ഞാൻ ചായയുണ്ടാക്കട്ടെ. തണുത്തതെന്തെങ്കിലും എടുക്കാൻ ഫ്രിഡ്ജില്ല ഞങ്ങൾക്ക്.

ചായ മതി.

പെട്ടെന്നയാൾ ഓർത്തു. ഒരു പക്ഷേ ചായക്കുള്ള പഞ്ചസാരയോ, പാലോ, ചായപ്പൊടിയോ തന്നെ ഉണ്ടായില്ലെന്നു വരാം, ഈ വീട്ടിൽ. താൻ അവളെ ധർമ്മസങ്കടത്തിലാക്കരുതല്ലോ.

അയാൾ പറഞ്ഞു.

ഇപ്പോൾ ചായ വേണ്ട. ചായ കുടിച്ച ഉടനെ ഇറങ്ങിയതാണ്. എനിയ്ക്ക് ഒരു ഗ്ലാസ് പച്ചവെള്ളം തന്നാൽ മതി.

അവൾ പിന്നെ നിർബ്ബന്ധിച്ചില്ല.

അയാൾക്ക് പലതും ചോദിക്കണമെന്നുണ്ടായിരുന്നു. എന്താണിതിന്റെയൊക്കെ അർത്ഥം. പൊടിപിടിച്ച വീട്ടു സാമഗ്രികൾ, അടിച്ചുവാരി തുടയ്ക്കാത്ത നിലം, പൊടിപിടിച്ച കീറിയ കർട്ടനുകൾ, അവൾ ധരിച്ചിരിക്കുന്ന കീറിത്തുടങ്ങിയ നരച്ച ഗൗൺ. പക്ഷേ വാക്കുകൾ തൊണ്ടയിൽ തടഞ്ഞുനിന്നു. അവളുടെ വ്യക്തിജീവിതത്തിൽ എത്തിനോക്കാനും അതിനെപ്പറ്റി അന്വേഷിക്കാനും താൻ ആരാണ്?

അയാൾ ചോദിച്ചു.

ഞാൻ വരുമെന്നു പ്രതീക്ഷിച്ചിരുന്നില്ല അല്ലേ?

അവൾ മറുപടിയൊന്നും പറഞ്ഞില്ല.

ഞാൻ വന്നത് രേണുകയ്ക്ക് ഇഷ്ടമായില്ലേ?

അവൾ ഒന്നും പറയാതെ താഴേക്കു നോക്കി നിൽക്കുകയാണ്. പെട്ടെന്നാണയാൾ കണ്ടത്. സിമന്റിട്ട കറുത്ത നിലത്തൊരു ചെറിയ വട്ടത്തിൽ നനവ്.

അയാൾ എഴുന്നേറ്റു. അവളുടെ അടുത്തുചെല്ലാം, അവളെ പുറത്തുതട്ടി ആശ്വസിപ്പിക്കാം. പക്ഷേ അവളുടെ പ്രശ്നമെന്തെന്നറിയാതെ താനെന്താശ്വസിപ്പിക്കാനാണ്. അയാൾ പറഞ്ഞു.

രേണുകേ ഞാനിറങ്ങട്ടെ.

അവൾ പെട്ടെന്നു ഞെട്ടി കണ്ണുകൾ തുടച്ചുകൊണ്ട് ചോദിച്ചു.

ചേട്ടൻ ഇനിയും വരില്ലേ?

വരാം.
അയാൾ ഇറങ്ങി, ഗെയ്റ്റ് കടക്കുമ്പോൾ  തിരിഞ്ഞുനോക്കി ചിരിച്ചു. വാതിൽക്കൽ നിൽക്കുകയായിരുന്ന രേണുകയും ചിരിച്ചു.
അനിത പ്രതീക്ഷിച്ചതിലും നേർത്തെ എത്തി. താങ്കളാഴ്ച അയാൾ ഓഫീസിൽ നിന്ന് വന്നപ്പോൾ അവൾ എത്തിയിരുന്നു.
ഓ എത്തിയോ? അയാൾ ചോദിച്ചു.
ഒരാഴ്ച കഴിഞ്ഞേ വരൂന്ന് വിചാരിച്ച് സന്തോഷിച്ചിരിക്ക്യാരുന്നു അല്ലേ?
ഇതവരുടെ സ്ഥിരം തമാശയായിരുന്നു. യഥാർത്ഥത്തിലുള്ള വികാരങ്ങളുടെ എതിരായി പറയുക. പക്ഷേ ഈ പ്രാവശ്യം ഇവൾ ഒരാഴ്ച കഴിഞ്ഞു വന്നാൽ മതിയെന്നായിരുന്നു അയാൾക്ക്. ഒരിക്കൽകൂടി രേണുകയുടെ വീട്ടിൽ പോകണം, അവളോട് ഉള്ളു തുറന്ന് സംസാരിക്കണം, എന്താണവളുടെ പ്രശ്നമെന്ന് കണ്ടുപിടിക്കണം എന്നു വിചാരിച്ചതായിരുന്നു.
പിറ്റേന്ന് അനിത അമ്പലത്തിൽ പോയി വന്നപ്പോൾ പറഞ്ഞു.
ഞാൻ രേണുകയെ കണ്ടു. ഇന്നു വൈകുന്നേരം അവരുടെ വീട്ടിൽ ചെല്ലാമെന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് വേറെ പരിപാടിയൊന്നുമില്ലല്ലോ.
ഇല്ല നമുക്ക് പോകാം.
ചെല്ലുമെന്ന് ആദ്യം പറഞ്ഞതുകൊണ്ട് രേണുക വീട് കുറച്ചെങ്കിലും നന്നാക്കി വെക്കുമെന്ന് അയാൾക്ക് പ്രതീക്ഷയുണ്ടായിരുന്നു. വീടു പക്ഷേ അതുപോലെ പൊടി പിടിച്ചിരുന്നു. അനിത തീരെ രസിക്കാത്ത മട്ടിൽ ചുറ്റും നോക്കി.
ഇരിക്കു. രേണുക പറഞ്ഞു. അപ്പോഴാണ് അകത്തുനിന്നൊരാൾ ആ മുറിയിലേക്ക് വന്നത്.
ഇതാ ഇതാണ്, ഞാൻ പറയാറില്ലേ, അനിത. അമ്പലത്തിൽനിന്ന് പരിചയപ്പെട്ട കുട്ടി. അവരുടെ ഭർത്താവാണിത്.
അയാൾ എഴുന്നേറ്റ് കൈ നീട്ടി. പെട്ടെന്നാണയാൾ അതു കണ്ടത്. രേണുകയുടെ ഭർത്താവിന് വലത്തെ കൈപ്പത്തിയുണ്ടായിരുന്നില്ല. മുട്ടിനു താഴെ പോയിരിക്കുന്നു. ആ കൈ അയാൾ ദേഹത്തോട് ചേർത്തു പിടിച്ചിരിക്കയാണ്. ഒറ്റ നോട്ടത്തിൽ അയാളുടെ അംഗവൈകല്യം ആരും ശ്രദ്ധിക്കില്ല. ഇടത്തെ കൈ അല്പം ശോഷിച്ചുമിരുന്നു.
നീട്ടിയ കൈ വലിക്കാൻ പ്രയാസമായി അയാൾ നിന്നു. വിശ്വസിക്കാൻ കഴിയാത്ത പോലെ അയാൾ  ആ ദൗർഭാഗ്യത്തെ നോക്കിക്കണ്ടു.
പക്ഷേ രേണുകയുടെ ഭർത്താവ് ഭാവഭേദമൊന്നും കാണിക്കാതെ പറഞ്ഞു.
ഇരിക്കു. എന്റെ പേര് വേണു. നിങ്ങൾ?
രാജഗോപാലൻ. കുറച്ചുകാലമായി അനിത പറയുന്നു വരണമെന്ന്. സമയം കിട്ടാറില്ല.
വേണു ഒന്നും പറഞ്ഞില്ല.
വേണു എവിടെയാണ് ജോലി ചെയ്യുന്നത്?
അയാൾ ഒരു കമ്പനിയുടെ പേരു പറഞ്ഞു. രാജഗോപാലന് മനസ്സിലായില്ല.
കോപ്പി റൈറ്റർ ആണ്.
രാജഗോപാലന്റെ മുഖത്തെ അത്ഭുതഭാവം അയാൾ കണ്ടില്ലെന്നു നടിച്ചു.
രാജഗോപാലൻ പിന്നെ ഒന്നും ചോദിച്ചില്ല. കുട്ടികൾ മിറ്റത്തു കളിക്കുകയായിരുന്നു. അനിത രേണുകയോടൊപ്പം അടുക്കളയിലേക്കു പോയി. പൊടിനിറഞ്ഞ ആ മുറിയിലിരുന്ന് രാജഗോപാലൻ കാലാവസ്ഥയെപ്പറ്റി സംസാരിച്ചു. ചൂടിനെപ്പറ്റി. ഒരു മഴ പെയ്താൽ കുറച്ച് ശമനമുണ്ടാവുമെന്ന്. പക്ഷേ പിന്നെ കൊതുകുശല്യം കൂടുമെന്നൊക്കെ. വേണു മേശയ്ക്കു മുമ്പിലിട്ട കസേരയിലിരുന്ന് തലയാട്ടുകമാത്രം ചെയ്തു. അയാൾക്ക് തന്നെപ്പറ്റി ഒന്നും അറിയാൻ താൽപര്യമില്ലേ?
ചായ കൊണ്ടുവന്നു. ഒപ്പം ഒരു പ്ലെയ്റ്റിൽ ബിസ്ക്കറ്റുകളും. രേണുക മുറ്റത്തു കളിച്ചുകൊണ്ടിരുന്ന കുട്ടികളെ വിളിച്ചു.
പുറത്തു നിന്ന് ഒരാൺകുട്ടി വന്നു. അവരുടെ മകനാണെന്ന് മനസ്സിലായി. അവന് രേണുകയുടെ നല്ല ഛായയുണ്ട്. അവൻ മുഷിഞ്ഞ് നിറം മങ്ങിയ ഒരു ഷർട്ടാണിട്ടിരിക്കുന്നത്. നീളം കുറഞ്ഞ പാന്റ്സും. മോനാണ്. രേണുക പറഞ്ഞു. മോനെ അങ്കിളിന്റെ വീട്ടിൽ ഒരു മത്സ്യടാങ്കുണ്ട്. എന്തു ഭംഗിയാണെന്നോ. നീ ഒരു ദിവസം പോയി നോക്ക്. എങ്ങിന്യാ ടാങ്ക് വൃത്തിയായി സൂക്ഷിക്ക്യാന്ന് അങ്ക്ള് പറഞ്ഞുതരും. അവൻ അയാളെ നോക്കി ചിരിച്ചു കൊണ്ട് അകത്തേക്കു പോയി. അവന്റെ മുഖത്തുണ്ടായിരുന്ന നിർവ്വികാരതയോടടുത്ത ഭാവം അയാളെ വിഷമിപ്പിച്ചു. അവൻ തന്റെ വീട്ടിൽ വരാൻ പോകുന്നില്ലെന്നും അയാൾക്കു മനസ്സിലായി.
തിരിച്ചു വീട്ടിലേക്കു നടക്കുമ്പോൾ അനിത ഒന്നും സംസാരിച്ചില്ല. അവൾ ആകെ തളർന്ന പോലെ തോന്നി. അമ്പലത്തിന്റെ മുമ്പിലെത്തിയപ്പോൾ അവൾ നിന്നു തൊഴുതു.
പിന്നെ അയാളോടായി പറഞ്ഞു.
പാവം രേണുക.
എന്താണവരുടെ വീട് ഇങ്ങിനെ വെച്ചിരിക്കണത്?
കുടി.
അയാള് കുടിക്ക്യോ?

ഞാൻ രേണുകയോട് ചോദിച്ചു, എന്താണ് വീട് ഇങ്ങിനെ ഇട്ടിരിക്കണത്ന്ന്. അവൾ അടുക്കളയുടെ പിന്നിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരു മൂലേല് നിറയെ കുപ്പികളാണ്. കാലിക്കുപ്പികൾ.

രാജഗോപാലൻ നിശ്ശബ്ദനായി.

അങ്ങിനെയിരിക്കുമ്പോൾ അയാൾ വീണ്ടും ഒറ്റക്കായി. അനിത കുട്ടികളേയും പെറുക്കി കാടാറുമാസത്തിന് പോയി. ഇപ്രാവശ്യം അനിത പോകുന്നതിനെപ്പറ്റി രേണുകയ്ക്കറിയാമായിരുന്നു. അതു കൊണ്ടവൾ വരില്ലെന്ന് രാജ ഗോപാലൻ വിചാരിച്ചു. പക്ഷേ അവൾ വരികതന്നെ ചെയ്തു.

ശനിയാഴ്ച.

ഏകാന്തതയുടെ രണ്ടു നീണ്ട ദിനങ്ങൾക്കുള്ള തയ്യാറെടുപ്പിലായിരുന്നു അയാൾ. കുളിച്ചു പുറപ്പെട്ടു. അയാൾ പുറത്തിറങ്ങാനായി വാതിൽ തുറന്നു.

ഗെയ്റ്റ് കടന്ന് രേണുക വരുന്നുണ്ടായിരുന്നു. അവളുടെ കയ്യിൽ ഒരു പാത്രം.

ചേട്ടൻ പുറത്തു പോകാൻ നിൽക്ക്വായിരുന്നോ?

സാരമില്ല. അയാൾ പറഞ്ഞു. ഒറ്റക്കല്ലേ, വെറുതെ പുറത്തിറങ്ങാമെന്നു കരുതി.

ഇത് അയില വറുത്തതാണ്. ചേട്ടനിഷ്ടമാണെന്നറിയാം. ഞാനിത് അടുക്കളയിൽ കൊണ്ടുപോയി വെക്കാം. അടുക്കളയിൽ പൂച്ചകള് വര്വോ?

അവൾ അടുക്കളയിൽ പോയി; അവിടെ നിന്ന് എന്തോ പറയുന്നുണ്ടായിരുന്നു. അയാൾ അടുക്കളയിൽ പോയി നോക്കി.

എന്താ ഇന്ന് ചോറ് വെച്ചിട്ടില്ലേ?

ഇല്ല, പുറത്തുനിന്ന് കഴിക്കാമെന്ന് കരുതി.

ഓ, ഇത്തിരി  ചോറുണ്ടാക്കാൻ ഇത്ര പ്രയാസണ്ടോ? ഞാനുണ്ടാക്കിത്തരാം.

അയ്യോ വേണ്ട. അയാൾ പറഞ്ഞു. അതൊക്കെ ബുദ്ധിമുട്ടാവും.

ഒരു ബുദ്ധിമുട്ടുമില്ല. അവൾ ചെമ്പെടുത്ത് വെള്ളം നിറച്ച് അടുപ്പത്ത് വെച്ചു കഴിഞ്ഞു.

എവിടെയാണ് അരി വെച്ചിരിക്കുന്നത്?

നോക്കു നിങ്ങളെന്തിനാണ് ഇതൊക്കെ ചെയ്യുന്നത്? എനിക്ക് വിഷമമാവുന്നു.

രേണുക ചിരിച്ചു.

ഇതിൽ വിഷമിക്കാനെന്തിരിക്കുന്നു. എനിക്ക് പാചകം വളരെ ഇഷ്ടമാണ്. അരിയെവിടെയാണ് പറയൂ.

അയാൾ അരിയെടുത്തു കൊടുത്തു. ഫ്രിഡ്ജിൽ നിന്ന് പച്ചക്കറികൾ പുറത്തെടുത്തു, നുറുക്കാൻ തുടങ്ങി. രേണുക അയാളുടെ കയ്യിൽ നിന്ന് കത്തി പിടിച്ചു വാങ്ങി.

ചേട്ടൻ അവിടെ പോയിരിക്കൂ. ഇന്ന് എന്റെ വകയാണ് കുക്കിംഗ്.

അവൾ സ്വന്തം വീട്ടിൽ എന്നപോലെ ഭക്ഷണം പാകം ചെയ്യുന്നതയാൾ നോക്കി നിന്നു. ഈ സ്ത്രീ എന്തിനാണ് തന്നോടിങ്ങനെ സ്നേഹത്തോടെ പെരുമാറുന്നതെന്നും അയാൾ അത്ഭുതപ്പെട്ടു. ഇതെല്ലാം കടപ്പാടുകളുടെ ചങ്ങലയാണ്. താൻ അതിനാൽ സാവധാനത്തിൽ വരിയപ്പെടുന്നതായി അയാൾക്കു തോന്നി.

അരമണിക്കൂറിനുള്ളിൽ അവളുടെ പാചകം കഴിഞ്ഞു. കൈ കഴുകി സാരിയിൽ തുടച്ച് അവൾ വന്നു.

ഇനി ഞാൻ പോട്ടെ. ഒക്കെ റെഡിയായിട്ടുണ്ട്. എടുത്ത് കഴിക്ക്യേ വേണ്ടു.

ഇന്ന് നമുക്ക് ഒന്നിച്ച് ഭക്ഷണം കഴിക്കാം.

പക്ഷേ ചേട്ടൻ പുറത്ത് പോവല്ലെ?

ഞാനിന്ന് പുറത്തു പോണില്ല. കുട്ടി ഇരിക്കൂ.

അവൾ ഇരുന്നു. അയാൾ വലിയ സോഫയിലാണ് ഇരുന്നത്.

ഇവിടെ വന്നിരിക്കൂ. എനിക്ക് കുറച്ച് കാര്യങ്ങൾ സംസാരിക്കാനുണ്ട്.

അവൾ മറുപടിയൊന്നും കൂടാതെ സോഫയുടെ മറ്റേതലയ്ക്കൽ ഇരുന്നു.

എന്താണ് പറയാനുള്ളത്?

ഞാൻ ചോദിക്കുന്നത് ഇഷ്ടായില്ലെങ്കിൽ മറുപടി പറയണ്ട. എന്താണ് നിങ്ങളുടെ വീട്ടിൽ ഇങ്ങിനെ?

അവൾ ദീർഘനിശ്വാസമിട്ടു. കുറച്ചു നേരം ഒന്നും പറയാതിരുന്നു.

ഉത്തരം പറയാൻ വിഷമമുണ്ടെങ്കിൽ വേണ്ട.

അതല്ല എനിക്കു വിഷമമില്ല. പക്ഷേ, കേട്ടു കഴിഞ്ഞാൽ ചേട്ടനു വിഷമമാവും. അതൊഴിവാക്കുകയല്ലേ നല്ലത്?

സാരമില്ല.

ചേട്ടൻ വളരെ ദയാലുവാണെന്നെനിക്കറിയാം. അന്ന് ഒറ്റയ്ക്ക് അവിടെ വന്നതോർമ്മയില്ലേ. ഞാൻ ചായ എടുക്കട്ടെ എന്നു ചോദിച്ചപ്പോൾ ആദ്യം വേണമെന്നു പറഞ്ഞില്ലേ? പിന്നെ എന്തേ വേണ്ടെന്നു പറഞ്ഞത്? എനിക്കറിയാം. ഒരു പക്ഷേ ചായണ്ടാക്കാനുള്ള കോപ്പൊന്നും ഉണ്ടാവില്ലെന്ന് ഊഹിച്ചു കാണും. കാര്യം ശരിയായി രുന്നു. ചായപ്പൊടിയും പാലും ഉണ്ടായിരുന്നില്ല. അന്നു ചേട്ടൻ എന്നെ അപമാനത്തിൽ നിന്ന് രക്ഷിച്ചു.

കറുത്ത സിമന്റിട്ട നിലത്ത് വീണ ഒരു കണ്ണുനീർതുള്ളി അയാൾ ഓർത്തു. അയാൾക്കു വിഷമമായി.

എന്റെ ഭർത്താവിന്റെ അംഗവൈകല്യം ജന്മനാ ഉള്ളതാണ്. അതറിഞ്ഞുകൊണ്ടു തന്നെയാണ് ഞാൻ കല്ല്യാണം കഴിക്കാൻ തയ്യാറായതും. എന്റെ വീട്ടുകാരുടെ എതിർപ്പിനെക്കൂടി വകവെക്കാതെ. ത്യാഗം തന്നെ. ഒരു മനുഷ്യനെ രക്ഷിക്കാൻ വേണ്ടി. എന്നിട്ടെന്തായി. ആ മനുഷ്യൻ ഭാര്യയുടെയും മകന്റെയും ജീവിതം തകർക്കുന്നു. ഒരു മാതിരി

നല്ല ജോലിയാണ്. പക്ഷേ കുടിച്ച് നിറയെ കടമാക്കി. ശമ്പളം കിട്ടിയാൽ വീട്ടിലേക്ക് ഒന്നും കൊണ്ടു വരാനില്ല. എന്റെ ആഭരണങ്ങൾകൂടി തൂക്കി വിറ്റു. ഇതൊക്കെയാണ് എനിക്ക് വിധിച്ചിട്ടുള്ളത്. ആദ്യമൊക്കെ വിഷമം തോന്നിയിരുന്നു. ഇപ്പോൾ അതുമില്ല. ഒരു നിർവ്വികാരത മാത്രം. ഞാൻ നന്നായി തുന്നുമായിരുന്നു. വീട് നന്നാക്കിവെക്കാനൊക്കെ ഇഷ്ടവുമാണ്. എന്നിട്ട് ഇന്ന് എന്റെ വീട് കണ്ടില്ലേ?

താൻ രേണുകയുടെ ജീവിതത്തിൽ കൂടുതൽ ആഴത്തിലിറങ്ങിപ്പോവുകയാണെന്ന് രാജഗോപാലന് തോന്നി. അതയാൾക്കിഷ്ടമല്ലായിരുന്നു. അവളുടെ ജീവിതത്തിൽ ഇറങ്ങിച്ചെല്ലുകവഴി തന്റെ സ്വന്തം ജീവിതം കുഴപ്പത്തി ലാക്കാൻ അയാൾക്കു താൽപര്യമുണ്ടായിരുന്നില്ല. താൻ പക്ഷേ അറിയാതെ ആ വഴിക്കു വഴുതിപ്പോകയാണ്.

ഞാൻ ഒരു കാര്യം പറയട്ടെ. രാജഗോപാലൻ പറഞ്ഞു. എന്റെ കയ്യിൽ കുറച്ചു പണമുണ്ട്. അതു തരട്ടെ?

വേണ്ട. ഞാൻ വാങ്ങില്ല. കടമായിട്ടു കൂടി വാങ്ങില്ല. ഇത് എന്റെ വിധിയാണ്. മറ്റുള്ളവരെയെന്തിനിതിൽ വാരിവലിച്ചിഴക്കുന്നു.

നമുക്ക് ഊണു കഴിക്കാം. അയാൾ പറഞ്ഞു.

വരു. ഞാൻ വിളമ്പിത്തരാം.

ഊണു കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു. ഈ ജീവിതത്തിൽ എനിക്ക് സന്തോഷം തരുന്ന ഒരേ ഒരു സമയം ഇവിടെ വരുമ്പോഴാണ്. ഇടയ്ക്ക് ഒറ്റയ്ക്കിരിക്കുമ്പോൾ ഞാൻ അനിതയായി സങ്കൽപിക്കാറുണ്ട്. എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷമുള്ള മുഹൂർത്തങ്ങളാണവ. ഒരു ദിവസമെങ്കിലും അങ്ങിനെ.....

അവൾ മുഴുമിച്ചില്ല. പറയാൻ പാടില്ലാത്തത് പറഞ്ഞതുപോലെ അവൾ നിന്നു.

സങ്കടപ്പെടാതിരിക്കു. അയാൾ പറഞ്ഞു.

അവൾ അയാൾ ഇരുന്ന ഇരട്ടസോഫയുടെ മറ്റേ തലയ്ക്കൽ ഇരുന്നു.

സങ്കടമൊന്നുമില്ല. സങ്കടപ്പെടേണ്ട കാലമൊക്കെ കഴിഞ്ഞിരിക്കുന്നു. ചേട്ടനറിയാമോ കല്ല്യാണരാത്രിയിൽ എനിക്കുണ്ടായ ഇച്ഛാഭംഗം? അനുഭവിച്ചറിയണം. ഊഹിച്ചതു കൊണ്ടാവില്ല. എല്ലാം അറിഞ്ഞുകൊണ്ട് കല്ല്യാണം കഴിച്ചപ്പോൾ തന്നെ ഞാൻ തയ്യാറെടുത്തിരുന്നു. പക്ഷേ എന്റെ തയ്യാറെടുപ്പിനെയൊക്കെ തകിടം മറിച്ചുകൊണ്ടാണ് യാഥാർത്ഥ്യം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. ഷർട്ടിട്ടു കണ്ടപ്പോൾ വലിയ കുഴപ്പമില്ലായിരുന്നു. മണിയറയിലെ മങ്ങിയ വെളിച്ചത്തിൽ ഷർട്ടൂരി കണ്ടപ്പോൾ......

രേണുക കുറച്ചുനേരം കണ്ണടച്ചിരുന്നു.

എന്നിട്ടും ഞാൻ സന്തുഷ്ടയാണെന്നു നടിച്ചു. ഞാൻ ആ മനുഷ്യനെ സ്നേഹിച്ചു. സഹായിച്ചു. എന്നിട്ട് ആ മനുഷ്യൻ എനിക്കു തന്നതോ?

രാജഗോപാലന് പെട്ടെന്ന് ആ മനുഷ്യനോട് അനുകമ്പ തോന്നി. പക്ഷേ സ്വന്തം ഭാര്യയുടെ സ്നേഹത്തെ തട്ടിമാറ്റി എന്തിനയാൾ ഈ നിലയിലെത്തി?

രേണുക കൈകൊണ്ട് മുഖം താങ്ങി കണ്ണടച്ചിരിക്കുകയാണ്. അയാൾ പൊടി നിറഞ്ഞ ഒരു വീടിനെപ്പറ്റി ആലോചിച്ചു. കീറി മുഷിഞ്ഞ കർട്ടനുകൾ, പോളിഷ് പോയി നരച്ച മേശയും കസേരയും. പിന്നെ അടിയിൽ കീറിത്തുടങ്ങിയ നരച്ച ഗൗൺ ഇട്ട ഒരു സ്ത്രീയും. അയാൾ ദുഃഖിതനായി.

നോക്കൂ. അയാൾ പറഞ്ഞു. എനിയ്ക്കു മനസ്സിലാവുന്നുണ്ട്. ഞാനെന്താണ് ചെയ്യേണ്ടതെന്ന് പറയൂ, രേണുകയുടെ ദുഃഖമകറ്റാൻ?

അവൾ കണ്ണുതുറന്നു..

ഞാനൊരു കാര്യം ചോദിച്ചാൽ ചേട്ടന് വിഷമമാവുമോ? ഞാൻ ചീത്തയാണെന്ന് കരുതുമോ?

പറയൂ.

ഒരിക്കലെങ്കിലും എന്നെ ഈ കൈകൾ കൊണ്ട് വരിഞ്ഞുമുറുക്കൂ. ബലിഷ്ഠമായ കൈകൾ എങ്ങിനെയുണ്ടെ ന്നറിയാനുള്ള അവകാശം എനിക്കുണ്ടെന്നു തോന്നുന്നു.

അവൾ പെട്ടെന്ന് വിങ്ങിപ്പൊട്ടി. അയാൾ അടുത്തേക്കിരുന്ന് അവളെ പുറത്തു തട്ടി ആശ്വസിപ്പിച്ചു. പിന്നെ പെട്ടെന്ന് അവളെ തന്റെ കൈകളിലാക്കി അമർത്തി വരിഞ്ഞു. ഒരു നിമിഷനേരത്തേക്കു മാത്രം. അയാൾക്കതു തുടരാൻ പറ്റിയില്ല. മണിയറയുടെ മങ്ങിയ വെളിച്ചത്തിൽ രേണുകയുടെ നേർക്ക് നീണ്ടുവന്ന ഒരു പകുതിക്കൈ അയാളുടെ സ്മൃതിപഥത്തിലെത്തി. നിസ്സഹായനായ ഒരു മനുഷ്യന്റെ ദയനീയ മുഖവും. അയാൾ പെട്ടെന്നവളെ വിട്ടകന്നു.

അവൾ എഴുന്നേറ്റു. അയാളെ അത്ഭുതപ്പെടുത്തിക്കൊണ്ട് പറഞ്ഞു.

നന്ദി.

പോകുന്നതിനുമുമ്പ് മത്സ്യടാങ്കിനു മുമ്പിൽ അവൾ കുറച്ചുനേരം നോക്കി നിന്നു. തെളിഞ്ഞ വെള്ളത്തിൽ സംതൃപ്തരായി നീങ്ങുന്ന മത്സ്യങ്ങൾ. ചെടികളുടെ പച്ചപ്പ്.

ഞാനെന്റെ മോനെ ഒരു ദിവസം കൊണ്ടുവരാം. രേണുക പറഞ്ഞു. ടാങ്ക് എങ്ങിനെയാണ് വൃത്തിയായി സൂക്ഷിക്കുക എന്ന് അവന് പറഞ്ഞുകൊടുക്കണം.

back to index

# ഒരു ഉരുള ചോറ്

ആശുപത്രിയിൽ രണ്ടാം നിലയിൽ വയസ്സൻ മരണത്തോട് മല്ലിടുകയായിരുന്നു. രണ്ടുദിവസം ഇന്റൻസീവ് കെയർ യൂനിറ്റിൽ, പിന്നെ രണ്ടാം നിലയിൽത്തന്നെയുള്ള മുറിയിൽ. മല്ലിടുക എന്നു പറയുന്നത് വാസ്തവമാവില്ല. അതിനുള്ള ശേഷിയൊന്നും ആ മെലിഞ്ഞു ക്ഷീണിച്ച ദേഹത്തിനുണ്ടായിരുന്നില്ല. ആ സാധു മനുഷ്യൻ മരണത്തോട് നിശ്ശബ്ദമായി യാചിച്ചു. ദയവു ചെയ്ത് പോവൂ. എനിക്ക് വരാറായിട്ടില്ല.

മകന്റെ കല്യാണം കഴിഞ്ഞിട്ട് ആറു മാസമേ ആയിട്ടുള്ളൂ. അവർ ഒപ്പം താമസിക്കുകയാണ്. നല്ല കുട്ടി. അവൾ വന്നതിനു ശേഷം സുഭദ്രക്ക് അല്പം സ്വസ്ഥത കിട്ടിയിരിക്കുന്നു. അടുക്കള മുഴുവൻ അവൾ ഏറ്റെടുത്തു. ഭർത്താവിനും അച്ഛനും അമ്മയ്ക്കും വേണ്ടതെല്ലാം അവൾ അതാതുസമയത്തു ചെയ്തു കൊടുത്തു. ആർക്കും ആവലാതിപ്പെടേണ്ടി വന്നിട്ടില്ല. ഒതുക്കമുള്ള കുട്ടി.

മകൾ ബോംബെയിലാണ്. അവൾ ഭർത്താവും മകളുമായി കൊല്ലത്തിലൊരിക്കൽ നാട്ടിൽ വരും. ഇരുപത്താറു ദിവസം അവിടെ ഒരു കൊച്ചുസ്വർഗ്ഗമുണ്ടാകും, പിന്നെ വീട് ഇരുട്ടാക്കിക്കൊണ്ട് തിരിച്ചുപോവുകയും ചെയ്യും. ആ ഇരുപത്താറു ദിവസങ്ങൾ പിന്നീടുള്ള പതിനൊന്നുമാസം ജീവിക്കാനുള്ള ഉത്തേജനം തരുന്നു.

കിടക്കക്കരുകിലിട്ട സ്റ്റൂളിൽ ഇരുന്ന് രാഘവൻ അമ്മായിയപ്പനെ നോക്കി. അഞ്ചുമിനിറ്റ് മുമ്പ് രാജിയെപ്പറ്റി ചോദിച്ചതേയുള്ളൂ.

മോള് എപ്പഴാ വര്വാ?

അഞ്ചുമണിക്ക്.

ഇപ്പൊ സമയം എത്ര്യായി?

നാലര.

അരമണിക്കൂറിനുള്ളിൽ പേരക്കുട്ടിയെ കാണാനാവുമെന്ന ആശ്വാസത്തിലാണ് മുത്തച്ഛൻ. രാഘവൻ തന്നെ ഉറ്റുനോക്കിയിരിക്കയാണെന്നറിഞ്ഞപ്പോൾ വയസ്സൻ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.

എന്തേ?

അപ്പോഴാണ് രാഘവൻ കണ്ടത്. പ്രതീക്ഷാനിർഭരമായ ആ ക്ഷീണിച്ച മുഖത്ത് കുണ്ടിലാഴ്ന്നിറങ്ങിയ കണ്ണുകളിൽ പ്രതീക്ഷയുടെ മാധുര്യത്തിൽ നിഴൽ വീഴ്ത്തിയ ഭയത്തെ.

എന്തിനാണ് മരണത്തെ ഇത്രയും ഭയപ്പെടുന്നത്? രാഘവൻ ചിരിച്ചുകൊണ്ട് ചോദിച്ചു. എന്തായാലും ഒരു ദിവസം പോണം.

വൃദ്ധൻ ചിരിച്ചു. വല്ലാത്തൊരു ചിരി. താൻ അതു പറയേണ്ടിയിരുന്നില്ലെന്ന് രാഘവനു തോന്നി. രാവിലെ ഏഴു മണിക്കാണ് അച്ഛൻ ആശുപത്രിയിലാണെന്ന് ഫോൺ വന്നത്. അപ്പോൾത്തന്നെ പുറപ്പെട്ടു. മാനേജരെ ഫോൺ വഴി അറിയിച്ചു. ലീവ് ലെറ്റർ ഓഫീസിൽ എത്തിക്കാൻ ഏല്പിച്ചു. ബസ്സിലും തീവണ്ടിയിലുമായി പിറ്റേന്ന് വൈകുന്നേരം വീട്ടിലെത്തി. നളിനി വല്ലാതെ പരിഭ്രമിച്ചിരുന്നു അച്ഛനെ ജീവനോടെ കാണുമെന്നവൾ പ്രതീക്ഷിച്ചിരുന്നില്ല. അതങ്ങിനെയാണ്. മരിച്ചു കഴിഞ്ഞാലും ദൂരത്തുള്ളവരെ അറിയിക്കുമ്പോൾ 'സീരിയസ്' എന്നേ പറയൂ. വന്നു കണ്ടപ്പോൾ അച്ഛൻ ജീവനോടെയുണ്ടെന്നു കണ്ടപ്പോൾ അവൾക്കു സമാധാനമായി.

രാഘവൻ അയാളുടെ നെഞ്ചിൽ പതുക്കെ തലോടിക്കൊണ്ടു പറഞ്ഞു.

അച്ഛൻ അടുത്തൊന്നും മരിക്കാൻ പോണില്ല്യ. സമാധാനായിട്ട് കിടന്നോളൂ. രാജീടെ കല്ല്യാണം ഒക്കെ കഴിഞ്ഞിട്ടേ അതൊക്കെണ്ടാവൂ.

വൃദ്ധൻ വീണ്ടും ചിരിച്ചു. രാജി മോളുടെ കല്ല്യാണം. ഇപ്പോൾ രണ്ടു വയസ്സാണ്. ഇനിയും പത്തുപതിനെട്ടു കൊല്ലം. ആശയ്ക്കു വഴിയില്ലെന്നു കണ്ട ആ മനുഷ്യൻ ദീർഘശ്വാസമിട്ടുകൊണ്ടു പറഞ്ഞു.

അത്രയൊന്നും വേണ്ട. ഒരു നാലഞ്ചുകൊല്ലംകൂടി........

നളിനിയുടെ കൈ പിടിച്ചുകൊണ്ട് രാജി വന്നു. അവൾ ഓടി കട്ടിലിന്നടുത്തു വന്നു.

മുത്തച്ഛാ മുത്തച്ഛന്റെ സൂക്കേട് മാറീല്ലേ?

മാറി മോളെ. അയാൾ അവളുടെ കവിളിലും തലയിലും തടവികൊണ്ട് പറഞ്ഞു. മാറിട്ടോ. ഇനി നമുക്ക് വീട്ടില് പോണം.

ഇന്ന് പോവാ?

ഇന്ന് പറ്റില്ല മോളെ. ഡോക്ടറമ്മാവൻ വന്നാൽ ചോദിക്കണം എന്നാ പോവാൻ പറ്റ്വാന്ന്.

അച്ഛൻ അധികം സംസാരിക്കണ്ട. നളിനി പറഞ്ഞു.

എന്റെ അസുഖമൊക്കെ മാറി മോളെ.

അയാൾ ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു. ഇനി വീട്ടിൽ പോയാൽ ഒക്കെ ശരിയാവും.

ഡിസ്ചാർജ് ചെയ്തപ്പോൾ അയാൾ വളരെ ഉന്മേഷവാനായിരുന്നു. രക്ഷപ്പെട്ടതിലുള്ള ആശ്വാസം. രാഘവൻ ഓർത്തു. ആശുപത്രിയിൽ നിന്ന് അച്ഛനെ വീൽചെയറിൽ പുറത്തേക്കു കൊണ്ടുവരികയായിരുന്നു. ടാക്സിക്കാ

രൻ ഗെയ്റ്റ് കടന്ന് ഉള്ളിലേക്കു വരികയാണ്. വീൽ ചെയർ വരാന്തയിൽ നിർത്താൻ പറഞ്ഞ് താൻ ടാക്സിക്കാരനോട് അടുത്തുവരാൻ പറയാൻ മുറ്റത്തേക്കു നടന്നു. നളിനി അച്ഛന്റെ അടുത്തുതന്നെ നിന്നു. ടാക്സിക്കാരനോട് വരാൻ ആംഗ്യം കാണിച്ച് നിൽക്കുമ്പോഴാണ് ഒരു സ്ട്രെച്ചർ ആശു പത്രിയിൽനിന്ന് പുറത്തേക്ക് വന്നത്. അതിൽ മൂടിപ്പുതപ്പിച്ച ദേഹം. മുറ്റത്തു പാർക്കുചെയ്ത തുറന്ന ആംബുലൻസിന്റെ വാതിലിനുള്ളിലേക്ക് സ്ട്രെച്ചർ കടത്തിവെച്ചു. തിരിച്ചു നടക്കുന്ന വാർഡ്ബോയിയോട് രാഘവൻ ചോദിച്ചു.

എന്തുപറ്റി?

ഹാർട്ട് അറ്റാക്ക്. അയാൾ മറുപടി പറഞ്ഞു. ഇന്നലെ രാത്രി അഡ്മിറ്റ് ചെയ്തതാ. രാവിലത്തോടെ പണി കഴിഞ്ഞു.

മരിച്ച ആളുകളുടെ ബന്ധുക്കൾ ചുറ്റും നിന്നിരുന്നു. അവർ ഓരോരുത്തരായി ആംബുലൻസിൽ കയറുകയാണ്.

വീൽചെയറിൽനിന്ന് ടാക്സിയിലേക്ക് കയറാൻ അയാൾ അച്ഛനെ സഹായിച്ചു. ഒരു വശത്ത് അയാളും മറുവശത്ത് നളിനിയും ഇരുന്നു. ടാക്സി നീങ്ങിയപ്പോൾ വൃദ്ധൻ ചോദിച്ചു.

എന്തായിരുന്നു അയാൾക്കസുഖം?

ഹാർട്ട് അറ്റാക്ക്. രാഘവൻ പറഞ്ഞു.

പണികഴിഞ്ഞു എന്തായാലും. വൃദ്ധൻ പറഞ്ഞു.

രാഘവൻ ഞെട്ടി. ആ വാക്കുകളിലെ കാർക്കശ്യം, ആഹ്ലാദം കലർന്ന ഒരു ആശ്വാസം. അത് രാഘവനെ അത്ഭുതപ്പെടുത്തി. അയാൾ അച്ഛനെ നോക്കി. മുഖത്ത് ഒരാഴ്ചത്തെ വളർച്ചയുള്ള നരകയറിയ കുറ്റി രോമങ്ങൾ. കണ്ണുകളിൽ കണ്ടില്ലേ, ഞാൻ ജീവിച്ചിരിക്കുന്നു എന്ന ഭാവം. അയാൾ എന്തുകൊണ്ടോ തന്റെ ശ്വശുരനെ ആ നിമിഷത്തിൽ വെറുത്തു.

വീട്ടിലെ കിടപ്പുമുറിയിൽ കട്ടിലിൽ കിടക്കുന്ന മെലിഞ്ഞ രൂപം നോക്കിനിന്നപ്പോൾ രാഘവൻ ഓർത്തു. എന്തിനാണ് മനുഷ്യൻ ജീവിതത്തോട് ഇങ്ങനെ അള്ളിപ്പിടിച്ചു നിൽക്കുന്നത്? നളിനിയുടെ അച്ഛന് അറുപത്തെട്ടു വയസ്സായി. ഒരു മുഴുവൻ ജീവിതവും ജീവിച്ചു എന്നു പറയാം. മക്കൾ രണ്ടുപേരും ഓരോ വഴിക്കായി. മകന് നാട്ടിൽത്തന്നെ നാലായിരം രൂപ ശമ്പളത്തിൽ ജോലി. കല്ല്യാണം കഴിഞ്ഞു. മകളെ കല്ല്യാണം കഴിച്ചത് ബോംബെയിലെ ഒരു വലിയ ഉദ്യോഗസ്ഥൻ. സ്വന്തം ഭാര്യക്ക് ആര്യോഗ്യമുണ്ട്. അവരാകട്ടെ മകന്റെ അടുത്ത് സുരക്ഷിതയുമാണ്. എന്നിട്ടും.....

രാത്രി ഊണു കഴിക്കാൻ നേരത്ത് അമ്മ ഭക്ഷണവുമായി അച്ഛ ൻ കിടക്കുന്നിടത്തേക്കു ചെന്നു. ആശുപത്രിയിൽ ചെയ്യാറുള്ള മാതിരി കിടക്കയിൽ ഇരുന്നു കൊണ്ട് ഭക്ഷണം കൊടുക്കാമെന്നു കരുതിയതാണ്. അച്ഛൻ പറഞ്ഞു.

എനിയ്ക്കെല്ലാം ഭേദായി. ഞാനങ്ങോട്ടു വരാം.

നല്ല കാര്യം. രാഘവൻ പറഞ്ഞു. അയാൾ അച്ഛന്റെ കൈ പിടിച്ച് ഊൺ മുറിയിലേയ്ക്കു നയിച്ചു. വൃദ്ധൻ നല്ല രുചിയോടെ ഭക്ഷിച്ചു. എല്ലാവരുടെയും ഭക്ഷണം കഴിഞ്ഞു. അപ്പോഴാണ് രാഘവൻ ശ്രദ്ധിച്ചത്. അച്ഛന്റെ പ്ലേയ്റ്റിൽ കുറച്ച് മീൻകറിയും ചോറും ബാക്കി.

ഇതെന്താണ് ബാക്കിയിട്ടിരിക്കുന്നത്? രാഘവൻ ചോദിച്ചു. രുചിയില്ലേ?

അത് കുഞ്ചുവിനാണ്. നളിനി ഒഴികെ എല്ലാവരും ഒന്നിച്ചു പറഞ്ഞു.

എവിടെനിന്നോ അഭയാർത്ഥിയായി വന്ന തെണ്ടി നായയായിരുന്നു കുഞ്ചു. ആ പേരിട്ടത് അച്ഛൻ തന്നെയാണ്. എന്നും ഊണു കഴിഞ്ഞാൽ ഒരു ഉരുള കയ്യിൽ കൊണ്ടുപോകും. അവൻ പിന്നാലെ മുറ്റത്ത് തയ്യാറായി നിൽക്കുന്നുണ്ടാകും. ഇനി അവിടെ ഇല്ലെങ്കിൽത്തന്നെ അച്ഛൻ കണ്ഠശുദ്ധി വരുത്തുന്ന ശബ്ദം കേട്ടാൽ അത് എവിടെയായാലും ഓടിവരും. കഴിഞ്ഞ ആറുമാസമായുള്ള പതിവാണത്.

രാത്രി അവൻ മുറ്റത്ത് ചുരുണ്ടുകൂടിക്കൊള്ളും. അച്ഛൻ പറഞ്ഞു. ആരും അത്ര പെട്ടെന്ന് കക്കാൻ വരില്ല.

അച്ഛനെ കണ്ടപ്പോൾ കുഞ്ചു കുരച്ചു, വാലാട്ടി. കുറെ ദിവസമായി കാണാതിരുന്നതിലുള്ള ആർത്തി അവൻ പ്രദർശിപ്പിച്ചു. പക്ഷേ എല്ലാ മുറ്റത്തുനിന്നു കൊണ്ടു തന്നെ.

എന്താടാ കുഞ്ചു? അച്ഛൻ ചോദിച്ചു.

അവൻ വീണ്ടും കുരച്ചു, വാലാട്ടി. പിന്നെ അച്ഛൻ താഴേക്കിട്ടുകൊടുത്ത ഉരുള കപ്പിത്തിന്നുവാൻ തുടങ്ങി.

രാഘവന് എന്തോ വിഷമം തോന്നി. സാധാരണ ഒരു നായയും യജമാനനും തമ്മിലുള്ള ബന്ധമായിരുന്നില്ല ഇത്. ഒരു തെണ്ടിപ്പട്ടിയും സമ്പന്നനായ യജമാനനും തമ്മിലുള്ള ബന്ധം. യജമാനൻ ഭക്ഷണം കൊടുക്കുന്നു, അതിനുള്ള കൂറ് അവൻ കാട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അവൻ അധ:കൃതനാണെന്ന് അവനുതന്നെ അറിയാം. അതുകൊണ്ട് അവൻ കോലായിലേക്കു കയറുകയോ യജമാനന്റെ മേൽ പാഞ്ഞു കയറുകയോ കാൽ നക്കി സ്നേഹം കാണിക്കുകയോ ചെയ്യുന്നില്ല. അവനറിയാം, എവിടെയാണ് നിൽക്കേണ്ടതെന്ന്. ആ ദൃശ്യം ഹൃദയ സ്പർശിയായിരുന്നു.

വീണ്ടും ദിവസങ്ങൾ പഴയ മട്ടിലായി. രാഘവൻ തിരിച്ചു പോകാനുള്ള ടിക്കറ്റ് ബുക്ക് ചെയ്തു. ശനിയാഴ്ചക്ക്. തിങ്കളാഴ്ച രാവിലെ ബോംബയിലെത്തും. അന്നു തന്നെ ഓഫീസിൽ ചേരാമല്ലോ.

വെള്ളിയാഴ്ച രാത്രിയാണതുണ്ടായത്. എട്ടരമണിയോടെ ഊണു കഴിക്കാനുള്ള ശ്രമങ്ങൾ നടത്തി. അച്ഛന് രാത്രി കഞ്ഞി മതിയെന്ന് വൈകുന്നേരമേ പറഞ്ഞിരുന്നു.

നല്ല സുഖം തോന്നുന്നില്ല. അച്ഛൻ പറഞ്ഞു. രാത്രി കഞ്ഞി ആയ്ക്കോട്ടെ.

രാത്രി മേശയ്ക്കു ചുറ്റുമിരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ അവരെ വലയം ചെയ്ത മൂകത രാഘവൻ ശ്രദ്ധിച്ചു.

ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽത്തന്നെ ആ ശബ്ദം അതിന്റെ ഉത്ഭവസ്ഥാനത്തു തന്നെ പ്രതികരണമില്ലാതെ കെട്ടടങ്ങി. എല്ലാവരും വിഷമിച്ചു കണ്ടു. അമ്മ ഇടയ്ക്കിടെ ചോദിച്ചു.

ഇപ്പൊ വെഷമൊന്നുംല്ല്യല്ലോ.

ഇല്ലെന്ന് അച്ഛൻ തലയാട്ടി.

അല്പസമയം കഴിഞ്ഞാൽ വീണ്ടും അമ്മ ചോദിക്കും.

നെഞ്ചുവേദനയൊന്നും ഇല്ലല്ലോ.

ഇല്ല, ക്ഷീണം മാത്രം.

ഭക്ഷണം കഴിച്ചു കൈ കഴുകാൻ വാഷ്ബോസിന്റെ അടുത്ത് നിൽക്കുമ്പോൾ രാഘവൻ ഓർത്തു. കുഞ്ചുവിനെ കാണാനില്ലല്ലോ. ഇന്ന് യജമാനന്റെ ഊണു കിട്ടില്ലെന്ന് ഏതോ അത്ഭുതകരമായ അതീന്ദ്രിയജ്ഞാനത്തിലൂടെ അവൻ മനസ്സിലാക്കിയിട്ടുണ്ടാകണം.

രാത്രി അമ്മയുടെ വിളികേട്ടാണ് രാഘവൻ ഉണർന്നത്. അവർ കോണിയുടെ താഴെനിന്ന് വിളിക്കുകയാണ്. വല്ലാതെ പരിഭ്രമിച്ചിട്ടുള്ള വിളി. രാഘവൻ നളിനിയെ വിളിച്ചുണർത്തി. അടുത്ത മുറിയിൽ കിടന്നുറങ്ങുന്ന അളിയനേയും വിളിച്ചുണർത്തി.

താഴെ അച്ഛന്റെ സ്ഥിതി വളരെ മോശമായിരുന്നു. അദ്ദേഹം ശ്വാസം കിട്ടാൻ വിഷമമുള്ളതുപോലെ കനത്തു ശ്വസിച്ചു. നെഞ്ചുവേദനയുണ്ടായിരുന്നു. കാണെകാണെ സ്ഥിതി വഷളാവുകയായിരുന്നു. അളിയൻ വാതിൽ തുറന്ന് ഡോക്ടറെ വിളിക്കാൻ പോയി. രാഘവൻ കട്ടിലിലിരുന്ന് അച്ഛന്റെ നെഞ്ചിൽ തലോടി.

സാരമില്ല. അയാൾ പറഞ്ഞു. എല്ലാം ശരിയാവും.

ഡോക്ടർ വന്ന് ഇഞ്ചക്ഷൻ കൊടുത്തു. വലിയ വ്യത്യാസമൊന്നുമുള്ളതായി തോന്നിയില്ല. ആ മനുഷ്യൻ മരിക്കാൻ പോകുകയാണെന്ന് രാഘവന് തോന്നി. ശ്വാസം കഴിക്കാൻ അപ്പോഴും ബുദ്ധിമുട്ടുന്നുണ്ടായിരുന്നു.

നമുക്ക് ആശുപത്രിയിൽ കൊണ്ടു പോകാം. ഡോക്ടർ പറഞ്ഞു. എന്റെ കാറിൽ കൊണ്ടുപോകാം. ആംബുലൻസ് വരുത്താനൊന്നും സമയമില്ല.

രാഘവനും അളിയനും ഡോക്ടറും കൂടി അച്ഛനെ താങ്ങിപ്പിടിച്ച് കാറിന്റെ പിൻസീറ്റിൽ കിടത്തി. ഓരോരുത്തരായി ധൃതിയിൽ കയറി.

നളിനി പറഞ്ഞു. നിങ്ങൾ ഇവിടെ നിൽക്കു. മോൾ ഉറങ്ങ്വാണ്. എനിക്കാണെങ്കിൽ ഒറ്റയ്ക്ക് ഇവിടെ ഇരിക്കാനും പറ്റില്ല.

ശരി പൊയ്ക്കോളൂ. രാഘവൻ പറഞ്ഞു.

കാർ പോയിക്കഴിഞ്ഞു ഗെയ്റ്റടച്ച് അകത്തു കടന്നു വാതിലടച്ചു. ക്ലോക്കിൽ സമയം രണ്ടുമണി. അയാൾ വിളക്കണച്ച് കോണി കയറി. രാജി നല്ല ഉറക്കമാണ്. അയാൾക്ക് കിടക്കാൻ തോന്നിയില്ല. അച്ഛന്റെ അസുഖം മാത്രമായിരുന്നില്ല കാരണം. അതിനുമുപരിയായി എന്തോ ഒന്ന് അയാളെ അലോസരപ്പെടുത്തിയിരുന്നു; അസ്വസ്ഥനാക്കിയിരുന്നു. അയാൾ ജനലിന്നടുത്തേക്കു നടന്നു. പുറത്തെ ഇരുട്ടിൽ നിന്ന് തണുത്ത കാറ്റ് അകത്തേക്കു കടക്കുന്നുണ്ട്. പെട്ടെന്നാണയാൾ ശ്രദ്ധിച്ചത്. വേദനയുടെ സ്വരം. അത് അലകളായി എവിടെനിന്നോ ഒഴുകി വരുന്നു. താൻ അത് കുറച്ചു നേരമായി കേൾക്കുകയായിരുന്നെന്ന് അയാൾ ഓർത്തു. ബഹളത്തിനിടയിൽ ശ്രദ്ധിച്ചില്ലെന്നു മാത്രം. ഒരു നായയുടെ രോദനം. വേദനയുടെ ആ സ്വരം ഒരു ശ്രുതിയായി, താളനിബദ്ധമായി ഒഴുകി വരുന്നതയാൾ കുറെനേരം ശ്രദ്ധിച്ചു. രാത്രിയുടെ നിശ്ശബ്ദതയിൽ എവിടെയോ ആ സ്വരം നഷ്ടപ്പെടുന്ന വരെ.

രാഘവൻ കിടന്നു.

നളിനി വന്നപ്പോൾ ഏഴരമണിയായിരുന്നു. അവൾ ഗെയ്റ്റ് കടന്നുവരുന്നതു കണ്ടപ്പോൾ രാഘവന് ആശ്വാസമായി. കുഴപ്പമൊന്നും സംഭവിച്ചിട്ടില്ല.

വളരെ കൂടുതലായി അച്ഛന്. നളിനി പറഞ്ഞു. ഇപ്രാവശ്യം പോയീന്ന് തന്നെ കരുതി. രണ്ടുപ്രാവശ്യം ഹൃദയം നിന്നൂത്രെ.

ഇപ്പൊ എങ്ങിനെണ്ട്?

ഇപ്പോഴും സീരിയസ്സ് തന്ന്യാത്രെ. ഈ ഒരു ദിവസം കടന്നുകിട്ടിയാലേ രക്ഷയുള്ളൂന്ന്.

അച്ഛനെ കാണാൻ പറ്റുമോ?

ഇല്ല. ഇന്റൻസീവ് കെയർ യൂണിറ്റിലാണ്. നിങ്ങൾ ചായ കുടിച്ചുവോ?

കുടിച്ചു. ഞാൻ വേണമെങ്കിൽ നിനക്കുണ്ടാക്കിത്തരാം.

ശരി.

രാഘവൻ അടുക്കളയിൽ കടന്ന് ചായക്കു വെള്ളംവെച്ചു.

പിന്നിലെ വരാന്തയിൽ നിന്ന് നളിനിയുടെ വിളി കേട്ടു.

ഒന്ന്ങ്ങ്ട്ടു വരു.

വിളിയിൽ കുറച്ചൊരു ധൃതിയുണ്ടായിരുന്നു. രാഘൻ ചെന്നു. നളിനി മുറ്റത്തേക്കു നോക്കി നിൽക്കുകയാണ്.

അവിടെ കുഞ്ഞു ഒരുവശം ചെരിഞ്ഞ് വെറങ്ങലിച്ച് കിടന്നിരുന്നു. ഭക്ഷണം കാത്ത് യജമാനന്റെ കാലൊച്ചക്കായി കാതോർത്ത് കിടന്നിരുന്ന അതേ സ്ഥലത്ത് ഒരുരുള ചോറ് എന്നതിനുപരിയായി സ്നേഹത്തിന്റെ മടിശ്ശീല തുറന്നിട്ടില്ലാത്ത യജമാനനു വേണ്ടി ഒരു നായക്കുമാത്രം ചെയ്യാൻ കഴിയാവുന്ന ത്യാഗം ആ സാധു മൃഗം അനുഷ്ഠിച്ചു.

ഒരാഴ്ച കഴിഞ്ഞ് അച്ഛൻ വീട്ടിലെത്തിയപ്പോൾ എല്ലാവരും പറഞ്ഞു. ഇത് രണ്ടാം ജന്മമാണ്. രക്ഷപ്പെടുമെന്ന് ആരും കരുതിയിരുന്നില്ല. ഡോക്ടർമാർ പോലും.

തിരിച്ച് ബോംബെയ്ക്ക് പോകുന്നതിനു മുമ്പ് രാഘവൻ അച്ഛനോട് പറഞ്ഞു.

ഞാൻ പറഞ്ഞില്ലേ, അച്ഛന്റെ വിളക്കിൽ ഇനിയും എണ്ണയുണ്ടെന്ന്. രാജി മോൾക്ക് ഒരു ചെക്കനെ അന്വേഷിച്ചു തുടങ്ങിക്കോളൂ. പത്തുപതിനെട്ടുകൊല്ലം ഇതാന്ന് പറയുമ്പോഴേക്ക് കഴിയും.

അച്ഛൻ ചിരിച്ചു.

ഞങ്ങൾ ഇനി ഓണത്തിന് വരാം.

അപ്പോഴേയ്ക്ക് ഞാൻ ബാക്കിയാവുമോ എന്ന് കണ്ടറിയണം.

സെപ്റ്റംബറിൽ ലീവിൽ വന്നപ്പോൾ അച്ഛൻ ബാക്കിയുണ്ടായിരുന്നെന്നു മാത്രമല്ല നല്ല ഉന്മേഷവാനുമായിരുന്നു. ആര്യോഗ്യനില നന്നായിരുന്നു.

ആ രണ്ട് അറ്റാക്കില് നല്ല പേടി പിടിച്ചിട്ടുണ്ട്. അമ്മ പറഞ്ഞു. ഇപ്പൊ ഭക്ഷണം ക്രമീകരിച്ചിട്ടുണ്ട്. രാവിലെ നടക്കാനിറങ്ങും. ബീഡിവലി തീരെ നിർത്തി. അനാവശ്യമായി ചായ കുടിയില്ല.

അതു നന്നായി. രാഘവൻ പറഞ്ഞു. ഒരു ചിട്ടയുണ്ടാകുന്നത് നല്ലതാണ്.

ഉച്ചഭക്ഷണം ഗംഭീരമായിരുന്നു. ഓണസ്സദ്യ നാലുദിവസം മുമ്പേ തുടങ്ങിയെന്നു തോന്നുന്നു. അല്ലെങ്കിൽ മകളും ഭർത്താവും പേരക്കുട്ടിയും വന്ന ആഘോഷമായിരിക്കും. അച്ഛൻ ഭക്ഷണം കുറച്ചിട്ടുണ്ടെന്നു മനസ്സിലായി. പാവം, പായസം ഒന്നു സ്വാദു നോക്കിയതേയുള്ളൂ. ഇലയുടെ അറ്റത്ത് കുറച്ച് ചോറ് ബാക്കിയിട്ടിരുന്നു. ഭക്ഷണം ചുരുക്കിയതു തന്നെയാണ്. പക്ഷേ അമ്മയ്ക്ക് അത്ര കുറച്ച് വിളമ്പിയാൽ മതിയായിരുന്നില്ലേ? ഭക്ഷണം കളയുന്നത് രാഘവന് തീരെ ഇഷ്ടമുണ്ടായിരുന്നില്ല. ഓരോ ഉരുള കളയുന്നത് കാണുമ്പോഴും, അയാൾ ഒട്ടിയ കവിളും മെലിഞ്ഞ കാലുകളുമായി റെയിൽവെ കമ്പാർട്ടുമെന്റുകളിൽ ഭക്ഷണത്തിനായി ഇരന്നു നടക്കുന്ന കുട്ടികളെ ഓർക്കും. നമ്മൾ കളയുന്ന ഓരോ ഉരുളയും അവർക്കൊരു സദ്യയായിരിക്കും. രാഘവൻ എഴുന്നേറ്റു.

വാഷ്ബേസനിൽ കൈകഴുകി തിരിഞ്ഞപ്പോൾ കണ്ടു, അച്ഛന്റെ കയ്യിൽ ഒരുരുള. അച്ഛൻ മുരടനക്കി. അപ്പോൾ എവിടെനിന്നോ എന്നറിഞ്ഞില്ല ഒരു നായ ഓടിവന്നു. തവിട്ടു നിറത്തിൽ വെള്ള പാണ്ടുകളുള്ള നായ. കുഞ്ചുവിന്റെ അതേ ഛായ.

അച്ഛൻ ഉരുള താഴേക്കിട്ടുകൊടുത്തു.

രാഘവന് ഒരു നിമിഷം സംശയമായി. ഇനി കുഞ്ചു മരിച്ചിട്ടില്ലെന്നുണ്ടോ? അതോ താൻ കണ്ട സ്വപ്നം മാത്രമായിരുന്നോ അത്?

അവ്യക്തതകളുടെ പ്രഭാതമായിരുന്നു അത്. രാത്രി മുഴുവൻ വേദനയുടെ ശബ്ദം കേട്ടുകൊണ്ട് ഉറങ്ങാതിരിക്കയായിരുന്നു. അയാൾക്ക് തീർച്ചയാക്കാൻ പറ്റിയില്ല. രാഘവൻ ചോദ്യപൂർവ്വം അച്ഛനെ നോക്കി.

കുഞ്ചുവിന്റെ മകനാണ്. കുഞ്ചു ചത്തതിനുശേഷം ഒരു ദിവസം വന്നതാണ്.

രാഘവൻ അർത്ഥഗർഭമായി അച്ഛനെ നോക്കി. അച്ഛനതു മനസ്സിലായെന്നു തോന്നുന്നു. അദ്ദേഹം മുഖം തിരിച്ചു.

back to index

# നായർ മാഗ്നാനിമിറ്റി

തറവാടിന്റെ മഹിമയെപ്പറ്റി എല്ലാവരും ബോധവാന്മാരാവുന്നത് മൂത്ത ജ്യേഷ്ഠന്റെ ബംഗ്ലാവിൽ ഒത്തു ചേരുമ്പോഴാണ്. ഏഴ് സഹോദരന്മാർ, ഒരു സഹോദരി. ഏറ്റവും താഴെയുള്ളതാണ് സഹോദരി. കൊല്ലത്തിലൊരിക്കൽ ഉണ്ടാവുന്ന ഒത്തുചേരലിന് എല്ലാവരും കുടുംബസമേതം എത്തിയിരിക്കയാണ്. എട്ടു കുടുംബങ്ങൾ. മൂത്ത ജ്യേഷ്ഠന്റെ പിറന്നാളാണ് അവസരം. അത് സ്കൂളുകളും കോളേജുകളും അവധി വരുന്ന മെയ്മാസത്തിലായതിനാൽ എല്ലാവർക്കും എത്തിച്ചേരാൻ പറ്റും. രണ്ടാമത്തെ സഹോദരൻ ബോംബെയിൽ ബിസിനസ്സ് ചെയ്യുകയാണ്. അവസാനം എത്തിയത് അദ്ദേഹവും കുടുംബവുമാണ്. മൂന്നാമത്തെ ആൾ ഏറ്റവും മൂത്ത ആളെപ്പോലെ ഡോക്ടറാണ്. മൂത്ത ആൾ എം.ഡി.യാണെങ്കിൽ ഇദ്ദേഹം എം.എസ്.ആണെന്നേ വ്യത്യാസമുള്ളൂ. നാലാമത്തെ ആൾ മാത്രം അല്പം മോശക്കാരനാണ്. വെല്ലിംഗ്ടൺ ഐലന്റിൽ ഒരു എക്സ്പോർട്ട് ഹൗസിൽ ക്ലാർക്കാണ്. കുടുംബത്തിന്റെ മാനം നശിപ്പിച്ച അയാളെപ്പറ്റി മറ്റുള്ളവർ ആരും പരാമർശിക്കാറില്ല. കുത്തിച്ചോദിച്ചാൽ ഇന്ന കമ്പിനിയിലാണെന്നു മാത്രം പറയും. അയാളുടെ ഭാര്യയും ഒരു സാധു സ്ത്രീയാണ്. അവർക്കു രണ്ടുപേർക്കും അവരുടെ ഒരേയൊരു മകനും ഈ ഗെറ്റുടുഗതർ പാർട്ടിക്ക് വരാൻ താൽപര്യമുണ്ടാവാറില്ല. പക്ഷേ എല്ലാവരേയും ഒന്നിച്ചു കാണാൻ പറ്റുന്ന ഒരേ അവസരമാണ്. മാത്രമല്ല പോയില്ലെങ്കിൽ തന്റെ അഭാവംകൊണ്ട് അയാൾ ശ്രദ്ധിക്കപ്പെടുകയും ചെയ്യും. അതുകൊണ്ട് താൽപര്യമില്ലെങ്കിലും അവർ വരുന്നു, ഒരു മൂക്കിൽ ഒതുങ്ങിക്കഴിയുന്നു.

അഞ്ചാമത്തെ ആൾ ഒരു ആർക്കിടെക്റ്റാണ്. സ്വന്തം ബിസിനസ്സാണ്. എം.ജി.റോഡിൽ രണ്ടായിരം സ്ക്വയർ ഫീറ്റ് ഏരിയയുള്ള ഒരു ഓഫീസുണ്ട്. മൂന്ന് എഞ്ചിനീയർമാരടക്കം ഏഴു ജോലിക്കാരുണ്ട്. ആറാമത്തെ ആൾ എച്ച്.എം.ടി.യിൽ സീനിയർ എഞ്ചിനീയറാണ്. ഏഴാമത്തെ ആൾ അഡ്വക്കേറ്റാണ്. വളരെ തിരക്കുള്ള അഡ്വക്കേറ്റ്.

ഒരു വലിയ കേക്ക് സ്വീകരണ മുറിയിലേക്ക് കൊണ്ടുവന്നു. ഒരു ഇരുനിലകെട്ടിടത്തിന്റെ ആകൃതിയിലുണ്ടാക്കിയ കേക്ക്. എം.വി. ദേവൻ ഉണ്ടാക്കിയ മനോഹരമായ വീടുകളിലൊന്നിനെ അനുസ്മരിപ്പിക്കും.

ചുറ്റും പുൽത്തകിടികൾ, പൂച്ചെടികളുള്ള തോട്ടം, മുമ്പിൽത്തന്നെ രണ്ടു കാറുകൾ.

ഇത് കുട്ടികൾക്ക് വേണ്ടിയാണ്. അവർക്കും എന്തെങ്കിലും എൻജോയ്മെന്റ് വേണ്ടെ?

മൂത്ത ജ്യേഷ്ഠൻ പറഞ്ഞു.

കഴിഞ്ഞ കൊല്ലം ഒരു പടുകൂറ്റൻ വിമാനമായിരുന്നു കേക്ക്. ചുരുങ്ങിയത് അഞ്ചുകിലോ ഉണ്ടാവും.

കേക്കുവീടിന്റെ ടെറസ്സിൽ അഞ്ചു വലിയ മെഴുകുതിരികളും എട്ടു ചെറിയ മെഴുകുതിരികളും ഉറപ്പിച്ചു വെച്ചിട്ടുണ്ട്. അമ്പത്തെട്ടു വർഷങ്ങളെ കാണിക്കാൻ. അമ്പത്തെട്ടു വിജയകരമായ വർഷങ്ങൾ.

ആന്റിക്ക് അങ്കിളിന്റെ വയസ്സ് ശരിക്കറിയില്ല. അയാൾ അനിയന്മാരു ടെ കുട്ടികളോട് തമാശ പറഞ്ഞു. കണ്ടില്ലേ എത്ര കാന്റിൽസാണ് കുത്തിനിർത്തിയിരിക്കുന്നത്? വലിയ അഞ്ചു കാന്റിൽസ് മാത്രമേ ആവശ്യമുള്ളൂ.

എല്ലാവരും ചിരിച്ചു.

മെഴുകുതിരികൾ കൊളുത്തപ്പെട്ടു. മൂത്ത ജ്യേഷ്ഠൻ ഒറ്റ ഊത്തിന് എല്ലാ മെഴുകുതിരികളും കെടുത്തിയപ്പോൾ എല്ലാവരും കയ്യടിച്ചു. പിടിയിൽ ചുവ ന്ന റിബ്ബൺകെട്ടി അലങ്കരിച്ച വിദേശ നിർമ്മിതമായ കത്തികൊണ്ട് അദ്ദേഹം ആ കേക്ക് മുറിച്ചു. കേക്ക് കഷണങ്ങളായി മുറിക്കേണ്ട ഭാരം രണ്ടാം സഹോദരന്റെ ഭാര്യ ഏറ്റെടുത്തു.

നാലാമത്തെ സഹോദരന്റെ മകൻ അരുൺ ഒന്നിലും ചേരാതെ ഒരു ഭാഗത്തിരുന്ന് കയ്യിൽ കിട്ടിയ ഒരു വീഡിയോ ഗെയിം കളിക്കുകയായിരുന്നു. മകന്റെ ഇരുപ്പ് കണ്ടപ്പോൾ അയാൾക്കു വിഷമം തോന്നി. അയാൾ പതുക്കെ മോന്റെ അടുത്തുചെന്നു പറഞ്ഞു.

മോനെ നീ അങ്ങോട്ട് ചെല്ല്. അല്ലെങ്കിൽ കേക്ക് കിട്ടിയില്ലാന്നു വരും.

സാരല്ല്യ.

അവൻ പറഞ്ഞു. കഴിഞ്ഞ കൊല്ലത്തെ ഗെറ്റ്ടുഗതറിന്റെ സമയത്തുണ്ടായ ഒരു സംഭവം അവനെ വിഷമിപ്പിച്ചിരുന്നു.

ബോംബെ മാമ അവനെ കണ്ടപ്പോൾ അവനെ ആകെയൊന്ന് ഉഴിഞ്ഞുനോക്കി. മറ്റുകുട്ടികളുമായി നോക്കുമ്പോൾ അവന്റെ വസ്ത്രം തീരെ പഴഞ്ചനായിരുന്നു. അയാൾ ചോദിച്ചു.

നീ ഏതു ക്ലാസിലാണിപ്പോൾ?

പ്രീഡിഗ്രി. അവൻ മറുപടി പറഞ്ഞു.

ഏതു ഗ്രൂപ്പാണെടുത്തിരിക്കുന്നത്?

ഫോർത്ത് ഗ്രൂപ്പ്.

ബീകോം പാസ്സായി, പറ്റുമെങ്കിൽ എം. കോമിനുപോയി വല്ല ബാങ്കിലും കയറണമെന്നാണവന്.

ഫോർത്ത് ഗ്രൂപ്പൊക്കെ എടുത്തിട്ട് എന്താകാനാ? അയാൾ ചോദിച്ചു. പിന്നെ ഒരു ചോദ്യവും.

നീ അച്ഛനെപ്പോലെ ബീഡിവലിയൊക്കെ തുടങ്ങിയോ?

മറുപടിയൊന്നും പ്രതീക്ഷിക്കാതെ അയാൾ എല്ലാവരോടുമായി തുടർന്നു.

ബാബുവിന് സിഗരറ്റ് വലിക്കേണ്ടി വരും ന്നാ പറഞ്ഞത്. ഈ ഡെഡ് ബോഡിയൊക്കെ കീറിമുറിക്കലല്ലെ. ഈ

മാസം മുതൽ നൂറുറുപ്പിക അധികം അയച്ചു കൊടുക്കണമെന്നാണ് പറയുന്നത്; സിഗരറ്റ് വാങ്ങാൻ....

സ്വയം ചെറുതാവുന്ന അനുഭവം തീരെ സഹിക്കാൻ പറ്റാത്തതാണ്. ഒപ്പം മുമ്പിലു ള്ള ആൾ വലുതാവുക കൂടി ചെയ്താൽ. കഴിഞ്ഞ കൊല്ലത്തെ അരുചികരമായ അനുഭവം ഉണ്ടാക്കിയ പോറൽ ഇപ്പോഴും അരുണിന്റെ മനസ്സിൽ ഉണ്ടെന്നു തോന്നുന്നു. അവൻ പറഞ്ഞു.

എനിയ്ക്ക് താൽപര്യല്ല്യച്ഛാ.

അയാൾ പിന്നെ നിർബ്ബന്ധിച്ചില്ല.

ഡിന്നർ മഹത്തായ ഒരു സംഭവമായിരുന്നു. മുറ്റത്ത് പുൽത്തകിടിയിൽ നാലു മേശകളിട്ട് വിരി വിരിച്ച് അതിന്മേലായിരുന്നു വിഭവങ്ങൾ നിരത്തിയിരുന്നത്. ഫൈവ്സ്റ്റാർ ഹോട്ടലിലെ ഗ്രേഡ് വൺ റസ്റ്റോറണ്ടിൽ ഏൽപ്പിച്ചിരിക്കയായിരുന്നു സദ്യ. അപൂർവ്വമായി കിട്ടുന്ന വിഭവങ്ങൾ. കോഴിയിറച്ചി, ആട്ടിറച്ചി, വലിയ ചെമ്മീൻ, ആവോലി ഇവയെല്ലാം കൊണ്ട് പലതരം വിഭവങ്ങൾ. പത്തുപന്ത്രണ്ട് വിഭവങ്ങൾ നിരത്തിയിരിക്കുന്നു. ബുഫെ ഡിന്നർ.

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെയാണ് അളിയൻ പറഞ്ഞത്.

മാലിനിക്ക് ഒരു ചെറിയ ഓപ്പറേഷൻ വേണം.

ഓപ്പറേഷനോ? ആറ് സഹോദരന്മാർ ഒപ്പം ചോദിച്ചു.

അതെ, ചെറിയ ഓപ്പറേഷനാണ്. അപ്പെന്റിസൈറ്റിസ്.

അപ്പെന്റിസൈറ്റിസ് ചെറിയ ഓപ്പറേഷനോ?

മൂത്ത ജ്യേഷ്ഠൻ ഉറക്കെ പറഞ്ഞു.

നല്ല കഥ്യായി. മേജർ ഓപ്പറേഷനാണ്.

ശരിയാണ്. മറ്റു അഞ്ചു സഹോദരന്മാരും ഒരു കോറസ്സായി പറഞ്ഞു. നാലാമത്തെ ആൾ മാത്രം ഒന്നും പറഞ്ഞില്ല. അയാൾ പെങ്ങൾക്കു വന്നു ചേർന്ന ഭാഗ്യക്കേടിൽ വ്യസനിച്ചു. അളിയൻ ബാങ്കിൽ ഓഫീസറാണ്. വലിയ കുഴപ്പമില്ലാതെ പോകുകയാണെങ്കിൽ ഒരു മാതിരി നന്നായി ജീവിക്കാൻ പറ്റും. ഒരു സ്ഥലം വാങ്ങി വീടു പണിയാൻ ശ്രമിച്ചു. കുറെ കടമായിപ്പോയി. അതിനിടയ്ക്കാണ് ഈ ഓപ്പറേഷൻ. കഴിഞ്ഞ ഞായറാഴ്ച അവിടെ പോയപ്പോൾ അളിയൻ ഇതിനെപ്പറ്റിയെല്ലാം പറഞ്ഞതാണ്.

ആട്ടെ എവിടെവെച്ചാണ് ഓപ്പറേഷൻ?

ഒരു സഹോദരൻ ചോദിച്ചു.

ഗവർമ്മേണ്ട് ആശുപത്രിയിൽ വെച്ച്.

അളിയൻ പറഞ്ഞു.

എന്ത് ഗവർമ്മേണ്ട് ആശുപത്രിയോ?

അഞ്ചാമത്തെ സഹോദരനാണ് പറഞ്ഞത്.

എല്ലാവരും അയാളെ നോക്കി.

നമ്മൾ ഇത്ര കേമന്മാരായ ഏഴ് ബ്രദേഴ്സ് ഇരിക്കുമ്പോൾ നമ്മടെ അനുജത്തിയെ ഗവർമ്മേണ്ട് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയോ?

ശരിയാണ്. മൂത്ത ജ്യേഷ്ഠൻ പറഞ്ഞു. നമ്മുടെ തറവാട്ടിൽ നടാടെയാണ് ഒരു പെൺകുട്ടിയെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുന്നത്. നമുക്കതു സെലബ്രേറ്റ് ചെയ്യണം.

അതെയതെ സെലബ്രേറ്റ് ചെയ്യ ണം.

രണ്ടാമത്തെ ആളാണ് ബോംബെ സഹോദരൻ. അയാൾ തുടർന്നു.

ഇവിടെ ഏറ്റവും നല്ല ഹോസ്പിറ്റൽ ഏതാണ്? ബോംബെയിലാണെങ്കിൽ ബ്രീച്ച് കാൻഡി ഹോസ്പിറ്റലുണ്ട്. നമ്മുടെ വിനോദിന്റെ ടോൺസിൽസ് അവിടെയാണ് റിമൂവ് ചെയ്തത്. എയർകണ്ടീഷൻ ചെയ്ത മുറിയാണ്. രണ്ടു ദിവസം ഉണ്ടായിരുന്നു. വളരെ റീസണബ്ൾ ചാർജ്. ഏയ്റ്റ് തൗസന്റുമാത്രം.

വെരി റീസണബ്ൾ. അഞ്ചാമത്തെ സഹോദരൻ പറഞ്ഞു.

ശരിയായി. നാലാമത്തെ സഹോദരൻ മനസ്സിൽ കരുതി. ഒരു ടോൺസെൽസ് ഓപ്പറേഷന് എണ്ണായിരം ഉറുപ്പിക. അതുപോലത്തെ ആശുപത്രികൾ ഇവിടെ ഇല്ലാതിരിക്കട്ടെ.

നമുക്ക് മാലിനിയെ നല്ല ഒരു ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യണം.

മൂത്ത ജ്യേഷ്ഠൻ പറഞ്ഞു. നമ്മളൊക്കെയില്ലേ?

ഇവിടെ ഏറ്റവും നല്ല സർജൻ ആരാണ്?

ബോംബെ ജ്യേഷ്ഠൻ ചോദിച്ചു.

പിന്നെ അഭിപ്രായങ്ങളുടെ ഒരു പ്രളയമായിരുന്നു. ഒരു മണിക്കൂർ നേരത്തെ ചർച്ചക്കും നാലു തരം മധുര പലഹാരങ്ങൾക്കും മൂന്നുതരം ഐസ് ക്രീമുകൾക്കും ശേഷം അനുജത്തിയെ കാണിക്കേണ്ട ഡോക്ടർ, അഡ്മിറ്റ് ചെയ്യേണ്ട ആശുപത്രി എന്നിവയെപ്പറ്റി ഒരു അന്തിമതീരുമാനം ഉണ്ടായി. എയർകണ്ടീഷൻഡ് റൂം എടുക്കണമെന്നും തീരുമാനിച്ചു.

ഇത്രയധികം പണം ചെലവാക്കുന്നതിൽ അളിയന് ആദ്യം എതിർപ്പുണ്ടായിരുന്നു. പക്ഷേ ജ്യേഷ്ഠന്മാർ വിടുമോ? നമ്മൾ നായന്മാരാണ്. നായർ തറവാടിൽ പെങ്ങളാണ് വലുത്. മനസ്സിലായില്ലേ? അപ്പോ നമുക്ക് നായർമാഗാനിമിറ്റി കാട്ടണം.

എല്ലാ സഹോദരന്മാരും സമ്മതിച്ചു.
ഭാര്യമാർ മാത്രം അന്യോന്യം നോക്കി മുറുമുറുത്തു. നായർ മാഗ്നാനിമിറ്റിയിൽ അവർക്കു വലിയ ഉത്സാഹമില്ലാത്ത പോലെ തോന്നി. വർദ്ധിച്ച ചെലവുകളെപ്പറ്റി അവർ പറഞ്ഞുതുടങ്ങി.
ദിലീപിന് മണിപ്പാലില് മെഡിസിന് അഡ്മിഷൻ കിട്ടാൻ രണ്ടുലക്ഷം വേണം. കയ്യിലാകെ ഒന്നേ കാൽ ലക്ഷേള്ളൂ. എഴുപത്തഞ്ചിന് ഇനി എവിടെപ്പോണംന്നറിയില്ല്യ.
മോൾടെ കല്ല്യാണം അടുത്ത മെയ്ല്ണ്ടാവുന്ന് തീർച്ച്യാണ്. നാലു ലക്ഷെങ്കിലും ചെലവു വരും. എവിടുന്നുണ്ടാക്കാനാണ്...
നാലാമത്തെ സഹോദരനും ഭാര്യയും എല്ലാം കേട്ടു. എല്ലാം കണ്ടു. അവർ അഭിപ്രായമൊന്നും പറഞ്ഞില്ല. അഭിപ്രായമില്ലാഞ്ഞിട്ടല്ല. അവരുടെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര കനമുണ്ടാവില്ലെന്നവർക്കറിയാം. അവർ മുറ്റത്തിനരുകിൽ ആൾക്കൂ ട്ടത്തിന്നകലെ കൊണ്ടു പോയി ഇട്ട കസേരകളിൽ പോയിരുന്നു. തൽക്കാലം ഒരു പ്രശ്നമുണ്ടായിരിക്കയാണ്. മറ്റു സഹോദരന്മാരെല്ലാം കയ്യഴിച്ച് ചെലവും ചെയ്യും, പെങ്ങളുടെ ഓപ്പറേഷനു വേണ്ടി. അപ്പോൾ തങ്ങളും എന്തെങ്കിലും കൊടുക്കേണ്ടേ? സർക്കാർ ആശുപത്രിയിലാണെങ്കിൽ അളിയന് ഒറ്റയ്ക്കു തന്നെ താങ്ങാവുന്ന ചെലവേ വരു.
നമുക്ക് കുറച്ചു പണം കരുതാം. ആവശ്യമായി വന്നാൽ മാത്രം കൊടുത്താൽ മതി. ഭാര്യ പറഞ്ഞു.
അവരെല്ലാം പണമുള്ള പാർട്ടികളാണ്. നമുക്ക് ഒരു ആയിരം ഉറുപ്പികയുണ്ടാക്കണമെങ്കിൽ വള പണയം വെക്ക്യന്നെ വേണ്ടിവരും.
ഓപ്പറേഷന്റെ തലേന്ന് അയാൾ ഭാര്യയുടെ വള പണയംവെച്ച് ആയിരം ഉറുപ്പിക കയ്യിൽ കരുതി.
അളിയൻ ആയിരം ഉറുപ്പിക കരുതിയിരുന്നു. ആ സംഖ്യ മുഴുവൻ ആശുപത്രിയിൽ അഡ്വാൻസായി കൊടുക്കേണ്ടിവന്നു.
ഓപ്പറേഷൻ 'സെലിബ്രേറ്റ്' ചെയ്യാൻ എല്ലാ സഹോദരന്മാരും എത്തിയിരുന്നു. അവർ ഓപ്പറേഷൻ കഴിയുന്നതു വരെ ആശുപത്രിയുടെ സിറ്റിംഗ് റൂമിൽ ഇരുന്ന് ലക്ഷങ്ങളുടെ കഥകൾ പറഞ്ഞു. എം.എസ്. ഡോക്ടറായ മൂന്നാമത്തെ ജ്യേഷ്ഠനെ ഓപ്പറേഷൻ തിയറ്ററിൽ കടത്തിയിരുന്നു. വെറുതെ, സ്വന്തം ആൾ അടുത്തുണ്ടാവുന്നത് പെങ്ങൾക്ക് ഒരു ധൈര്യമാവുമല്ലോ. അളിയന് സമാധാനമായി. കേമന്മാരായ അളിയന്മാരുണ്ടായാൽ കാര്യങ്ങൾ അതിന്റെ മുറയ്ക്ക് നടന്നുകൊള്ളും. ആങ്ങളമാർ ഉച്ചയ്ക്കുള്ള കുറച്ചു സമയം മാത്രം അവരവരുടെ വീടുകളിലേക്ക് പോയി. വീണ്ടും നാലുമണിയോടെ തിരിച്ചുവന്നു.
ബോധം വന്നപ്പോൾ എല്ലാ ജ്യേഷ്ഠന്മാരും കിടക്കയ്ക്കു ചുറ്റുമുണ്ട്. മാലിനിക്കു സന്തോഷമായി. കരുത്തുള്ള ഏഴു ജ്യേഷ്ഠന്മാർ ചുറ്റുമുള്ളപ്പോൾ പെങ്ങൾക്ക് എന്തു പേടിയ്ക്കാൻ.
ഡോക്ടർ വന്ന് രോഗിയെ പരിശോധിച്ചു. ഡോക്ടർമാരായ രണ്ടു ജ്യേഷ്ഠന്മാരുമായി സംസാരിച്ചു.
എവ്‌രിതിംഗ് ഈസ് ഓകേ. നാലു ദിവസത്തിനകം ആശുപത്രി വിടാം.
എയർ കണ്ടിഷൻഡ് മുറി സുഖമായിരുന്നു. അല്ലലില്ല. അലട്ടുമില്ല. ആശുപത്രിയിലാണ് കിടക്കുന്നത് എന്നുതന്നെ തോന്നില്ല. പിറ്റെ ദിവസവും എല്ലാ ജ്യേഷ്ഠന്മാരും എത്തി. അനുജത്തി ഉല്ലാസവതിയാണെന്നു കണ്ട് സംതൃപ്തി യടഞ്ഞു.
രണ്ടാമത്തെ ജ്യേഷ്ഠന് പക്ഷേ പെട്ടെന്ന് ബോംബെയ്ക്ക് മടങ്ങണം. അയാൾ പറഞ്ഞു.
സീറ്റ് കിട്ടുമോ എന്നു നോക്കി. നാളത്തേക്ക് വെയ്റ്റിംഗ് ലിസ്റ്റാണ്. പക്ഷേ കിട്ടാതിരിക്കില്ല. ലീലയും കുട്ടികളും രണ്ടാഴ്ചകൂടി ഇവിടെയുണ്ടാകും. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ലീലയോട് പറഞ്ഞാൽ മതി.
നാലാം ദിവസം മൂത്ത ജ്യേഷ്ഠന് പുറത്തെവിടെയോ പോകേണ്ടതു കൊണ്ട് വരാൻ പറ്റിയില്ല. മൂന്നാമത്തെ ജ്യേഷ്ഠന് ഓപ്പറേഷൻ ദിവസമായിരുന്നു. അഞ്ചാമത്തേയും ആറാമത്തേയും സഹോദരന്മാർ കൊടൈക്കനാൽ കാണാൻ കുടുംബസമേതം പോയിരിക്കയാണ്. എന്നാണ് തിരിച്ചുവരുന്നതെന്നറിയില്ല. ഏഴാമത്തെ ആളുടെ വിവരമൊന്നുമില്ല.
നാലാമത്തെ സഹോദരൻ മാത്രം ഓഫീസ് വിട്ട് വൈകുന്നേരം അഞ്ചര മണിക്ക് എത്തി. അദ്ദേഹം വളരെ പരിതാപ കരമായ ഒരു ദൃശ്യമാണ് കണ്ടത്. അളിയൻ അങ്ങോട്ടുമിങ്ങോട്ടും നെട്ടോട്ടമോടുന്നു.
അവര് ഡിസ്ചാർജ് ചെയ്ത് കൊണ്ടുപൊയ്ക്കൊള്ളാൻ പറഞ്ഞു. മാലിനി പറഞ്ഞു. അവൾ കരയുകയായി രുന്നെന്നു തോന്നുന്നു. കണ്ണുകൾ കലങ്ങിയിട്ടുണ്ട്.
ഏട്ടന്മാരെ ആരേം കാണാനില്ല. ബില്ലാണെങ്കില് വളരെയധികം വന്നിട്ടുണ്ട്. ഇന്ന് ഡിസ്ചാർജ് ചെയ്തില്ലെങ്കില് വേറൊരു അഞ്ഞൂററുറുപ്പിക കൂടി കൂടുംന്നാ പറഞ്ഞത്.
ഇപ്പൊ എത്ര്യായി ബില്ല്?
നാലായിരത്തിൽ ചില്ല്വാനം ആയിട്ട്ണ്ട്ത്രെ. ചേട്ടന്റെ കയ്യിലാണെങ്കില് പത്തഞ്ഞൂററുറുപ്പികയേ ഉള്ളൂ. ഇപ്പൊ ഒക്കെക്കഴിഞ്ഞ് എന്നെ ചീത്ത പറ്യാണ്. സർക്കാർ ആശുപത്രീലായിരുന്നെങ്കിൽ ഒരു ആയിരത്തഞ്ഞൂറിന് എല്ലാം നടന്നുകിട്ടിയേനെ. ഏട്ടന്മാർ പറഞ്ഞിട്ടേ ഈ ആശുപത്രീല് അഡ്മിറ്റ് ചെയ്തതും എയർകണ്ടീഷൻഡ്റൂം എടുത്ത തും ഒക്കെ.
അയാൾ അളിയനെ തേടി നടന്നു. അളിയൻ ഓഫീസിനു മുമ്പിൽ വിഷണ്ണനായി നിൽക്കുകയാണ്.
എന്റെ കയ്യിൽ ആയിരം ഉറുപ്പികയുണ്ട്. അയാൾ അളിയനോടു പറഞ്ഞു. ബാക്കിക്ക് എന്താ ചെയ്യാ?

അതാ ഞാൻ ആലോചിക്കണത്. ഈ വൈകിയ സമയത്ത്. നാളെയാണെങ്കിൽ വല്ല പണ്ടം പണയം വെച്ചെങ്കിലും സംഖ്യ ഒപ്പിക്കാമായിരുന്നു.

ഈ ആയിരം വള പണയം വെച്ച് കിട്ടീതാ... ഇനി വേണമെങ്കിൽ വേറെ മാലയും പണയംവെച്ചാ കുറച്ചു കൂടിണ്ടാക്കാം.

വേണ്ട. അളിയൻ പറഞ്ഞു. ഇനി നാളെയല്ലേ എന്തായാലും പറ്റൂ. മാലിനിയുടെ വല്ല പണ്ടങ്ങളും പണയം വെക്കാം. ഏതായാലും കയ്യിലുള്ള ആയിരം തരൂ.

ഉറങ്ങാൻ കിടക്കുമ്പോൾ നായർ മാഗ്നാനിമിറ്റിയെപ്പറ്റി നാലാം സഹോദരൻ ഭാര്യയോടു പറഞ്ഞപ്പോൾ അവൾ കുറെ നേരം ചിരിച്ചു. ഒടുവിൽ പറയുകയും ചെയ്തു.

വിജയത്തിന്റെ രഹസ്യമെന്താണെന്നറിയുമോ? എപ്പോൾ മുന്നേറണം, എപ്പോൾ പിന്മാറണം എന്നതറിയുക. നമുക്കറിയാത്ത കാര്യവും അതു തന്നെ. നമ്മൾ വിജയിക്കാത്തതിന്റെ കാരണം ഇനിയെങ്കിലും മനസ്സിലായില്ലേ.

അവൾ വീണ്ടും ചിരിക്കാൻ തുടങ്ങി. ഒരു കറയുമില്ലാത്ത ഹൃദയം തുറന്ന ചിരി.

back to index

# അപാരസാദ്ധ്യതകളുള്ള ഒരു യന്ത്രം

**വാ**ക്വംക്ലീനർ മെഷീന്റെ അപാരസാദ്ധ്യതകളെപ്പറ്റിയായിരുന്നു റീജ്യനൽ മാനേജർ സംസാരിച്ചിരുന്നത്. എയർ കണ്ടീഷൻ ചെയ്ത കോൺഫറൻസ് ഹാൾ ഹോട്ടലിന്റെ രണ്ടാം നിലയിലാണ്. സ്റ്റേജിനു താഴെ ഇട്ട മേശക്കു മുമ്പിൽനിന്ന് മാനേജർ ഉത്തരേന്ത്യൻ ചുവയുള്ള ഇംഗ്ലീഷിൽ സംസാരിച്ചു. സാധാരണ വാക്വം ക്ലീനറുകളും നമ്മുടെ വാക്വം ക്ലീനറും തമ്മിലുള്ള വ്യത്യാസങ്ങൾ വിവരിക്കുകയാണയാൾ. അയാളുടെ വലതു വശത്ത് ചുമരരുകിലിട്ട മേശമേൽ തിളങ്ങുന്ന, വർണ്ണശബളമായ ഉപകരണം വെച്ചിരുന്നു. മാനേജർ ഓരോ സവിശേഷതകളെപ്പറ്റി പറയുമ്പോഴും ഡെമോൺസ്ട്രേറ്റർ ഉപകരണത്തിൽ തൊട്ടോ, അതു പ്രവർത്തിപ്പിച്ചോ അവർക്കു കാണിച്ചു കൊടുക്കും. ഡെമോൺസ്ട്രേറ്റർ പകുതി കഷണ്ടി കയറിയ ഒരു മദ്ധ്യവയസ്കനായിരുന്നു. വെളുത്ത പാന്റും നീല ഷർട്ടും അതേ നിറത്തിൽത്തന്നെ യുള്ള ഒരു ടൈയും ആണ് വേഷം. വില പിടിച്ച സൂട്ടും, റെയ്ബൺ ഗ്ലാസും ഇട്ട മാനേജർ അയാൾക്ക് കുറച്ച് അപകർഷതാബോധമുണ്ടാക്കുന്നുണ്ടെന്ന് വേണുവിന് തോന്നി. ഉയരം കുറഞ്ഞതുകൊണ്ടാവണം അയാൾ ഹീലുള്ള ഷൂസാണിട്ടിരുന്നത്. നടക്കുമ്പോൾ സ്പ്രിംഗിൽ നടക്കുന്നപോലെ ഉയരാനും അയാൾ ശ്രമിച്ചു.

ഇതൊന്ന് കഴിഞ്ഞാൽ താഴെ പോയി ലഞ്ചു കഴിക്കാമായിരുന്നു. ആരോ പിന്നിൽ നിന്ന് പിറുപിറുത്തു. വേണു നോക്കി. എല്ലാവരുടെയും മുഖത്ത് വിരസത.

ലഞ്ചുണ്ടോ? വേറൊരാൾ ചോദിച്ചു.

പിന്നല്ലാതെ. അതാണ് പ്രധാനപ്പെട്ട കാര്യം. ഈ ട്രെയിനിംഗ് ക്ലാസ്സൊക്കെ വെറും ഫാഴ്സാണ്. ബുഫെ ലഞ്ചാണ് അറേയ്ഞ്ച് ചെയ്തിരിക്കുന്നത്.

ബുഫെ ലഞ്ച്?

അതെയതെ. നല്ലവണ്ണം തട്ടിക്കോ. അമ്പതുറുപ്പികയാണ് ലഞ്ചിന്. കമ്പനി തരുമ്പോൾ മാത്രെ ഇതൊക്കെ പറ്റൂ.

എല്ലാം പുതിയ ജോലിക്കാർ. ട്രെയ്നി സേൽസ്മാൻമാർ. ഇരുപത്തഞ്ചു വയസ്സിനു താഴെ പ്രായമുള്ള സുമുഖരായ ചെറുപ്പക്കാർ. ഏറ്റവും നല്ല ഷർട്ടും പാന്റും ടൈയും ധരിച്ചാണ് വന്നിരിക്കുന്നത്. കത്തിൽ ആ കാര്യം പ്രത്യേകം പറഞ്ഞിരുന്നു. നിങ്ങൾ വിൽക്കാൻ പോകുന്നത് വൃത്തിയാക്കുന്ന മെഷീനാണ്. നിങ്ങളുടെ ക്ലൈയന്റേയ്ൽ അപ്പർ ക്ലാസ്സാണ്. മാസം അയ്യായിരത്തിൽ മീതെ വരവുള്ളവർ. ടോപ്പ് എക്സിക്യൂട്ടീവ്സ്, ബിസിനസ്സുകാർ തുടങ്ങിയവർ. അവരുടെ വീട്ടിലേക്കാണ് നിങ്ങൾ ഡെമോൺസ്ട്രേഷന് പോകുന്നത്. യുവർ പേഴ്സണൽ അപ്പിയറൻസ് മാറ്റേഴ്സ്.

പരസ്യങ്ങൾ വന്നു തുടങ്ങിയിരുന്നു. പത്രങ്ങളിൽ, വാരികകളിൽ, ടി.വി.യിൽ ടൈകെട്ടി ചിരിക്കുന്ന മുഖവുമായി ഒരു ചെറുപ്പക്കാരൻ സെയിൽസ്മാൻ സിറ്റിംഗ് റൂമിലിരുന്ന് തന്റെ പെട്ടി തുറക്കുന്നു. മുമ്പിൽ ഗൃഹനാഥനും കുടുംബവും സോഫയിൽ പ്രതീക്ഷാനിർഭരമായ മുഖത്തോടെ, സെയിൽസ്മാൻ വാക്വം ക്ലീനർ പുറത്തെടുക്കുന്നതും കാത്തിരിക്കുന്നു. ചുവട്ടിൽ വലുതായി എഴുതിയിരിക്കുന്നു. അടുത്തൊരു ദിവസം ഞങ്ങളുടെ ചെറുപ്പക്കാരായ സെയിൽസ്മാൻമാരിൽ ഒരാൾ നിങ്ങളുടെ വീട്ടിൽ വരും. ഞങ്ങളുടെ പുതിയ വാക്വം ക്ലീനർ എന്ന അത്ഭുതയന്ത്രം നിങ്ങൾക്ക് പ്രവർത്തിപ്പിച്ച് കാണിച്ചുതരും.......

കമ്പനി അമ്പതു ലക്ഷം ഉറുപ്പികയാണ് പരസ്യത്തിനു ചെലവാക്കുന്നത്. മാനേജർ പറഞ്ഞു. കമ്പനി കൂടുതൽ പണം പരസ്യങ്ങൾക്കു ചെലവാക്കുംതോറും സെയിൽസ്മാന്റെ ജോലി എളുപ്പമാവുന്നു.

ലഞ്ചു നന്നായിരുന്നു എന്നു പറയുന്നത് കാര്യങ്ങൾ വളരെ ലഘൂകരിക്കലാണ്. അമ്പതുറുപ്പികക്ക് ഇത്രയധികം സാധനങ്ങൾ തിന്നാൻ കിട്ടുക അത്ഭുതം തന്നെ. മൂന്നു വരിയായി ഇട്ട നീളൻ മേശകളിൽ വെള്ളവിരി. ഒരു വരി മേശമേൽ വെജിറ്റേറിയൻ വിഭവങ്ങൾ. ഒരു വരി മേശമേൽ നോൺ വെജിറ്റേറിയൻ വിഭവങ്ങൾ. ഇനിയും ഒരു വരി മേശമേൽ മധുര പലഹാരങ്ങൾ, പാനീയങ്ങൾ, ഐസ്ക്രീമുകൾ.

പ്ലേറ്റുമെടുത്ത് വിഭവങ്ങൾക്കു മുമ്പിലൂടെ നടന്നുനീങ്ങുമ്പോൾ ആരോ പിന്നിൽ നിന്ന് പറഞ്ഞു.

മനുഷ്യാ കിട്ടുന്ന അവസരം പാഴാക്കാതെ കുറച്ചുകൂടി എടുക്ക്. വേണു ഒരു കട്‌ലറ്റ് കൂടി പ്ലെയിറ്റിലിട്ട് ഒരു മേശയ്ക്കു മുമ്പിൽ പോയി ഇരുന്നു. പിന്നാലെ അയാളും എത്തി.

ഡെസ്സർട്ടിന്റെ ഭാഗത്ത് പിന്നെ പോവാം. അയാൾ പറഞ്ഞു.

നമുക്ക് പരിചയപ്പെടാം. എന്റെ പേർ ജോൺമാത്യു. നിങ്ങൾ?

വേണു.

അപ്പോൾ വേണു, ഇതെല്ലാം നമുക്ക് തരുന്ന മൾട്ടിനാഷണൽ കമ്പനിയെ മനസ്സിൽ സ്തുതിച്ചു കൊണ്ട് നമുക്ക് തുടങ്ങാം.

ഒരു പരിഭ്രമവുമില്ല. വേവലാതിയുമില്ല. വേണുവിന്റെ പ്രശ്നം മറ്റൊന്നായിരുന്നു. കുറച്ചു നേരമായി അതയാളെ അലട്ടാൻ തുടങ്ങിയിരിക്കുന്നു. ഇതെല്ലാം ശരിയാണോ? ജീവിതകാലം മുഴുവൻ അയാളെ

അലട്ടിക്കൊണ്ടിരുന്ന പ്രശ്നമാണിത്. ശരി തെറ്റുകളെപ്പറ്റി നിരതമായ ഒരു വിചിന്തനം. സെയ്ൽസ്മാന്റെ വേക്കൻസിക്ക് അപേക്ഷിച്ചപ്പോൾ ഇത്രയൊന്നും കരുതിയില്ല. ഇന്റർവ്യൂ തന്നെ ഫൈവ്സ്റ്റാർ ഹോട്ടലിലെ സ്വീറ്റിൽ വെച്ചായിരുന്നു. ഹോട്ടൽ റിസപ്ഷനിസ്റ്റ് തന്റെ പേര് വിളിച്ചു. ചുവപ്പും നീലയും യൂണി ഫോമിട്ട റൂംബോയിയുടെ ഒപ്പം സ്വീറ്റ് നമ്പർ മുന്നൂറ്റിരണ്ടിലെത്തിച്ചു. അകത്തു കടന്നപ്പോൾ പരിഭ്രമത്തേക്കാൾ വേണുവിന് തോന്നിയത് താൻ ആ പരിസരവുമായി പൊരുത്തപ്പെടുന്നില്ലെന്ന ബോധമാണ്. തന്റെ വസ്ത്രധാരണത്തിൽ അപാകതയുണ്ടായിട്ടല്ല. വെള്ളയിൽ നീലവരയുള്ള ഷർട്ടും ടൈയും, പുതിയ സ്റ്റൈലിലുള്ള സഞ്ചി പോലെയുള്ള പാന്റ്സും പോളിഷ് ചെയ്ത ഷൂസും പരിസരത്തിനു യോജിച്ചതുതന്നെയായിരുന്നു. യോജിക്കാത്തത് തന്റെ അന്തസ്സത്തയായിരുന്നു. ആഡംബരങ്ങളോടു വിമുഖതയുള്ള മനസ്സായിരുന്നു.

ചുമർതൊട്ട് ചമർവരെ കാൽ പുതഞ്ഞുപോകുന്ന കാർപ്പെറ്റ്. കട്ടിയുള്ള കർട്ടനുകൾ, വെൽവെറ്റ് ലൈനിംഗുള്ള സോഫ, വാൾപേപ്പർ. വാതിലിന്നപ്പുറത്ത് കിടപ്പറയുടെ ഭാഗം കാണാം.

ഇന്റർവ്യൂ കഴിഞ്ഞപ്പോഴും ജോലി കിട്ടുമെന്ന ഉറപ്പുണ്ടായിരുന്നില്ല.

ഹോട്ടലിലെ സ്വീറ്റിന് അറുന്നൂറു റുപ്പികയാണ് ദിവസവാടക എന്നു കേട്ടപ്പോൾ വല്ലാത്ത വിഷമം തോന്നി. ഒരു പാവപ്പെട്ടവന് ഒരു മാസം സുഖമായി കഴിയാനുള്ള സംഖ്യയാണത്. പലപ്പോഴും അയാളുടെ മാസവരവ് ഇതിലും വളരെ കുറവായിരിക്കും.

ജോൺമാത്യു പ്ലേയ്റ്റ് കാലിയാക്കി. അയാൾ പറയുന്നു.

ഇതൊന്നും അത്ര നല്ല ചിന്തകളല്ല. പ്രത്യേകിച്ചും മധുരപലഹാരങ്ങൾ നിരത്തിവെച്ച മേശ നമ്മെ മാടിവിളിക്കുമ്പോൾ. വരൂ നമുക്ക് ഡെസ്സർട്ടിന്റെ മേശ പരിശോധിക്കാം.

മേശമേൽനിന്ന് ചിത്രപ്പണികളുള്ള വെളുത്ത പിഞ്ഞാണമെടുത്ത് വേണു ജോൺമാത്യുവിന്റെ പിന്നിൽ നിന്നു. പിഞ്ഞാണത്തിന് ആവികൊള്ളിച്ച ചൂട് അപ്പോഴുമുണ്ടായിരുന്നു. ജോൺ മാത്യുവിന്റെ പിഞ്ഞാണം പലഹാരങ്ങൾ കൊണ്ട് നിറഞ്ഞു.

തിരിച്ച് മേശയ്ക്കു മുമ്പിൽ വന്നിരുന്നപ്പോൾ ജോൺമാത്യു പറഞ്ഞു.

താങ്ക് യുവർ സ്റ്റാർസ്, മാൻ. ഈ ജോലി കിട്ടിയതിന്. രണ്ടായിരം രൂപ ശമ്പളം. ഒന്നര ശതമാനം കമ്മീഷൻ, സെയിൽസിൽ. പിന്നെ യാത്രക്ക് ബൈക്ക് കിട്ടും. നമ്മൾ ചെയ്യേണ്ടത് അവരുടെ വാക്വംക്ലീനർ വിൽക്കുക മാത്രം. എത്ര മനോഹരം.

വേണുവിന് ജോൺമാത്യുവിനെ പെട്ടെന്ന് ഇഷ്ടമായി. മുഖംമൂടിയില്ലാത്ത സംസാരം. താൻ വിചാരിക്കുന്നത് ശരിയാണെന്ന ഉറപ്പ്. നല്ല ഭക്ഷണം, സുഖകരമായ ജീവിതം. ഇതിനപ്പുറത്ത് എന്തെങ്കിലുമുണ്ടോ എന്നയാൾ നോക്കിയിരുന്നില്ല. ഈ മനുഷ്യനെ അല്പം ബോധവൽക്കരിക്കേണ്ടത് ആവശ്യമാണെന്ന് വേണുവിന് തോന്നി. അയാൾ പറഞ്ഞു.

ഞാൻ നിങ്ങളുടെ ഉത്സാഹം കെടുത്തുകയല്ല. പക്ഷേ ഈ യന്ത്രമില്ലേ, നമ്മൾ വിൽക്കുന്ന വാക്വംക്ലീനർ. അത് അനാവശ്യമായ ഒരു വസ്തുവാണെന്ന് എപ്പോഴെങ്കിലും ഓർത്തിട്ടുണ്ടോ?

ജോൺമാത്യു ഐസ്ക്രീം തീറ്റ നിർത്തി. അയാളെ സംബന്ധിച്ചിടത്തോളം അത് വലിയൊരു ത്യാഗമായിരുന്നു. പക്ഷേ വഴിപിഴച്ചുപോകുന്ന തന്റെ സഹപ്രവർത്തകനു വേണ്ടി ആ ത്യാഗം ചെയ്യാൻ അയാൾ സന്നദ്ധനായി.

എന്താണ് താൻ പറഞ്ഞത്?

ഈ വാക്വം ക്ലീനർ ഇല്ലേ? നമ്മുടെ രാജ്യത്തെ സാമ്പത്തികനിലയിൽ ഒരനാവശ്യ വസ്തുവാണ്. ഇവിടെ ചൂല് തന്നെ ധാരാളമാണ്.

കേൾക്കാൻ പാടില്ലാത്ത എന്തോ കേൾക്കുന്നപോലെ ജോൺമാത്യു സ്തംഭിച്ചിരുന്നു.

വാക്വം ക്ലീനറില്ലാത്ത ഒരു ജീവിതം എനിക്ക് ആലോചിക്കാൻകൂടി വയ്യാതായിരിക്കുന്നു. എനിക്ക് ഇരുപത്തഞ്ചു വയസ്സായി. ഒരു മൂന്നുകൊല്ലത്തിനകം കല്ല്യാണം കഴിക്കണം. സ്ത്രീധനമായി ഞാൻ ചോദിക്കാൻ പോകുന്നത് ഒരു വാക്വം ക്ലീനറാണ്. അതും നമ്മുടെ ബ്രാന്റുതന്നെ വേണം താനും.

ജോൺമാത്യു തമാശയായിരിക്കും പറയുന്നത്. പക്ഷേ അയാളുടെ മനസ്സിലിരിപ്പ് ഏറെക്കുറെ അതുതന്നെയാണെന്നു വ്യക്തം.

ഒരു കാര്യം ജോൺ ഓർത്തിട്ടുണ്ടോ? വേണു ചോദിച്ചു. അയ്യായിരവും ആറായിരവും ശമ്പളം കിട്ടുന്നവർ അവരുടെ വീട്ടു ജോലിക്കാരിക്ക് എന്ത് ശമ്പളം കൊടുക്കുന്നുണ്ടെന്നറിയാമോ? അടിച്ചുവാരിത്തുടയ്ക്കൽ, അത് മൂന്ന് മുതൽ എട്ടോ പത്തോ മുറിവരെയുണ്ടാവും. എച്ചിൽ പാത്രം കഴുകൽ, ഒരു കുന്നു വസ്ത്രങ്ങൾ തിരുമ്പിയെടുക്കൽ, പോരാത്തതിന് പലപ്പോഴും അടുക്കളയിൽ സഹായിക്കാനും രണ്ടോ മൂന്നോ മണിക്കൂർ കഠിനാദ്ധ്വാനം. ഇതിന് ആ ജോലിക്കാരിക്ക് എന്തു കൊടുക്കുന്നുവെന്നാണ് ജോൺ കരുതുന്നത്? മാസം എൺതുറുപ്പിക അല്ലെങ്കിൽ നൂററുറുപ്പിക. അതുതന്നെ അധികമാണെന്ന പരാതിയും. സ്വന്തം ഭർത്താവിന് അയ്യായിരവും വീട്ടുവാടകയും മറ്റ് നൂറായിരം ആനുകൂല്യങ്ങളും കിട്ടിയാലും മതിയാവില്ല. സ്വന്തം ജോലിക്കാരിക്ക് എൺപതുറുപ്പിക കൊടുക്കുന്നത് അധികമാണ്. സ്ത്രീകൾ പരസ്പരം ജോലിക്കാരികളുടെ ഡിമാൻഡുകളെപ്പറ്റി പറയുന്നത് കേൾക്കാറില്ലേ. നൂററുറുപ്പികയാണ് ശംബളം ചോദിക്കുന്നത് എന്നൊക്കെ.

അവർ ഒരു പാർട്ടിക്കുടുക്കാൻ വേണ്ടി മാത്രം ആയിരം ഉറുപ്പികയുടെ സാരി ഒരു തൂവാല വാങ്ങുന്ന ലാഘവത്തോടെ വാങ്ങുന്നു.

ഒരു രാഷ്ട്രീയക്കാരനും ഇവർക്കു വേണ്ടി വാദിക്കില്ല. കാരണം അവർക്കും വീട്ടിൽ ജോലിക്ക് അറുപതുറുപ്പികക്ക് ജോലിക്കാരിയെ വേണം.

വേണുവിന്റെ പ്ലേയ്റ്റിലെ ഐസ്ക്രീം ഉരുകിക്കഴിഞ്ഞു. ജോൺ തന്റേത് ഉരുകാൻ ഇടവരുത്തുന്നതിനു മുമ്പുതന്നെ അകത്താക്കിയിരുന്നു. ത്യാഗത്തിനും ഒരു പരിധിയൊക്കെയുണ്ട്. അദ്ദേഹം ഒരു പ്ലെയ്റ്റ് ഐസ്ക്രീം കൂടി എടുക്കാനായി എഴുന്നേറ്റു.

ഈ ത്രീ ഇൻ വൺ ഐസ്ക്രീമില്ലേ എന്റെ വീക്ക്നെസ് ആണ്. അയാൾ ക്ഷമാപണത്തോടെ പറഞ്ഞു. മറ്റേത് ഐസ്ക്രീമും എന്റെ വീക്ക്നെസ്സു തന്നെ.

ജോൺമാത്യു ഐസ്ക്രീമുമായി തിരിച്ചെത്തിയപ്പോൾ വേണു പറഞ്ഞു.

ഞാൻ പറഞ്ഞുവരുന്നത് എന്തെന്നാൽ നിങ്ങളുടെ ഈ വാക്വം ക്ലീനറില്ലേ അത് ഈ ജോലിക്കാരികളുടെ ഉള്ള വരുമാനവും എടുത്തു കളയും. ചൂലിന്റെ കടയ്ക്കൽ മുറുകുന്ന തഴമ്പുപിടിച്ച കൈകളില്ലേ, ആ കൈകളാണ് നിങ്ങൾ വെട്ടുന്നത്. അവരുടെ കുടുംബമാണ് നിങ്ങൾ നിരാലംബമാക്കുന്നത്. ഇന്ന് വാക്വം ക്ലീനർ, നാളെ വാഷിംഗ് മെഷീൻ. പിന്നെ ഡിഷ്‌വാഷർ. നമുക്ക് അത്യാവശ്യം വേണ്ട സാധനങ്ങൾ വേറെ എത്രയുണ്ട്? പുകയില്ലാത്ത അടുപ്പുകൾ, പാവങ്ങൾക്ക് വീടുവെക്കാൻ ചെലവു കുറഞ്ഞ സാധനങ്ങൾ, കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ, മരുന്നുകൾ.

വാക്വംക്ലീനർ പോലത്തെ ഒരു അനാവശ്യസാധനം, പ്രചരിപ്പിക്കാൻ കമ്പനി ചെലവാക്കുന്നത് വർഷത്തിൽ അമ്പതു ലക്ഷം ഉറുപ്പികയാണ്. അമ്പതു ലക്ഷം കൊണ്ട് നമുക്ക് പാവങ്ങൾക്കുവേണ്ടി എന്തൊക്കെ ചെയ്യാം.

ജോൺമാത്യു ഐസ്ക്രീമിനോട് നീതി പുലർത്തി. ഇനി നീതി പുലർത്തേണ്ടത് ഇരുട്ടിൽ തപ്പുന്ന തന്റെ സഹപ്രവർത്തകനോടാണ്. അയാൾ പറഞ്ഞു.

തനിക്ക് ഇപ്പോൾ ആവശ്യം എന്നെപ്പോലെയുള്ള ഒരു ഗുരുവാണ്. ഞാൻ വേണുവിനെ എന്റെ ശിഷ്യനായി സ്വീകരിച്ചിരിക്കുന്നു.

വേണു ചിരിച്ചു. അയാളുടെ ടെൻഷൻ കുറച്ച് അയഞ്ഞു. ജോൺമാത്യു തടിച്ചിട്ടാണ്. മുഖമാകട്ടെ ശിശുവിനെപ്പോലെ നിഷ്കളങ്കവും. ഒരു പക്ഷേ മോക്ഷത്തിനായി ജോൺ മാത്യുവിനെ ഗുരുവായി സ്വീകരിക്കേണ്ടിവരും. ജോൺമാത്യു പറയുന്നു.

വേണു, നിങ്ങൾ ഇത്ര കാര്യമായിട്ടൊന്നും ചിന്തിക്കരുത്. നമുക്ക് ചുറ്റും ഈ കാണുന്നതെല്ലാം ക്ഷണഭംഗുരമാണ്.

ഗുരുവായതിനുശേഷം കനപ്പെട്ട വാക്കുകൾ ഉപയോഗിക്കാൻ ജോൺ മാത്യു ശ്രദ്ധിച്ചു.

അപ്പോൾ കിട്ടുന്ന സമയം സുഖിക്കുക, ജീവിക്കുക. സുഖലോലുപത. അതാണ് ജീവിതത്തിന്റെ ശരിയായ സാരം.

എപ്പിക്യൂറസ്സിന്റെ അവതാരമായിരിക്കണം ജോൺമാത്യു.

ഭക്ഷണത്തിനു ശേഷം വീണ്ടും കോൺഫറൻസ് ഹാളിൽ ട്രെയിനിംഗ്.

ബൈക്കിന്റെ പിന്നിൽ വാക്വംക്ലീനർ വെച്ചു കെട്ടി വേണു നഗരത്തിൽ ചുറ്റി. മാനേജർ പറഞ്ഞിരുന്നത് അയാളുടെ മനസ്സിലുണ്ട്. നമ്മുടെ കസ്റ്റമേഴ്സ് അപ്പർ ക്ലാസ്സാണ്. അതായത് മാസം അയ്യായിരത്തിലുമധികം വരവുള്ളവർ. അതിലും താഴെ വരവുള്ളവരുടെ വീടുകളിൽ പോയി സമയം കളയരുത്. റോട്ടറി ക്ലബ്ബുകളിലും അതുപോലത്തെ വലിയ ക്ലബ്ബുകളിലും അതുപോലെത്തെ വലിയ ക്ലബ്ബുകളിലും പോയി അംഗങ്ങളുടെ അഡ്രസ്സ് വാങ്ങണം. നിങ്ങളുടെ സന്ദർശനം വഴി നിങ്ങൾ അവരെ ബഹുമാനിക്കുകയാണെന്ന് അവരെ തോന്നിപ്പിക്കണം. അതു ചെയ്തു കഴിഞ്ഞാൽ നിങ്ങൾക്ക് ഓർഡർ പുസ്തകം പുറത്തെടുക്കുകയേ വേണ്ടു.

വേണുവിന് ഇതൊന്നും ഇഷ്ടമായില്ല. കസ്റ്റമേഴ്സിന്റെ പൊങ്ങച്ചം മുതലെടുത്ത് വില്പന നടത്തുന്നത് ശരിയല്ല. ഇത് തലകീഴായ ഒരു സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കും. ആവശ്യമില്ലാത്ത വസ്തുക്കൾക്ക് ഡിമാൻഡ് ഉണ്ടാക്കുക മൂലം അവയുടെ ഉല്പാദനം. പ്രോത്സാഹിക്കപ്പെടും. ആവശ്യമുള്ളവർക്ക് ക്ഷാമമുണ്ടാക്കുകയും ചെയ്യും. മറ്റുള്ളവരുടെ ബലഹീനത മുതലെടുക്കുകയല്ല വേണ്ടത്. അവർക്ക് ആവശ്യമുള്ള സാധനം വിൽക്കുകയാണ്. ഒരു സെയിൽസ്മാൻ എന്ന നിലയിൽ ഒരു പരിധിവരെ താഴാൻ മാത്രമേ വേണു ഇഷ്ടപ്പെട്ടുള്ളൂ.

വേണു ബ്രേയ്ക്കിട്ടു. വലിയ ഗെയ്റ്റിനു പിന്നിൽ പടുകൂറ്റൻ കെട്ടിടം. വിശാലമായ മട്ടുപ്പാവിലേക്ക് പടർന്നുപിടിച്ച വള്ളിച്ചെടികൾ പൂത്തു നിൽക്കുന്നു. മുറികളുടെ ജനലുകൾക്കു താഴെ പുറത്തേയ്ക്കു തള്ളി നിൽക്കുന്ന എയർകണ്ടീഷണറുകൾ. ഗെയ്റ്റിനു തൊട്ടുപിന്നിൽ ഒരു വശത്തായി സ്ഥിതി ചെയ്യുന്ന കാവൽ മുറിയിൽ നിന്ന് കാക്കി യൂണിഫോമിട്ട ഒരു വാച്ച്മാൻ പുറത്തേക്കു തലയിട്ടു.

ബൈക്ക് സ്റ്റാൻഡിലിട്ട് പിന്നിൽ നിന്ന് പെട്ടി കെട്ടഴിച്ച് എടുക്കുവാൻ നോക്കുകയായിരുന്നു വേണു. അപ്പോഴാണ് അയാൾ കണ്ടത്. തന്റെ പ്രവർത്തനഗതിയിൽ കാര്യമായ മാറ്റമുണ്ടായ ആ ദൃശ്യം. ഒരു പാവപ്പെട്ട സ്ത്രീ വരുന്നു. ഒപ്പം ഒരു കുട്ടിയും. കീറിയ ട്രൗസർമാത്രം ധരിച്ച അവന്റെ തലമുടി എണ്ണ കാണാതെ ചകിരി പോലിരുന്നു. അവന്റെ കറുത്ത മുഖത്ത് ചളി ഉണങ്ങിക്കിടന്നു. അവൻ അമ്മയോട് എന്തിനോ കെഞ്ചുകയാണ്.

അമ്മയാകട്ടെ അവനെ ശാസിക്കുകയും. ഗെയ്റ്റിനടുത്തെത്തിയപ്പോൾ അവർ മകനെ ഒരു തള്ളുതള്ളി.

പോ, വീട്ടിൽ പോ. എന്റേല് എവിട്യാ പൈസാ.

അവൻ നിലത്ത് വീണിടത്തു കിടന്ന് കരയാൻ തുടങ്ങി. പെട്ടെന്ന് മനസ്സലിഞ്ഞിട്ടോ എന്തോ ആ പാവപ്പെട്ട അമ്മ തിരിഞ്ഞുനിന്നു. അവരുടെ കീറിയ പർസ് തുറന്ന് ഇരുപത്തഞ്ചു പൈസയുടെ നാണയം എടുത്ത് അവന് കൊടുത്തു.

അവന്റെ മുഖത്തുണ്ടായ സന്തോഷം വേണുവിന്റെ മനസ്സിനെ ആർദ്രമാക്കി. വാച്ച്മാൻ തുറന്നു കൊടുത്ത ഗെയ്റ്റിലൂടെ ആ അമ്മ അകത്തു കടന്നു, ചരൽ പാകിയ മുറ്റം താണ്ടി വീട്ടിനു പുറകിലേക്ക് പോയി.

ഇരുപത്തഞ്ചു പൈസ? അതിനു വേണ്ടിയാണ് ആ കുട്ടി വീട്ടിൽനിന്ന് അമ്മ ജോലിയെടുക്കുന്ന സ്ഥലം വരെ പിന്നാലെ നടന്ന് ഇരന്നത്. ഇരുപത്തഞ്ചു പൈസ? ആ ഇല്ലാത്ത പൈസക്കുവേണ്ടിയാണ് ആ അമ്മ, തന്റെ പിഞ്ചുമകന് സ്നേഹത്തിന്റെ മുലപ്പാൽ ചുരക്കാൻ മടിച്ചത്.

ആ അമ്മയുടെ ജോലി കളയാനാണ് താൻ ശ്രമിക്കുന്നത്. വാക്വം ക്ലീനർ അതിന്റ ഒന്നാമത്തെ പടിയാണ്. അഴിച്ചു കൊണ്ടിരുന്ന കെട്ട് അയാൾ മുറുക്കി കെട്ടി ബൈക്കിൽ കയറി സ്റ്റാർട്ടാക്കി. വാച്ച്മാൻ അമ്പരന്നു നോക്കി നിന്നു. അതു ശ്രദ്ധിക്കാതെ വേണു ഓടിച്ചു പോയി.

ഓടിപ്പോയ കുട്ടിയെ പിൻതുടർന്ന് ബൈക്കിൽ പോയ വേണു എത്തിയത് ഒരു ചേരിപ്രദേശത്തായിരുന്നു. റോഡിനരുകിലുള്ള മൂന്നുനില കെട്ടിടം ആ ചേരിപ്രദേശത്തെ വിദഗ്ദമായി മറച്ചു. ബൈക്കു നിർത്തി കെട്ടിടത്തിന് ഓരത്തു കൂടെ പോകുന്ന വീതികുറഞ്ഞ ഇടവഴിയിലൂടെ വേണു നടന്നു. ഓട കവിഞ്ഞൊഴുകിയതു കാരണം നിരത്ത് ചളികെട്ടിയിരുന്നു. ഉള്ളിലെത്തിയപ്പോഴാണ് മനസ്സിലായത് അനേകം കുടിലുകൾ നഗരത്തിന്റെ നടുവിൽത്തന്നെ. മൺകട്ടകൾ കൊണ്ട് ചുമർ. മേൽപ്പുര ഓലയോ ടിൻ ഷീറ്റോ ആണ്. ഇടക്ക് നാലുഭാഗവും ഓലകൊണ്ട് കഷ്ടിച്ചു മറച്ച കുളിമുറികൾ. പൊതുവായ ടാപ്പിൽ നിന്ന് വെള്ളം നിറയ്ക്കുന്ന സ്ത്രീകൾ. കുടിലുകൾക്കു മുമ്പിലൂടെ ദുർഗന്ധം വമിക്കുന്ന ഓട ഒഴുകുന്നു, അല്ല തളം കെട്ടി നിൽക്കുന്നു. ഇതു വേറൊരു ലോകമാണ്.

ആദ്യം കണ്ട കുടിലിന്റെ വാതിൽക്കൽ വേണു നിന്നു. കയ്യിൽ വാക്വം ക്ലീനർ ഉള്ള പെട്ടി. വാതിലിനു പുറത്തേക്കു വന്ന വൃദ്ധനോട് വേണു പറഞ്ഞു.

ഞാൻ വാക്വം ക്ലീനർ ഉണ്ടാക്കുന്ന കമ്പനിയിൽനിന്നാണ് വരുന്നത്. ഈ യന്ത്രത്തിന്റെ പ്രയോഗം കാട്ടിത്തരാനാണ്.

എന്തു യന്ത്രാ മോനെ അത്?

വേണു യന്ത്രം പുറത്തെടുത്തു. തിളങ്ങുന്ന ഒരു സുന്ദരി. ഒരു കടലാമയും എട്ടുകാലിയും കൂടിച്ചേർന്നാൽ അതിന്റെ രൂപമായി.

ഇത് നിലം വൃത്തിയാക്കണ യന്ത്രാണ്. കാണിച്ചു തരാം.

വേണ്ട മോനെ. ഇതൊന്നും വാങ്ങാൻ ഞങ്ങൾക്കു കഴിയില്ല. ഇതൊക്കെ വെല പിടിച്ച യന്ത്രല്ലെ? പത്തു മുന്നൂറുറുപ്പികയെങ്കിലും വരില്ലെ?

മന്നൂറ്! വേണു മനസ്സിൽ കരുതി. 4995 ക.യാണ് വിലയിട്ടിരിക്കുന്നത്. അയ്യായിരത്തിൽ താഴെയാണെന്ന് കാണിക്കാനാണ് ഈ അഭ്യാസം. ബില്ലിട്ടു വരുമ്പോൾ ടാക്സടക്കം അയ്യായിരത്തി അഞ്ഞൂറു വരും.

ഇവിടെ ഒരു ചെറിയ റേഡിയോ വാങ്ങാൻ ഞാൻ അച്ഛനോട് എത്ര കാലായി പറേണു.

ഇത് വാങ്ങണമെന്ന് നിർബ്ബന്ധം ഒന്നുംല്ല്യ. കാണിച്ചു താരം. വേണു ചുമരിൽ ഒരു പ്ലഗ്ഗ്പോയിന്റിനുവേണ്ടി പരതി. അവസാനം ഒരിരുണ്ട മൂലയിൽ ഉപയോഗിക്കാതെ അടഞ്ഞു പോയ പോയിന്റ് കണ്ടു. ഒരീർക്കിലെടുത്ത് കുത്തി ഓട്ടയിലെ വൃത്തികേടുകൾ കളഞ്ഞശേഷം അയാൾ വാക്വംക്ലീനർ ഘടിപ്പിച്ചു. അത് ഒരു നേരിയ ശബ്ദത്തോടെ പ്രവർത്തിക്കാൻ തുടങ്ങി.

വാതിലിനു പുറത്ത് ജനം തടിച്ചുകൂടിയിരുന്നു. കുട്ടികളും ചെറുപ്പക്കാരും വൃദ്ധരുമായി ഒട്ടേറെപേർ. എല്ലാം ചേരി പ്രദേശത്തെ വാസികൾ. കുട്ടികൾ കീറിയ ഉടുപ്പുകളാണിട്ടിരുന്നത്. കൂരച്ച നെഞ്ചും ഉന്തിയ വയറുമായ പട്ടിണിക്കോലങ്ങൾ.

മുറിക്കുള്ളിൽ ചല്ലുനാറ്റമുണ്ട്. അതു സഹിച്ചുകൊണ്ട് വേണു വാക്വം ക്ലീനറിന്റെ അപാരസാദ്ധ്യതകൾ വിവരിച്ചു കൊടുക്കുകയായിരുന്നു ചെറിയ പൊത്തുകളിൽ നിന്നു പോലും പൊടി വലിച്ചെടുക്കുന്നതെങ്ങിനെയെന്ന്. അതിനുള്ള എക്സ്ട്രാ ഉപകരണങ്ങൾ. അവ എങ്ങിനെ ഘടിപ്പിക്കണമെന്ന്.

ചുറ്റും അഭിപ്രായപ്രകടനങ്ങൾ ഉണ്ടായിരുന്നു.

ഇതെന്താ സാധനം.

ഓടയില് മരുന്നടിക്കാൻ വരാറില്ലേ? അതുപോലെ ഒന്നാണ്.

തെഞ്ഞെടുപ്പ് അടുത്തില്ലേ. ഇനി സർക്കാര് ഈ വഴിക്കൊക്കെ ആളെ വിടും.

ഇത് സർക്കാരിന്റെയൊന്നും അല്ല. ഏതോ കമ്പനിക്കാർട്യാ.

ടീവീല് കാണണ പരസ്സ്യല്ല്യേ, ആ സാധനാ.

വേണു വാക്വം ക്ലീനർ നിർത്തി. പ്ലഗ്ഗ് പറിച്ചെടുത്തു. യന്ത്രത്തിൽനിന്ന് പൊടി നിറഞ്ഞ ട്രെ പുറത്തെടുത്ത് കാണിച്ചു കൊടുത്തു. ഒരു മാന്ത്രികന്റെ അംഗവിക്ഷേപത്തോടെ.

കാണികളുടെ ഇടയിൽനിന്നൊരു പത്തുവയസ്സുകാരൻ ധൈര്യം സംഭരിച്ച് വേണുവിനോട് ചോദിച്ചു.

ഞങ്ങടെ വീട്ടിലും ഈ യന്ത്രം ഓടിക്ക്വോ?

അവന് യന്ത്രം വളരെ ഇഷ്ടമായിരിക്കുന്നു.

പിന്നല്ലാതെ. ഞാൻ ഓരോ വീട്ടിലും കാണിച്ചുതരാം.

വേണു പറഞ്ഞു. വൈദ്യുതിയില്ലാത്ത വീടുകളിൽ അടുത്ത വീട്ടിൽ നിന്ന് കണക്ഷൻ എടുത്തു. വയറിന് നല്ല നീളമുണ്ടായിരുന്നു. യന്ത്രമുണ്ടാക്കിയിരിക്കുന്നത് ഇരുപതും മുപ്പതും അടി നീളമുള്ള മുറികളെ ഉദ്ദേശിച്ചാണ്. ഈ കുടിലുകൾ മൂന്നും നാലും കൂടിയാൽ ആവില്ല ആ വലുപ്പം.

പാവങ്ങൾ യന്ത്രത്തിനു ചുറ്റും കൂടി. യന്ത്രം അവരുടെ കുടിലുകളിലേക്ക് ഭാഗ്യം കൊണ്ടുവരുമെന്നവർ ആശിച്ചു. ആശയറ്റ സ്വന്തം ജീവിതങ്ങളിലേക്കിറങ്ങി വന്നേക്കാവുന്ന ഭാഗധേയത്തിന്റെ പ്രണവമന്ത്രം കേൾക്കുന്നപോലെ അവർ യന്ത്രത്തിന്റെ മുരൾച്ച ശ്രവിച്ചു. ഒരു വീട്ടിൽ നിന്ന് അടുത്ത വീട്ടിലേക്ക്. ഉച്ചഭക്ഷണം കൂടി കഴിക്കാതെ വേണു ജോലി ചെയ്തു.

ലോഡ്ജിൽ ജോൺമാത്യു കാത്തിരുന്നു. നാലുമണിയോടെ തിരിച്ചെത്തിയ അയാൾ രണ്ടുപ്ലേറ്റ് കട്‌ലറ്റും ഒരു ഡബിൾ ഓംലറ്റും അകത്താക്കിക്കഴിഞ്ഞു. ഉച്ചയ്ക്കു കഴിച്ച ചിക്കൻ ബിരിയാണി എപ്പോഴോ ദഹിച്ചു പോയിരുന്നു. അയാളുടെ ഓർഡർ ബുക്കിൽ നാല് വാക്വം ക്ലീനറുകളുടെ ഓർഡറുണ്ടായിരുന്നു.

ആളുകൾ പൊതുവെ ദയാലുക്കളാണ്. ജോൺമാത്യു പറഞ്ഞു ആറു വീടുകളിൽ കയറിയിറങ്ങി. നാലുപേർ ഓർഡർ തന്നു. ഒരുമാതിരി എല്ലാവരും എന്തെങ്കിലും കുടിക്കുവാനോ തിന്നാനോ തന്നിട്ടുണ്ട്.

വേണു ക്ഷീണിച്ച് കട്ടിലിൽ ചാരിയിരുന്നു. അയാളുടെ വയറും ഓർഡർ ബുക്കു പോലെ ഒഴിഞ്ഞുകിടന്നു.

ഒരൊറ്റ ഓർഡർപോലും കിട്ടിയില്ലെന്നോ?

ജോൺമാത്യുവിന്നതു മനസ്സിലായില്ല.

പത്തു പതിനഞ്ചു വീടുകളിൽ കയറിയിറങ്ങിയിട്ട് ഒരൊറ്റ ഓർഡറും ഇല്ല? താൻ പോയത് പണച്ചാക്കുകൾ താമസിക്കുന്ന ഏരിയയിലാണല്ലോ.

വേണു ഒന്നും പറയാതെ കണ്ണടച്ചിരുന്നു. അങ്ങിനെയിരുന്നുകൊണ്ടയാൾ ഒരു മയക്കത്തിലാണ്ടു. ഉറക്കത്തിൽ അയാൾ കണ്ടു, കൂരനെഞ്ചും ഉന്തിയ വയറുമായ ഇരുണ്ടു മെലിഞ്ഞ കുട്ടികൾ. അവർക്കു മുമ്പിൽ ദാരിദ്ര്യം സമ്പന്നതയുടെ കാർപെറ്റിൽ മാലിന്യമായി ചിതറിക്കിടക്കുന്നതും, തന്റെ അപാരസാദ്ധ്യതകളുള്ള യന്ത്രംകൊണ്ട് തുടച്ചു നീക്കുന്നതും, ആ കുട്ടികൾ സുന്ദരികളും സുന്ദരന്മാരുമാകുന്നതും അയാൾ കണ്ടു.

ഉറങ്ങിക്കിടക്കുന്ന തന്റെ സ്നേഹിതന്റെ ചുണ്ടിൽ വിടർന്ന മന്ദഹാസം നോക്കിയിരിക്കെ ജോൺമാത്യു ചിന്താധീനനായി.

back to index

# കള്ളിച്ചെടി

**വി**മല ഗെയ്റ്റ് കടന്നു വരുന്നത് രമേശൻ ജനലിലൂടെ കണ്ടു. രാവിലെ ചായയോടൊപ്പം വർത്തമാനപത്രം വായിക്കുകയായിരുന്ന അയാൾ അകത്തേക്കു നോക്കി വിളിച്ചു പറഞ്ഞു.

രജനീ, നിന്റെ പ്രാരാബ്ധം വരുന്നുണ്ട്.

വിമലയുടെ വരവിന് സമയമൊന്നു മില്ല. ഏതു സമയത്തും സംഭവിക്കാവുന്ന അപകടമാണത്. എപ്പോഴും കരുതലോടെ ഇരിക്കണം. രജനി വന്ന് ജനലിലൂടെ നോക്കി, ഉടനെ തലയിൽ കയ്യുംവെച്ച് അകത്തേക്കോടി.

ഇതെന്തൊരു ചടങ്ങെന്ന മട്ടിൽ രമേശ ൻ നോക്കി. സാധാരണ വിമല വരുന്നതു കണ്ടാൽ അവൾ വെറുതെ പറയുക മാത്രമെ ചെയ്യു. ഓ വരുന്നുണ്ട് സാധനം. എന്നാൽ ഇന്ന് അവൾ ചെയ്യുന്നത് വളരെ വിചിത്രമായൊരു കാര്യമാണ്. തലയിൽ കയ്യും വെച്ച് അവൾ രണ്ടടി പിന്നോക്കം വാങ്ങി, മൂന്നടി മുന്നോക്കം വെച്ചു. തിരിഞ്ഞ് അകത്തേക്കോടുകയും ചെയ്തു. ഒരു ആഫ്രിക്കൻ ഡാൻസിനെ അനുസ്മരിപ്പിക്കുന്ന ചടങ്ങ്. അതെന്താണെ ന്നറിയാൻ രമേശൻ അവളുടെ പിന്നാലെ പോയി.

രജനി കട്ടിലിൽ ചിതറിക്കിടന്ന രണ്ടു സാരികൾ ധൃതിയിൽ കവറിലാക്കി അലമാരിയിൽ തിരുകിവെക്കുക യാണ്. ഇന്നലെ വൈകുന്നേരം വാങ്ങിയ സാരികളാണ്. എന്താണ് പരിപാടിയെന്നയാൾ ചോദിച്ചു. അവൾ ചൂണ്ടാണിവിരൽ ചുണ്ടിൽ ചേർത്ത് പറഞ്ഞു.

പിന്നെ പറയാം.

രജനി അലമാരി അടച്ചപ്പോഴേക്കും വിമല മുറിയിലെത്തിയിരുന്നു. രമേശിനെ കണ്ടപ്പോൾ അവൾ പെട്ടെന്ന് വലിഞ്ഞു.

ഓ ചേട്ടനുണ്ടോ? ഞാനറിഞ്ഞില്ല. അവൾ പറഞ്ഞു. ഞാൻ വാതിൽക്കൽ മുട്ടി. ആരേയും കണ്ടില്ല. അപ്പോ അകത്തു കടന്നതാ.

നുണയാണ്. രമേശനതറിയാം.അവൾ എപ്പോഴും അങ്ങിനെയാണ്. വാതിൽ തുറന്നു കണ്ടാൽ അകത്തു നുഴഞ്ഞു കയറും. കിടപ്പറവരെ എത്തുകയും ചെയ്യും. ഒരിക്കൽ രജനി കുളിച്ചുവന്ന് ബ്രേസിയറിന്റെ ഹുക്ക് ഇട്ടുതരാൻ പറഞ്ഞതായിരുന്നു. അയാൾ ഒരു കുസൃതി ഒപ്പിച്ചു. ഹുക്കിടുന്നതിനു പകരം ബ്രേസിയർ തന്നെ അഴിച്ചുമാറ്റി. എന്നിട്ട്....... അപ്പോഴാണ് വിമലയുടെ വരവ്. അവൾ ശബ്ദമുണ്ടാക്കാതെയാണ് വരിക. മുറിയിലെത്തിയാലെ അറിയൂ.

സംഭവം നല്ലവണ്ണം ആസ്വദിച്ചതിനുശേഷമാണ് അവൾ തൊണ്ടയനക്കി ശബ്ദമുണ്ടാക്കിയത്.

രജനി ഒറ്റയ്ക്കായിരിയ്ക്കുംന്ന് വിചാരിച്ചു.....

പിന്നീട് വിമല പോയപ്പോൾ രജനിയുടെ ചീത്തപറച്ചിലിനിടയിൽ, അയാൾ ഇനി മുതൽ വാതിൽ തുറന്നിട്ടുകൊണ്ട് ഭാര്യയ്ക്ക് ബ്രേസിയർ കെട്ടിക്കൊടുക്കില്ലെന്ന് ശപഥം ചെയ്തു.

ഇന്നലെ സാരി വാങ്ങാൻ പോയി അല്ലേ? എന്തെ എന്നെ വിളിക്കാതിരുന്നത്?

വിമല ചോദിച്ചു.

സാരിയുടെ സഞ്ചിയും തൂക്കി രജനി ഇന്നലെ വൈകുന്നേരം നടന്നുവരുന്നത് അവൾ കണ്ടിരുന്നു എന്നർ ത്ഥം.

അതന്വേഷിക്കാനാണ് അതിരാവിലെ എത്തിയിരിക്കുന്നത്.

എത്ര സാരി വാങ്ങി? കാണിച്ചുതരൂ.

അത് പുതിയതൊന്നും അല്ല കുട്ടി. രജനി പറഞ്ഞു. ഡ്രൈവാഷിന് കൊടുത്തത് വാങ്ങീതാണ്.

വളരെ വിദഗ്ദമായി രജനി നുണ പറയുന്നത് കേട്ടുകൊണ്ട് രമേശൻ ഉള്ളിൽ ചിരിച്ചു. വിമല പോയപ്പോൾ രജനി പറഞ്ഞു.

ഞാൻ സാരി വാങ്ങാൻ പോണൂന്ന് പറഞ്ഞാൽ ഒപ്പം വരും. കടയിലുള്ള സാരി മുഴുവൻ പുറത്തെടുത്ത് നിവർത്തിയിടീക്കും. അയ്മ്പതുറുപ്പിക തൊട്ട് രണ്ടായിരം രൂപവരെ വിലയുള്ള സാരി മുഴുവൻ വാരിവലിച്ച് ഇടീക്കും. ഒരൊറ്റ സാരി പോലും വാങ്ങുകയുമില്ല. ആ സാധനത്തിന്റെ ഒപ്പം രണ്ടു പ്രാവശ്യം പോയാൽ എ നിയ്ക്കും ചീത്തപ്പേരു കിട്ടും. ആ പെൺകുട്ടികൾക്കൊക്കെ എന്നെ നല്ല പോലെ അറിയാം. ഞാനിപ്പോൾ അവരുടെ ഇടയിൽ കുറച്ച് പോപ്പുലർ ആണ്.

തങ്ങളുടെ ഓരോ ചലനവും വിമല ശ്രദ്ധിക്കുന്നുണ്ടെന്ന് രമേശനറിയാമായിരുന്നു. മുക്കാലും അടച്ചിട്ട ജനലിന്റെ നേരിയ വിടവിലൂടെ, വാതിലിന്റെ താക്കോൽ പഴുതിലൂടെ, രാത്രി മുറിയിൽ വിളക്കു കെടുത്തി ഇരുട്ടിന്റെ മറവിലൂടെയൊക്കെ അവൾ തങ്ങളെ ശ്രദ്ധിക്കുകയാണ്. അയാൾ തോട്ടത്തിൽ ഇറങ്ങിയാൽ അയൽ വീട്ടിന്റെ തുറന്നിട്ട ജനൽ, ശ്രദ്ധിക്കാത്ത ഒരു നിമിഷത്തിൽ ഒരു ചെറിയ വിടവു മാത്രം ബാക്കി നിർത്തി അടയ്ക്കപ്പെടുന്നു, വളരെ നിശ്ശബ്ദമായി. ആദ്യമെല്ലാം മുഖത്തിനു നേരെ അടയ്ക്കുന്ന ജനലുകളും വാതിലുകളും അയാളിൽ രോഷമുയർത്തിയിരുന്നു. പിന്നീട് അടച്ച വാതിലുകളുടെ വിടവുകളുടെ അർത്ഥം

മനസ്സിലായപ്പോൾ രോഷം അനുകമ്പയ്ക്കു വഴിമാറി. നാൽപതു വയസ്സുള്ള സ്ത്രീയാണ്. ഒരു പുരുഷന്റെ സ്പർശം ഏറ്റിട്ടില്ലാത്ത സ്ത്രീ. ചോരയും നീരും ആരോഗ്യവുമുള്ള സ്ത്രീ.

നാൽപത് വയസ്സ് ഒരു സ്ത്രീയുടെ ജീവിതത്തിൽ വളരെ വിഷമം പിടിച്ച ഒരു കാലമാണ്. സൗന്ദര്യം ചോർന്നു പോകുകയാണെന്നറിയാം. അതിനെ തിരെ പിടിച്ചു നിൽക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെടുന്നതു കാണുന്നത്, താൻ പുരുഷന്റെ മുമ്പിൽ ആകർഷകയല്ലാതായി മാറുന്നത് നിസ്സഹായതയോടെ നോക്കി നിൽക്കുന്നത്, എല്ലാം വിഷമം പിടിച്ചതു തന്നെ.

വിമല പറയുന്നത് അവൾക്ക് മുപ്പ ത്തഞ്ചു വയസ്സേ ആയിട്ടുള്ളൂ എന്നാണ്. രമേശനും രജനിയും അവിടെ താമസമാക്കിയിട്ട് അഞ്ചുകൊല്ലം കഴിഞ്ഞു. ഈ അഞ്ചുകൊല്ലവും വിമലയുടെ വയസ്സിൽ മാറ്റമുണ്ടായിട്ടില്ല. മുപ്പത്തഞ്ചിൽ അവളുടെ വയസ്സ് ഉറച്ചു പോയിരിക്കുന്നു. ഉറച്ചുപോകാത്തത് അവളുടെ കഴുത്തിലെ ചുഴിവുകളും, മയം നഷ്ടപ്പെട്ട ചർമ്മവും, ഗ്ലാസ്സില്ലാതെ കാഴ്ച അനുവദിക്കാത്ത കണ്ണുകളും, കറുപ്പിച്ചിട്ടും ഇടയ്ക്കിടയ്ക്ക് പല്ലിളിച്ചു കാട്ടുന്ന വണ്ണം കുറഞ്ഞു തുടങ്ങിയ തലമുടിയുമായിരുന്നു. ഒരു ദിവസം രമേശൻ ഓഫീസിൽ നിന്ന് വന്നപ്പോൾ രജനി ആകപ്പാടെ നല്ല മൂഡിലായിരുന്നു. വളരെ നല്ല വർത്തമാനം കിട്ടുമ്പോഴാണ് അവളെ ഇത്ര ഉന്മേഷവതിയായി കാണാറ്.

ചായയുണ്ടാക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

ഒരു നല്ല ന്യൂസുണ്ട്. നമ്മുടെ വിമലയില്ലേ? അവൾക്ക് ഒരു അഫേയർ തുടങ്ങിയിരിക്കുന്നു.

അഫയറോ?

അതെ. രണ്ടുമൂന്നാഴ്ചയായീത്രെ തുടങ്ങീട്ട്. എന്നോട് പറയാതെ വെച്ചിരിക്ക്യായിരുന്നു.

കഥകൾ തുടങ്ങുന്നത് മഴ തിമർത്തു പെയ്തുകൊണ്ടിരുന്ന ഒരു രാത്രിയിൽ അവളുടെ കിടപ്പറയുടെ ജനലിന് അഭിമുഖമായ കെട്ടിടത്തിൽ ഒരു ചെറുപ്പക്കാരൻ താമസമാക്കിയതു തൊട്ടായിരുന്നു. മഴ തോർന്ന പ്പോൾ, അപ്പോൾ ഏകദേശം പത്തുമണിയായിട്ടുണ്ടാകും, അവളുടെ കിടപ്പറയുടെ എതിരിലുള്ള ജനൽ തുറന്നിട്ടുവത്രെ. ഒരു ലുങ്കി മാത്രമുടുത്ത് അയാൾ ജനലിന്നടുത്ത് വന്ന് പുറത്തേക്കു നോക്കി. നല്ല നിറവും തടിയുമുള്ള മനുഷ്യൻ. മുപ്പതു മുപ്പത്തഞ്ചു വയസ്സായിട്ടുണ്ടാകും. മാറിൽ നിറയെ രോമം. ക്രോപ്പുചെയ്ത മുടി. കട്ടിയുള്ള മീശ. കിടക്കാനുള്ള വട്ടം കൂട്ടുന്ന വിമലയെ കണ്ടപ്പോൾ അയാൾ വശ്യമായി ചിരിച്ചത്രെ. അന്നു തുടങ്ങിയതാണ് അനുരാ ഗം.

അതേതായാലും നന്നായെന്ന് രജനി പറഞ്ഞു. അതിനു മുമ്പ് കേട്ടിരുന്നത് അത്ര കേൾക്കാൻ സുഖമുള്ള കാര്യങ്ങളായിരുന്നില്ല. അലസിപ്പോയ നിരവധി കല്ല്യാണാലോചനകളുടെ കദനകഥകൾ. അച്ഛനമ്മമാരുടെ കടുംപിടുത്തം കാരണമാണത്രെ കുറെ ആലോചനകൾ നടക്കാതിരുന്നത്.

ഞങ്ങൾ ഷാരടിമാരാണ്. അവ ൾ പറയും. അപ്പോ ഒരു ഷാരടി തന്നെ വേണം. നായന്മാരെ ഒക്കെ കല്ല്യാണം കഴിക്കണത് രണ്ടാന്തരായിട്ടാ കണക്കാക്കണത്.

ഇതെല്ലാം തുടക്കത്തിലായി രുന്നു. പിന്നെ കാത്തിരിപ്പിന്റെ ദിവസങ്ങൾ, മാസങ്ങൾ കടന്നു പോയപ്പോൾ അവളുടെ സംസാരത്തിന്റെ ഗതി മാറിത്തുടങ്ങി.

അച്ഛൻ പറേണത് നായമ്മാരായാലും കുഴപ്പം ഒന്നുംല്ല്യാന്നാ. കുട്ടീടെ സ്റ്റോക്കില് വല്ലോരുംണ്ടെങ്കിൽ ഒന്നു പറയണം ട്ടോ. പത്തുനാൽപതു വയസ്സുള്ള ആരെങ്കിലും മതി.

പിന്നെ ആ നിലയും കടന്നു പോയി. മാസങ്ങളും കൊല്ലങ്ങളും അവളുടെ വരുതിയിൽ നിന്ന് തെ ന്നിപ്പോകുന്നത് നിസ്സഹായയായി നോക്കിനിന്നപ്പോൾ അവളുടെ സ്വരം വീണ്ടും മാറി.

കുട്ടീ, ഭാര്യ മരിച്ചതോ, ഡൈവോഴ്സ് ചെയ്തതോ ആയിട്ട്ള്ള ആരെങ്കിലുണ്ടെങ്കിൽ പറയണംട്ടോ. എന്നെപ്പോലെ വയസ്സായ ഒരു പെണ്ണിനെ കെട്ടാൻ ഇനി വയസ്സായ ആരെങ്കിലുമേ വരൂ.

അവളുടെ സംസാരം കേട്ടാൽ സങ്കടം വരും. രജനി രമേശിനോടു പറയും. അപൂർവ്വം ചില സന്ദർഭങ്ങളിലേ അവൾ സ്വന്തം വിധിയെ അതിന്റെ ശരിയായ വെളിച്ചത്തിൽ പുറത്തു കാണിക്കൂ. അല്ലാത്ത അവസരങ്ങളിൽ അവൾ സ്വന്തം ദുർവിധി ഒളിപ്പിച്ചുവെച്ച് അഹങ്കാരത്തിന്റെയും, പൊങ്ങച്ചത്തിന്റെയും മുഖം മൂടിയണിഞ്ഞ് നടക്കുകയാണ്.

എന്തായാലും പുതിയ അനുരാഗം ഇതെല്ലാം മാറ്റി. ഇപ്പോൾ വിമലയുടെ കഥകൾ കേൾക്കാൻ രസമുണ്ടെ ന്നാണ് രജനി പറയുന്നത്.

രമേശൻ ഓഫീസിൽ പോയാൽ വിമല വന്ന് തലേന്നുണ്ടായ സംഭവങ്ങൾ മുഴുവൻ വിവരിച്ചു കൊടുക്കു ന്നു.

പുതിയ അയൽക്കാരൻ നല്ല റൊമാന്റിക് ആണെന്നാണ് വിമല പറയുന്നത്. ദിവസവും രാവിലെ എഴുന്നേ റ്റാൽ വിമല ജനൽ തുറക്കുന്നതുവരെ കാത്തു നിൽക്കുമത്രെ. ഗുഡ്മോണിംഗ് പറഞ്ഞിട്ടേ അയാൾ പ്രഭാത കൃത്യങ്ങൾ നിർവ്വഹിക്കുകയുള്ളൂ.

മറ്റൊരാളുടെ സ്നേഹബന്ധങ്ങളെപ്പറ്റി കേൾക്കുക രസമാണ്. നമ്മുടെയൊക്കെ ഒരു ദൗർബ്ബല്യമാണത്. വിമല പെട്ടെന്ന് ആ വീട്ടിൽ സ്വീകാര്യയായി. ഓരോ ദിവസവും പുതിയ പുതിയ കഥകൾ കേൾക്കാനായി രജനി, രമേശിനെ ഓഫീസിൽ പറഞ്ഞയച്ചശേഷം വിമലയെ കാത്തിരിപ്പായി.

ദുഃഖം പോലെത്തന്നെയാണ് സന്തോഷവും. ആരുടെയെങ്കിലും മണ്ടയിൽ അതിറക്കി വെച്ചാലെ

സമാധാനമാവൂ.
ആ ചെറുപ്പക്കാരൻ ഒരു ആവേശത്തള്ളിച്ചയിലെങ്കിലും വിമലയെ കല്ല്യാണം കഴിക്കട്ടെ എന്ന് രമേശൻ ആശിച്ചു. ഒരു ജീവിതം എങ്ങിനെയെങ്കിലും രക്ഷപ്പെടട്ടെ.
ഓരോ ദിവസവും അവൾ തലേ ദിവസത്തെ കാര്യങ്ങൾ പറയുമ്പോഴൊക്കെ രജനിയോട് പറയും.
കുട്ടി ഇതൊന്നും ചേട്ടനോട് പറയ്ണില്ല്യല്ലോ.
രജനി പരുങ്ങി. അവൾ വാസ്തവത്തിൽ എല്ലാം രമേശനോട് പറയുന്നുണ്ടായിരുന്നു. ശരിക്കു പറഞ്ഞാൽ അവർ ഉറങ്ങാൻ കിടക്കുമ്പോൾ സംസാരവിഷയം ഇപ്പോൾ വിമലയുടെ അനുരാഗകഥകൾ മാത്രമാണ്. നല്ല പൈങ്കിളിക്കഥകൾ. സെക്സിന്റെ അതിപ്രസരമുള്ള ആ അനുരാഗകഥകൾ അവരുടെ രാവുകളെ മദകരങ്ങ ളാക്കി.
രജനി പറഞ്ഞു.
ഏയ്, ഞാൻ ചേട്ടനോട് ഒന്നും പറയാറില്ല.
പക്ഷേ ആകസ്മികമായി ഒരു ദിവസം വിമല ചോദിച്ചു.
ചേട്ടൻ എന്താണ് പറഞ്ഞത്?
എന്തിനെപ്പറ്റി?
ഞാൻ പറയാറില്ലേ? അയാളെപ്പറ്റി.
അതിന് എന്നോട് വിമല പറഞ്ഞത് ചേട്ടനോട് പറയേണ്ട എന്നല്ലേ?
വിമലയുടെ മുഖത്ത് നിരാശ പരന്നു.
എന്താ ഞാൻ ചേട്ടനോട് എല്ലാം പറയണോ? രജനിയെ അമ്പരപ്പിച്ചു കൊണ്ട് അവൾ പെട്ടെന്ന് ഇറങ്ങി പ്പോയി.
പിന്നെ കുറച്ചുദിവസം വിമല വന്നില്ല.
ഒരാഴ്ച കഴിഞ്ഞപ്പോൾ ഒന്നും സംഭവിക്കാത്ത മട്ടിൽ ഒരു ദിവസം അവൾ കയറി വന്നു. രമേശൻ വാതിൽ തുറന്നു.
അവൾ മുഖമുയർത്താതെ ചോദിച്ചു.
രജനിണ്ടോ?
ഉണ്ട്.
അവൾ അയാളുടെ മുഖത്ത് നോക്കാതെ അകത്തേക്കു കയറിപ്പോയി. എപ്പോഴും അങ്ങിനെയാണ്. നേരെ കണ്ടാൽ മുഖത്തു നോക്കില്ല. പിന്നെ ജനൽപാളികളുടെ വിടവിലൂടെ ഒളിച്ചു നോക്കുകയും ചെയ്യും. ഇതെന്തൊരു സ്വഭാവമാണപ്പാ.
പതിനഞ്ചു മിനിറ്റു നേരം അടുക്കളയിൽ കുശുകുശുക്കൽ നടന്നു. അതിനു ശേഷം വിമല തിരിച്ചുപോയി. പക്ഷേ പോകുന്നതിനു മുമ്പ് അയാളെ അത്ഭുതപ്പെടുത്തിക്കൊണ്ട് അവൾ പറഞ്ഞു.
ചേട്ടാ, ഞാൻ പോട്ടെ ട്ടോ.
ചായ കുടിക്കുന്നതിനിടയിൽ രജനി, വിമല പറഞ്ഞിരുന്നത് ഒരു മിമിക്രി കലാകാരിയുടെ പാടവത്തോടെ അനുകരിക്കുകയായിരുന്നു.
കുട്ടീ, എന്റെ അമ്മാവൻ വന്നിരുന്നു രണ്ടീസം മുമ്പ്. എന്റെ ആ കള്ളിച്ചെടിയില്ലേ, കഴിഞ്ഞ കൊല്ലം പൂവിട്ടു എന്നു പറഞ്ഞത്? അതു കണ്ടുട്ടോ അമ്മാവൻ. ഉടനെ പറഞ്ഞു അത് വെട്ടിക്കളയാൻ. കള്ളിച്ചെടി വീട്ടിന്റു ള്ളില് വെക്കാൻ പാടില്ലാത്രെ. അശ്രീകരാത്രെ, നമുക്കത് ഭാഗ്യദോഷം ചെയ്യുംന്നാ പറേണത്. എന്റെ കല്ല്യാണം കഴിയാത്തേന്റെ കാരണം തന്നെ അതാവുംന്നാ അമ്മാവൻ പറേണത്. അമ്മാവന് അത്യാവശ്യം ജ്യോതിഷവും ഉണ്ട്. പറമ്പില് വെച്ചാ കൊഴപ്പല്ല്യാത്രെ. അപ്പോ ഞാൻ ആലോചിച്ചു, ചേട്ടന് തോട്ടപ്പണിയൊക്കെ ഇഷ്ടാണല്ലൊ. വേണങ്കിൽ ആ കള്ളിച്ചെടി തരാം. നിങ്ങക്കാവുമ്പോ അത് പറമ്പില് തോട്ടത്തിൽ വെയ്ക്കും ചെയ്യാലോ. ചേട്ടനോട് പറയൂ അതെടുത്തുകൊണ്ടുവരാൻ. വല്യ ചട്ടിയല്ലേ? അല്ലെങ്കിൽ എനിയ്ക്ക് കൊണ്ടെത്തരായിരുന്നു. ടെറസ്സിലാ വെച്ചിരിക്കണത്. കുട്ടി കണ്ടിട്ടില്ല്യേ?
മിമിക്രി നന്നായിട്ടുണ്ട്. രമേശൻ പറഞ്ഞു.
നിങ്ങൾ ആ കള്ളിച്ചെടി കൊണ്ടു വരുന്നുണ്ടോ?
രജനി ചോദിച്ചു.
അയാൾ തീർച്ചയാക്കിയിരുന്നില്ല. അതു നല്ല ഭംഗിയുള്ള ലക്ഷണമൊത്ത കള്ളിച്ചെടിയാണ്. ഇരുട്ടിൽ കണ്ടാൽ ഒരു മനുഷ്യനെപ്പോലെ തോന്നിക്കും. അധികം മുള്ളുകളൊന്നുമില്ല. കഴിഞ്ഞകൊല്ലം അത് പൂത്തപ്പോൾ കാണാൻ അയാൾ പോയിരുന്നു. നാലു പൂക്കൾ. ഓരോ ഏണിലും ഓരോ പൂവുവീതം. കൂടാതെ മൊട്ടുകളുമുണ്ട്.
അയാൾ കള്ളിപ്പൂവു കാണാൻ പോയ ആ വൈകുന്നേരം ഓർത്തു. രജനി എന്തോ കാര്യത്തിനായി തഴെപ്പോയിരിക്കയായിരുന്നു. ടെറസ്സിൽ വിമലയും രമേശനും മാത്രം. സൂര്യൻ അസ്തമിച്ചെങ്കിലും അരണ്ട വെളിച്ചം അപ്പോഴുമുണ്ടായിരുന്നു. പടിഞ്ഞാറുനിന്ന് വീശിയിരുന്ന കാറ്റ് തണുത്തതായിരുന്നു. വിമല അയാ ളുടെ വളരെ അടുത്താണ് നിന്നിരുന്നത്, കാറ്റിന്റെ ദിശയിൽ. അവളുടെ തലമുടി യിൽ നിന്നുള്ള എണ്ണയുടെ

ഗന്ധം അയാളെ അസ്വസ്ഥനാക്കി.
എന്തു ഭംഗിയുള്ള പൂവ് അല്ലേ?
അതെ. രമേശൻ പറഞ്ഞു. വിമലയുടെ സാരി ഇളം ചുവന്നതായിരുന്നു. കാറ്റത്ത് സാരിയുടെ തുമ്പ് പൂവിന് വളരെ അടുത്തു വന്നു.
ഈ പൂവും എന്നെപ്പോലെയാണ്. വിരിയും. വാസനയില്ലാതെ രണ്ടു ദിവസം നിൽക്കും, പിന്നെ കൊഴിഞ്ഞുപോകും. കായയൊന്നുമുണ്ടാവില്ല.
എന്താണിങ്ങനെ പറയുന്നത്?
രമേശനു തൊണ്ട വരണ്ടപോലെ തോന്നി. അവൾ വളരെ അടുത്തായിരുന്നു. അവളുടെ സാമീപ്യമാണോ, അല്ല എണ്ണയുടെ ഗന്ധമുള്ള കാറ്റാണോ അതിനു കാരണമെന്ന് അയാൾക്കു മനസ്സിലായില്ല.
സ്റ്റെയർകേസിൽ കാലടികൾ കേട്ടു. വിമല നടന്നു നീങ്ങുകയും ചെയ്തു. അതിനു ശേഷം അവൾ ഒരിക്കലും രമേശിനോട് സംസാരിക്കുകയുണ്ടായിട്ടില്ല. വീട്ടിൽ വരുമ്പോൾ രജനിയുണ്ടോ എന്നന്വേഷിക്കുകയല്ലാതെ.
എന്താണ് ആലോചിക്കണത്?
രജനി ചോദിച്ചു.
നമുക്കതു കൊണ്ടുവരാം. അയാൾ പറഞ്ഞു. നമ്മൾ കൊണ്ടുവന്നില്ലെങ്കിൽ അവരതു വെട്ടിക്കളയും. ഇവർക്കൊക്കെ വല്ലാത്ത അന്ധവിശ്വാസമാണ്. പ്രത്യേകിച്ച് വയസ്സായോർക്ക്. അതു കാരണം ഒരു ഭംഗിയുള്ള ചെടി നശിക്കുകയാണെങ്കിൽ കഷ്ടാണ്. നമുക്കത് ഈ ഞായറാഴ്ച കൊണ്ടുവരാം.
ഞായറാഴ്ച സൂര്യൻ അസ്തമിച്ചെങ്കിലും ടെറസ്സിൽ നല്ല വെളിച്ചമുണ്ടായിരുന്നു. കള്ളിച്ചെടി കഴിഞ്ഞ കൊല്ലം കണ്ടതിനേക്കാൾ അരയടി കൂടി ഉയരം വെച്ചിരുന്നു. പച്ചനിറം കൂടുതൽ കടുത്തിരുന്നു. ചെടിയ്ക്ക് വയസ്സാവുകയാണെന്ന് രമേശൻ ഓർത്തു. ചെറു പ്രായത്തിൽ അതിന്റെ നിറം ഇളം പച്ചയാണ്. ഇപ്പോഴും പുതിയ കൊമ്പുകൾ ഇളം പച്ച തന്നെയാണ്. പെട്ടെന്നാണ് രമേശൻ കണ്ടത്. ഏണുകളുടെ അറ്റത്ത് മുലക്കണ്ണുപോലെ ചുവന്ന നിറം. മൊട്ടുകൾ. ഓ, ഇവൾ പൂവിടാൻ പോകയാണ്.
വിമലയുടെ അമ്മയും അവരുടെ ഒപ്പം ടെറസ്സിൽ വന്നിരുന്നു. അധികം സംസാരിക്കാത്ത സ്ത്രീ. മുണ്ടും വേഷ്ടിയും ആണ് വേഷം. നെറ്റിമേൽ ചന്ദനക്കുറിക്കു മേലെ ഒരു ഭസ്മക്കുറി. സന്ധ്യാനാമജപം കഴിഞ്ഞ് എഴുന്നേറ്റ് വന്നതായിരിക്കും.
ഇതെങ്ങിനെയാണ് കൊണ്ടുപോകുക? രമേശൻ ചോദിച്ചു. ഒരു ചാക്ക് തരാമോ എങ്കിൽ അതിൽ ചട്ടിയോടെ വെച്ച് കൊണ്ടു പോകാം.
അമ്മേ ചാക്കുണ്ടോ നമ്മുടെ അടുത്ത്? വിമല അമ്മയോട് ചോദിച്ചു.
കാണും, സ്റ്റോർ റൂമിൽ. അതിൽ കുറച്ചു അരിയുണ്ടാവും. അത് ഏതെങ്കിലും പാത്രത്തിലേക്ക് മാറ്റിയിട്ട് എടുത്തോളൂ.
വിമലയും രജനിയും താഴേക്കു പോയി. അമ്മയും രമേശനും മാത്രമായി.
എത്ര നല്ല ചെടി. രമേശൻ പറഞ്ഞു. എന്തിനാണതു കളയുന്നത്?
കളയേ? ആ അമ്മ അത്ഭുതത്തോടെ ചോദിച്ചു. കളയ്ല്ലല്ലൊ. രമേശൻ കൊണ്ടു പോവല്ലേ? വിമലയ്ക്ക് നല്ല ഇഷ്ടാണ് ഈ കള്ളി. രമേശൻ കഴിഞ്ഞ കൊല്ലം ഇതു പൂത്തു കണ്ടപ്പോൾ നല്ല ഇഷ്ടായീന്ന് പറഞ്ഞിട്ടാ അവള് തരാൻ തീർച്ചാക്ക്യേത്. രണ്ടുമാസമായി ഈ ചെടി രമേശന് കൊടുക്കണംന്ന് പറയാൻ തുടങ്ങീട്ട്.
കാണെക്കാണെ വെളിച്ചം മങ്ങി. നേരിയ തണുത്ത കാറ്റുവീശാൻ തുടങ്ങി. ചുറ്റുമുള്ള മരങ്ങളുടെ ഇടതൂർന്ന ഇലകൾക്കിടയിൽ ഇരുട്ട് ചേക്കേറി. സന്ധ്യകൾ എന്നും ദുഃഖകരമായിരുന്നു. വിമലയെക്കുറിച്ചോർത്തപ്പോൾ അയാളുടെ മനസ്സ് ദുഃഖിതമായി. എന്തിനാണവൾ കള്ളിച്ചെടിയെപ്പറ്റി ഈ കഥകളൊക്കെ പറഞ്ഞത്?
രമേശൻ ടെറസ്സിന്റെ അരമതിലിനടുത്തേക്കു നീങ്ങി. അപ്പുറത്ത് വിമലയുടെ കിടപ്പറയുടെ ജനലിൽ നിന്നു നോക്കിയാൽ കാണുന്ന ഇരുനില കെട്ടിടമുണ്ടായിരുന്നു. ജനലുകൾ അടച്ചിട്ടിരിക്കയാണ്. അയാൾ അമ്മയോട് ചോദിച്ചു.
ഇവിടെ ആരാണ് താമസിക്കുന്നത്?
എവിടെ?
ഈ കെട്ടിടത്തിൽ.
അയാൾ ചൂണ്ടിക്കാട്ടി. അവർ അരമതിലിന്നടുത്തു വന്നു.
ആ കെട്ടിടത്തിലോ? അവിടെ ആരും താമസംല്ല്യല്ലൊ. അഞ്ചുകൊല്ലായിട്ട് പൂട്ടിയിട്ടിരിക്ക്യാണ്. കേസിലാണ്. കോർട്ട് റീസീവറ് വന്ന് സീൽ ചെയ്ത് പോയിരിക്ക്യാണ്. കാലെത്ര്യായി? അതിന്റെ ജനലൊക്കെ ഒന്ന് തൊറന്ന് കാണാൻ കൊത്യായിത്തൊടങ്ങി.......
തൊട്ടടുത്ത് വേറെ വീടുകളൊന്നുമില്ലെന്ന് അയാൾ ശ്രദ്ധിച്ചു.
കോണിപ്പടി കയറി രജനിയും വിമലയും വന്നു. രജനിയുടെ കയ്യിൽ മടക്കിയ ഒരു ചാക്കുണ്ട്.
അയാൾ വിമലയെ അടുത്തു വിളിച്ച് ആ കള്ളിച്ചെടി കാണിച്ചുകൊടുത്തു. അതിന്റെ ഏണുകളിൽ നേരിയ

ചുവപ്പുള്ള മൊട്ടുകൾ മുളയ്ക്കുന്നു.

ഞാൻ അതു കണ്ടിട്ടുണ്ട്. വിമല പറഞ്ഞു. അവൾ കുമ്പിട്ടു നിൽക്കുകയായിരുന്നു. അയാളുടെ അടുത്ത് വളരെ അടുത്ത്. ബ്ലൗസിന്റെ മുകൾ ഭാഗത്തു കൂടെ അവളുടെ മാറിടം കാണാം. കാറ്റിൽ കാച്ചിയ വെളിച്ചെണ്ണയുടെ ഗന്ധം. അയാൾ അസ്വസ്ഥനായി പിൻമാറി.

ഇതിൽ നിറയെ മൊട്ടുകളാണ്. അയാൾ പറഞ്ഞു. അതെല്ലാം വിരിയട്ടെ. എന്താണിത്ര ധൃതി. ഞാൻ പിന്നീട് കൊണ്ടുപൊയ്ക്കൊള്ളാം.

അയാൾ തിരിഞ്ഞു നടന്നുകൊണ്ട് പറഞ്ഞു.

പിന്നെ, എനിയ്ക്ക് കള്ളിച്ചെടികൾ അത്രയ്ക്ക് ഇഷ്ടൊന്നുംല്ല്യ.

കോണിപ്പടികൾ ഇറങ്ങി ആദ്യത്തെ ലാൻഡിംഗിൽ നിന്ന് തിരിഞ്ഞു നോക്കിയപ്പോൾ കോണിവാതിലിലൂടെ കണ്ട ഫ്രെയിമിൽ ആകാശത്തിന്റെ ഒരു കഷണവും അതിനു താഴെ ഇരുട്ടു നിറഞ്ഞ മുഖവുമായി അനങ്ങാതെ നിൽക്കുന്ന വിമലയും അവളുടെ കാൽക്കൽ അമ്മയോട് എടുക്കാൻ ആവശ്യപ്പെട്ട് കൈകളുയർത്തി നിൽക്കുന്ന ഒരു കുട്ടിയെപ്പോലെ കള്ളിച്ചെടിയുമുണ്ടായിരുന്നു.

അയാൾ ധൃതിയിൽ കോണിയിറങ്ങി.

back to index